marggam
Digital Library of Christianity in India
www.marggam.com

# എറണാകുളം മെത്രാപ്പോലീത്തായും അതിരൂപതയും.

ഫാദർ ജോസഫ് മാവുങ്കൽ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



മലയാളസുറിയാനിസഭയുടെ അദ്ധ്യക്ഷനാം
എറണാകുളം അതിരൂപതയുടെ
പ്രഥമ മെത്രാപ്പോലീത്തായുമായ മഹാ വന്ദ്യ ദിവ്യശ്രീ
കണ്ടത്തിൽ മാർ ആഗുസ്തീനോസ് ഡി. ഡി.
തിരുമനസ്സുകൊണ്ട്.
*"Assistant to the Pontifical Throne".*

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

A. M. D. G.

# എറണാകുളം മെത്രാപ്പോലീത്തായും അതിരൂപതയും.

മഹാവന്ദ്യദിവ്യശ്രീ കണ്ടത്തിൽ മാർ ആഗുസ്തീനോസ് ഡി. ഡി.
തിരുമേനിയുടേയും
എറണാകുളം അതിരൂപതയുടേയും

# ചരിത്രസംഗ്രഹം.

ഫാദർ ജോസഫ് മാവുങ്കൽ.

പകർപ്പവകാശം
എറണാകുളം അതിരൂപതയ്ക്ക്.

PRINTED AND PUBLISHED BY
REV. BRO. FRANCIS AT THE MAR LOUIS MEMORIAL PRESS,
ERNAKULAM.
1936.

www.TheCMSIndia.org
CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



എറണാകുളം പ്രഥമ വികാരി അപ്പസ്തോലിക്കാ
പഴയപറമ്പിൽ മാർ ളൂയീസ് മെത്രാനച്ചൻ
തിരുമനസ്സുകൊണ്ട്.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

# സമൎപ്പണം.

നമുക്കു സ്വദേശ വൈദികാദ്ധ്യക്ഷഭരണം ലഭിക്കുന്നതിന് ആജീവനാന്തം അശ്രാന്തപരിശ്രമങ്ങൾ ചെയ്യുകയും, എറണാകുളം അതിരൂപതയ്ക്കും അതിന്റെ ഇതപ്പൎയ്യന്തമുള്ള പുരോഗതിക്കും അടിസ്ഥാനമിടുകയും, തന്മൂലം മലയാള സുറിയാനി സഭാംഗങ്ങൾ ഏവരുടേയും നിഷ്കളങ്കമായ ഭക്തിബഹുമാനങ്ങൾക്കും ഹൃദയപൂൎവ്വകമായ കൃതജ്ഞതയ്ക്കും സൎവ്വഥാ പാത്രീഭൂതനായിത്തീൎന്നിട്ടുള്ള ദിവംഗതനായ

നി. വ. ദി. ശ്രീ.


## പഴേപറമ്പിൽ

## മാർ ളൂയീസ് മെത്രാനച്ചൻ

തിരുമനസ്സിലെ പരിപാവനമായ സ്മരണയ്ക്കായി ഈ ഗ്രന്ഥത്തെ തൽകൎത്താവു സവിനയം സമൎപ്പിച്ചുകൊള്ളുന്നു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com




പതിനൊന്നാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് എറണാകുളം മെത്രാപ്പോലീത്താച്ചന് തൃക്കൈവിളയാടി തുല്യം ചാർത്തി റോമിൽവച്ചുകൊടുത്ത ഫോട്ടോ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

# പ്രസ്താവന.

ദൈവം സൎവ്വനന്മസ്വരൂപനാണ്; അതിനാൽ അവിടുത്തെ അവതാരപുരുഷനും സൎവ്വനന്മസ്വരൂപനായിരിക്കണം. താൻ ദൈവത്തിന്റെ ഏകാവതാരമാണെന്നു ക്രിസ്തു ലോകത്തെ ധരിപ്പിക്കുകയും അതിനുള്ള ലക്ഷ്യങ്ങൾ കാണിക്കുകയും ചെയ്തു. അവിടുന്നു ദൈവാവതാരമാണ് എന്നതിനുള്ള ലക്ഷ്യങ്ങളിൽ പ്രധാനമായ ഒരു ലക്ഷ്യം അവിടുത്തെ അനിതരസാധാരണമായ ജീവിതനൈൎമ്മല്യമാകുന്നു. ക്രിസ്തു നന്മമാത്രമേ ചെയ്തിട്ടുള്ളുവെന്നു ക്രിസ്ത്യാനികൾ മാത്രമല്ല, അക്രൈസ്തവരും മതവിദ്വേഷികൾപോലും കൈക്കൂപ്പി സമ്മതിക്കുന്നു. ലോകത്തിനു വേണ്ടിയുള്ള ക്രിസ്തുവിന്റെ നന്മപ്രവൎത്തനം താൽക്കാലികമോ ക്ഷണഭംഗുരമോ ആകുവാൻ പാടുള്ളതല്ല. തന്റെ നന്മപ്രവൎത്തനത്തെ ഭൂമുഖത്തു കാലാവസാനാവരെ അതേവിധത്തിൽ ശാശ്വതീകരിക്കാൻ വേണ്ടിയാണ് അവിടുന്നു കത്തോലിക്കാസഭയെ സ്ഥാപിച്ചതു്. അവിടുന്നു എന്തെല്ലാം ചെയ്തുവോ അതെല്ലാം ചെയ്യുവാനുള്ള പ്രാപ്തിയും അധികാരവും സഭയ്ക്കും ക്രിസ്തു നൽകി. അങ്ങിനെ ക്രിസ്തുവിന്റെ നന്മപ്രവൎത്തനം അവിടുത്തെ പ്രതിപുരുഷത്വം വഹിച്ചുകൊണ്ടു സഭ നടത്തുന്നു. ക്രിസ്തു നന്മമാത്രം ചെയ്തതുപോലെ സഭയും നന്മമാത്രമേ ലോകത്തിനു ചെയ്യുന്നുള്ളു. ഇതഃപൎയ്യന്തമുള്ള അതിന്റെ ചരിത്രം ഈ വസ്തുതയെ സാക്ഷീകരിക്കുകയും ചെയ്യുന്നു.

അടിമത്വം ഭൂമുഖത്തുനിന്ന് ഉച്ചാടനം ചെയ്യുവാൻ സൎവ്വശക്തിയും പ്രയോഗിച്ചതും, സ്ത്രീക്കു സ്വാതന്ത്ര്യവും സമത്വവും നൽകിയതും, കുഷ്ഠരോഗികളേയും സമുദായബഹിഷ്കൃതരേയും സംരക്ഷിക്കുന്നതും, തൊഴിലാളികളേയും സമുദായബഹിഷ്കൃതരേയും ഉയൎത്തുന്നതും, പാപികളേയും നിൎഭാഗ്യരേയും സമാശ്വസിപ്പിച്ചു മോക്ഷത്തിനു അവകാശികളാക്കിത്തീൎക്കുന്നതും, ആതുരശാലകളും അനാഥമന്ദിരങ്ങളും സ്കൂളുകളും കോളേജുകളും നടത്തിപ്പോരുന്നതും, സാഹോദൎയ്യം സമത്വം സ്വാതന്ത്ര്യം എന്നിവയുടെ പരിപാവനാദൎശങ്ങൾ മനുഷ്യസമുദായമദ്ധ്യേ വിതയ്ക്കുന്നതും, ശത്രുക്കളോടു ക്ഷമിക്കുവാനും തന്നെപ്പോലെതന്നെ മറ്റെല്ലാവരേയും സ്നേഹിക്കുവാനും പഠിപ്പിക്കുന്നതും, മനുഷ്യനു അത്യന്തം ഉപകാരപ്രദങ്ങളായ ശാസ്ത്രീയപരിശ്രമങ്ങളേയും കണ്ടുപിടിത്തങ്ങളേയും നാനാപ്രകാരേണ പ്രോത്സാഹിപ്പിച്ചു പോന്നിട്ടുള്ളതും, ചുരുക്കത്തിൽ മനുഷ്യനു പാരത്രികനന്മയെ നേ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



രീട്ടും, ഭൗതികനന്മയെ പരോക്ഷമായും പ്രദാനംചെയ്തിട്ടുള്ളതും കത്തോലിക്കാസഭയാകുന്നു.

തിരുസഭയാകുന്ന ഈ മഹാകല്പപാദപം അതിരൂപതകളും രൂപതകളുമാകുന്ന ശാഖോപശാഖകൾ മുഖേന ലോകമാസകലം വ്യാപിച്ചുകിടക്കുന്നു. ഈ ശാഖകളിൽ ഒന്നാണല്ലോ നമ്മുടെ എറണാകുളം അതിരൂപത. ഈ അതിരൂപതാശാഖ അതിൻെറ ആസ്തിക്യത്തെ നീതീകരിക്കണമെങ്കിൽ നിജസ്ഥാപകൻെറ ഉദ്ദേശവും ആശംസയും അനുസരിച്ചു സ്വപരിധിയിൽ അതു നന്മചെയ്തുകൊണ്ടിരിക്കണം. ആ കൃത്യം അതു നിർവ്വഹിച്ചിട്ടുണ്ടോ എന്നു പരിശോധിക്കുവാൻവേണ്ടി അതിരൂപതയുടെ ഇതപ്പര്യന്തമുള്ള ചരിത്രത്തെ ഒന്നു വിഹഗവീക്ഷണം ചെയ്യുന്നതു് ആശാസ്യമായിരിക്കും. വ്യതിരിക്തമായ ഒരു വൈദികാദ്ധ്യക്ഷഭരണമെന്ന നിലയിൽ ഈ അതിരൂപത സ്ഥാപിക്കപ്പെട്ടിട്ടു നാല്പതുവത്സരവും, അതിരൂപതാരൂപം ധരിച്ചിട്ടു ഒരു വ്യാഴവട്ടവും, ഇപ്പോൾ അതിൻെറ ഭരണഭാരം വഹിച്ചുകൊണ്ടിരിക്കുന്ന തിരുമേനി മെത്രാനായി പട്ടാഭിഷേകം ചെയ്യപ്പെട്ടിട്ടു ഇരുപത്തിഅഞ്ചു വർഷവും ഒരുമിച്ചു പൂർത്തിയാകുന്ന ഈ ശുഭമുഹൂർത്തമാണു് അതിനു ഏററവും ഉചിതമായ സന്ദർഭം. ഈ വിചാരഗതിയുടെ ഫലമാണു് പൊതുജനസമക്ഷം അവതരിപ്പിക്കുന്ന ഈ ഗ്രന്ഥം.


ചുരുങ്ങിയ സമയത്തിനുള്ളിൽ കിട്ടാവുന്നിടത്തോളം രേഖകളും വിവരങ്ങളും ശേഖരിച്ചു, അതിരൂപതയുടെ ഇതുവരെയുള്ള ചരിത്രം അതിൻെറ അംഗങ്ങളായിരിക്കുന്നവർക്കും ഗുണകാംക്ഷികളായ ഇതരന്മാർക്കും ഭൂതകാലത്തെ സംബന്ധിച്ചിടത്തോളം കൃതാർത്ഥതയും, ഭാവിയെ സംബന്ധിച്ചിടത്തോളം പ്രോത്സാഹനവും നൽകുന്നതിനു പര്യാപ്തമായിത്തീരണമെന്നുള്ള അകൈതവമായ അഭിവാഞ്ഛയോടുകൂടി എഴുതി പ്രസിദ്ധംചെയ്തിരിക്കുന്ന ഈ ഗ്രന്ഥത്തെ, അതേ മനോഭാവത്തോടുകൂടി വീക്ഷിച്ചുകൊണ്ടും, ഇതിൽ വന്നിരിക്കാനിടയുള്ള നാനാവിധങ്ങളായ ന്യൂനതകളെ സദയം ക്ഷമിച്ചുകൊണ്ടും, നമ്മുടെ അതിവന്ദ്യമെത്രാപ്പോലീത്താച്ചൻ തിരുമനസ്സിലെ ജൂബിലിസ്മാരകങ്ങളിൽ ഒന്നായി പൊതുജനങ്ങൾ സാനുകമ്പം സ്വീകരിക്കണമെന്നു അഭ്യർത്ഥിച്ചുകൊള്ളുന്നു.

എറണാകുളം,
1936 ഡിസംബർ 3,
ജൂബിലിദിവസം.

ഫാദർ ജോസഫ് മാവുങ്കൽ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



പ. പിതാവു 13-ാം ലേയോൻ മാപ്പാപ്പാ

തിരുമനസ്സുകൊണ്ടു്.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA


marggam
Digital Library of Christianity in India
www.marggam.com

# വിഷയവിവരം.


1. സമൎപ്പണം.
2. പ്രസ്താവന.
3. തിരുമനസ്സിലെ ജീവചരിത്രസംക്ഷേപം 1—66.
4. അതിരൂപതാചരിത്രം 66—164.


www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ഡലിഗററു് അപ്പസ്തോലിക്കാ

മോൺ. പിററർ കിയർക്കെത്സ് സി. പി. തിരുമനസ്സുകൊണ്ടു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

# തിരുമനസ്സിലെ ജീവചരിത്ര സംക്ഷേപം.

നഭോമണ്ഡലത്തിൽ താരകേശനെപ്പോലെയാണു്, മാനവസമുദായത്തിൽ മഹാത്മാക്കൾ. അവരുടെ ജീവചരിത്രം ലോകത്തിനു ദീപവും മാൎഗ്ഗദൎശിയുമാണു്. മഹാത്മാക്കളുടെ ജീവചരിത്രരചന മനുഷ്യവംശത്തിന്റെ ആരംഭദശതൊട്ടുതന്നെയുള്ളതാണെന്നു ലോകചരിത്രം സാക്ഷിപറയുന്നു. എറണാകുളം അതിരൂപതയുടെ പ്രഥമ മെത്രാപ്പോലീത്തായായ കണ്ടത്തിൽ മാർ ആഗസ്തീനോസ് തിരുമനസ്സിലെ ജീവചരിത്രരചന എത്രമാത്രം യുക്തിയുക്തമാണെന്നു കാൎയ്യകാരണസഹിതം തെളിയിക്കേണ്ട ആവശ്യമില്ലതന്നെ.

കേരള സുറിയാനി സമുദായ നഭോമണ്ഡലത്തിൽ അവിടുന്നു താരകേശസ്ഥാനം അലങ്കരിക്കുന്നു. അവിടുന്നാണു്, മലങ്കര സുറിയാനി ഹയരാൎക്കിയുടെ പ്രഥമമെത്രാപ്പോലീത്താ. ഭാരതീയരിൽ മെത്രാപ്പോലീത്തൻ ശ്രേഷ്ഠാധിപസ്ഥാനത്തു ഉപവിഷ്ടനാകുവാൻ പ്രഥമതഃ ഭാഗധേയം ലഭിച്ചതു അവിടുത്തേയ്ക്കാണു്. നിജമെത്രാൻപട്ടാഭിഷേകത്തിന്റെ രജതജൂബിലി ആദ്യമായി ആഘോഷിക്കുന്ന ഭാരതീയനും അവിടുന്നുതന്നെ. അതെ, നമ്മുടെ ജാതിയുടെ അഭിമാനസ്തംഭമായ തിരുമേനിയുടെ ജീവചരിത്രം, കേരളീയ സുറിയാനിക്കത്തോലിക്കരുടെ മാത്രമല്ല, സമസ്ത ഭാരതീയകത്തോലിക്കരുടേയും ഹൃദയഭിത്തികളിൽ ആചന്ദ്രതാരം സുസ്ഥിരമായിരിക്കത്തക്കവിധത്തിൽ രത്നലിപികളിൽ ലേഖനം ചെയ്യപ്പെടേണ്ടതു ന്യായവും യോഗ്യവും ആകുന്നു.

## ജന്മദേശം.

"നസ്രസ്സിൽനിന്നു എന്തെങ്കിലും ഗുണമുണ്ടാകുമെന്നു പ്രതീക്ഷിക്കേണ്ടതുണ്ടോ?" എന്നുള്ള പ്രശ്നം തിരുമേനിയുടെ ജന്മദേശമായ ചെമ്പിനും അൎത്ഥവത്തായിരിക്കുന്നു. ചെമ്പു് ആധുനിക നാഗരികതയുടെ

marggam
Digital Library of Christianity in India
www.marggam.com

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



വിഷവായു ഏല്ക്കാതെ ഒരു ചെറിയ ഗ്രാമമായിത്തന്നെ പരിലസിക്കുന്നു. ഈ പ്രദേശത്തിന്റെ പ്രാചീന ചരിത്രത്തിനു മാററുകൂട്ടുന്ന പല ഐതിഹ്യങ്ങളും ഉണ്ടു്. തിരുവിതാംകൂർ രാജ്യവിസ്തൃതിക്കുമുൻപു് വടക്കുംകൂർ രാജാക്കന്മാരുടെ ഭരണസീമയിലായിരുന്നു ഈ ദേശം. ആ രാജാക്കന്മാരുടെവക പട്ടാളസങ്കേതം, കോട്ട, കൊത്തളം, കിടങ്ങു മുതലായവ ഇവിടെ ഉണ്ടായിരുന്നുവെന്നുള്ളതിനു് തെളിവുകളും ഇല്ലാതില്ല. അക്കാലത്തു്, ഈ പ്രദേശം ഒരു ക്രൈസ്തവകേന്ദ്രമായിരുന്നു എന്നും ഐതിഹ്യം ഘോഷിക്കുന്നു. ഇപ്പോൾ ഈ സ്ഥലത്തു് സ്ഥിതിചെയ്യുന്ന കത്തോലിക്കാപള്ളിയുടെയും യാക്കോബായ പള്ളിയുടെയും മദ്ധ്യേ, പശ്ചിമദിക്കിനെ അഭിമുഖീകരിച്ചാണു്, പുരാതന ദേവാലയം സ്ഥിതിചെയ്തിരുന്നതു്. ഈ പഴയ പള്ളിയുടെ സ്ഥാപനകാലം 1307-ൽ ആണെന്നു് കണക്കാക്കിവരുന്നു.

യാക്കോബായ ശീശ്മമൂലമുണ്ടായ അന്തഃഛിദ്രത്തെ ഭയന്നു്, സോപാൽക്കഷേച്ച്ളൂക്കളായ പലേ കുടുംബങ്ങളും സ്ഥലംവിട്ടുപോകുകയുണ്ടായി. എന്നാൽ ഏതാനും ചില കുടുംബങ്ങൾ ഇടവകസംബന്ധമായുണ്ടായ ഈ കഷ്ടനഷ്ടങ്ങളെ ഒട്ടും വകവെയ്ക്കാതെ തങ്ങളുടെ മാതൃദേശത്തിൽ കത്തോലിക്കാവിശ്വാസത്തെ സുസ്ഥിരമാക്കുവാൻ കച്ചകെട്ടി നിന്നിരുന്നു. ഈ കുടുംബങ്ങളിൽ ഏററവും പ്രധാനപ്പെട്ട ഒന്നാണു് തിരുമനസ്സിലെ കണ്ടത്തിൽ തറവാടു്.

## കുടുംബം.


പ്രഥമ ഭാരതീയ മെത്രാപ്പോലീത്തായെ പ്രദാനം ചെയ്യുവാൻ തക്ക യോഗ്യതയും ഭാഗ്യവും ഉണ്ടായ ഒരു കുടുംബത്തിന്റെ പുരാതനവും ആധുനികവും ആയ സ്ഥിതിഗതികൾ അറിയേണ്ടതുതന്നെയാണു്. ക്രിസ്ത്വബ്ദം 600-ൽ തൃപ്പൂണിത്തുറയ്ക്കടുത്തുള്ള ഒരു ക്രൈസ്തവകേന്ദ്രമായ കരിങ്ങാച്ചിറ എന്നസ്ഥലത്തുനിന്നു് ചെമ്പിൽ കുടിയേറിപ്പാർത്ത കാഞ്ഞിരത്തിങ്കൽ വീട്ടുകാരാണത്രെ, തിരുമനസ്സിലെ കണ്ടത്തിൽ കുടുംബം. ഈ തറവാട്ടിലെ പൂർവ്വികന്മാരിൽ, നമുക്കു ഇന്നൊന്തെങ്കിലും ശരിയായി അറിയാവുന്നതു്, 1856-ാമാണ്ടു് ആഗസ്റ്റ്മാസത്തിൽ 73-ാമത്തെ വയസ്സിൽ പരലോകപ്രാപ്തനായ കോര തൊമ്മൻ അവർകളാണു്. അദ്ദേഹത്തിന്റെ സഹധർമ്മിണി, ദൈവഭക്തയും കുലീനയുമായ മറിയം എന്ന ഒരു സ്ത്രീരത്നമായിരുന്നു. ഈ വിശിഷ്ട ദമ്പതിമാരുടെ മൂത്തപുത്രൻ വക്കി എന്നയാൾ, നമ്മുടെ കഥാനായകനായ പ്രഥമ ഭാരതീയ മെത്രാപ്പോലീത്തായുടെ പിതാവും, മററു മൂന്നു യുവവൈദികരുടേയും മൂന്നു കന്യാസ്ത്രീകളുടെയും പിതാമ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



മെത്രാപ്പോലീത്താച്ചൻ തിരുമനസ്സിലെ
പിതാവ് കാഞ്ഞിരത്തിങ്കലായ കണ്ടത്തിൽ
തൊമ്മൻ വക്കീ അവർകൾ.
(1920 നവമ്പർ 4-ാംനു പരലോകപ്രാപ്തനായി.)



തിരുമനസ്സിലെ അമ്മ ത്രേസ്യാ എന്ന സ്ത്രീരത്നം.
(ഇപ്പോൾ 89 വയസ്സുണ്ട്.)

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ഹനം, ദ്വിതീയപുത്രനായ കോരയെന്നയാൾ, രണ്ടു വന്ദ്യ വൈദികരുടെ പിതാവും, ഒരു കന്യാസ്ത്രീയുടെ പിതാമഹനും, ഇളയ പുത്രനായ തോമ്മസ് ഗുണവാനായ ഒരു വൈദികനുമായിരുന്നു എന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമാണ്.

ചെമ്പിൽ ഇടവക, യാക്കോബായക്കാരുമായി വ്യവഹാരം നടത്തിയ ദുർഘടഘട്ടത്തിലും, കത്തോലിക്കാ ക്നാനായസമുദായക്കാർ ആ ഇടവകയിൽനിന്നു പിരിഞ്ഞുപോയ അവസരത്തിലും, അതിനെ തുടൎച്ചയായി 28 കൊല്ലത്തോളം ഭരിച്ച ഒരു വന്ദ്യദേഹമാണ്, കണ്ടത്തിൽ ബ. തോമ്മാച്ചൻ. പൗരോഹിത്യം കൈവരിക്കുന്നതിന് നമ്മുടെ കഥാനായകനെ ഈ വന്ദ്യ വൈദികൻ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്തിട്ടുണ്ടെന്നുള്ള വസ്തുത സ്മൎത്തവ്യമാണ്.

തിരുമനസ്സിലെ പിതാവായ വക്കിയെന്നയാൾ നാട്ടിൽ ഒരു പ്രധാനിയും, പരോപകാരതല്പരത, കൃത്യനിഷ്ഠ, ധൈൎയ്യം, സമുദായസ്നേഹം, പൊതുക്കാൎയ്യപ്രസക്തി മുതലായ വിശിഷ്ടഗുണങ്ങളാൽ സമലംകൃതനും ആയിരുന്നു. ജീൎണ്ണീഭവിച്ചുപോയ പഴയ പള്ളി പൊളിച്ചു പണിയുവാൻ ഇടവകക്കാർ അത്യന്തം ആഗ്രഹിച്ചു എങ്കിലും, അതിനുവേണ്ട ധനമോ പ്രാപ്തിയോ അന്നാൎക്കും ഇല്ലാതിരുന്നതിനാൽ, പള്ളിപണിക്കുവേണ്ട ധനസഹായം ചെയ്ത പരേതനായ അയ്യനാട്ടുപാറായിൽ അവിരാത്തരകനവർകളോടു സഹകരിച്ചു്, പള്ളിപണിക്കാൎയ്യത്തിൽ നേതൃത്വം വഹിച്ചു്, അതു് പൂൎത്തിയാക്കിയതു് തിരുമനസ്സിലെ പിതാവാണ്. മാത്രമല്ല, ഇപ്പോൾ ചെമ്പിൽ കായലിൻെറ കിഴക്കേത്തീരത്തു് സ്ഥിതിചെയ്യുന്ന വി. എസ്തപ്പാനോസിൻെറ കപ്പേളയുടെ പണിക്കുവേണ്ടി അദ്ദേഹം സ്വത്തു നീക്കിവെയ്ക്കുകയും ചെയ്തിട്ടുണ്ടു്. ഇദ്ദേഹം, 1920 നവംബർ 4-ാം തീയതി 76-ാമത്തെ വയസ്സിൽ സ്വപുത്രനായ മെത്രാൻെറയും * മററനേകം വൈദികരുടേയും സാന്നിധ്യത്തിൽ കൎത്താവിൽ നിദ്രപ്രാപിക്കുകയും, ഇടവകപള്ളിക്കകത്തു സംസ്കരിക്കപ്പെടുകയും ചെയ്തു.

തിരുമനസ്സിലെ മാതാവായ ത്രേസ്യായെന്ന സൌഭാഗ്യവതി ആരോഗ്യത്തോടുകൂടി ഇന്നു ജീവിച്ചിരിക്കുന്നു. ഇവൎക്കിപ്പോൾ 90 വയസ്സോളം പ്രായമുണ്ടു്. മാതൃഭാഷയ്ക്കു പുറമെ തമിഴുംകൂടി അറിയാവുന്ന ഈ ഗുണവതി, ദൈവഭക്തി, വൈദിക ബഹുമാനം, അതിഥിസൽക്കാരം, അകൃത്രിമവും ലഘുവുമായ ജീവിതചൎയ്യ മുതലായ സുകൃതങ്ങളാൽ അലംകൃതയുമാണ്. സുറിയാനിക്കാരുടെ പണ്ടത്തെ സാമുദായികാചാരങ്ങൾ സംബന്ധിച്ചുള്ള കീൎത്തനങ്ങൾ, കല്യാണപ്പാട്ടുകൾ മുതലായവ തന്മയത്വത്തോടു

* അന്നു മെത്രാനായിരുന്നു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



കൂടി പാടിക്കേൾപ്പിക്കുന്നതിൽ ഈ ഗ്രഹനായിക ഈ വാൎദ്ധക്യത്തിൽപോലും ഉത്സുകയാണ്. ഈ വയോവൃദ്ധ ഇന്നും പരസഹായംകൂടാതെ പ്രതിദിനം പള്ളിയിൽപോയി ദിവ്യകാരുണ്യം സ്വീകരിച്ചുവരുന്നു. പ. പിതാവു 11-ാം പീയൂസ് തിരുമസ്സുകൊണ്ടു, നമ്മുടെ കഥാനായകൻവഴി, ഇവൎക്കു ഒരു ജപമാല അയച്ചുകൊടുക്കുകയുണ്ടായി എന്നുള്ളതും പ്രസ്താവയോഗ്യമാണ്. സ്ത്രീകൾക്കു മാതൃകയായി ജീവിക്കുന്ന ഈ മഹതി ഇനിയും ദീൎഘനാൾ ജീവിച്ചിരിക്കുമാറാകട്ടെ.

പത്തു സഹോദരന്മാരിൽ തിരുമേനിയെക്കൂടാതെ രണ്ടുപേർ മാത്രമേ ഇന്നു ജീവിച്ചിരിപ്പുള്ളു. ഇവരിൽ ഒരാളായ കണ്ടത്തിൽ തോമ്മാ അവർകൾ തിരുമേനിയുടെ ജ്യേഷ്ഠനും, കണ്ടത്തിൽ ചാക്കോ അവർകൾ അവിടത്തെ അനുജനുമാണ്. വൈക്കത്തെ ഒരു സുപ്രസിദ്ധ വക്കീലായിരിക്കവേ, 1920-ൽ 40-ാമത്തെ വയസ്സിൽ കഥാവശേഷനായ മിസ്റ്റർ ജോൺ കണ്ടത്തിൽ അവർകൾ തിരുമേനിയുടെ കനിഷ്ഠസഹോദരനായിരുന്നു. തിരുമനസ്സിലെ സഹോദരന്മാരുടേയും പിതൃസഹോദരന്റേയും മററും പുത്രന്മാരായി, ഇന്നു അഞ്ചു ബ. വൈദികരും, പുത്രിമാരായി അഞ്ചു കന്യാസ്ത്രീകളും ഉണ്ടെന്നുള്ളതും വിസ്മരിക്കത്തക്കതല്ല.

## ബാല്യകാലം.

തിരുമനസ്സുകൊണ്ടു്, 1874 ആഗസ്റ്റ് 25-ാം തീയതി, ഭൂജാതനായി. മുട്ടുചിറപ്പള്ളിയിൽനിന്നു പിരിഞ്ഞുപോയ മാമ്മട്ടത്തുപള്ളിയിൽവച്ചാണ് ജ്ഞാനസ്നാനം കൈക്കൊണ്ടതു്. അവിടത്തെ ജ്ഞാനസ്നാനപിതാക്കന്മാരാകുവാൻ ഭാഗധേയം സിദ്ധിച്ചവർ, മാതൃസഹോദരനായ തേവൎപറമ്പിൽആയ ന്യൂറക്കരിയിൽ ആഗ്ഗസ്തീനോസ് മാത്തു അവർകളും, മാതാമഹിയായ മറിയവും ആയിരുന്നു. ജ്ഞാനസ്നാനത്തിൽ ലഭിച്ച ആഗ്ഗസ്തീനോസ് എന്ന പേരിനും പുറമേ, 'കുഞ്ഞുകുഞ്ഞു' എന്ന ഓമനപ്പേരും മാതാപിതാക്കന്മാർ അവിടുത്തേയ്ക്കു കൊടുത്തിരുന്നു.

## വിദ്യാഭ്യാസവും ദൈവവിളിയും.

കുഞ്ഞുകുഞ്ഞിനെ അരിയിലെഴുതിച്ചു നിലത്തെഴുത്തു പഠിപ്പിച്ചതു സ്വപിതാവുതന്നെയാണ്. പ്രാരംഭ വിദ്യാഭ്യാസം സ്വസഹോദരന്മാരോടുകൂടി അന്നു ചെമ്പിൽ ഉണ്ടായിരുന്ന പ്രവൃത്തിപ്പള്ളിക്കൂടത്തിൽതന്നെ കഴിച്ചു. തദനന്തരം വൈക്കത്തുണ്ടായിരുന്ന ഇംഗ്ലീഷ് മിഡിൽസ്കൂളിൽ ചേൎന്നു പഠിച്ചു. പഠനത്തിൽ കുഞ്ഞുകുഞ്ഞിനു അസാമാന്യമായ ഉത്സാ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ഹമുണ്ടായിരുന്നുവെന്നുള്ളതു പ്രത്യേകം പ്രസ്താവയോഗ്യമാണ്. മാതൃകാ വിദ്യാൎത്ഥി എന്ന നാമം സഹഗുരുനാഥന്മാരിൽനിന്നു കുഞ്ഞുകുഞ്ഞു സമാൎജ്ജിച്ചിട്ടുണ്ട്.

ഇക്കാലത്തു ഭക്തനായ ഈ വിദ്യാൎത്ഥിയിൽ പൌരോഹിത്യത്തിലേയ്ക്കുള്ള ദൈവവിളിയുടെ ലക്ഷണങ്ങൾ വിളങ്ങി പ്രകാശിക്കുന്നതു പിതാമഹിയായ മറിയം ഗ്രഹിച്ചു. കുഞ്ഞുകുഞ്ഞിനെ പട്ടത്തിനു പഠിപ്പിക്കുവാൻ അവർ അത്യധികം ആഗ്രഹിച്ചു. എന്നാൽ പിതൃസഹോദരനായ ബ. തോമ്മാച്ചന് കുഞ്ഞുകുഞ്ഞിനെ പട്ടത്തിനു പഠിപ്പിക്കുവാൻ അഭിപ്രായമുണ്ടായിരുന്നില്ല. “അവൻ അധികപ്രസംഗിയാണ്, അവനെ പട്ടത്തിനു പഠിപ്പിക്കേണ്ട, കുഞ്ഞവുസേപ്പിനെ — തിരുമേനിയുടെ സഹോദരനെ—പഠിപ്പിക്കാം”, എന്നായിരുന്നുവത്രെ അദ്ദേഹം പറഞ്ഞത്! അങ്ങനെതന്നെ അദ്ദേഹം, കുഞ്ഞുകുഞ്ഞിന്റെ കാൎയ്യം പാടെ തള്ളിക്കളഞ്ഞിട്ടു, കുഞ്ഞവുസേപ്പിനെ കൂടെ താമസിപ്പിച്ചു പഠിപ്പിച്ചുകൊണ്ടു, സെമിനാരിപ്രവേശനത്തിനുള്ള അനുവാദത്തിനായി വരാപ്പുഴയ്ക്കു എഴുതി. ചുരുക്കിപ്പറയാം, പലവുരു എഴുതിയിട്ടും, അനുവാദം കിട്ടുവാനുള്ള ലക്ഷണം കണ്ടില്ല. അങ്ങനെ, കുഞ്ഞവുസേപ്പിനു പട്ടത്തിനുള്ള ദൈവവിളിയില്ലെന്നു ബ. തോമ്മാച്ചനു ബോദ്ധ്യമായി. അപ്പോഴാണ് വീണ്ടും കുഞ്ഞുകുഞ്ഞു രംഗപ്രവേശംചെയ്തതു്. കുഞ്ഞുകുഞ്ഞിന്റെ ആഗ്രഹാനുസരണം ബ. തോമ്മാച്ചൻ എഴുതിയ ഒന്നാമത്തെ അപേക്ഷയ്ക്കുതന്നെ അനുകൂലമറുപടിയും, സെമിനാരി പ്രവേശനവും കിട്ടി. വാസ്തവത്തിൽ പൌരോഹിത്യത്തിലേയ്ക്കുള്ള ദൈവവിളിയുടെ വിസ്മയനീയമായ ഒരു ബഹിർപ്രകാശനമല്ലയോ ഇതു്?

അങ്ങനെ 1887 നവമ്പർ 4 ാം തീയതി വൈക്കത്തെ ഇംഗ്ലീഷ് സ്കൂളിൽനിന്ന്, വാഴക്കുളത്തു കൎമ്മലീത്താ സന്യാസികൾ നടത്തിയിരുന്ന സെമിനാരിയിൽ പോയിചേൎന്നു. അവിടെ ഒൻപതു മാസക്കാലത്തോളം സുറിയാനി ഭാഷാദ്ധ്യയനം നടത്തി. ഇവിടെ പഠിച്ചുകൊണ്ടിരിക്കുമ്പോഴാണ് തിരുമേനി സ്ഥൈൎയ്യലേപനം കൈക്കൊണ്ടതു്. അനന്തരം ഡോക്ടർ ലവീഞ്ഞിന്റെ അന്നത്തെ ഒരു പൊതുകല്പനപ്രകാരം 1888 ജൂലൈ 24-ാം തീയതി മാന്നാനത്തെ വൈദികവിദ്യാലയത്തിൽചേൎന്നു. ഉദ്ദേശം നാലു കൊല്ലത്തോളം അവിടെ പഠിച്ചു. കൎമ്മലീത്താ കൊവേന്തയിലെ ജീവിതരീതിയും സന്യാസവും തിരുമേനിക്കു അത്യന്തം ഹൃദ്യമായി തോന്നിയതിനാൽ, ഒരു കൎമ്മലീത്താ സന്യാസിയാകുവാൻ താൻ ആഗ്രഹിക്കുന്നുവെന്ന്, തന്റെ അദ്ധ്യാത്മീയ ഗുരുഭൂതന്മാരോടും, ബ. തോമ്മാച്ചനോടും യഥാകാലം പറഞ്ഞു. താൻ കേവലം ഒരു സന്യാസിമാത്രമല്ല, സന്യാ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



സസംയുക്തനായ ഒരു അത്മായ വൈദികനാകണമെന്നാണ് ദൈവാഭീഷ്ടമെന്നുള്ള ഗുരൂപദേശം അവിടുന്നു സവിനയം സ്വീകരിച്ചു. ഭാവി മെത്രാപ്പോലീത്തായുടെ ജീവിതമാർഗ്ഗത്തെ ദൈവം എപ്രകാരം നിയന്ത്രിക്കുന്നുവെന്നു നോക്കുക.

ഇത്തരുണത്തിൽ, മാന്നാനത്തു പഠിച്ചിരുന്ന വൈദിക വിദ്യാർത്ഥികളെ പുത്തൻപള്ളി സെമ്മിനാരിയിലേയ്ക്കു അയയ്ക്കുന്നതിനുള്ള സമയം സമാഗതമായി. എന്നാൽ, ഇഷ്ടമുള്ളവർ വേണമെങ്കിൽ, കൂടുതൽ ഇംഗ്ലീഷ് പഠിക്കുവാൻ ചങ്ങനാശേരിക്കു പോകാമെന്നും, അല്ലാത്തവർ അപ്പോൾതന്നെ പുത്തൻപള്ളിക്കു തിരിക്കാമെന്നും, മെത്രാനച്ചൻ വിദ്യാർത്ഥികളെ അറിയിച്ചു. കൂടുതൽ ഇംഗ്ലീഷ് വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള ഏതാനുംപേരെ കാൺഡി സെമിനാരിയിലേയ്ക്കു അയയ്ക്കുന്നതിനു ഒരു തിരിഞ്ഞെടുപ്പു നടത്തുവാൻ വേണ്ടിയാണ് മെത്രാനച്ചൻ ഈ നയം സ്വീകരിച്ചതു്. നമ്മുടെ കഥാനായകൻ കൂടുതൽ ഇംഗ്ലീഷു് പഠിക്കുവാനായി ചങ്ങനാശേരിക്കു പോകുവാനാണ് നിശ്ചയിച്ചതു്.

1892-ൽ തിരുമേനി മാന്നാനത്തുനിന്നു ചങ്ങനാശേരിയിൽപോയി സെൻറു ബർക്കുമാൻസ് ഹൈസ്കൂളിൽ ചേർന്നു. അവിടെ പഠിച്ചുകൊണ്ടിരിക്കുമ്പോഴാണ് ഡോക്ടർ ലവീഞ്ഞു് തിരുമേനിയെ കാൺഡിസെമിനാരിയിലേയ്ക്കയയ്ക്കുവാനായി തിരിഞ്ഞെടുത്തതു്. 1893 ജൂലായി മാസത്തിൽ 19-ാമത്തെ വയസ്സിൽ രണ്ടു സഹപാഠികളോടുകൂടി കാൺഡിയിലേക്കു യാത്രയായി. മെത്രാനച്ചൻെറ സെക്രട്ടറിയായിരുന്ന റവ. ഫാദർ റിക്കാർഡു എസ്സ്.ജെ. യും, സ്വപിതാവും ആലപ്പുഴവരെ അവിടുത്തെ അനുഗമിച്ചു. ആലപ്പുഴനിന്ന് 'Goalpora' എന്നകപ്പലിൽ കാൺഡിയിലേക്കു തിരിച്ചു.

## സെമിനാരി ജീവിതം.

തിരുമനസ്സിലെ കാൺഡിസെമിനാരി ജീവിതത്തെ ദിവ്യഗുരുവിൻെറ നസ്രസ്സിലെ അജ്ഞാതവാസത്തോട് ഉപമിക്കാവുന്നതാണ്. "അവിടുന്ന് അവരോടുകൂടെ പുറപ്പെട്ട് നസ്രസ്സിൽ വരികയും, അവർക്കു വിധേയനായിരിക്കുകയും ചെയ്തു. അവിടുത്തെ മാതാവോ എന്നാൽ, ഈ വാക്കുകളെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു. ഈശോ ദൈവത്തോടും മനുഷ്യരോടുംകൂടെ, ജ്ഞാനത്തിലും വയസ്സിലും പ്രസാദവരത്തിലും വളർന്നുവന്നു". ഈ സുവിശേഷഭാഗത്തിലെ 'നസ്രസ്സ്', 'മാതാവു്', 'ഈശോ' എന്നീ വാക്കുകൾക്കു പകരം 'സെമ്മിനാരി', 'സഭാമാതാവ്', 'നമ്മുടെ കഥാനായകൻ' എന്നീ വാക്കുകൾ യഥാക്രമം പ്രയോഗിച്ചാൽ, തിരുമേനിയുടെ കാൺഡി

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



സെമിനാരി ജീവിതചരിത്രത്തിന്റെ നൂറു ശതമാനവും ആയി.

തിരുമേനി ചങ്ങനാശേരിയിൽവച്ചുതന്നെ ലത്തീൻഭാഷ കുറെ സ്വാധീനമാക്കിയിരുന്നതിനാൽ കാൺഡിസെമിനാരിയിൽ ചെന്നപ്പോൾ തന്റെ കൂട്ടുകാരായ സഹപാഠികളെക്കാൾ ഒരു ക്ലാസ്സ് കയററംകിട്ടി. 1893 മുതൽ 1901 വരെ പ്രശസ്തമായ വിധത്തിൽ അവിടെ വിദ്യാഭ്യാസം ചെയ്തു. നമ്മുടെ കഥാനായകനിൽ വിളങ്ങിയിരുന്ന സ്വതസ്സിദ്ധമായ ഭരണനൈപുണ്യവും സത്സ്വഭാവവും ബോദ്ധ്യപ്പെട്ട സെമിനാരി അധികൃതന്മാർ, അവിടത്തെ, സ്വസഹപാഠികളായ വൈദികവിദ്യാൎത്ഥികളുടെയും സൊഡാലിററിസംഘത്തിന്റെയും പ്രീഫെക്ടായി നിയമിക്കയുണ്ടായെന്നുള്ളതും പ്രസ്താവ്യമാണ്. 1895 സെപ്തംബർ 25-ാം തീയതി ഡാക്ടർ ലവീഞ്ഞു് അന്നു തന്റെ സെക്രട്ടറിയും പിന്നീട് എറണാകുളം പ്രഥമ വികാരി അപ്പസ്തോലിക്കായുമായിരുന്ന മാർ ളൂയീസ് മെത്രാനച്ചൻ ഒരുമിച്ചു യൂറോപ്പിലേക്കു പോകുംവഴി കാൺഡിസെമിനാരി സന്ദൎശിച്ച അവസരത്തിൽ നമ്മുടെ കഥാപുരുഷന് ആസ്ഥപ്പാട്പട്ടം കൊടുത്തു. 1899 മേയ് 29-ാം തീയതിയാണു അഞ്ചാം പട്ടം സ്വീകരിച്ചതു്. 1900 സെപ്തംബർ 22-ാം തീയതി അത്യുന്നത ഡെലിഗെററ് അപ്പസ്തോലിക്കാ മോൺസിഞ്ഞോർ സലേസ്കി തിരുമനസ്സുകൊണ്ടു് ആറാംപട്ടം കൊടുത്തു. 1901 ഡിസംബർ 21-ാം തീയതി മാർ തോമ്മാശ്ലീഹായുടെ തിരുനാളിൽ കാൺഡിമെത്രാൻ മോൺ. പഞ്ഞാനി തിരുമേനിയിൽനിന്നു് 2[illegible]-ാമത്തെ വയസ്സിൽ തിരുമനസ്സുകൊണ്ടു് ഗുരുപ്പട്ടം സ്വീകരിച്ചു. പിറേറദിവസം പ്രഥമ പൂജയും അൎപ്പിച്ചു. കാൺഡിസെമിനാരിയിൽനിന്നും പൌരോഹിത്യം ലഭിച്ച കേരളീയ സുറിയാനിക്കാരിൽ അവിടുന്നു് രണ്ടാമനാണ്. എറണാകുളംമിസ്സത്തിൽ ആദ്യത്തെ ദേഹവുമാണ്.

ഡിസംബർ 26-ാം തീയതി കാൺഡിയിൽനിന്നു പുറപ്പെട്ടു്, ജനവരി ഒന്നാം തീയതി എറണാകുളത്തു് എത്തി. ആ മാസത്തിൽതന്നെ മിസ്സംവക പെററിസെമിനാരിയിൽ അവിടുന്നു് റെക്ടരായി. 1911-ൽ മെത്രാനായതുവരെ ആ ഉദ്യോഗം തിരുമേനി സ്തുത്യൎഹമാംവണ്ണം നിൎവ്വഹിച്ചു. ഇതിനിടയ്ക്കു്, കുലശേഖരമംഗലം, വടയാർ എന്നീ പള്ളികളിൽ ചുരുങ്ങിയ കാലത്തേയ്ക്കു് വികാരി ആയിരുന്നിട്ടും ഉണ്ടു്.

## പെററിസെമിനാരി റെക്ടർ.


**പെ**ററിസെമിനാരി റെക്ടർ എന്ന സ്ഥാനം എത്രമാത്രം ചുമതലയും മാഹാത്മ്യവും ഉള്ളതായ ഒന്നാണെന്നു ഞാനിവിടെ വൎണ്ണിക്കേണ്ടതില്ലല്ലോ. ഭാവി വൈദികരാകേണ്ടതായ യുവാക്കന്മാരുടെ സ്വഭാവവും

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA


ദൈവവിളിയും പരിശോധിച്ച്, ആ മഹോന്നതസ്ഥാനത്തിന് അത്യന്താപേക്ഷിതമായ ശുദ്ധിയും ജ്ഞാനവും ഉളവാക്കുവാനുള്ള റെക്ടരച്ചൻ ഈ രണ്ടു ഗുണങ്ങളാൽ സമലംകൃതനായിരിക്കണമല്ലോ. ഏതൊരാളുടേയും ഉള്ളുകള്ളികളെ ഒരു നോട്ടത്തിൽ കണ്ടുപിടിക്കുവാനുള്ള "എക്സ്റേ" കണ്ണുണ്ടായിരുന്ന ആ പുരുഷകേസരി; അതേ, മാർ ളൂയീസ് മെത്രാനച്ചൻ, നമ്മുടെ കഥാപാത്രത്തെ ഈ സ്ഥാനത്തേയ്ക്കു തിരഞ്ഞെടുത്തു എന്നുള്ളതുമാത്രം പ്രസ്തുത ഗുണദ്വയത്തിന്റെ മൂർത്തീകരണമാണ് അവിടന്ന് എന്നുള്ളതിനു ഉത്തമതെളിവാണ്. നമ്മുടെ കഥാപുരുഷനിൽ പരിലസിക്കുന്ന മനോഗുണങ്ങളിൽ പ്രഥമസ്ഥാനം ദൈവഭക്തിയും, അടുത്തതു് ജ്ഞാനവുമാണ് അവകാശപ്പെടുത്തിയിട്ടുള്ളതെന്ന് ലോകപ്രസിദ്ധമാണല്ലോ. എറണാകുളം വികാരിയാത്തിന്റെ ആ ശൈശവദശയിൽ, അസാമാന്യമായ ഭക്തിയും വിദ്യയും നിറഞ്ഞ അനേകം വൈദികരെക്കൊണ്ടു് ആവശ്യമുണ്ടായിരുന്ന ഒരു മുഹൂർത്തത്തിൽ, അവിടുന്ന് പെററിസെമിനാരി റെക്ടരായി നിയമിക്കപ്പെട്ടതും, ഭാവി മെത്രാപ്പോലീത്ത ആകുവാനിരുന്ന തിരുമേനിക്ക് ഇടവകജോലിയുടെ സ്വഭാവവുംകൂടെ മനസ്സിലാക്കുവാനോ എന്നു തോന്നുമാറ് അല്പകാലത്തേയ്ക്കു രണ്ടു പള്ളികളിൽ വികാരിയായി നിയമിക്കപ്പെട്ടശേഷം വിനാവിളംബം പഴയ ഉദ്യോഗത്തിലേയ്ക്കു തിരിയെ വിളിക്കപ്പെട്ടതും, തൽസ്ഥാനത്തു് മെത്രാനാകുന്നതുവരെ സ്ഥിരമായിരുന്നതും പര്യാലോചിക്കുമ്പോഴാണ് ഈ വൈദികരത്നത്തിന്റെ ശരിയായ വില മനസ്സിലാകുന്നതു്. ഈ സുദീർഘമായ കാലയളവിൽ പ്രസ്തുത ദിവ്യവ്യവസായശാലയിൽ ഇരുന്നുകൊണ്ടു്, അവിടുന്നു മനഞ്ഞു പണിതീർത്തു തയ്യാറാക്കിവിട്ടിരുന്നതു്, തന്റെ ഭാവിശ്രുപതാഭരണത്തിൽ തന്നെ നിഷ്കളങ്കമായി സഹായിക്കാനുള്ള വന്ദ്യവൈദികരായ തിരഞ്ഞെടുക്കപ്പെട്ട പാത്രങ്ങളെയാണെന്ന് അന്ന് ആരാനും സ്വപ്നേപി വിചാരിച്ചിരുന്നുവോ? ഇന്ന് ഈ അതിരൂപതയുടെ പ്രധാനകേന്ദ്രങ്ങളിൽ അതിന്റെ തൂണുകളെന്നപോലെ അടിയുറച്ചുനിന്നുകൊണ്ടു്, ഭരണയന്ത്രം തിരിക്കുന്നതിൽ തന്നെ ഹൃദയപൂർവ്വം സഹായിക്കുന്ന വൈദികരിൽ ഭൂരിപക്ഷവും അവിടുത്തെ ശിഷ്യന്മാരാണെന്നുള്ള സ്മരണ അവിടുത്തേയ്ക്കു് എത്രയോ ആനന്ദസന്ദായകമായ ഒന്നാണ്. വാസ്തവത്തിൽ തിരുമേനിയുടെ രൂപതാഭരണമഹാവിജയത്തിന്റെ ഒരു പരസ്യമായ രഹസ്യം, തന്റെ വൈദികരുടെ ഹൃദയങ്ങളെ പെററിസെമിനാരിയിൽ വച്ചുതന്നെ അവിടുന്നു സ്വാധീനമാക്കി എന്നുള്ളതാണ്.

പെററിസെമിനാരിയോടുള്ള അവിടുത്തെ സ്നേഹം ഒന്നു വേറെ തന്നെയാണ്. അവിടുന്നു മെത്രാനും മെത്രാപ്പോലീത്തായും ആയതിന്റെ

www.marggam.com



ഡലിഗെറവ അപ്പസ്തോലിക്കാ ഡോക്ടർ
ലദിസ്ലാസ് എം. സലേസ്കി
തിരുമനസ്സുകൊണ്ട്.
(പിന്നീട കാറ്ദിനാൾ പാത്രിയർക്കീസ് ആയി)



ഡോക്ടർ കാർളോസ് ലവീഞ്ഞു് എസ്. ജെ.
മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു്.

marggam
Digital Library of Christianity in India
www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ശേഷവും അവരെ തന്റെക്കൂടെ ഒരു വാത്സല്യമുള്ള പിതാവ് മക്കളെയെന്നവണ്ണം താമസിപ്പിച്ചു പോരുകയാണ് ചെയ്യുന്നത്. അവിടുന്ന് ഇന്നും പെററിസെമിനാരിയിലെ റെക്ടർതന്നെ എന്നു പറയുന്നതിൽ ഒട്ടും അതിശയോക്തിയില്ല. അത്താഴംകഴിഞ്ഞു് അരമനയുടെ വിശാലമായ മദ്ധ്യശാലയിൽ സമ്മേളിക്കുന്ന പെററിസെമിനാരിക്കാരുടെ മദ്ധ്യേ പ്രതിദിനം എഴുന്നെള്ളി തിരുമേനി അവരോടൊന്നിച്ചു ദീർഘനേരം സല്ലപിക്കുകയും ഉല്ലസിക്കുകയും ചെയ്തിരുന്നതു്, ഈ അതിരൂപതയിലെ ഇന്നത്തെ യുവവൈദികന്മാരാരുംതന്നെ വിസ്മരിച്ചിരിക്കുമെന്നു തോന്നുന്നില്ല. അവിടുന്ന് ഇന്നും പെററിസെമിനാരിക്കാർ ഓരോരുത്തരേയും പരിപൂർണ്ണമായി മനസ്സിലാക്കിക്കൊണ്ടിരിക്കുന്നുണ്ട്. വാസ്തവത്തിൽ അവിടുത്തെ ഒരു 'റെക്ടർമെത്രാപ്പോലീത്താ'യെന്ന് അഭിസംബോധനം ചെയ്യാവുന്നതാണ്.

## തിരഞ്ഞെടുപ്പും നാമകരണവും.

**ദൈ**വത്തിന്റെ ഇഷ്ടജനമായിരുന്ന ഇസ്രായേൽജനതയെ, ഫറവോന്റെ അടിമത്വത്തിൽനിന്ന് ആ പരമകാരുണികന്റെ ഉപദേശത്താലും നിർദ്ദേശത്താലും അവിശ്രമപരിശ്രമംചെയ്തു വീണ്ടെടുത്തു ചെങ്കടൽക്കരവരെ ചെന്ന് ആപൽഭയം തീർന്നുവെന്ന് സമാധാനപ്പെട്ട് ഒന്ന് വിശ്രമിച്ച് തിരിഞ്ഞുനോക്കിയപ്പോൾ, തന്നെ അനുധാവനംചെയ്യുന്ന ഫറവോന്റെ സൈന്യവ്യൂഹത്തെകണ്ട മോശയോട് എറണാകുളം വികാരിയാത്തിനെ പതിനഞ്ചുകൊല്ലത്തോളം ഭരണംനടത്തിക്കഴിഞ്ഞ മാർ ളൂയീസ് മെത്രാനച്ചനെ ഉപമിക്കാവുന്നതാണ്.

സുറിയാനിക്കാൎക്ക് എതദ്ദേശീയമെത്രാന്മാരെ നൽകിയതു്, പ്രാരംഭത്തിൽ തൽസ്ഥാനങ്ങളെ ഭരിച്ചിരുന്നവരുടെ കാലത്തോളം മാത്രമാണെന്നും, മാത്രമല്ല, എറണാകുളം മിസ്സംതന്നെയും നാമാവശേഷമാകുമെന്നുമുള്ള ഒരു വാർത്ത ആ തിരുമേനിക്കു ലഭിച്ചു. ഒരു യൂറോപ്യൻ വൈദികനെ സുറിയാനിക്കാരുടെ മെത്രാപ്പോലീത്തയായി നിയമിക്കുന്നതിനുള്ള ഒരു അപേക്ഷ റോമിൽ ചെന്നുവെന്ന് 1900 ജൂലൈ 14-ാം തീയതി തിരുമനസ്സിലേക്ക് അറിവുകിട്ടി. മാത്രമല്ല, പ്രസ്തുത വൈദികനെ സുറിയാനിക്കാരുടെ മെത്രാപ്പോലീത്തായായി നിയമിക്കുവാൻ പോകുന്നുവെന്നും ആഗസ്റ്റ് മൂന്നാംതിയ്യതി അറിഞ്ഞു. ഈ വിവരം ഗ്രഹിച്ച മാത്രയിൽതന്നെ മാർ ളൂയീസ് മെത്രാനച്ചൻ സംഗതിയുടെ ഗൗരവത്തെ വിചാരിച്ചും, തന്റെ അനാരോഗ്യത്തെ കാരണമാക്കിയും, പിൻതുടച്ചാവകാശത്തോടുകൂടി തനിക്കൊരു സഹായിയെ ഉടനെ കല്പിച്ചു അനു

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



വടിക്കണമെന്നു തിരുസിംഹാസനത്തോട് അപേക്ഷിച്ചു. എറണാകുളം വികാരിയാത്തിന്റെ നിലയെ ശാശ്വതീകരിക്കുന്നതിന്, അതെ സുറിയാനിക്കാരനും നാട്ടുകാരനുമായ ഒരു പിൻഗാമി തനിക്കുണ്ടായിരിക്കേണ്ടുന്നതിനുവേണ്ടിയായിരുന്നു, കുശാഗ്രബുദ്ധിയും വിശാലവീക്ഷണപടുവുമായിരുന്ന ആ അസാധാരണപുരുഷകേസരി തന്റെ ദേഹവിയോഗത്തിനു മുൻപുതന്നെ തനിക്കു ഒരു സഹായമെത്രാനെ അനുവദിച്ചുകിട്ടുവാൻ പരി. സിംഹാസനത്തോടു അഭ്യർത്ഥിച്ചതു്. 1900 ഒക്ടോബർ 9-ാംതിയ്യതി ഡെലിഗേറ്റ് അപ്പസ്തോലിക്കായിൽനിന്നും ലഭിച്ച കത്തിൽ എറണാകുളംവികാരിയാത്തു സംബന്ധിച്ചു യാതോരു ഭേദഗതിയും ഉണ്ടാകുന്നതല്ലെന്നു പ്രസ്താവിച്ചിരുന്നു. യഥാർത്ഥത്തിൽ എറണാകുളം വികാരിയാത്തിന്റെ നേരെ പരി. പിതാവിനുണ്ടായിരുന്ന വാത്സല്യാതിരേകത്തിന്റെ അനിഷേദ്ധ്യമായ ഒരു ബാഹ്യസ്ഫുരണമായിരുന്നു, മാർ ളൂയീസ് മെത്രാനച്ചന്റെ അപേക്ഷപ്രകാരം ഡോക്ടർ കണ്ടത്തിൽ തിരുമേനിയെ സഹായമെത്രാനും അനന്തരാവകാശിയുമാക്കി നിയമിച്ചനുവദിച്ചതു്.

## നിഷ്കളങ്കമായ വിനയം.

സഹായമെത്രാനെ ലഭിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് വലിയതിരുമേനി റോമായിലേയ്ക്കയച്ചിരുന്ന അപേക്ഷകൾ എഴുതിച്ചിരുന്നതെല്ലാം നമ്മുടെ കഥാനായകനെക്കൊണ്ടായിരുന്നു എങ്കിലും, ആരാണ് ആളെന്നുള്ളതു് അറിയിച്ചിരുന്നില്ലത്രെ. അപേക്ഷയിൽ സ്ഥാനാർത്ഥിയുടെ നാമം എഴുതേണ്ടിടത്തുവരുമ്പോൾ "പേർ ഞാൻതന്നെ എഴുതിക്കൊള്ളാം, ആ ഭാഗം വിട്ടെഴുതുക" എന്നായിരുന്നുവത്രെ, വലിയതിരുമേനി പറഞ്ഞിരുന്നതു്. വാസ്തവത്തിൽ തന്റെ പേരാണ് അവിടെ എഴുതുവാൻ പോകുന്നതെന്നു നമ്മുടെ കഥാനായകൻ സ്വപ്നേപി വിചാരിച്ചിരുന്നില്ല.

(ഡെലിഗേറ്റിന്റെ കമ്പിസന്ദേശം.)

Kandy,
*7. P. M. 1st Oct. 1911.*

Rt. Rev. Aug: Kandathil, Bishop, Arad.
Bishop's House, Ernakulam.

Ad multos Annos!

Deligate Apostolic.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



തിരുമേനിയുടെ സ്വഭാവത്തിന്റെ തനിനിറം പ്രത്യക്ഷമായത് ഡെലിഗേററിൽനിന്നും പ്രസ്തുത കമ്പികിട്ടി വായിച്ചപ്പോഴാണ്. അന്നത്തെ സംഭവത്തിന്റെ ദൃൿസാക്ഷിയായ ഒരു പെററിസെമിനാരിക്കാരൻ (ഇന്ന് ഇദ്ദേഹം പ്രധാനപ്പെട്ട ഒരു പള്ളിയിലെ വികാരിയാണ്.) പറഞ്ഞുകേട്ട വിവരങ്ങൾ അതേപ്രകാരംതന്നേ ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു: "കമ്പി കിട്ടി പൊട്ടിച്ചു വായിച്ചുകഴിഞ്ഞപ്പോൾ ബ. റൈട്ടത്താരച്ചൻ ഇതികർത്തവ്യതാമൂഢനായി നില്ക്കുന്നതു കാണുമാറായി. വല്ല മരണസന്ദേശവുമായിരിക്കുമെന്നു കരുതി അടുത്തുണ്ടായിരുന്ന ചിലർ ഇത്രവലിയ അമ്പരപ്പിനു കാരണമെന്തെന്നു ചോദ്യംചെയ്തു. ഒരക്ഷരംപോലും ഉരിയാടാതെ അദ്ദേഹം വലിയ തിരുമേനിയുടെ മുറിയിലേയ്ക്കു ധൃതിയിൽ ചെന്ന് അവിടത്തെ മുമ്പിൽ മുട്ടുകുത്തി. ആലിലപോലെ വിറയ്ക്കുന്ന നിജകരകമലങ്ങൾ പ്രസ്തുത കമ്പിലേഖനത്തെ വലിയ തിരുമേനിയുടെ സന്നിധിയിൽ നിക്ഷേപിച്ചു. താൻ ഇതിന് തീരെ അയോഗ്യനാണെന്ന് ബാഷ്പവർഷം പൊഴിച്ച്, സഗൽഗദം അവിടന്ന് വിലപിച്ചു. അതിന് പ്രത്യുത്തരമായി മെത്രാനച്ചൻ അവിടത്തെ സമാശ്ലേഷിച്ചുകൊണ്ട് അതു് ദൈവതിരുമനസ്സാണെന്നും, അതനുസരിക്കാതെ ഗത്യന്തരമില്ലെന്നും, കല്പിച്ചരുളിച്ചെയ്തു സമാശ്വസിപ്പിച്ച് ധൈര്യപ്പെടുത്തി അയച്ചു. ഉടനെതന്നെ ഞങ്ങൾ അത്യാഹ്ളാദപുരസ്സരം തൃക്കരം ചുംബിക്കുവാൻ അടുത്തുകൂടുകയുണ്ടായി. അപ്പോഴും അവിടന്ന് സ്വതസ്സിദ്ധവും നിഷ്കളങ്കവുമായ വിനയത്തോടുകൂടി ഇത്ര ഉന്നതസ്ഥാനം അലങ്കരിക്കുവാൻ താൻ കേവലം അയോഗ്യനാണെന്നും, തനിക്കുവേണ്ടി ദൈവത്തോടു പ്രാർത്ഥിക്കണമെന്നും അത്രേ ഞങ്ങളോട് അഭ്യർത്ഥിച്ചുകൊണ്ടിരുന്നതു്."

പുതിയ മാർപ്പാപ്പാ ആയി സമ്മതിദാനങ്ങൾ തനിക്കു അനുദിനം വർദ്ധമാനമായി വരുന്നതുകണ്ട് കർദ്ദിനാൾസംഘത്തോടു തന്നെ തിരഞ്ഞെടുക്കരുതെന്ന് കണ്ണുനീരോടുകൂടി പ്രാർത്ഥിച്ച യശശ്ശരീരനായ പത്താം പീയൂസ് മാർപ്പാപ്പായുടെ പ്രതിച്ഛായയെയാണ് പ്രസ്തുതസംഭവം നമ്മെ അനുസ്മരിപ്പിക്കുന്നതു്. ഈ പത്താംപീയൂസ് തന്നെയാണല്ലോ തിരുമേനിയെ മെത്രാൻസ്ഥാനത്തേക്കുയർത്തിയതു്. ഈ നിഗ്രഹരത്നത്തിന്റെ നിസ്തുല്യകാന്തിവിശേഷം മഹാശയനായ വലിയതിരുമേനിയുടെ ദീർഘദൃഷ്ടി ഒന്നുമാത്രമല്ലാതെ വികാരിയാത്തിലെ ഒരൊററമനുഷ്യൻ എങ്കിലും അല്പംപോലും ദർശിച്ചിട്ടുണ്ടായിരുന്നില്ല. ബ. കണ്ടത്തിൽ ആഗസ്തിനച്ചനെ നിജസഹായമെത്രാനായി നിയമിച്ചിരിക്കുന്നു എന്നുള്ള 1911 ഡിസംബർ 28-ാം തീയതിയിലെ വലിയതിരുമേനിയുടെ ഇടയലേഖനം അപ്രതീക്ഷിതമായ ഒരു വാർത്തയായിരുന്നു ജനതാമദ്ധ്യേ പരത്തിയതു്. ഈ അ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ജ്ഞാതനാമാവിന്റെ നിയമനത്തിൽ സകലരും അത്ഭുതപരതന്ത്രരായി; അതു ഒരു നിഗൂഢരത്നത്തെപ്പോലെ അവിടുന്നു ലോകത്തിന് നിശ്ശേഷം അജ്ഞാതനായിരുന്നതിനാൽ മാത്രമായിരുന്നു. സമുദായത്തിൽ നല്ലനിലയുള്ള ഒരു വൃദ്ധൻ ഈയിടെ ഈ ലേഖകനോടു ഇപ്രകാരം പറയുകയുണ്ടായി: "ബ. കണ്ടത്തിൽ ആഗസ്തിഅച്ചനാണ് സഹായമെത്രാനെന്നു പറഞ്ഞുകേട്ടപ്പോൾ കേട്ടവരെല്ലാം അന്യോന്യം ചോദിച്ചിരുന്നതു്, 'ഇദ്ദേഹം ഏതു്? ഇങ്ങനെ ഒരാൾ നമ്മുടെ മിസ്സത്തിലുണ്ടോ'? എന്നത്രെ. അന്വേഷിച്ചുവന്നപ്പോൾ ഈ നിയമനം, ദൈവനിശ്ചയത്തെ വലിയമെത്രാനച്ചന്റെ ദീർഘദൃഷ്ടി "കണ്ടെത്തി"യതിന്റെ ഫലമാണെന്ന് സകലമാനപേരും ഗ്രഹിക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്തു."

"അന്യഥാചിന്തിതം കാര്യം ദൈവമന്യത്ര ചിന്തയേൽ"

## മെത്രാൻപട്ടാഭിഷേകം.


തിരുമേനിയുടെ ജീവിതത്തിനു മകുടംചാർത്തിയ ആ മഹത്സംഭവത്തെപ്പററി, അതെ, ഇന്നു നാം ഘോഷിക്കുന്ന ജൂബിലിക്കു കാരണമായ അവിടുത്തെ പട്ടാഭിഷേകത്തെപ്പററി, നമ്മുടെ ഭാഗ്യാതിരേകത്താൽ അതിന്റെ ഒരു ദൃക്സാക്ഷിയുടെ റിപ്പോർട്ട് നമുക്കു ലഭിച്ചിട്ടുണ്ട്. 1911 ഡിസംബർ 7-ാംതിയ്യതിയിലെ "നസ്രാണിദീപിക"യിൽ കാൺഡിയിൽനിന്നും പ്രസ്തുതപത്രത്തിന്റെ സ്വന്തം റിപ്പോർട്ടർ ഇങ്ങനെ എഴുതുന്നു.

"1911 ഡിസംബർ 3-ാംനു- ഞായറാഴ്ച സുപ്രഭാതം. മണി ഏഴടിക്കുന്നു. കാണ്ടിഭദ്രാസനപ്പള്ളിയിൽ വൈദികർ, സന്യാസികൾ, പേപ്പൽ സെമിനാരിവിദ്യാർത്ഥികൾ മുതലായവർ സൂപ്പ്ളേശ്ശുംധരിച്ച് നിരനിരയായി, പടിവാതുക്കൽവരെ ഇരുവശങ്ങളിലായി, അഭിഷേകം ചെയ്യപ്പെടുവാനിരിക്കുന്ന വൈദികവര്യന്മാരുടേയും * പ്രധാനകാർമ്മികനായ ഡലഗാദിന്റേയും സഹായികളുടേയും വരവിനെ പ്രതീക്ഷിച്ചുകൊണ്ടുനില്ക്കുന്നു. കുറെനേരം കഴിഞ്ഞപ്പോൾ അത്യുന്നതഡലഗാദിന്റെ ഇരട്ടക്കുതിരകെട്ടിയ വണ്ടി ദൂരെ കാണാറായി. മെത്രാന്മാർ പള്ളിവാതുക്കൽ വന്നിറങ്ങിയ ഉടനെതന്നെ പള്ളിവികാരി വ. ദിവ്യശ്രീ ഫാദർ ബീഡ്. ഒ. എസ്. ബി. അവർകൾ മുന്നോട്ടുവന്ന് എല്ലാവരേയും എതിരേററുകൊണ്ടുപോയി. 7½മണിയോടുകൂടി ഡലഗാദപ്പസ്തോലിക്കാ വടിയും മുടിയും ധരിച്ചു കർമ്മങ്ങൾ ആരംഭിച്ചു.

* കാലംചെയ്ത കുര്യാളശ്ശേരിൽ മാർ തൊമ്മാമെത്രാനും തിരുമേനിയോടുകൂടി വാഴിക്കപ്പെടുകയുണ്ടായി.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.marggam.com



മെത്രാപ്പോലീത്താച്ചൻ കാൻഡിയിൽവച്ച് മെത്രാൻപട്ടം സ്വീകരിച്ച അവസരത്തിൽ ഡലിഗററ് അപ്പസ്തോലിക്കായുടെ വസതിയിൽവച്ച് കാൻഡി സെമിനാരിയിലെ സുറിയാനി വിദ്യാർത്ഥികളോടുകൂടി എടുത്ത ഫോട്ടോ. മുൻവശത്തു രണ്ടാംനിരയിൽ, വലത്തുനിന്നു ഇടത്തോട്ടു മൂന്നാം സ്ഥാനം മുതൽ: മെത്രാപ്പോലീത്താച്ചൻ, മാർ ലൂയീസ് മെത്രാനച്ചൻ, ഡലിഗെററ് അപ്പസ്തോലിക്കാ, വാൻറീത്തു മെത്രാനച്ചൻ, കയ്യാലക്കകത്തു മെത്രാനച്ചൻ.

www.TheCMSIndia.org

marggam
Digital Library of Christianity in India
www.marggam.com



അൾത്താരയുടെ മദ്ധ്യഭാഗത്തു ദലഗാദും, വലത്തുവശത്തു മാർ അഗുസ്തീനോസു മെത്രാനും മാർത്തോമ്മാമെത്രാനും, ഓരോ പാൎശ്വങ്ങളിലായി ഡാക്ടർവാൻറീത്തും മാർ ലൂയീസു് മെത്രാനച്ചനും നിന്നുകൊണ്ടു് യഥാക്രമം വിശുദ്ധകുർബാന ആരംഭിച്ചു. ദലഗാദ് മദ്ബഹായിൽ കയറിയതിനോടു കൂടി പുതിയ മെത്രാന്മാർ രണ്ടുപേരും മറെറാരു അൾത്താരയിൽ പ്രവേശിച്ചുകൊണ്ടു് സഹായമെത്രാന്മാരുടെ പരിചരണത്തോടുകൂടി കുർബാന പിന്തുടൎന്നു. കുർബാന പ്രധാനകാൎമ്മികനോടൊന്നിച്ചു് ആരംഭിക്കുകയും അവസാനിപ്പിക്കുകയും ചെയ്യേണമെന്നുള്ളതിനാൽ എല്ലാവരും ലത്തീൻ റീത്തിൽ തന്നെയാണു് ചൊല്ലിയതെന്നുള്ളതു് വിശേഷാൽ വക്തവ്യമാണു്. ഏവൻഗേലിയോനു അല്പം മുൻപായി ദലഗാദ് സ്വസിംഹാസനത്തിൽ ആസനസ്ഥനായശേഷം "Habemus mandatum a Summo Pontifice" എന്നു് ഒരാൾ വായിച്ചതിനുത്തരമായി പ്രധാനകാൎമ്മികൻ "Legatur" എന്നു പ്രസ്താവിച്ചു. ഉടനെതന്നെ ദലഗാദിൻെറ കാൎയ്യദൎശി ഫാദർ. പഞ്ഞാനി അവർകൾ പ്ലാററുഫോറത്തിൽ കയറി നിന്നുകൊണ്ടു് മാൎപ്പാപ്പാ തിരുമനസ്സിലെ കല്പന (Bull) വായിച്ചു. അതിൻെറശേഷം വീണ്ടും കുർബാന തുടൎന്നു. കുറെ കഴിഞ്ഞശേഷം പുതിയ മെത്രാന്മാർ കത്തോലിക്കാ പള്ളി പഠിപ്പിക്കുന്നതും വിശ്വസിക്കുന്നതും എല്ലാം തങ്ങളും വിശ്വസിക്കുന്നൊന്നും പഠിപ്പിക്കുമെന്നും മററും ഉള്ള ഓരോ ഉപദേശങ്ങളേയും സംബന്ധിച്ചു "മനസ്സാകുന്നു" (Volo) എന്നോ "വിശ്വസിക്കുന്നേൻ" (Credo), എന്നോ യഥാവസരങ്ങളിൽ ഉച്ചരിച്ചു.

വിശുദ്ധ കുർബാനയുടെ മദ്ധ്യഭാഗത്തിൽ തിരുശരീരവും തിരുരക്തവും എല്ലാവരും ഒരുമിച്ചാണു് ആശീൎവ്വദിച്ചതു്. പിന്നീടു് പ്രധാനകാൎമ്മികനും മററു സഹായമെത്രാന്മാരും ഒരുമിച്ചു് കൈവെപ്പു്, സൈത്തുപൂശൽ, എന്നീ കൎമ്മങ്ങൾ നിൎവ്വഹിച്ചതിനുശേഷം, മെത്രാൻ സ്ഥാനചിഹ്നങ്ങളായ വടിയും മുടിയും മോതിരവും ദലഗാദുതന്നെ ആശീൎവ്വദിച്ചു് പുതിയ മെത്രാന്മാൎക്കു നല്കി. വിശുദ്ധ കുർബാനയും, സമാധാനത്തിൻേറയും സന്തോഷത്തിൻേറയും ചിഹ്നമായ മെത്രാന്മാരുടെ ആലിംഗനവും, കഴിഞ്ഞശേഷം പുതിയ മെത്രാന്മാരും മററച്ചന്മാരും ചേൎന്നു് പള്ളിക്കകത്തു ഒരു പ്രദക്ഷിണം കഴിച്ചശേഷം, അൾത്താരയിൽ വീണ്ടും വന്നുചേൎന്നു. ഉടനെതന്നെ അത്യുന്നതദലഗാദ് "Te Deum Laudamus" എന്നുള്ള ഗീതം പാടി. തദനന്തരം പുതിയ മെത്രാന്മാർ വടിമുടി മുതലായവ ധരിച്ചു്, ജനങ്ങൾക്കു് ആശീൎവ്വാദം നൽകി കൎമ്മങ്ങൾ അവസാനിപ്പിച്ചു.

വൈകിട്ടു എട്ടുമണിക്കു ദലഗാദവർകൾ വളരെ മോടിയായവിധത്തിൽ പുതിയ മെത്രാന്മാൎക്കു ഒരു വിരുന്നുസല്ക്കാരം നൽകി. വൈകീട്ടാ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

ണെങ്കിലും ഡിന്നർ എന്നാണ് ഇവിടങ്ങളിൽ പറയാറുള്ളതു്. തത്സമയത്തു ടൌൺബാൻറും മററു ഗീതാഘോഷങ്ങളും ഉണ്ടായിരുന്നു. മെത്രാനാർ തിങ്കളാഴ്ച, പേപ്പൽസെമിനാരി സന്ദർശിച്ചു. ചൊവ്വാഴ്ച, കാലത്തു 11മണിക്കു മലയാളത്തേയ്ക്കു തിരിക്കുകയും ചെയ്തു."

## സഹായമെത്രാൻ.

**പ**ട്ടാഭിഷേകം കഴിഞ്ഞു വലിയതിരുമേനിയോടുകൂടി നമ്മുടെ കഥാനായകൻ ഡിസംബർ 11-ാംനു- തിങ്കളാഴ്ച, എറണാകുളത്തു് എത്തി, സഹായമെത്രാസനത്തിൽ ഉപവിഷ്ടനായി. അവിടുത്തെ എറണാകുളം തീവണ്ടിസ്റ്റേഷനിൽനിന്നും അത്യാഡംബരപൂർവ്വം അരമനയിലേയ്ക്കു് എതിരേൽക്കുന്നതിനായി വികാരിയാത്തിലെ സകലഇടവകക്കാരും വലിയതിരുമേനിയുടെ ആജ്ഞാനുസരണം ഹാജരുണ്ടായിരുന്നു. തീവണ്ടിസ്റ്റേഷനിൽനിന്നു അരമനയിലേക്കുള്ള എഴുന്നെള്ളത്തിനു കൊച്ചീമഹാരാജാവു തിരുമനസ്സുകൊണ്ടു അവിടുത്തെ രാജകീയവാഹനം അയച്ചുകൊടുക്കുകയുണ്ടായി. തീവണ്ടിസ്റ്റേഷൻമുതൽ അരമനവരെയുള്ള പട്ടണഭാഗം അതിമനോഹരമായ വിധത്തിൽ അലങ്കരിക്കപ്പെട്ടിരുന്നു. ഘോഷയാത്ര അത്ഭുതപൂർവ്വമായ ഒന്നുതന്നെയായിരുന്നു എന്നു ചുരുക്കിപ്പറവാനേ നിവൃത്തിയുള്ളൂ.

എറണാകുളം മെത്രാസനപ്പള്ളിയിൽ ആദ്യമായി എഴുന്നെള്ളി ദൈവത്തിനു സ്തോത്രഗാനം പാടിയതിൻെറശേഷം, അവിടുന്നു അരമനയിലേക്കു പുറപ്പെടുകയും, അരമനവാതുക്കൽവച്ചു വലിയതിരുമേനിയുടെ ഹൃദയപൂർവ്വമായ സ്വാഗതം സ്വീകരിച്ചുകൊണ്ടു്, തയ്യാർചെയ്യപ്പെട്ടിരുന്ന പ്ലാററുഫോറത്തിൽ, വലിയ തിരുമേനിയുടെ വലത്തുവശത്തു്, ആസനസ്ഥനാകുകയും ചെയ്തപ്പോൾ സുറിയാനി സഭാമാതാവു എത്രമേൽ ആനന്ദഭരിതയായിരുന്നുവെന്നു ഊഹിച്ചുകൊള്ളുകയാണു നല്ലതു്. തദവസരത്തിൽ, വികാരിയാത്തിൻെറ വകയായി മലയാളത്തിലും, വൈദികരുടെ വകയായി സുറിയാനിയിലും, ഓരോ മംഗളപത്രങ്ങൾ സമർപ്പിക്കുകയും, അവിടുന്നു, അവയ്ക്കു സമുചിതമായ മറുപടി പറയുകയും ചെയ്തു.

### മംഗളശ്ലോകം.

വണ്ടെത്തിടും സുമമിസത്തെ ഭരിക്കുവാൻ കൽ-
കണ്ടത്തിനൊത്തമധുവാണിയെഴും ബിഷൊപ്പായ്,
കണ്ടത്തിലച്ചനെ വിശുദ്ധപിതാവു് പീയൂസ്സ്
കണ്ടെത്തിയെന്നതു് പെരുത്തുവിചിത്രമായി.

വി. കെ. ജോസഫ് മാപ്പിള. (ന. മി. 5. Dec. '11.)

www.marggam.com



തിരുമേനിയുടെ മെത്രാൻപട്ടാഭിഷേകാനന്തരം എറണാകുളത്തു ആദ്യമായി വന്നപ്പോൾ എടുത്ത പടം.
തിരുമേനിയുടെ കുടുംബാംഗങ്ങളേയും ഇതിൽ കാണാവുന്നതാണ്.

www.TheCMSIndia.org

marggam
Digital Library of Christianity in India
www.marggam.com



# വലിയതിരുമേനിയും കൊച്ചുതിരുമേനിയും.

അങ്ങനെ എറണാകുളം മിസ്സത്തിന് ഒരേസമയത്തു് വലിയ പിതാവെന്നും കൊച്ചുപിതാവെന്നും രണ്ടു മെത്രാന്മാരെ ലഭിക്കുവാനുള്ള മഹാഭാഗ്യം ഉണ്ടായി. അക്കാലത്തു് നമ്മുടെ കഥാപുരുഷനെപ്പററി ഒരു യൂറോപ്യൻ വൈദികവര്യൻ "നിങ്ങൾക്കു് ഒരു ശിശു മെത്രാനെ (Infant Bishop) കിട്ടിയല്ലോ", എന്നു് പറയുകയുണ്ടായിപോലും. പള്ളിവിസീത്ത, പട്ടം കൊടുക്കൽ, മുതലായ അവസരങ്ങളിൽ മാത്രമല്ല, മിസ്സത്തിന്റെ ഭരണകാര്യങ്ങളിലും രണ്ടു തിരുമേനിമാരും സഹകരിച്ചു പ്രവൃത്തിക്കുന്നതായിട്ടാണു് ഇനി നാം കാണുന്നതു്. ഇതിനിടയ്ക്കു് നമ്മുടെ കഥാനായകൻ ചില സൗകര്യങ്ങൾ ഉദ്ദേശിച്ചു, കുറേനാളത്തേയ്ക്കു കൊരട്ടിപ്പള്ളിയിൽ താമസിക്കുകയും, അങ്ങനെ താമസിക്കുന്ന കാലത്തു് ആ ഇടവക ജനങ്ങൾക്കു് അനവധി ആത്മോപകാരങ്ങൾ ചെയ്യുകയും ചെയ്തിട്ടുണ്ടു്. അവടുത്തെ താമസത്തിനിടയ്ക്കു് അ. ഉ. ഡലഗാദ് അപ്പസ്തോലിക്കാ തിരുമനസ്സുകൊണ്ടു് നമ്മുടെ കഥാനായകനെ ഒരിക്കൽ സന്ദർശിക്കുകയുണ്ടായി. 1919-ാമാണ്ടു് അവസാനത്തോടുകൂടി കൊച്ചുതിരുമേനി വീണ്ടും എറണാകുളത്തെത്തി അരമനയിൽ സ്ഥിരതാമസമാക്കി.

## പുരോഗാമിയുടെ നിര്യാണം.

വാഗ്ദത്തരാജ്യമായ 'ഹയറാക്കി'സ്ഥാനത്തെ ലാക്കാക്കി തന്റെ ജനങ്ങളുടെ നേതൃത്വം വഹിച്ചുംകൊണ്ടു് പ്രയാണം ചെയ്ത ആ 'കേരളീയമോശ', തേനും പാലും ഒഴുകുന്ന ആ നാടിനെ ദൂരെനിന്നും ദർശിച്ചതല്ലാതെ അതിൽ പ്രവേശിക്കയുണ്ടായില്ല. ഓറശ്ലത്തിൽ പ്രവേശിക്കുവാനുള്ള ഭാഗ്യം തന്റെ പിൻഗാമിയും അനന്തരാവകാശിയുമായ ജോഷ്വായ്ക്കു—നമ്മുടെ കഥാനായകനു—നൽകിക്കൊണ്ടു, ആ മഹാത്മാവു് പരലോകപ്രാപ്തനായി. മരണാസന്നനായ വലിയ തിരുമേനിയെ നമ്മുടെ കഥാനായകൻ അത്യന്തം ബഹുമാനത്തോടും സ്നേഹത്തോടുംകൂടി ശുശ്രൂഷിക്കുകയും, അന്ത്യകൂദാശകൾ എല്ലാം താൻ തന്നെ കൊടുക്കുകയും ചെയ്തു.

1919 ഡിസംബർ 9-ാം തീയതി ഏഴു മണിക്കു്, മരണാസന്നനായ വലിയ തിരുമേനി കല്പിച്ചുപറഞ്ഞയച്ചതനുസരിച്ചു്, കൊച്ചുതിരുമേനി അദ്ദേഹത്തിന്റെ രോഗശമനത്തിനുവേണ്ടി ദിവ്യപൂജ അർപ്പിച്ചുകൊണ്ടിരിക്കുകയിൽ, അതായതു്, തിരുശരീരവും തിരുരക്തവും ആശീർവ്വദിച്ചു

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



കഴിഞ്ഞപ്പോൾ, വരാപ്പുഴ മെത്രാപ്പോലീത്തായിൽനിന്നു മരണാസന്നക്കുള്ള അന്തിമാശീർവ്വാദം സമ്പാദിച്ചുകൊണ്ടാണു് തന്റെ പുരോഗാമിയായ മഹാത്മാവു് ഇഹലോകവാസം വെടിഞ്ഞതു്. പിറേറദിവസം, എട്ടരമണിക്കു് പരേതനുവേണ്ടി തിരുമേനി റാസ ചൊല്ലി. ശവസംസ്കാരകർമ്മത്തിൽ വരാപ്പുഴ മെത്രാപ്പോലീത്ത, കോട്ടയം മെത്രാൻ, കൊച്ചി മെത്രാൻ, ചങ്ങനാശേരി വികാരിജനറാൾ, തൃശ്ശൂർ മെത്രാന്റെ പ്രതിനിധി എന്നിവർ സംബന്ധിച്ചിരുന്നു. അന്നത്തെ ചരമപ്രസംഗം നടത്തിയതു് കോട്ടയം മെത്രാനച്ചൻ തിരുമനസ്സുകൊണ്ടായിരുന്നു. സുറിയാനിയിലും ലത്തീനിലും തിരുക്കർമ്മങ്ങൾ നടത്തപ്പെട്ടു. ഏകദേശം ഇരുനൂറോളം വൈദികരും വൈദികവിദ്യാർത്ഥികളും സംസ്കാരകർമ്മത്തിൽ പങ്കെടുത്തു. അഞ്ചു പൊൻകുരിശുകളും ഏഴുപതോളം വെള്ളിക്കുരിശുകളും പട്ടണപ്രദക്ഷിണത്തിൽ അണിനിരന്നു. കൊച്ചിസക്കാരിലേയും, മട്ടാഞ്ചേരിയും ബാൻറു് സംഘക്കാർ ചരമഗാനങ്ങൾ ആലപിച്ചു. അന്നത്തേപ്പോലെയുള്ള ഒരു ശവസംസ്കാരകർമ്മം എറണാകുളം പട്ടണം കണ്ടിരുന്നില്ല. എറണാകുളം അതിമെത്രാസനപ്പള്ളിയിലെ മദ്ബഹായുടെ മദ്ധ്യത്തിൽ ആ പുണ്യശ്ലോകന്റെ അവശിഷ്ടങ്ങൾ സംസ്കരിക്കപ്പെടുകയും ചെയ്തു.

കൃത്യം അഞ്ചുകൊല്ലം കഴിഞ്ഞപ്പോൾ, അതായതു്, 1924 നവംബർ 16-ാം തീയതി ഞായറാഴ്ച, അതേ, തിരുമേനി മെത്രാപ്പോലീത്തയായി സിംഹാസനാരോഹണം ചെയ്ത മഹോത്സവദിവസം സായാഹ്നത്തിൽ, തിരുമേനി തന്റെ പുരോഗാമിയുടെ ശവക്കല്ലറയുടെമേൽ സ്ഥാപിച്ച മാർബിൾ ശിലാലേഖനമാണു് താഴെകാണുന്നതു്.

IN

Loving and Grateful Memory of

**The Rt. Rev. Mar Aloysius Pareparambil, D. D.**

Appointed

Bishop of Tio

&

FIRST VICAR APOSTOLIC OF ERNAKULAM.

by

**H. H. Pope Leo XIII**

A Prelate Specialy Devoted to the Blessed Virgin,

Simple in ways, frugal in habits,

ever devoted to the interests

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



മാർ ലൂയീസ് മെത്രാനച്ചന്റെ ദേഹവിയോഗം. മെത്രാന്മാരിൽ നടുവിൽ നമ്മുടെ മെത്രാപ്പോലീത്താച്ചനും വലത്തു വശത്തു വരാപ്പുഴത്തെ എയിഞ്ചൽമേരി മെത്രാപ്പോലീത്താച്ചനും, ഇടത്തു വശത്ത് കോട്ടയത്തെ മാർ അലക്സാണ്ടർ മെത്രാനച്ചനും നില്ക്കുന്നു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



of

**His Rite and Nation**

Steadfast of Purpose, Yet tactful in action,
A Scholar, a Linguist,
A Historian, and a Diplomat,
HE WAS A GREAT INDIAN.

| | |
|---|---|
| Born at Pulinkunnoo | 25— 3—1847. |
| Ordained Priest | 4—12—1870. |
| Consecrated Bishop | 25—10—1896. |
| Slept in the Lord | 9—12—1919. |

**R. I. P.**

---

നമ്മുടെ കഥാനായകൻ അധികാരം പ്രാപിച്ചതിൻെറശേഷം പ്രസിദ്ധംചെയ്ത ഒന്നാമത്തെ ഇടയലേഖനം, അഭിവന്ദ്യനായ പുരോഗാമിയുടെ ആനന്ദജനകമായ സ്മരണയെ വിശ്വാസികളുടെ ഹൃദയങ്ങളിൽ ദൃഢമൂലമാക്കുവാനായിരുന്നു.

## സിംഹാസനാരോഹണം.

ഒഴിവുവന്ന എറണാകുളം വികാരിയാത്തിലെ ഭരണാധികാരസിംഹാസനത്തിൽ അവിടുന്നു 1919 ഡിസംബർ 18-ാം തീയതി ആരോഹണംചെയ്തു. തിരുമേനിയെ അനന്തരാവകാശസമേതം എറണാകുളം വികാരി അപ്പസ്തോലിക്കാ ആക്കി പ്രഖ്യാപനം ചെയ്തിരുന്ന മാർപ്പാപ്പായുടെ തിരുവെഴുത്തു, പ്രസ്തുത മാസം 11-ാം തീയതി ഔദ്യോഗികമായി പ്രഖ്യാപനം ചെയ്യപ്പെട്ടു. ആ അധികാരപത്രം ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു.

## പത്താം പീയൂസ് പാപ്പാ.

"പ്രിയ പുത്രാ, സുസ്ഥതയും ശ്ലൈഹിക ആശീർവ്വാദവും. സീറോമലബാർറീത്തിൽ പെട്ട എറണാകുളം വികാരി അപ്പസ്തോലിക്കായും, തീയൂഎന്ന ദിക്കിൻെറ ആഭിനാമിക മെത്രാനും ആയ നമ്മുടെ വന്ദ്യസഹോദരൻ പഴേപറമ്പിൽ അലോഷ്യസ് പ്രായാധിക്യവും അനാരോഗ്യവും നിമിത്താ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

പിൻതുടച്ചാവകാശിയായ ഒരു സഹായിയെ നൽകണമെന്ന് നമ്മോടാവശ്യപ്പെട്ടതിനാൽ അത്യന്തം ഗൌരവാവഹമായ പ്രസ്തുത സംഗതിയുടെ നാനാവശങ്ങളേയും പരിഗണിച്ച്, നമ്മുടെ പ്രിയപ്പെട്ട സഹോദരന്മാരും പൌരസ്ത്യറീത്തിൻെറ തിരുസംഘത്തിലെ അധികൃതന്മാരുമായ റോമാസഭയിലെ കർദ്ദിനാളന്മാരുടെ അഭിപ്രായത്തോടുകൂടി, ആ വന്ദ്യ പുരോഹിതശ്രേഷ്ഠൻെറ അപേക്ഷ സ്വീകരിക്കേണ്ടതാണെന്നു തീർച്ചയാക്കുകയും, നമ്മുടെ ഏററവും പ്രിയപുത്രനും, മതതത്വങ്ങളിലും, ഭക്തിയിലും, വൈദികതീക്ഷ്ണതയിലും, വളരെ ഉയർന്നനിലയെ പ്രാപിച്ചിരിക്കുന്ന ആളും ആയ നിങ്ങളെ തൽസ്ഥാനത്തേയ്ക്കു ഉയർത്തണമെന്ന് നാം നിശ്ചയിക്കുകയും ചെയ്തിരിക്കുന്നു. അതിനാൽ നിങ്ങളെ ആരാദ് എന്ന ദേശത്തിൻെറ ആഭിനാമിക മെത്രാനായി നിശ്ചയിച്ച് നാം പ്രഖ്യാപനംചെയ്യുന്ന ഈ ദിവസം തന്നെ നൽകുന്ന എഴുത്തിനാൽ, മേൽപ്രസ്താവിച്ച എറണാകുളം വികാരിയാത്തിൻെറ പിൻതുടർച്ചാവകാശത്തോടുകൂടിയ സഹായ മെത്രാനായും നിങ്ങളെ നാം നിയമിച്ചുറപ്പിക്കുന്നു. പ്രസ്തുത വന്ദ്യവൈദികശ്രേഷ്ഠൻെറ നിര്യാണത്താലോ, അല്ലെങ്കിൽ മററതെങ്കിലും കാരണവശാലോ എറണാകുളം വികാരിയാത്തിലെ സിംഹാസനം ഒഴിവാകുമ്പോൾ, ആ വികാരിയാത്തിലേയ്ക്കു നിങ്ങളെ നാം ഇപ്പോൾതന്നെ നിശ്ചയിക്കുകയും അതിനു അനുയോജ്യമായ അധികാരങ്ങളും, ബഹുമതികളും. വിശേഷാവകാശങ്ങളും പൊതുവായും പ്രത്യേകമായും നല്കുകയും ചെയ്യുന്നു. എന്നാൽ അതിവന്ദ്യനായ ആ വികാരിഅപ്പസ്തോലിക്കായുടെ ജീവിതകാലത്തിൽ, അദ്ദേഹത്തിൻെറ ആഗ്രഹാനുസരണവും കല്പനപ്രകാരവും നിങ്ങൾ അദ്ദേഹത്തിൻെറ വികാരിയാത്തിനെ ഭരിക്കണമെന്ന് നാം ആഗ്രഹിക്കുന്നു. ഇപ്പോൾ സഹായമെത്രാൻെറ നിലയിലും, യഥാകാലം, എറണാകുളം വികാരിഅപ്പസ്തോലിക്കാ എന്ന നിലയിലും നിങ്ങളെ സ്വീകരിക്കുന്നതിനും, സമ്മതിക്കുന്നതിനും, എല്ലാ സംഗതികളിലും നിങ്ങളെ കേൾക്കുന്നതിനും അനുസരിക്കുന്നതിനും നിങ്ങൾക്കു സഹായം ചെയ്യുന്നതിനും നിങ്ങളുടെ കല്പനകൾ ബഹുമാനപൂർവ്വം സ്വീകരിച്ച് സോത്സാഹം നിർവ്വഹിക്കുന്നതിനും, അവ ആരെയെല്ലാം സംബന്ധിക്കുന്നതോ സംബന്ധിക്കാവുന്നതോ ആണോ, അവരോടെല്ലാവരോടും നാം കല്പിക്കുന്നു. അപ്രകാരം ചെയ്യാത്തപക്ഷം, ധിക്കാരികൾക്ക് ന്യായമായി നിങ്ങൾ നിശ്ചയിക്കുകയോ നല്കുകയോ ചെയ്യുന്ന ശിക്ഷയും മുടക്കും നാം അംഗീകരിക്കുകയും, അവ യഥായോഗ്യം അന്യൂനമായി നിർവ്വഹിക്കപ്പെടുന്നതിനു യാതൊരു പ്രതിബന്ധവും ഗണ്യമാക്കാതെ നമ്മുടെ ശ്ലൈഹിക അധികാരം നാം പ്രയോഗിക്കുകയും ചെയ്യുന്നതാണ്.

marggam
Digital Library of Christianity in India
www.marggam.com



Venerabili Fratri Aloisio Pareparambil Episcopo Tiano, Vicario Apostolico apud Syros Syrianos in Ernakulam salutem in Domino.

Dum pergratum Tibi profitemur animum ob nobilissimos affectus, fidei, devotionisque sensus Nobis exhibitos in Nostra ad supremi Apostolatus onus exaltatione, et dum vota in illis et in supremis epistolis expressa ex corde rependimus, in apostolicis laboribus maxima Tibi gaudia adprecantes, caelestium munerum auspicem et praecipuae benevolentiae Nostrae pignus, Apostolicam Benedictionem Tibi, Venerabilis Frater, impertimus.

Ex Aedibus Vaticanis die 28 Decembris 1903

Pius PP. X

പ. പി. പത്താംപീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു തൃക്കൈവിളയാടി തുല്യംചാർത്തി മാർ ളൂയീസ് മെത്രാനച്ചന അയച്ച എഴുത്ത്.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



റോമ്മയിൽ വി. പത്രോസിന്റെ ദേവാലയത്തിൽ നിന്നു, മീൻപിടുത്തക്കാരന്റെ മോതിരമുദ്രയോടുകൂടി, 1911 ആഗസ്റ്റ് മാസം 29-ാംതീയതി നമ്മുടെ ഭരണത്തിന്റെ 9-ാംവർഷത്തിൽ നല്കപ്പെട്ടതു്.

പ്രിയപുത്രൻ കണ്ടത്തിൽ ആഗുസ്തീനോസിന്

(മുദ്ര.) പീയൂസ് പാപ്പാ.

(ഒപ്പ്) സ്റ്റേററുസെക്രട്ടറി.

കർദ്ദിനാൾ മെരിഡെൽവാൾ.

## മുദ്രയും മുദ്രാവാക്യവും.




തിരുമേനി ദൈവത്തിന്റെ സഭയെ ഭരിക്കുന്നതിനു സ്വീകരിച്ചിരിക്കുന്ന നയവിശേഷത്തെ അവിടുത്തെ ഔദ്യോഗികമുദ്രയിൽനിന്നും മനസ്സിലാക്കാവുന്നതാണ്. വെള്ളത്തിൽ കിടക്കുന്ന നങ്കൂരം, ലോകസാഗരത്തിൽകൂടി പ്രയാണം ചെയ്യുന്ന നമുക്ക് ഉണ്ടായിരിക്കേണ്ടുന്ന സുപ്രതീക്ഷയെ സൂചിപ്പിക്കുന്നു. ഹൃദയം ഈശോയുടെ തിരുഹൃദയത്തേയും, നക്ഷത്രം സമുദ്രതാരമായ പ. കന്യകമറിയത്തേയും പ്രതിനിധീകരിക്കുന്നു. ശൂലവും കുരിശുരൂപവും പിടിച്ചിരിക്കുന്ന കരം, ഈശോയുടെ തിരുഹൃദയത്തിൽനിന്നു തിരുരക്തം തൊട്ടെടുത്ത ന. പിതാവായ മാർ തോമ്മാശ്ലീഹായുടേതാണ്. ശൂലം ആ ഭാരതീയ അപ്പസ്തോലന്റെ വേദസാക്ഷിത്വത്തിന്റെ ആയുധമാണല്ലൊ. കുരിശുരൂപമോ എന്നാൽ, ഭാരതത്തിന്റെ ദ്വിതീയഅപ്പസ്തോലനായ വി. ഫ്രാൻസീസ് ശൌര്യാരെ പ്രതിനിധീകരിക്കുന്നതിനാണ്. വിശുദ്ധന്റെ തിരുനാളിലാണല്ലോ തിരുമേനി പൌരോഹിത്യത്തിലേയ്ക്കു് ഉയർത്തപ്പെട്ടതു്. "In Te Speravi" എന്ന ആദർശവാക്യത്തിന്റെ അർത്ഥം "ഞാൻ നിന്നിൽ ശര

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ണം വച്ചിരിക്കുന്നു" എന്നാത്രെ. "ഞാൻ ഒരുനാളും ലജ്ജിക്കുകയില്ല" എന്ന പ്രസ്തുത വാക്യത്തിൻെറ ഉത്തരാൎദ്ധം മുദ്രാവാക്യത്തിൽ ലേഖനം ചെയ്യപ്പെട്ടിട്ടില്ലെങ്കിലും, അതു് സൎവ്വവിദിതവും സൎവ്വസമ്മതവുമായ ഒരു വാസ്തവമാണു്. തൻെറ വിനയത്തിൻെറ അത്യഗാധത്തിൽ നിന്നുകൊണ്ടു് കൎത്താവിൽ അവിടുന്നു് സമാശ്രയിച്ചു. അവിടുത്തെ ഭരണം ലജ്ജാവഹമായി കലാശിച്ചുമില്ല.

"ഗുണവാനും വിശ്വസ്തനുമായ ഭൃത്യാ, നീ നന്നായിത്തന്നെ സൎവ്വതും പ്രവൎത്തിച്ചിരിക്കുന്നു. അല്പകാൎയ്യങ്ങളിൽ നീ വിശ്വസ്തനായിരുന്നതിനാൽ, വലിയ കാൎയ്യങ്ങളിൽ ഞാൻ നിന്നെ നിയമിക്കും." എന്ന ദിവ്യഗുരുവിൻെറ അനുമോദനപത്രം അവിടുത്തേയ്ക്കു് ലഭിച്ചു എന്നുള്ളതു് അനന്തരസംഭവങ്ങൾ തെളിയിക്കുന്നതാണു്.

## ഭാരതീയപ്രഥമമെത്രാപ്പോലീത്താ.

തിരുമനസ്സുകൊണ്ടു് മിസ്സത്തിൻെറ ഭരണം കയ്യേററിട്ടു് കൃത്യം നാലുകൊല്ലം തികഞ്ഞദിവസംതന്നെ മലങ്കരമെത്രാപ്പോലീത്തായായി തിരഞ്ഞെടുക്കപ്പെട്ടു. അതേ, ഭാരതമാതാവിൻെറ മക്കളിൽ ആദ്യമായി പാല്യത്തിരുവുത്തരീയം ധരിച്ച ഭാഗ്യശാലി അവിടുന്നാണു്. കരിയാററിൽ നഷ്ടപ്പെട്ടത്തിയ പ്രസ്തുത വൈദികരാജവസ്ത്രം കണ്ടെത്തിയ പ്രഥമസുറിയാനിമെത്രാപ്പോലീത്താ അവിടുന്നാണു്. അതിരൂപതകാരണത്താലല്ല, അതിരൂപതയ്ക്കു് കാരണമായ മെത്രാപ്പോലിത്താതന്നെ; ഇനിയുള്ളവർ എല്ലാവരും അതിരൂപത കാരണത്താൽ മേത്രാപ്പോലീത്താ ആകുന്നവരായിരിക്കും. ഭാരതമഹാസാമ്രാജ്യത്തിലെ ഒന്നാംകിടയിൽ നില്ക്കുന്ന പട്ടണങ്ങളുടെ ഗണനയിൽ സ്ഥാനം കരസ്ഥമാക്കിയിരിക്കുന്ന എറണാകുളം നഗരത്തെ നിജ അതിരൂപതയുടെ തലസ്ഥാനമാക്കി ഉറപ്പിച്ച ജേതാവാണു് അവിടുന്നു്. വെറുതെയല്ല നമ്മുടെ കഥാനായകനെ സുറിയാനി ജനതയുടെ ജോഷ്വാ, അഥവാ രക്ഷകൻ എന്നു് ഞാൻ അഭിസംബോധനം ചെയ്തതു്. കനാൻദിക്ക് അബ്രാഹമിൻെറ അധിവാസദേശവും, യൗസേപ്പിൻെറ ജന്മഭൂമിയും ആയിരുന്നിട്ടും, അതിനെ കൈവശപ്പെടുത്തുവാൻ മോശയ്ക്കും അവകാശി ആയ ജോഷ്വായ്ക്കും ഭയങ്കരസമരം നടത്തേണ്ടിവന്നു. അതുപോലെതന്നെ, എറണാകുളം മാർ. അബ്രാഹം മേത്രാപ്പോലീത്തായുടെ തലസ്ഥാനവും, കരിയാററിൽ മാർ. യൗസേപ്പുമെത്രാപ്പോലീത്തായുടെ ജന്മഭൂമിയും ആയിരുന്നിട്ടും അതു കൈവശ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



വിസിററർ അപ്പസ്തോലിക്കാ ഡോക്ടർ
ഹെൻറി എം. ലെപ്പീസിയെ ഒ. എസ്സ്. എം.
തിരുമനസ്സുകൊണ്ടു്.
(പിന്നീടു കർദ്ദിനാളായി).



ഡലിഗെററു അപ്പസ്തോലിക്കാ ഡോക്ടർ
പീററർ പിസാനി തിരുമനസ്സുകൊണ്ടു്.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



പ്പെടുത്തുവാൻ * അവകാശിയായ നമ്മുടെ കേരളീയമോശയ്ക്കും ജോഷ്വാ യ്ക്കും അവിശ്രമവും നിരന്തരവുമായ എന്തൊരു മഹായുദ്ധമാണ് നടത്തേണ്ടിവന്നത്.

## ഡലഗേററിൻെറ കമ്പിസന്ദേശം.

എറണാകുളം വികാരിയാത്തിനെ അതിരൂപതയാക്കി ഉയർത്തി എന്നറിയിച്ചതായ കമ്പിസന്ദേശം താഴെ ഉദ്ധരിച്ചുകൊള്ളുന്നു. അ. ഉ ഡെലഗാദ് അപ്പസ്തോലിക്കാ മോൺ. പിസാനി തിരുമനസ്സിലെ സെക്രട്ടറിയായിരുന്ന റവ. ഫാ. ജോസഫ് പൈനുങ്കൽ അവർകൾ വഴിയായിട്ടാണ് പ്രസ്തുത കമ്പി ലഭിച്ചത്.

"To
Fr. PYNUMKAL,
Bishop's House,
Ernakulam.

On behalf Sacred Congregation pro ecclesiae Orientali Deligate Apostolic directs communicate Vicar Apostolic erection Heirarchy Syro Malabar Rite approved Holy Father. Letter follows.

CARDINAL GASPARI".

## പാല്യദാനമഹോത്സവസജ്ജീകരണം.

സുറിയാനിക്കാർക്ക് ഹയരാർക്കിയും, കണ്ഠത്തിൽ തിരുമേനിക്ക പാല്യത്തിരുവുത്തരീയവും, എറണാകുളത്തിനു മെത്രാപ്പോലീത്തൻ ആസ്ഥാനവും നൽകുവാൻ പരിശുദ്ധപിതാവു പതിനൊന്നാംപീയൂസ് സദയം തിരു

* അങ്കമാലിയും ആലങ്ങാടും എറണാകുളം അതിരൂപതയിൽ പെടുന്നു. പിതാവായ അബ്രാഹം ഊർനാട്ടിൽനിന്നു കനാനിൽ വന്നു താമസിച്ചതുപോലെ, മാർ അബ്രാഹം മെത്രാപ്പോലീത്താ വിദേശത്തുനിന്ന് എറണാകുളത്തു (അങ്കമാലിയിൽ) വന്നു ഭരണം നടത്തുകയും, പൂർവ്വയൗസേഫ് കനാൻദേശത്തുനിന്നു ഈജിപ്തിൽപോയി മരിച്ചതുപോലെ കരിയാററിൽ മാർ യൌസേപ്പുമെത്രാപ്പോലീത്താ എറണാകുളം അതിരൂപതയിൽ (ആലങ്ങാട്ട്) നിന്നുപോയി വിദേശമായ ഗോവയിൽ വച്ചു മരിക്കുകയും ചെയ്തുവെന്നുള്ളതു് സ്മരിക്കുമ്പോഴാണ് ഈ ഉപമയുടെ സ്വാരസ്യം പൂർണ്ണമായി അനുഭവപ്പെടുന്നതു്.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



മനസ്സായി എന്നുള്ള വാൎത്ത, കേരളക്കര മാത്രമല്ല കത്തോലിക്കാലോകം മുഴുവനും ആനന്ദാബ്ധിയിൽ ആറാടിക്കാൻ പൎയ്യാപ്തമായ ഒന്നായിരുന്നു; കേരളീയ സുറിയാനിക്കാൎക്ക്, ചിരപ്രതീക്ഷിതമായ ആ മഹോത്സവത്തിന്റെ നാന്ദിയുമായിരുന്നു. നിയമനം തികച്ചും ന്യായവും യുക്തവും (Dignum et Justum est) തന്നെയെന്നു സൎവ്വലോകവും മുക്തകണ്ഠം പല്ലവിപാടി.

പുതിയ മെത്രാപ്പോലീത്താ തിരുമനസ്സിലേയ്ക്കു് പാല്യം പ്രദാനം ചെയ്യുവാൻ പരിശുദ്ധപിതാവു തന്റെ ഒരു പ്രതിനിധിയെ പ്രത്യേകം അയയ്ക്കുമെന്നുള്ള പിന്നീടു ലഭിച്ച അറിവു സ്വൎണ്ണത്തിനു സുഗന്ധം നൽകുന്നതുപോലുള്ളതായിരുന്നു. മാൎപ്പാപ്പായുടെ പ്രതിനിധിയെ യഥാവിധി കൈക്കൊണ്ടു്, പരിശുദ്ധസിംഹാസനത്തോടു നമുക്കുള്ള അകൈതവവും ഭക്ത്യാദരസമൃദ്ധവുമായ കൃതജ്ഞതയെ പ്രദൎശിപ്പിക്കുന്നതിനും, നമ്മുടെ ന്യായമായ സന്തോഷാധിക്യത്തെ സവിനയം പ്രദ്യോതിപ്പിക്കുന്നതിനും, നമ്മുടെ വന്ദ്യപിതാവായ അഭിനവമെത്രാപ്പോലീത്താച്ചനെ നിജമഹൽപദപ്രാപ്തിയിൽ സാദരം അനുമോദിക്കുന്നതിനും ആയി, കേരളീയക്രിസ്തീയചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം തുറന്നതായ പ്രസ്തുതസുദിനത്തെ, തങ്ങളുടെ ശക്തിക്കൊത്തവിധം ആഘോഷിക്കുവാൻ, അതിരൂപതയിലെ വൈദികരും അവൈദികരുമായ സകലമാനപേരും എല്ലാപ്രകാരം ഏകോപിച്ചു പ്രവൎത്തിച്ചുവെന്നു വഴിയെ കാണാവുന്നതാണു്.

ഇതിലേയ്ക്കു് 1924 ജനു. 29-ാംതീയതി വന്ദ്യദിവ്യശ്രീ വികാരിജനറാൾ നെടുങ്കല്ലേൽ എ. പെ. ബ. തോമ്മാച്ചന്റെ അദ്ധ്യക്ഷതയിൽ അരമനഹാളിൽ വച്ചു് ഒരു മഹായോഗം കൂടി. നമ്മുടെ സമുദായത്തിന്റെ അഭിമാനത്തിനും ഔന്നത്യനിലയ്ക്കും പ്രസ്തുത മഹാദിനത്തിന്റെ വിലയ്ക്കും അനുയോജ്യമായനിലയിൽ ആ മഹാമഹത്തെ സമാഘോഷിക്കുന്നതിനു പൎയ്യാപ്തമായ നിശ്ചയങ്ങൾ പാസ്സാക്കുകയും, അവയെ നടപ്പിൽവരുത്തുന്നതിലേയ്ക്കു് ഒരു കമ്മററിയെ രൂപവൽകരിക്കുകയും ചെയ്തു. സജ്ജീകരണങ്ങൾക്കുതന്നെ കൃത്യം ഒരുകൊല്ലക്കാലം വിനിയോഗിച്ചുവെന്നു കേൾക്കുമ്പോൾ അതിന്റെ പൎയ്യവസാനം എത്രമാത്രം വിജയപ്രദമായിരുന്നുവെന്നു ഏതാണ്ടു ഊഹിക്കാവുന്നതാണു്.

## ചിരപ്രതീക്ഷിതമായ ആ മഹോത്സവം.

1924 നവമ്പർ 16-ാനു- ഞായറാഴ്ച ആയിരുന്നു കേരളീയ സുറിയാനിക്രിസ്ത്യാനികൾക്കു നഷ്ടപ്പെട്ടുപോയ വൈദികസ്വയംഭരണാധികാരം

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



—ഏതദ്ദേശ്യവൈദികഭരണം—വീണ്ടും ശാശ്വതമായി നൽകുവാൻ പരമകാരുണികനായ ദൈവം നിശ്ചയിച്ചിരുന്ന സുദിനം.

തലേദിവസം ശനിയാഴ്ച സായാഹ്നത്തിൽ, കേരളീയസുറിയാനിഹയരാർക്കി സ്ഥാപിക്കുവാനും, മെത്രാപ്പോലീത്താച്ചുന്ന പാലിയംതിരുവസ്ത്രം നൽകുവാനുമായി പ. പിതാവിനാൽ പ്രത്യേകം നിയുക്തനായിരുന്ന ഇന്ത്യയുടെ വിസിററർ അപ്പസ്തോലിക്കാ മ. വ. ദിവ്യശ്രീ അല്ലെക്സിസ് എം. ലെപ്പീസിയെ ഒ. എസ്സ്. എം. തിരുമനസ്സുകൊണ്ടു് എറണാകുളം പട്ടണത്തിൽ കാലുകുത്തിയപ്പോൾ അദ്ദേഹത്തിനു സഭയും രാഷ്ട്രവും കൂടിച്ചേൎന്നു നൽകിയ സ്വാഗതം അത്ഭുതപൂൎവ്വമായ ഒന്നായിരുന്നു. ആ മഹോത്സവത്തെ ഇവിടെ പൂൎണ്ണമായി വൎണ്ണിക്കുവാനോ, അന്നു പത്രപംക്തികളിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന സുദീൎഘറിപ്പോൎട്ടുകൾ ഇവിടെ ഉദ്ധരിക്കുവാനോ നിവൃത്തിയില്ല. അതിനൊരുമ്പെട്ടാൽ ഈ ഗ്രന്ഥത്തിന്റെ ആകാരം പതിന്മടങ്ങു വൎദ്ധമാനമാകുന്നതാണു്. നമ്മുടെ സമുദായത്തിന്റെ നിലയ്ക്കും വിലയ്ക്കും അത്രമാത്രം അനുയോജ്യമായ ഒരു സ്വീകരണമാണു് അന്നു് മാർപ്പാപ്പായുടെ പ്രതിപുരുഷനു നൽകിയതു്.

ആദ്യമായി സ്വൎണ്ണനെററിപ്പട്ടത്തോടുകൂടിയ ഒരു ഗജവീരൻ, പിന്നീടു പെരുമ്പറ, അതിനെത്തുടൎന്നു് ആലവട്ടം, വെഞ്ചാമര, കുട, കൊടി, തഴ, കുത്തുവിളക്കു്, ചെണ്ട, നാഗസ്വരം, മാന്നാനം തൃശ്ശൂർ ഞാറയ്ക്കൽ എന്നീ സ്ഥലങ്ങളിലെ ബാൻറുസെററുകൾ, മുത്തുക്കുടകൾ, പൊൻവെള്ളിക്കുരിശുകൾ എന്നിവ അണിനിരന്നു. അഞ്ചുപൊൻകുരിശുകളും, എണ്പതോളം വെള്ളിക്കുരിശുകളും, മുന്നൂറോളം പൊൻവെള്ളി അലുക്കുകളിട്ട പട്ടുമുത്തുക്കുടകളും ഉണ്ടായിരുന്നു. സ്കൌട്ടുകാരുടെ പിന്നിലായി നൂററമ്പതിലധികം വൈദികന്മാർ അണിനിന്നു. അനന്തരം കൊച്ചീഗവൎമ്മെൻറു ബാൻറുകാരും, നാലു കുതിരപ്പട്ടാളക്കാരും രണ്ടുഡസൻ നായർപട്ടാളക്കാരും അവരുടെ വേഷവിശേഷങ്ങളോടുകൂടി വിസിററർ അപ്പസ്തോലിക്കാ തിരുമനസ്സിലേയ്ക്കു സജ്ജമാക്കിയിരുന്ന ഇരട്ടക്കുതിരപൂട്ടിയ രാജകീയവാഹനത്തെ അകമ്പടിസേവിച്ചു. ഇതിനെ തുടൎന്നു കുതിരവണ്ടികൾ, മോട്ടോർകാറുകൾ മുതലായവ നിരന്നുനിന്നിരുന്നു. തിരുമനസ്സിലേയ്ക്കു അത്യന്തം രാജോചിതവും അതിഗംഭീരവുമായ ഒരു സ്വീകരണമാണു നൽകിയതു് എന്നു ചുരുക്കിപ്പറവാനെ ഇവിടെ നിവൃത്തിയുള്ളു. ജട്ടിയിൽ വിസിററർ അപ്പസ്തോലിക്കായെ സ്വീകരിക്കുന്നതിനായി എറണാകുളം മെത്രാപ്പോലീത്താ, വരാപ്പുഴമെത്രാപ്പോലീത്താ, ചങ്ങനാശേരി, കോട്ടയം എന്നീമെത്രാന്മാർ, കൊച്ചീദിവാൻ, വികാരിജനറാളന്മാർ, പ്രധാന സൎക്കാർഉദ്യോഗസ്ഥന്മാർ മുതലായവർ സന്നിഹിതരായിരുന്നു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



വ. പിതാവിന്റെ പ്രതിനിധി ബോട്ടിൽനിന്നു കരയ്ക്കിറങ്ങിയഉടനെ കത്തോലിക്കരായ നഗരസഭാമെമ്പറന്മാരുടെ ആഭിമുഖ്യത്തിൽ അന്നു എറണാകുളംമുൻസിപ്പൽ പ്രസിഡണ്ടായിരുന്ന കൊച്ചി ചീഫ്കോടതിജഡ്ജി മി. വി. ഡി. ഔസേപ്പ് തിരുമേനിയെ ഹാരം അണിയിച്ചു. ഉടനെതന്നെ എറണാകുളം വരാപ്പുഴ മെത്രാപ്പോലീത്താമാരും, ചങ്ങനാശേരി, കൊല്ലം, കോട്ടയം എന്നീ മെത്രാന്മാരും തിരുമേനിയെ അഭിവാദ്യംചെയ്തു. ഇതിനെതുടൎന്നു, കൊച്ചീമഹാരാജാവു തിരുമനസ്സുകൊണ്ടു അവിടുത്തെ പ്രതിനിധിയായി നിയോഗിച്ചിരുന്ന ദിവാൻ ദിവാൻബഹദൂർ പി. നാരായണമേനോൻഅവർകൾ വിസിററർ തിരുമേനിയെ സോപചാരം സ്വീകരിക്കുകയുണ്ടായി. അനന്തരം തിരുമേനിയും എറണാകുളം മെത്രാപ്പോലീത്തായും, ചങ്ങനാശേരി കോട്ടയം എന്നീ മെത്രാന്മാരും രാജകീയവാഹനത്തിൽ കയറി. ഇതിനെതുടൎന്നുള്ള കാറിൽ തൃശ്ശൂർമെത്രാനും എല്ലാ വികാരിജനറാളന്മാരും ഉപവിഷ്ടരായി. ദിവാനും ചീഫ്ജസ്റ്റീസ് മി. ടി. എസ്സ്. നാരായണയ്യരും വേറൊരുകാറിൽ ആസനസ്ഥരായി ഇതിനെ അനുഗമിച്ചു. വരാപ്പുഴമെത്രാപ്പോലീത്തായും കൊല്ലംമെത്രാനും ഒരു മോട്ടോർകാർ മാൎഗ്ഗം വരാപ്പുഴമെത്രാസനാരമനയിലേയ്ക്കു പോവുകയുണ്ടായി.

ഈ നിലയിൽ നാനാവിധമായ ആഡംബരങ്ങളോടുകൂടി എറണാകുളം മെത്രാസനാരമനയിലേയ്ക്കുണ്ടായ പ്രദക്ഷിണത്തിന്റെ മനോഹരതപം വൎണ്ണിക്കുന്നതിൽഭേദം ഊഹിച്ചുകൊള്ളുകയായിരിക്കും. വിസിററർ തിരുമേനി എല്ലാംകൊണ്ടും സന്തുഷ്ടചിത്തനായി എറണാകുളം പട്ടണത്തെ ഒന്നാകെ ആശീർവദിക്കയുണ്ടായി. മണ്ണുനുള്ളിയിട്ടാൽപോലും താഴെ വീഴാത്തവിധം ജട്ടിമുതൽ അരമനവരെയുള്ള ഒന്നരനാഴികയോളം വരുന്ന സ്ഥലം മുഴവനും പുരുഷാരത്താൽ നിബിഡമായിരുന്നു എന്നു അതിശയോക്തിസ്പൎശംകൂടാതെതന്നെ പറയാം. ഹജ്ജൂർകച്ചേരി, ഗവൎമ്മേണ്ടുആസ്പത്രി, കോളേജ് മുതലായ ഉത്തുംഗസൌധങ്ങളുടെ വാതായനങ്ങളെല്ലാം പ്രധാനപ്പെട്ട പല സൎക്കാരുദ്യോഗസ്ഥന്മാർ, രാജാക്കന്മാർ, മാന്യസ്ത്രീകൾ മുതലായവരുടെ വദനങ്ങളാൽ നിബിരീസമായി കാണപ്പെട്ടു. ഘോഷയാത്ര കത്തീഡ്രൽ ദേവാലയത്തിൽ എത്തിയപ്പോൾ ഒൻപതു മണി കഴിഞ്ഞെന്നു പറയുന്നതിൽനിന്നുതന്നെ ജനനിബിഡതമൂലം അതെത്ര മന്ദമായിട്ടായിരുന്നു ഗമിച്ചതെന്നു ഊഹിക്കാമല്ലോ. ഒരു എഴുപത്തയ്യായിരത്തിൽപരം ജനം ഇതിൽ സംബന്ധിച്ചിരിക്കണമെന്നാണ് ഏകദേശമായ ഒരു അനുമാനം. കെങ്കേമമായ കരിമരുന്നുപ്രയോഗത്തിനുശേഷം അന്നത്തെ ചടങ്ങുകൾ അവസാനിച്ചു.

വെളുപ്പിനു നാലുമണിക്കുതന്നെ പള്ളിയെ ലാക്കാക്കി ഒരു വ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ൻപിച്ച ജനവ്യൂഹം പ്രവഹിച്ചുതുടങ്ങി. എന്നാൽ പള്ളിയിലേയ്ക്ക് ആളുകളെ പ്രത്യേകം നോക്കിയും ചുരുക്കമായും മാത്രമേ കടത്തിവിട്ടിരുന്നുള്ളു. വിസിററപ്പസ്തോലിക്കാതിരുമനസ്സിലെ കുർബ്ബാന, മെത്രാപ്പോലീത്താതിരുമനസ്സിലെ അരമനക്കപ്പേളയിൽവച്ചു ഏഴരമണിയോടുകൂടി നടന്നു. അവിടെവച്ചു സഫ്രഗൻ മെത്രാനച്ചന്മാരുടെ വിശ്വാസസത്യസമർപ്പണവും നടക്കുകയുണ്ടായി.

അനന്തരം എട്ടരമണിയോടെ വിസിററർ അപ്പസ്തോലിക്കാതിരുമനസ്സുകൊണ്ട് വൈദികാദ്ധ്യക്ഷന്മാരോടും, വൈദികന്മാരോടുംകൂടെ പ്രദക്ഷിണമായി ഭദ്രാസന ദേവാലയത്തിൽ പ്രവേശിച്ചു. ഉടൻ വിസിററർ തിരുമനസ്സിലെ സെക്രട്ടറിയവർകൾ പ്രസംഗപീഠത്തിൽ കയറി ഹയരാർക്കിസ്ഥാപനം സംബന്ധിച്ച മാർപ്പാപ്പാതിരുമനസ്സിലെ തിരുവെഴുത്തു പ്രസിദ്ധപ്പെടുത്തി. റവ. ഫാദർ നടുവത്തുശ്ശേരി അവർകൾ അതിൻെറ തർജ്ജിമ വായിക്കയും ചെയ്തു.

അനന്തരം മെത്രാപ്പോലീത്താ തിരുമനസ്സിലേയ്ക്കുള്ള മാർപ്പാപ്പായുടെ തിരുവെഴുത്തു വായിച്ചു പ്രസിദ്ധപ്പെടുത്തുകയും, സഫ്രഗൻ മെത്രാന്മാർക്കുള്ള തിരുവെഴുത്തുകൾ യഥാക്രമം നൽകപ്പെടുകയുമാണുണ്ടായത്. പിന്നീടു മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു വിസിററർ തിരുമനസ്സിലെ മുമ്പാകെ പതിവുപോലെ വിശ്വാസസത്യപ്രഖ്യാപനം ചെയ്തുകഴിഞ്ഞപ്പോൾ വിസിററർ തിരുമേനി മെത്രാപ്പോലീത്തായുടെ സ്ഥാനവസ്ത്രമായ പാല്യം സബഹുമാനം അദ്ദേഹത്തെ ധരിപ്പിച്ചു. ഉടൻ മെത്രാപ്പോലീത്താ സ്ഥാനചിഹ്നങ്ങളെല്ലാം ധരിച്ചു ജനങ്ങൾക്കു പൈതൃകമായ ആശീർവ്വാദം നൽകി. അതിനെത്തുടർന്നു വിസിററർ തിരുമേനി പ്രസംഗപീഠത്തിൽ കയറി ഇംഗ്ലീഷിൽ ഒരു പ്രസംഗം ചെയ്തു. ഇതേവരെ കേരളത്തിലെ സുറിയാനിക്കാർക്കു മെത്രാന്മാരില്ലായിരുന്നെന്നും, പരിശുദ്ധപിതാവുതന്നെ അവരെ ഭരിക്കയും, അദ്ദേഹത്തിൻെറ പ്രതിപുരുഷന്മാരായ വികാരി അപ്പസ്തോലിക്കമാർ സഭാനേതൃത്വം വഹിക്കയുമാണു ചെയ്തിരുന്നതെന്നും, ഇനിമേൽ സ്വന്തം ഇടയന്മാരോടു പൂർവ്വാധികം ഏകീഭവിച്ച്, അതതു രൂപതകളുടെ ക്ഷേമാഭിവൃദ്ധിക്കായി എല്ലാവരും സർവ്വാത്മനാ പരിശ്രമിക്കണമെന്നും മററും ഇരുപതു മിനിററുനേരത്തോളം അവിടുന്നു പ്രസംഗിച്ചു. കടശി, മാർപ്പാപ്പായുടെ ആശീർവ്വാദം നൽകി ആദ്യത്തെ കർമ്മങ്ങൾ അവസാനിപ്പിച്ചു.

ഒമ്പതുമണിയോടുകൂടി ചങ്ങനാശ്ശേരി മെത്രാൻ ഡാക്ടർ തോമസ് കുര്യാളശ്ശേരി തിരുമനസ്സിലെ പൊന്തിഫിക്കൽ പാട്ടുകുർബ്ബാനയാരംഭിച്ചു. ശുദ്ധ. കുർബ്ബാനയുടെ വാഴ്വ്, ലാക്കുമാറാ, മാർപ്പാപ്പായുടെ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ആകയാൽ മേൽവിവരിച്ചവിധം ഈ വ്യവസ്ഥകൾ ചെയ്തുകൊണ്ട് അവയെ എല്ലാം നടപ്പിൽവരുത്തുന്നതിന് കിഴക്കെ ഇൻഡ്യയുടെ നമ്മുടെ ഡലഗാട് അപ്പസ്തോലിക്കയെ നാം നിയോഗിക്കയും, അതനുസരിച്ച് അയാൾക്കു ആവശ്യമുള്ളതും അവസരോചിതങ്ങളുമായ അധികാരങ്ങളെ നൽകുകയും ചെയ്യുന്നു. ഉദ്ദിഷ്ടകാൎയ്യസാദ്ധ്യത്തിന്, സഭാസംബന്ധമായ ഉദ്യോഗത്തിലൊ പദവിയിലൊ ഇരിക്കുന്ന വേറൊരാളെ പകരം നിയമിക്കുന്നതിനും, ഇതിനെ നടപ്പിൽ വരുത്തുമ്പോൾ ഏതെങ്കിലും വിഷമതയൊ വിരോധമൊ ഉണ്ടായാൽ അതിനെപ്പററി ഖണ്ഡിതമായി വിധി കല്പിക്കുവാനും, അയാൾക്കു അധികാരമുണ്ടായിരിക്കുന്നതുമാണ്. ഇതിനുംപുറമെ, ഈ ലേഖനം നൽകിയ തീയതി മുതൽ ആറുമാസത്തിനകം, നമ്മുടെ ഈ കല്പന നടപ്പിൽവരുത്തിയതിന്റെ പ്രമാണയോഗ്യമായ ഒരു റിപ്പോൎട്ട് പൗരസ്ത്യസഭയുടെ തിരുസംഘത്തിലേയ്ക്കു അയയ്ക്കണമെന്ന് നാം അയാളെ ചുമതലപ്പെടുത്തുകയും ചെയ്യുന്നു.

അവസാനമായി, ഈ ലേഖനത്തിന്റെ എഴുതിയതൊ അച്ചടിച്ചതൊ ആയ പകർപ്പുകൾക്ക് ഒരു പബ്ളിക്ക്നോട്ടറിയുടെ കയ്യൊപ്പും സഭാസംബന്ധമായ പദവിയിലിരിക്കുന്ന ഒരാളുടെ മുദ്രയുമുള്ളപ്പോൾ അവയെ ഇതിന്റെ മൂലപ്രതിതന്നെ ഹാജരാക്കുകയൊ കാണിക്കുകയൊ ചെയ്താൽ വിശ്വസിക്കാറുള്ളതുപോലെ വിശ്വാസയോഗ്യമായി സ്വീകരിക്കണമെന്ന് നാം കല്പിക്കുന്നു.

രൂപതസംബന്ധമായും പ്രാദേശികമായും പൊതുവായും സാൎവ്വത്രികമായുള്ള സൂനഹദോസുകളിൽനിന്ന് പ്രസിദ്ധപ്പെടുത്തീട്ടുള്ള ചട്ടങ്ങൾ, പ്രത്യേകമായൊ പൊതുവായൊ ഉള്ള ശ്ലീഹായ്ക്കടുത്ത നിയമങ്ങളും വ്യവസ്ഥകളും, നമ്മുടെ മുൻഗാമികളായ റോമ്മാമാർപ്പാപ്പാമാരുടെ മറേറതെങ്കിലും നിശ്ചയങ്ങൾ, ഇത്യാദികളിൽ ഇതിനു വിപരീതമായി എന്തെങ്കിലും ഉണ്ടെങ്കിൽ അവ ഇതിനു ബാധകമാകയില്ല.

അതുകൊണ്ട്, നാം സ്ഥാപിക്കയും ഉയൎത്തുകയും വ്യവസ്ഥപ്പെടുത്തുകയും ആജ്ഞാപിക്കുകയും ദുൎബലപ്പെടുത്തുകയും നമ്മു

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



വാഴ്‌വ്‌ എന്നിവയുമുണ്ടായി. വിസിററർ തിരുമനസ്സിലേയ്ക്കു മലങ്കര സുറിയാനിക്കാരുടെ വകയായി ഒരു മംഗളപത്രം സമൎപ്പിച്ചു. ഇതിലേയ്ക്കുള്ള സ്ഥലം അരമനയുടെ മുൻവശത്തു വളരെ കേമമായി സജ്ജീകരിച്ചിരുന്ന കൂടാരമായിരുന്നു. രാജവാസോചിതമായ രീതിയിൽ മണ്ഡിതമായിരുന്ന പ്ലാററുഫോറത്തിൽ കൊട്ടാരംവക തങ്കഭൂഷിതമായ ആറു കസേലകളും അവയുടെ മദ്ധ്യത്തിലായി ഒരു സിംഹാസനവും അൎദ്ധചന്ദ്രാകൃതിയിലിട്ടിരുന്നു. കേരളത്തിന്റെ നാനാഭാഗങ്ങളിലുംനിന്നും ഈ മഹിതസന്ദൎഭത്തിൽ പങ്കുകൊള്ളുന്നതിനായി സന്നിഹിതരായിരുന്ന മൂവായിരത്തിലധികം മാന്യന്മാരും അഞ്ഞൂറോളം മഹതികളും അവരവൎക്കു പ്രത്യേകം ഉദ്ദേശിക്കപ്പെട്ടിരുന്ന സ്ഥാനങ്ങളിൽ ആസനസ്ഥരായിരുന്നു. പതിനൊന്നരമണിയ്ക്കു വിസിററർ തിരുമനസ്സുകൊണ്ടും മററു തിരുമേനികളും കൂടാരത്തിലെഴുന്നെള്ളി പ്ലാററുഫോറത്തിലെ മഹിതാസനങ്ങളിൽ ഉപവിഷ്ടരായി. വിസിററർ തിരുമനസ്സിലെ വലത്തുവശത്തു എറണാകുളം മെത്രാപ്പോലീത്താച്ചനും വരാപ്പുഴ മെത്രാപ്പോലീത്താച്ചനും കോട്ടയം മെത്രാനച്ചനും, ഇടത്തുവശത്തു കൊല്ലം മെത്രാനച്ചനും ചങ്ങനാശ്ശേരി മെത്രാനച്ചനും തൃശ്ശൂർ മെത്രാനച്ചനുമാണു ആസനസ്ഥരായിരുന്നതു്. ബാൻറുവാദ്യത്തിനുശേഷം ഇംഗ്ലീഷിലുള്ള മംഗളപത്രം തൃശ്ശൂർമെത്രാൻ തിരുമനസ്സുകൊണ്ടു ശബ്ദസൗഷ്ഠവത്തോടുകൂടി ഉച്ചത്തിൽ വായിച്ചു് വിസിററർ തിരുമനസ്സിലേയ്ക്കു സമൎപ്പിച്ചു. മംഗളപത്രപാരായണാനന്തരം, തിരുമനസ്സിലേയ്ക്കു സമൎപ്പിക്കുന്നതിനായി രുചിതതരമായി തയ്യാറാക്കിയ ഒരു കുഴലിലടക്കം ചെയ്തിരുന്ന വിശേഷാൽ പ്രതി തിരുമനസ്സിലേയ്ക്കു സാദരം സമൎപ്പിച്ചു. പ്രസ്തുത കുഴൽ ശില്പക്രിയാകൌശലത്തെ പ്രദ്യോതിപ്പിക്കുമാറു നിൎമ്മിതമായ രണ്ടു കലമാനുകളുടെ കൊമ്പിൽ വെച്ചിരുന്നു. ഈ കലമാനുകളാകട്ടെ ഒരു വിശേഷപ്പെട്ട തട്ടത്തിൽ നില്ക്കുന്ന സ്ഥിതിയിലാണ് പണിയപ്പെട്ടിരിക്കുന്നതെന്നുള്ളതും പ്രസ്താവ്യമാകുന്നു. വിസിററർ തിരുമേനി ഇതു സസന്തോഷം സ്വീകരിച്ചു, ഹസ്തതാഡനമദ്ധ്യേ എഴുന്നേററു. സദസ്സു പെട്ടെന്നു പ്രശാന്തമായി. മണിനാദംപോലെയുള്ള സ്വരത്തിൽ സംക്ഷിപ്തമെങ്കിലും തിരുമനസ്സിലെ സകലജനഹൃദയാകൎഷകമായ ആ പ്രസംഗം തുടങ്ങി. മാൎപ്പാപ്പാതിരുമനസ്സിലെ പ്രതിനിധിയായ തിരുമേനിയോടു് മലങ്കരസുറിയാനിക്കാർ പ്രദൎശിപ്പിച്ച ഈ ബഹുമാനത്തിനായി ആദ്യമായിത്തന്നെ അവിടുന്നു കൃതജ്ഞത പറഞ്ഞു. അക്കൂട്ടത്തിൽ ഇവിടെക്കാണുന്ന അനേകായിരം ജനങ്ങളുടെ സന്നദ്ധത കണ്ടതിൽ "ഞാൻ ആവശ്യപ്പെടുന്നതായാൽ അവരുടെ നയനങ്ങൾ ചൂന്നെടുത്തു എനിക്കു സമൎപ്പിക്കാൻപോലും അവർ സന്നദ്ധരായിരിക്കയാണെന്നും എനിക്കു തോന്നിപ്പോകുന്നു" എന്നും പ്രസ്താവി

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ച്ചു. പരിശുദ്ധപിതാവിന്നു സുറിയാനിറീത്തുകാരോടുള്ള സ്നേഹവും, സുറിയാനിക്കാൎക്കു പരിശുദ്ധസിംഹാസനത്തോടുള്ള ഭക്ത്യാദരങ്ങളും വളരെയാണെന്നും, തൻമൂലം സുറിയാനിക്കാരുടെ ചിരകാലപ്രാൎത്ഥനയുടെ ഫലമായി നല്കിയ ഹയരാൎക്കിയുടെ പ്രഖ്യാപനം നടത്തുവാൻ ആ ഗുണവാനായ പിതാവു (The good Pope) തന്നെ അയച്ചതിൽ വളരെ സന്തോഷമുണ്ടെന്നും പ്രസ്താവിച്ചു. ഇനിയും അവിടുന്നു പരിശുദ്ധപിതാവിനെ നേരിട്ടു സന്ദൎശിക്കുമ്പോൾ, ഇന്ത്യയിൽവന്നു വഹിച്ച ജോലികളെപ്പററി തിരുമനസ്സറിയിക്കുന്ന ഘട്ടത്തിൽ, "പരിശുദ്ധപിതാവെ, എറണാകുളത്തുപോയി അല്പമൊന്നു വിശ്രമിക്കുക" എന്നു പറയുമെന്നും പ്രസ്താവിക്കയുണ്ടായി. തിരുമനസ്സിലെ പ്രസംഗാവസരത്തിൽ ഇടയ്ക്കിടെ ഹസ്തതാഡനം മുഴങ്ങിക്കൊണ്ടിരുന്നു. കോട്ടയംമെത്രാനച്ചൻ ഉച്ചത്തിൽ പ്രസ്തുത പ്രസംഗത്തിന്റെ രത്നച്ചുരുക്കം പ്രസ്താവിക്കയുണ്ടായി. അനന്തരം വിസിററർ തിരുമേനിയെ എറണാകുളം മെത്രാപ്പോലീത്താച്ചൻ വിശേഷപ്പെട്ട ഹാരമണിയിക്കയും, വിസിററർ തിരുമേനിയും വരാപ്പുഴമെത്രാപ്പോലീത്താച്ചനും കൊല്ലം മെത്രാനച്ചനും ഹാളിൽനിന്നു അരമനയിലേയ്ക്കു നിൎഗ്ഗമിക്കയും ചെയ്തു. ഇതുകഴിഞ്ഞു അതേ ഹാളിൽത്തന്നെ എറണാകുളം മെത്രാപ്പോലീത്താച്ചന്റെ അദ്ധ്യക്ഷത്തിലും, മററു സുറിയാനി മെത്രാന്മാരുടെ സാന്നിദ്ധ്യത്തിലും ഒരു മഹായോഗംകൂടി. തദവസരത്തിൽ എറണാകുളം മിസ്സുക്കാരുടെ വകയായി മെത്രാപ്പോലീത്താച്ചനും മററു മെത്രാനച്ചന്മാൎക്കുംകൂടി ഒരു മലയാളമംഗളപത്രം റവ. ഫാദർ ജോസഫ് പാനികുളം അവർകൾ വായിച്ചു സമൎപ്പിച്ചു. അതോടുകൂടി മെത്രാപ്പോലീത്താച്ചനു എറണാകുളം അതിരൂപതക്കാരുടെ വകയായി വിശേഷപ്പെട്ട ഒരു മോട്ടോർകാർ സമ്മാനിക്കുകയുമുണ്ടായി. മെത്രാപ്പോലീത്താച്ചൻ മംഗളപത്രത്തിനു മറുപടിപറഞ്ഞകൂട്ടത്തിൽ, സുറിയാനിമെത്രാന്മാരെല്ലാം ഏകമതിത്വത്തോടുകൂടിയവരായിരിക്കുന്നതുപോലെ, ജനങ്ങളും ഏകമതിത്വത്തോടെ മേലാലും യോജിച്ചു പ്രവൎത്തിക്കുമെന്നു പൂൎണ്ണമായി വിശ്വസിക്കുന്നു എന്നു പ്രസ്താവിച്ചു.

തദനന്തരം കേമമായ ഡിന്നർ ആരംഭിച്ചു. വിസിററർ അപ്പസ്തോലിക്കാ തുടങ്ങി പ്രധാനന്മാരായ ഇരുനൂറോളം ക്ഷണിതാക്കൾ അടങ്ങിയിരുന്ന ആ ഭക്ഷണശാലയിൽ വച്ചു ആദ്യം വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടും, അതേത്തുടൎന്നു കൊല്ലം കോട്ടയം ചങ്ങനാശേരി മെത്രാനച്ചന്മാരും, അനന്തരം എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടും, കടശി വിസിററർ അപ്പസ്തോലിക്കാ തിരുമനസ്സുകൊണ്ടും ഓരോ പ്രസംഗങ്ങൾ ചെയ്കയുണ്ടായെന്നു ചുരുക്കിപ്പറയാനേ തരമുള്ളു. ഇതി

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ൻെറ ശേഷം അരമനയിൽവെച്ചു മെത്രാപ്പോലീത്താ തിരുമനസ്സിലേയ്ക്കു മംഗളപത്രങ്ങൾ സമപ്പിക്കപ്പെടുകയുണ്ടായി. കേരളീയ കമ്മലീത്താ സഭ വകയായുള്ള മംഗളപത്രമാണ് ഒന്നാമതായി സമപ്പിക്കപ്പെട്ടതു്. സ്വവണ്ണലിപികളിൽ മനോമോഹനമായി തയ്യാറാക്കപ്പെട്ടിരുന്ന പ്രസ്തുത സുറിയാനി മംഗളപത്രം വെരി റവ. ഫാദർ അലക്സാണ്ഡർ സി. ഡി. അവർകൾ വായിക്കയും പ്രിയോർജനറാൾ വെരി റവ. ഫാദർ അലോഷ്യസ് സി. ഡി. അവർകൾ സമപ്പിക്കയും ചെയ്തു. കമ്മലീത്താ സഭവകയായി മെത്രാപ്പോലീത്താ തിരുമനസ്സിലേയ്ക്കു ഈ മഹോത്സവം പ്രമാണിച്ചു വിചിത്ര നിമ്മിതമായ ഒരു സിംഹാസനം സമപ്പിക്കപ്പെടുകയുണ്ടായിട്ടുണ്ടെന്നുള്ളതും പ്രസ്താവ്യമാണ്. തദനന്തരം കന്യകാമഠങ്ങൾ, മെത്രാപ്പോലത്താ തിരുമനസ്സിലെ ഇടവകക്കാർ, ആദിയായി പലരുടേയും മംഗളപത്രങ്ങൾ സമപ്പിക്കപ്പെട്ടു. നാലു മണിയോടുകൂടി, കാലം ചെയ്ത എറണാകുളം വികാരി അപ്പസ്തോലിക്കാ ഡോക്ടർ ലൂയീസ് പഴേപറമ്പിൽ തിരുമനസ്സിലെ ശവകുടീരത്തിൽ മാബിൾകല്ലു സ്ഥാപിക്കുന്ന കമ്മം കേമമായി നടത്തപ്പെട്ടു.

അനന്തരം സമ്മേളനസ്ഥാനമായിരുന്ന കൂടാരത്തിൽ വച്ചു ഒരു ഉദ്യാനവിരുന്നിനുള്ള വട്ടമായി. നാനാജാതിമതസ്ഥരായി ഇരുനൂററമ്പതോളം പ്രമാണികൾ ഇതിൽ സംബന്ധിച്ചിട്ടുണ്ടു്. മുൻകൂട്ടി അയച്ചുകൊടുത്തിരുന്ന ടിക്കററു അനുസരിച്ചായിരുന്നു പ്രവേശനം. ഹാളിൻെറ നാനാഭാഗങ്ങളിലായി നൂറോളം ചെറിയ മേശകളും, ചുററും രണ്ടും മൂന്നും വീതം കസേരകളും സജ്ജീകരിച്ചിരുന്നു. മദ്രാസിലെ സ്പെൻസർ കമ്പനിക്കാരാൽ തയ്യാറാക്കപ്പെട്ടിരുന്ന നാനാതരം വിശേഷപ്പെട്ട മധുര പലഹാരങ്ങളും നാരങ്ങാ പച്ചമുന്തിരിങ്ങാ മുതലായ ഫലവഗ്ഗങ്ങളും ചായയുമായിരുന്നു വിഭവങ്ങൾ. കൂടിയിരുന്നവരുടെ പേരുകളെല്ലാം ഇവിടെ എടുത്തെഴുതാൻ നിവൃത്തിയില്ലെങ്കിലും, പ്രധാനപ്പെട്ട ഏതാനും പേരുകൾ ചേത്തു കൊള്ളുന്നു. വിസിറററപ്പസ്തോലിക്കാ, എറണാകുളം, വരാപ്പുഴ മെത്രാപ്പോലീത്താമാർ, ചങ്ങനാശ്ശേരി, കൊല്ലം, തൃശ്ശൂർ, കോട്ടയം മെത്രാന്മാർ, കൊച്ചീ ദിവാൻ, ഡാക്ടർ വറുഗീസ്, അയ്യനാട്ടു പാറായിൽ അവിരാതരകൻ, ചീഫ് ജസ്റ്റീസ് ടി. എസ്സ്. നാരായണയ്യർ, പ്യൂണി ജഡ്ജിമാരായ പാട്ടത്തിൽ നാരായണമേനോൻ, പി. ഐ. വറുഗീസ്, പെ. ബ. വികാരിജനറാളന്മാർ, വെരി റവ. ഫാദർ അലക്സാണ്ഡർ സി. ഡി., സി. അന്തപ്പായി ബി. എ., എക്സൈസ് സൂപ്രണ്ടു് ബി. വി. വൈത്തിനാഥയ്യർ, ഡി. മുൻസിഫ് പി. വി. സുബ്രഹ്മണ്യയ്യർ, കൺട്രോളർ എം. ഐ. വക്കി, എൻജിനീയർ ഐ. സി. ചാക്കോ, ററി. കെ. കൃഷ്ണമേനോൻ, ഗവർമെൻറു അഡ്വക്കേററു കരിമ്പററ അച്യുതമേനോൻ, മുൻസിഫ് വറുഗീസ്


CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org
www.marggam.com



ഹയരാക്കിയുടെ ബൃഹൽ പരസ്യംചെയ്തതു സംബന്ധിച്ച വിസിററർ അപ്പസ്തോലിക്കായും
സുറിയാനി മേലദ്ധ്യക്ഷന്മാരും മററുചില വൈദികരുംകൂടി എടുത്ത പടം.

marggam
Digital Library of Christianity in India
www.marggam.com



ചാണ്ടി, കാദിർപിള്ള, ജോൺ നിധീരി, ജോസഫ് പഞ്ഞിക്കാരൻ, ഇ. ററി. കുഞ്ഞിത്തൊമ്മൻ, എന്നീ നിയമസഭാ മെമ്പറന്മാർ, എ. ബി. സേലം, പോ. ഇൻസ്പെക്ടർ പാറസ്കൾ, ഇളയരാജാവു തിരുമനസ്സിലെ മാനേജർ കൃഷ്ണമേനോൻ, തച്ചിൽ ലോനാ വറീതു, വി. കെ. കൊച്ചുണ്ണിമേനോൻ, മജിസ്ത്രേട്ടു എം. എം. പോൾ, പോമ്പോഴി പാപ്പി വക്കീൽ, ജോസഫ് മൂലയിൽ, വക്കീൽ രംഗപ്പശേണായി, ബ്രി. കൊ. മുൻസിപ്പൽചെയർമാൻ കെ. ബി. ജേക്കബ്, ഫാദർ തോട്ടാശ്ശേരി, കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള, മജിസ്ത്രേട്ടു കൃഷ്ണവാധ്യർ, ബാറിസ്റ്റർ ജോസഫ് തളിയം, വി. ഡി. ഔസേപ്പ്, തോമ്മസ് മാഞ്ഞൂരാൻ, സി. എൽ. ജോർജ്ജ്, പാട്ടത്തിൽ മാത്തൻ, ഇയ്യുണ്ണി, ശങ്കുരിക്കൽ ലോനപ്പൻ, എൻ. വി. ജോസഫ്, വെള്ളാപ്പള്ളി ജോസഫ്, കെ. ജെ. എബ്രാഹം, എൻ. എക്സ്. കുര്യൻ, സി. ഡി. ഈപ്പൻ, മുതലായ വക്കീലന്മാർ, ജോർജ്ജ് ചക്കാലക്കൽ, ഡാക്ടർ എച്ച്. ഡി. മെല്ലോ, നസ്രാണിദീപിക, സത്യനാദം, മലബാർ ഹെറാൾഡ്, കൊച്ചിൻ ആർഗസ്, അനന്തഭാരതി എന്നിവയുടെ പത്രാധിപന്മാർ, അസോഷിയേററഡ് പ്രസ്സ് പ്രതിനിധി സച്ചിത്ത്, അരണാട്ടുകരത്തരകൻ, ജേർണ്ണലിസ്റ്റ് വി. കെ. ജോസഫ് മാപ്പിള, ലഫ്ടണൻറു വറുഗീസ് ഐ. എം. എസ്. etc. etc. etc. ഇങ്ങനെ പറയാൻ തുടങ്ങിയാൽ വളരെയുണ്ട്. കൊച്ചി തുറമുഖത്തുനിന്നുള്ള മന്ദമാരുതനും, ബാൻഡ്സെററുകാരുടെ വാദ്യഘോഷങ്ങളും, ഗാർഡൻ പാർട്ടിയിൽ സംബന്ധിച്ചിരുന്നവരുടെ വിസ്രംഭ സംഭാഷണങ്ങളും ആകെപ്പാടെ ഹൃദയാകർഷകമായിരുന്നു എന്നു തന്നെ പറയാം. ഗാർഡൻ പാർട്ടി പകുതിയായപ്പോൾ, വിസിറററപ്പസ്തോലിക്കാ തിരുമനസ്സുകൊണ്ടു നമ്മുടെ പുതിയ മെത്രാപ്പോലീത്താ തിരുമേനിയോടൊന്നിച്ചു സദസ്യരുടെയിടയിൽ ചുററി നടക്കുകയും മിസ്റ്റർ വി. ഡി. ഔസേപ്പ് പ്രമാണികളേയും പത്രാധിപന്മാരേയും തിരുമേനിമാക്കു പരിചയപ്പെടുത്തുകയും ചെയ്തു എന്നുള്ളതും പ്രസ്താവയോഗ്യമാണ്. ആറരമണിയോടുകൂടി കെങ്കേമമായ ഈ ഗാർഡൻ പാർട്ടി അവസാനിക്കയും പ്രമാണികളെ വഹിച്ച കാറുകൾ കുതിരവണ്ടികൾ റിക്ഷാവണ്ടികൾ സൈക്കിളുകൾ മുതലായവ റോഡിലൂടെ പായുന്ന ഘോഷം തുടരെ ഏറനേരത്തേയ്ക്കു മുഴങ്ങുകയും ചെയ്തു. ഈ ഘട്ടത്തിൽ കേമമായ ഒരു കരിമരുന്നു പ്രയോഗവും ദീപക്കാഴ്ചയുമുണ്ടായി.

ഹയരാക്കി അനുവദിച്ചു തന്നതിനു നന്ദി പ്രകടിപ്പിച്ചുകൊണ്ടു അതിരൂപതയിൽനിന്നു പൊതുവായും, ഓരോ ഇടവകകളും അതാതു ഫൊറോനാ പള്ളികളുടെ നേതൃത്വത്തിൽ പ്രത്യേകമായും, റോമിലേയ്ക്കു ഓരോ കമ്പി അടിക്കുകയും ചെയ്യുകയുണ്ടായി എന്നുള്ളതും രേഖപ്പെടുത്തിക്കൊള്ളുന്നു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



# അനുമോദനാഞ്ജലി.*

(കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള)

(കേക.)

പേരാളും മലങ്കരമാതാവെ! ജയിച്ചുനീ
ധാരാളമിനിസ്വാസ്ഥ്യം കൈക്കൊണ്ടാനന്ദിച്ചാലും.
അരുണനുടെ കിരണങ്ങളെ മറയ്ക്കുവാ-
നൊരുമ്പെട്ടൊരുമിച്ച ജീമൂതനികരങ്ങൾ

മാരുതനടിച്ചുടച്ചോടിച്ചീടുകമൂലം
പാരുഷ്യം കൈക്കൊണ്ടെല്ലാമകലത്തകന്നുപോയ്
ദിവസാധിപനിതാ വിലസീടുന്നുവാനിൽ
ഭുവനം മരീചിതൻ നിരയാൽ തെളിയുന്നു.

ജീവിതൌത്സുക്യംപോലും കൈവിട്ടാവസിച്ചോരാ-
ജീവികൾക്കെല്ലാംനവ്യ ചൈതന്യമുദിക്കുന്നു.
സത്യമാംദീപം മൂടാനെത്രമേൽ യത്നിച്ചാലും
സത്യം സത്യമായിത്താനൊടുക്കം ശോഭിച്ചീടും

അമ്പിളിബിംബമുദിച്ചീടുമ്പോൾ കുടയാലോ
കമ്പിളികൊണ്ടോ മറച്ചീടുവാൻ പാടാകുമോ?
മൂന്നുനൂററാണ്ടുകാലം നിൻമക്കൾക്കെൻമാതാവെ!
വന്നുകൂടിയവിപത്തോതുവാനെളുതല്ല.

അക്കാര്യം ചിന്തിക്കുമ്പോളന്തരംഗത്തിൽതാപം
വക്കാണംതുടങ്ങുന്നു, മെയ്യാകെത്തളരുന്നു.
അല്ലലുൾപ്പൂവിൽ പൂണ്ടിനിൻമക്കളാരോടെല്ലാം
മല്ലടിച്ചെന്നു പരിച്ഛേദിച്ചീടുവാൻപണി

എത്രപേരുടെ കോപത്തീജ്വാലയ്ക്കന്നാളിൽ നിൻ-
പുത്രന്മാർ ലക്ഷ്യങ്ങളായ്ത്തീർന്നിതെൻകല്യാണിനി!
ആത്മാഭിമാനം വെടിഞ്ഞുന്മേഷംത്യജിച്ചുനി-
ന്നാത്മജന്മാരെത്രനാൾ ലജ്ജിച്ചുതലതാഴ്ത്തി

സന്താപാധിക്യംമൂലം ചൊല്ലുവണ്ണീടുന്നനിൻ
സന്താനങ്ങളെത്രപേർ മാരിപോൽക്കണ്ണീർചിന്തി

* പാല്യധാരണ മഹോത്സവാവസരത്തിലേയ്ക്കു് എഴുതിയതു്. "അ:
1924 നവ: 18.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



പൊഴിയുംകണ്ണീരോടും ചുഴിഞ്ഞു ചിന്തിച്ചാത്ത
വഴിയുംകാണാഞ്ഞവരെമ്മാത്രം നിശ്വസിച്ചു
വാത്സല്യമേറീടുംനിൻ പുത്രരെത്രപേരമ്മേ!
മാത്സര്യസ്ഥൈര്യത്തോടും സാഹസോദ്യുക്തന്മാരായ്
ആശയം ഗ്രഹിച്ചീടാതെത്രപേരെൻമാതാവേ!
വംശവിഭ്രംശത്തിനു മുതിന്നന്യരീത്തിലായ്

ആശങ്ക ചിലകാലം കണ്ടമാഗ്ഗങ്ങളെല്ലാം
ക്ലേശത്തിൻകുമ്പാരത്തെക്കൂട്ടുവാനിടയാക്കി
ഹൃദയമമ്മങ്ങളിൽ കൈകടത്തിടുന്നൊരീ
കദനാലാപങ്ങൾഞാനിനിയും നീട്ടുന്നില്ല.

മതിമാൻ, സുവിഖ്യാതൻ, നിമ്മലാശയൻ, ലെയോ-
പതിമ്മൂന്നാമനാകും മാപ്പാപ്പാതിരുമേനി
പരിശുദ്ധമാം റോമാസിംഹാസനത്തിൽമുന്നം
പരിശോഭിച്ചപ്പൊഴീ നിന്റെ ദുഷ്കാലംനീങ്ങി.

അതിനു നിദാനമാമഗ്ലിയാർദ്ദിയാംമഹാ-
മതിസ്ത്രീനിൻ പുത്രന്മാർ കടപ്പെട്ടവരത്രെ
തദനുനിനക്കോരോപടിയായത്ര്യാനന്ദ-
പ്രദമാമൌന്നത്യമുണ്ടായ് വന്നുമനസ്വിനി!

അവസാനത്തിലിതാ ചൊല്ലേറും ഹൈറാക്കിയാൽ
ഭുവനപ്രഖ്യാതയാം നീയലംകൃതയായി
പ്രിയമേറുമമ്മേ! നിൻപുത്രരത്നമാല്യത്തിൻ
നായകക്കല്ലാംമെത്രാപ്പോലീത്താ തിരുമേനി

സരസം പാല്യംധരിച്ചീടുമീ മഹോത്സവം
പരമാനന്ദപ്രദം നിൻമക്കൾക്കെല്ലാവക്കും
ഈമഹത്തിനിന്നഭ്യാഗതരാംമഹാജന-
സ്തോമങ്ങളിവാസ്തവം വിശദമാക്കീടുന്നു

ഈമാന്യാശയൻ ഭവ്യാംബുധി നിമ്മലൻവന്ദ്യ-
ശ്രീമാൻ കണ്ടത്തിൽ മെത്രാപ്പോലീത്താതിരുമേനി
തുംഗസൽകീത്തിയോടും ചങ്ങനാശേരിയിൽവാഴും
മംഗളശീലൻ മെത്രാൻ മാർതോമ്മാതിരുമേനി

കോട്ടമെന്നിയെവാഴും വിശ്രുതൻ വിശാരദൻ
കോട്ടയം മെത്രാൻ മൂലപ്പുറമ്പിൽതിരുമേനി
പൂതവൈഭവത്തോടും ത്രിശ്ശൂർവാഴുന്നമെത്രാൻ
കരുണാശാലിയാകും ഫ്റാൻസിസ്സുതിരുമേനി

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



എന്നിവർനാലുമൊത്ത കയ്യായ്ത്താനെൻ മാതാവേ!
നിന്നിനിന്നിനക്കേററമൈശ്വര്യം വളർത്തിടും
ചിതറിപ്പോയോരോമൽ പുത്രരെ ക്രമത്തിനാൽ
ചിതമായമ്മേ! നിൻെറ മടിയിലാക്കിത്തരും

അഞ്ചുലക്ഷത്തോടടുത്തിക്കാലംവരും നിൻെറ
നെഞ്ചകം കുളിപ്പിക്കുമോമനത്തനയന്മാർ
ഒന്നിനൊന്നിവരുടെ സംഖ്യവർദ്ധിച്ചുതന്നെ
വന്നിടാനെൻമാതാവെ! പൊരുത്തം നിനക്കുണ്ടു

നിന്നുടെ ഭാവി പരംശോഭനമായിത്തീരു-
മെന്നുചൊല്ലുവാനാർക്കും ദീഘദർശിത്വംവേണ്ടാ
ശ്രീമാന്മാർ നിൻപുത്രന്മാർ ശ്രീവഞ്ചിക്ഷിതീശൎക്കും
ശ്രീമാടഭൂപാലൎക്കും വാത്സല്യമേറുന്നവർ

മാലശേഷവുമേശാതെന്നാളും തങ്കൾക്കുടം
പോലവരെല്ലാംനിന്നെ പരിരക്ഷിക്കുംനൂനം
ഇതിനർഹയായ്നിന്നെത്തീർത്തസമ്പൂജ്യൻപീയൂസ്
പതിനൊന്നാമനാകും മാർപ്പാപ്പാ തിരുമേനി

ഭവികാഭോഗത്തോടും ചിരകാലമീവണ്ണം
ഭുവിവാഴുവാൻ ദൈവം സദയംതുണെക്കണം
ലപ്പസീയറെന്ന പേർവിലസുംവിസിത്തദോർ
അപ്പസ്തോലിക്കാതിരുമേനിയും ജയിക്കണം

പോരു,മേവൎക്കുമേകാലംബമാം ദേവാത്മജൻ
കാരുണ്യത്തോടുനിനക്കരുളും ശുഭോദൎക്കം.

---

I Rejoice ye, Roman Syrians, rejoice!
And in Te Deum raise to God your voice,
For Saint Tom's gift, our Heirarchy old
That many centuries stood true and bold,
To who her sister's own Land brought her death
Is reinstalled, thanks to Pope Pius Elev'nth.

II May Heaven shower down on her to day
Its choicest and best blessings, I do Pray,
And her first Pastor His Grace Kandathil!
Hopes realized his heart with gladness fill!
May th' sheep that left their fold and gone
Return to their true shepherd in his astray sway!

*(Mrs. I. C. Chacko.)*

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



മലങ്കര സുറിയാനി റീത്തുകാൎക്ക്

സഭാസംബന്ധമായ

# ഹയറാക്കി

സ്ഥാപിക്കേണ്ടതിനെ വിഷയീകരിച്ചുള്ള

**"ROMANI PONTIFICES"**

എന്നു തുടങ്ങുന്ന

# ശ്ലീഹായ്ക്കടുത്ത തിരുവെഴുത്തിന്റെ

തൎജ്ജമ ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു.

ദൈവത്തിന്റെ ദാസന്മാരുടെ ദാസനായ

## പീയൂസ് മെത്രാൻ

സംഗതിയുടെ ശാശ്വത സ്മരണയ്ക്കായിട്ട്.

റോമ്മാ മാപ്പാപ്പാമാർ വിശ്വാസത്തിന്റേയും സന്മാൎഗ്ഗത്തിന്റേയും നിൎമ്മലതയെ സംരക്ഷിക്കുവാൻ എല്ലാക്കാലത്തും ദൃഢമായ തീക്ഷ്ണതയും നിഷ്കൎഷയും പ്രദൎശിപ്പിച്ചിട്ടുണ്ടെന്നുവരികിലും, ഓരോ സഭകളും അതാതിന്റെ റീത്തും ആരാധനക്രമവും പാലിച്ചുകൊള്ളുവാൻ അവർ സന്തോഷപൂൎവ്വം അനുവദിക്കുകയും പൗരസ്ത്യസഭകളെ പ്രത്യേകമായ പ്രതിപത്തിയോടെ സദാ സ്നേഹിക്കുകയും ചെയ്തിട്ടുണ്ട്.

നമ്മുടെ മുൻഗാമികളുടെ ഈ വിധ സ്നേഹത്തെ ഇതര സഭകളെ അപേക്ഷിച്ച് ഒട്ടും കുറവില്ലാത്തവണ്ണം മലങ്കര സുറിയാനി സഭയും അനുഭവിച്ചിട്ടുണ്ട്; എന്തെന്നാൽ അതു ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിങ്കൽനിന്ന് കൈക്കൊണ്ടിട്ടുള്ള ഉപകാരങ്ങൾ വാസ്തവത്തിൽ അനേകമാണ്.

ഇതു ന്യായമായിട്ടുതന്നെ. എന്തെന്നാൽ ആ സഭയുടെ ഉല്പത്തി, മാർ തോമ്മാശ്ലീഹായിൽനിന്നു സുവിശേഷപ്രകാശം കൈക്കൊണ്ട അതി പുരാതനങ്ങളായ ക്രൈസ്തവ സമുദായങ്ങ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ളിൽ നിന്നാകകൊണ്ട്, പൗരസ്ത്യ സഭകളുടെ ഗണത്തിൽ ഉൽകൃഷ്ടമായ ഒരു സ്ഥാനത്ത് അതു സ്ഥിതിചെയ്യുന്നു. പ്രസ്തുത ശ്ലീഹാ, പുരാതനരേഖകൾ സാക്ഷിക്കുന്നതിൻവണ്ണം മിശിഹായുടെ സ്വർഗ്ഗാരോഹണാനന്തരം, ഇൻഡ്യയുടെ പരിസരപ്രദേശങ്ങളിൽ സുവിശേഷം പ്രസംഗിച്ചശേഷം, ഒടുവിൽ ഇൻഡസ്നദിയുടെ മറുകരയിലുള്ള ഉപദ്വീപിലേയ്ക്കു പര്യടനംചെയ്തു, അവിടെ—സൌഭാഗ്യസ്മരണാർഹനും കുശാഗ്രബുദ്ധിയുമായ നമ്മുടെ മുൻഗാമി പതിമ്മൂന്നാം ലെയോൻ മാർപ്പാപ്പാ 1886-ാമാണ്ട് സെപ്റ്റംബർ മാസം 1-ാംനു- റോമയിൽനിന്ന് ഈയ മുദ്രവെച്ചു പ്രസിദ്ധംചെയ്ത "Humanae Salutis Auctor" എന്ന തന്റെ ശ്ലീഹായ്ക്കടുത്ത ലേഖനത്തിൽ പ്രസ്താവിക്കുംപോലെ—"ഏറ്റം വിഷമകരമായ യാത്രകഴിച്ച്, വളരെ അസാധാരണങ്ങളായ ബുദ്ധിമുട്ടുകൾ സഹിച്ച്, ആ ദേശങ്ങളിലുള്ള ജനങ്ങളെ ഇദംപ്രഥമമായി ക്രിസ്തുമത തത്വത്തിന്റെ വെളിച്ചത്താൽ പ്രശോഭിപ്പിക്കയും, തന്റെ രക്താ ആത്മാക്കളുടെ പരമപാലകന് സാക്ഷിയായി നൽകിയശേഷം നിത്യസമ്മാനത്തിനായി സ്വർഗ്ഗത്തിലേയ്ക്കു വിളിക്കപ്പെടുകയും ചെയ്തു".

എന്നാൽ ശ്ലീഹായുടെ സ്മരണ, അദ്ദേഹത്തിന്റെ ശ്രേയസ്കരമായ മരണശേഷവും ഇൻഡ്യയിൽ നിലനിന്നു. ഇതിനെ സംബന്ധിച്ച് മുൻപറഞ്ഞ നമ്മുടെ പുരോഗാമി മേല്പദ്ധരിച്ച തിരുവെഴുത്തിൽത്തന്നെ ഇപ്രകാരം പ്രസ്താവിക്കുന്നു: "അതിൽ പിന്നെ ഇൻഡ്യാരാജ്യം അതിന്റെ ഭക്തിബഹുമാനങ്ങൾക്കു സവിശേഷം അർഹനായ പ്രസ്തുത പ്രേഷകനെ ബഹുമാനിക്കാത്ത ഒരു കാലഅളവുമുണ്ടായിട്ടില്ല; ആ സഭകളുടെ ആരാധനക്രമം സംബന്ധിച്ചുള്ള പ്രാർത്ഥനകളടങ്ങിയ അതിപ്രാചീനങ്ങളായ ഗ്രന്ഥങ്ങളിലും മററു സ്മാരകങ്ങളിലും അവർ മാർ തോമ്മായുടെ നാമത്തേയും സ്തുതികളേയും ഘോഷിക്കുക പതിവായിരുന്നു. പിൻകാലങ്ങളിൽ അബദ്ധങ്ങളുടെ പരിതാപകരമായ പ്രചാരത്തിന്റെശേഷവും അദ്ദേഹത്തിന്റെ ഓർമ്മ അശേഷം മാഞ്ഞുപോയില്ല; അതേവിധംതന്നെ അദ്ദേഹം പ്രചരിപ്പിച്ച വിശ്വാസം ചൈതന്യമില്ലാതെ കിടന്നെങ്കിലും നിശേഷം ന

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



മലയാളസുറിയാനി ഹയരാൎക്കിസ്ഥാപനം പരസ്യംചെയ്ത അവസരത്തിൽ നമ്മുടെ സഭാമേലദ്ധ്യക്ഷന്മാർ. വലത്തുനിന്നു ഇടത്തോട്ടു: ചൂളപ്പറമ്പിൽ മാർ അലക്സാണ്ടർ മെത്രാനച്ചൻ (കോട്ടയം), കണ്ടത്തിൽ മാർ അഗുസ്തീനോസ് മെത്രാപ്പോലീത്താച്ചൻ (എറണാകുളം), കാളാശ്ശേരി മാർ തോമ്മാ മെത്രാനച്ചൻ (ചങ്ങനാശേരി), വാഴപ്പിള്ളി മാർ ഫ്രംസീസ്സ് മെത്രാനച്ചൻ (തൃശൂർ).

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ശിച്ചുപോയതായി കാണപ്പെട്ടുമില്ല".

മാർ തോമ്മായുടെ പ്രസംഗത്തിന്റേയും വേദസാക്ഷിത്വത്തിന്റേയും പാരമ്പര്യം മലങ്കര സുറിയാനിക്കാരുടെ ദേശത്താണ് പ്രത്യേകമായി നിലനിന്നത്. ആ രാജ്യത്തെ അധിവസിക്കുന്ന ക്രിസ്തീയ വിശ്വാസികൾ "മാർ തോമ്മാക്രിസ്ത്യാനികൾ" എന്ന് എല്ലാക്കാലത്തും വിളിക്കപ്പെട്ടിരുന്നു. ഈ അഭിധാനത്താൽ അവർ മാത്രമെ ഇൻഡ്യയിൽ അറിയപ്പെട്ടിരുന്നുള്ളു എന്ന സംഗതി ശ്രദ്ധാർഹം തന്നെ. ഈ ശ്ലീഹായ്ക്ക പ്രതിഷ്ഠിച്ചിട്ടുള്ള അതി പുരാതനങ്ങളായ അനേകം ദേവാലയങ്ങൾ അവരുടെയിടയിൽ ഇന്നുമുണ്ട്. ഇതിനും പുറമെ, മാമ്മോദീസായിൽ മക്കൾക്ക് തോമ്മാ എന്നു പേരിടുന്ന അനവധി ആളുകളെ കാണാവുന്നതുമാണ്.

ആകയാൽ മലങ്കരനിവാസികൾ അക്കാലങ്ങളിലെ സാഹചര്യങ്ങൾകൊണ്ടും, സ്ഥലങ്ങൾ തമ്മിലുള്ള അത്യധികമായ അകലം നിമിത്തവും, പാശ്ചാത്യദേശങ്ങളുമായി അനേക ശതാബ്ദകാലത്തേയ്ക്ക് ഇടപാടുകൾ നടത്തുക വളരെ വിഷമകരമായിരുന്നതിനാൽ, ശ്ലീഹായ്ക്കടുത്ത സിംഹാസനവുമായി സംസർഗ്ഗരഹിതരായിരുന്നെങ്കിലും, അവർ ഒരിക്കലും ക്രിസ്തീയവിശ്വാസത്തെ നിശേഷം നഷ്ടപ്പെടുത്തിയില്ല.

ഇതുനിമിത്തം 16-ാം ശതാബ്ദത്തിൽ ഇൻഡ്യയിൽചെന്നുചേന്ന ആദ്യ മിഷനറിമാർ, തങ്ങൾ വിതച്ച ദൈവവചനത്തെ കൈക്കൊള്ളുവാൻ വളരെ പററിയ "നല്ല ഭൂമി" ക്രിസ്തീയവിശ്വാസത്തെ, മന്ദാവസ്ഥയിലാണെങ്കിലും, സൂക്ഷിച്ചിരുന്ന മലങ്കര നിവാസികളുടെ ഇടയിൽ കണ്ടെത്തുവാനിടയായി.

ദൈവാനുകൂല്യംകൊണ്ട് ഈ ആദ്യമിഷനറിമാരും, അവരുടെ കാലടികളെ അനുഗമിച്ച് അതേദേശത്തിൽത്തന്നെ പിന്നീടു ചെന്നുചേന്ന മററുള്ളവരും താന്താങ്ങളുടെ വേലയിൽനിന്ന് ആഗ്രഹിച്ച ഫലം കൈക്കൊണ്ടു.

എന്തെന്നാൽ കത്തോലിക്ക ഉപദേശത്തേയും, റോമ്മാസിംഹാസനവുമായുള്ള ഐക്യത്തേയും സ്വീകരിച്ച മലങ്കരസുറിയാനിക്രിസ്ത്യാനികളുടെ സംഖ്യ നാൾക്കുനാൾ വർദ്ധിച്ചുവന്നു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



എന്നാൽ കാലാന്തരത്തിൽ പ്രസ്തുത ക്രിസ്ത്യാനികൾ തങ്ങളുടെ വിശ്വാസത്തിൻേറയും പത്രോസിൻെറ സിംഹാസനത്തോടു തങ്ങൾക്കുള്ള ഭക്തിയുടേയും ലക്ഷ്യങ്ങൾ ധാരാളം പ്രദർശിപ്പിക്കയുണ്ടായി. അതുനിമിത്തം ഭാഗ്യസ്മരണയ്ക്കർഹനായ നമ്മുടെ മുൻഗാമി 13-ാം ലെയോൻമാർപ്പാപ്പാ 1887-ൽ മലങ്കര സുറിയാനി റീത്തുകാരായ കത്തോലിക്കരുടെ പ്രത്യേകമായ ഭരണത്തെ ലക്ഷീകരിച്ചും, "അവരുടെ വിശ്വാസത്തിനും അനുസരണത്തിനും ശ്ലീഹായ്ക്കടുത്ത സിംഹാസനത്തോടുള്ള ഭക്തിക്കും ഒരു പ്രതിസമ്മാനം നൽകുന്നതിനും, അവരുടെയിടയിൽ മിശിഹായുടെ സത്യസഭ പൂർവ്വാധികം അഭിവൃദ്ധിപ്പെടുന്നതിനും വേണ്ടി" മേയ്മാസം 20-ാംനു- പ്രസിദ്ധംചെയ്ത "Quod Jam Pridem" എന്ന തിരുവെഴുത്തിനാൽ മലങ്കരസുറിയാനിക്കത്തോലിക്കരെ റീത്തുസംബന്ധമായി ലത്തീൻകാരിൽനിന്നും തിരിച്ച് അവർ ചേർന്നിന്നിരുന്ന വരാപ്പുഴ അതിരൂപതയിൽനിന്ന് അവരെ വേർപെടുത്തുകയും, അവർക്കായി രണ്ടു ശ്ലീഹായ്ക്കടുത്ത വികാരിയാത്തുകളെ സ്ഥാപിച്ച്, അവയെ ലത്തീൻറീത്തുകാരായ മെത്രാന്മാരെ ഭരമേല്പിക്കണമെന്ന് നിശ്ചയിക്കുകയും ചെയ്തു. എന്നാൽ ഈ മെത്രാന്മാർ മലങ്കരസുറിയാനിക്കാരനായ വികാരിജനറാളിനേയും അതേജാതിയിലും റീത്തിലുംപെട്ട മററു നാലു വൈദികരേയും തിരഞ്ഞെടുത്ത് അവരുടെ ആലോചനയെ സഭാസംബന്ധമായ സകല സംഗതികളിലും ഉപയോഗപ്പെടുത്തേണ്ടിയിരുന്നു.

ഇതനുസരിച്ച് ആലുവാപ്പുഴയെ സ്ഥലാതൃത്തിയായി വെച്ചുകൊണ്ട് അന്നു മലങ്കരസുറിയാനിക്കാർക്കായി രണ്ടു ശ്ലീഹായ്ക്കടുത്ത വികാരിയാത്തുകളെ സ്ഥാപിച്ചു. അവയിൽ വടക്കുഭാഗത്തുള്ളതിനെ, അതിൻെറ സാധാരണ ആസ്ഥാനം തൃശൂർപട്ടണത്തിലാക്കിയതുകൊണ്ട് തൃശൂർവികാരിയാത്തെന്നു വിളിക്കയും, തെക്കുഭാഗത്തുള്ളതിനാകട്ടെ അതിൻെറ സാധാരണ ആസ്ഥാനം കോട്ടയം പട്ടണമാക്കിയതിനാൽ കോട്ടയം വികാരിയാത്തെന്ന നാമധേയം സിദ്ധിക്കയും ചെയ്തു.

എന്നാൽ 1896-ാമാണ്ട്, മേൽ പ്രസ്താവിച്ച നമ്മുടെ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



മുൻഗാമി 13-ാം ലെയോൻമാർപ്പാപ്പാതന്നെ സ്ഥലകാലങ്ങളുടെ സാഹചര്യങ്ങളെ ആലോചിച്ചുകൊണ്ട് "മലങ്കരസുറിയാനി സഭയുടെപേരിലുള്ള ഔദാര്യത്തിന്റെ നവമായ ഒരു ലക്ഷ്യം കാണിക്കുവാൻവേണ്ടിയും ആ ദേശങ്ങളിലുള്ള വിശ്വാസികളുടെ ആത്മികാഭ്യുദയത്തെ ഉദ്ദേശിച്ചും", ജൂലൈമാസം 18-ാംനു പ്രസിദ്ധപ്പെടുത്തിയ "Quae Rei Sacrae" എന്ന തിരുവെഴുത്താൽ, പ്രദേശത്തിനു ആകെ പുതിയ വിഭാഗങ്ങൾ കല്പിച്ചിട്ട്, മലങ്കരസുറിയാനിക്കാർക്കായി പരിശുദ്ധ സിംഹാസനത്തിനു നേരിട്ട് അധീനപ്പെട്ട തൃശ്ശൂർ, എറണാകുളം, ചങ്ങനാശേരി, എന്ന മൂന്ന് ശ്ലീഹായ്ക്കടുത്ത വികാരിയാത്തുകളെ സ്ഥാപിക്കയും, അവയുടെ വിസ്താരം മുൻപറഞ്ഞ തൃശ്ശൂർ, കോട്ടയം എന്ന രണ്ടു വികാരിയാത്തുകൾക്ക് എത്രത്തോളമുണ്ടായിരുന്നുവൊ അത്രത്തോളംതന്നെ ഉണ്ടായിരിക്കണമെന്നു നിർദ്ദേശിക്കുകയും ചെയ്തു. ഈ ഓരോ പുതിയ വികാരിയാത്തിന്റേയും അതൃത്തികളും അതേലേഖനംവഴിയായിത്തന്നെ ക്ലിപ്തപ്പെടുത്തി കാണിച്ചിട്ടുണ്ട്. എന്നാൽ മുകളിൽ പറഞ്ഞ മൂന്നു ശ്ലീഹായ്ക്കടുത്ത വികാരിയാത്തുകളിലേയ്ക്ക് മലങ്കര സുറിയാനിസമുദായത്തിൽനിന്നും റീത്തിൽനിന്നും തിരഞ്ഞെടുത്ത മൂന്നു മെത്രാന്മാരെ നിയമിക്കണമെന്ന് പ്രസ്തുത മാർപ്പാപ്പാ നിശ്ചയിക്കയും അതിൻവണ്ണം പ്രവർത്തിക്കയും ചെയ്തുവെന്നത് ശ്രദ്ധാർഹമായ സംഗതിയാണ്. എന്തെന്നാൽ അത് സഭാഭരണം അതേജാതിയിലും റീത്തിലും പെട്ട തലവന്മാരെ കയ്യേല്പിച്ചതിന്റെ ആരംഭത്തെ ലക്ഷ്യപ്പെടുത്തുന്നു.

എന്നാൽ 1911-ാമാണ്ട് സൌഭാഗ്യസ്മരണാർഹനായ നമ്മുടെ മുൻഗാമി 10-ാംപീയൂസ് മാർപ്പാപ്പാ, മലങ്കരസുറിയാനിക്കാരായ വികാരിഅപ്പസ്തോലിക്കമാർ മൂന്നുപേരും കൂടി ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിങ്കൽ സമർപ്പിച്ച അപേക്ഷയെ കരുണാപൂർവ്വം കൈക്കൊണ്ട്, സംഗതിയെപ്പററി നല്ലവണ്ണം ആലോചിച്ചശേഷം അക്കൊല്ലംതന്നെ ആഗസ്റ്റ്മാസം 29-ാംനു പ്രസിദ്ധപ്പെടുത്തിയ "In Universi Christiani" എന്ന തിരുവെഴുത്താൽ എറണാകുളം, ചങ്ങനാശേരി, എന്നീ രണ്ടു ശ്ലീഹാ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



യ്ക്കുടെത്ത വികാരിയാത്തുകളിൽനിന്നും തെക്കുംഭാഗമെന്നു പറയപ്പെടുന്ന സമുദായത്തിൽപ്പെട്ട ഇടവകകളേയും പള്ളികളേയും വേർപെടുത്തി, അവയെ, കോട്ടയംപട്ടണം ആസ്ഥാനമാക്കി, കോട്ടയംവികാരിയാത്തെന്ന അഭിധാനത്തിൽ ഒരു പുതിയ ശ്ലീഹായ്ക്കടുത്ത വികാരിയാത്തായി സ്ഥാപിച്ചു. മലങ്കരസഭ, തൃശ്ശൂർ, എറണാകുളം, ചങ്ങനാശേരി, കോട്ടയം എന്ന നാലു ശ്ലീഹായ്ക്കടുത്ത വികാരിയാത്തുകളായി വിഭജിക്കപ്പെട്ട് ഇന്നും നിലനില്ക്കുന്ന സ്ഥിതിയുടെ ആരംഭം ഇപ്രകാരമാണ്.

മലങ്കര സുറിയാനിക്കാരായ വിശ്വാസികൾ സ്വന്ത റീത്തിലും ജാതിയിലുമുള്ള മെത്രാന്മാരെ ലഭിച്ച നാൾമുതൽ സർവ്വഥാ ക്ഷേമകരമായ അഭിവൃദ്ധിയെ പ്രാപിക്കുകയാണ് ചെയ്തത്. അവരുടെയിടയിൽ വൈദികപദത്തിലേയ്ക്ക് വിളിക്കപ്പെട്ടവരുടെ എണ്ണം അധികപ്പെടുകയും മനസ്സുതിരിഞ്ഞവരുടെ സംഖ്യ വളരെ വർദ്ധിക്കയും മാത്രമല്ല ഉണ്ടായത്; വേദപഠനശാലകൾ, സ്കൂളുകൾ, സന്യാസാശ്രമങ്ങൾ, പള്ളികൾ, കപ്പേളകൾ ഇങ്ങനെയുള്ള വൈദികസ്ഥാപനങ്ങളും ധാരാളം അഭിവൃദ്ധിപ്പെട്ടു. ഇതിൽനിന്ന് മലങ്കര സുറിയാനിസമുദായത്തിന്റെ അദ്ധ്യക്ഷന്മാർ അവരെ ഏല്പിച്ചിട്ടുള്ള അജസമൂഹത്തെ എത്ര ഉത്സാഹമായും വിവേകപൂർവ്വവും ഭരിക്കുന്നു എന്ന് സ്പഷ്ടമായി കാണാവുന്നതാണ്. ഇതുനിമിത്തം മലങ്കരെയുള്ള സുറിയാനി ക്രിസ്ത്യാനിസമുദായങ്ങൾ ഇൻഡ്യാ ഒട്ടുക്കുമുള്ള ഉൽകൃഷ്ടസമുദായങ്ങളുടെ കൂട്ടത്തിൽ ഏററവും ഉയർന്നവയായി പരിഗണിക്കേണ്ടവയാണെന്ന് ഇക്കാലത്ത് പൂർവ്വഇൻഡ്യയുടെ ഡലഗാട് അപ്പസ്തോലിക്കമാർ ഏകകണ്ഠമായി അഭിപ്രായപ്പെട്ടിരിക്കുന്നു.

തന്മൂലം, മലങ്കരസുറിയാനിറീത്തിൽപെട്ട വിശ്വാസികളും പട്ടക്കാരും, പ്രത്യേകിച്ച് മെത്രാന്മാരും പ്രസ്തുതസഭയ്ക്ക് പൂർണ്ണവും സുസ്ഥിരവുമായ സഭാവ്യവസ്ഥ നൽകണമെന്ന് പലപ്പോഴും ശ്ലീഹായ്ക്കടുത്ത സിംഹാസനത്തോട് അപേക്ഷിച്ചിട്ടുള്ളത് ഉചിതവും യുക്തവുമെന്ന് വിചാരിക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ ഇങ്ങനെയുള്ള വ്യവസ്ഥയ്ക്ക് ക്രൈസ്തവജീവിതനടപടികളെ പരിപാലിക്കുവാനും ജനങ്ങൾക്കു രക്ഷയെ പ്രദാനം



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ചെയ്യുവാനുമുള്ള ശക്തി അസാമാന്യമാണ്. ആകയാൽ നാം, മലങ്കരസുറിയാനിക്കാരുടെയിടയിൽ കത്തോലിക്കൈാൎയ്യങ്ങളെ സംബന്ധിച്ചുള്ള അനിതരസാമാന്യമായ സംഘടനയേയും, ക്രിസ്തീയവിശ്വാസത്തോട് വാസ്തവത്തിൽ അനുയോജ്യമായ അവരുടെ നടപടികളേയും, ഏറ്റവും ഭാഗ്യപ്പെട്ട കന്യകമറിയത്തോട് അവൎക്കുള്ള അന്യാദൃശമായ ഭക്തിയേയും, വൈദികരോടും മെത്രാന്മാരോടും, വിശിഷ്യ ഈ ശ്ലീഹായ്ക്കടുത്ത സിംഹാസനത്തോടുമുള്ള അവരുടെ അത്യധികമായ ഭക്തിബഹുമാനങ്ങളേയും ദൃഷ്ടിപഥത്തിൽവെച്ചുകൊണ്ട്, നമ്മുടെ പ്രിയപ്പെട്ട മക്കളും പൗരസ്ത്യസഭയ്ക്കുവേണ്ടിയുള്ള തിരുസംഘത്തിന്റെ അധികൃതന്മാരുമായ റോമ്മാതിരുസഭയിലെ കർദ്ദിനാളന്മാരുടെ അഭിപ്രായം ചോദിച്ചതിൽ മലങ്കരസുറിയാനിറീത്തിന് സഭാസംബന്ധമായ ഹയരാൎക്കി ഇനി സ്ഥാപിക്കയാണ് വേണ്ടതെന്ന് അവർ ഏകകണ്ഠമായി പ്രസ്താവിച്ച ശേഷം, സമൎപ്പിക്കപ്പെട്ട അപേക്ഷയെ സ്വീകരിക്കേണ്ടതാണെന്നു തീൎച്ചപ്പെടുത്തി.

അതുകൊണ്ട്, ആരെയെല്ലാം ഇതു സംബന്ധിച്ചേക്കാവുന്നതാണോ, അല്ലെങ്കിൽ തങ്ങളെയും ഇതു സംബന്ധിക്കുന്നതാണെന്ന് ആരെല്ലാം വിചാരിക്കാനിടയുണ്ടോ, അവരുടെ സമ്മതം സിദ്ധിച്ചിട്ടില്ലെന്നുണ്ടെങ്കിൽ ആ പോരായ്കയെ ആവശ്യമുള്ളിടത്തോളം പരിഹരിച്ചുകൊണ്ട്, നാം ശ്ലീഹായ്ക്കടുത്ത അധികാരത്തിന്റെ പൂൎണ്ണമായ പ്രയോഗത്താൽ മലങ്കരസുറിയാനിക്കാരുടെ നാലു ശ്ലീഹായ്ക്കടുത്ത വികാരിയാത്തുകളെ അത്രയും സ്ഥിരസിംഹാസനങ്ങളായി സ്ഥാപിക്കയും, അവയിൽ ഒന്നിനെ, അതായത് എറണാകുളത്തിനെ, മെത്രാപ്പോലീത്തൻരൂപതയുടെ പദവിയിലേയ്ക്കും മഹിമയിലേയ്ക്കും ഉയൎത്തി ശ്രേയസ്കരിക്കയും ചെയ്യുന്നു. ഇതുനിമിത്തം പ്രസ്തുത അതിരൂപതയ്ക്കും അതിന്റെ അതാതുകാലത്തെ മെത്രാപ്പോലീത്താമാൎക്കും പൊതുനിയമപ്രകാരവും മലങ്കരസുറിയാനിസഭയിലെ ന്യായമായ വ്യവസ്ഥകളും ന്യായമായ നടപ്പുകളും അനുസരിച്ചും ഉള്ള അധികാരങ്ങൾ, വിശേഷാവകാശങ്ങൾ, ബഹുമതികൾ, പ്രത്യേകാധികാരങ്ങൾ, ഇവയെ എല്ലാം പൊതുവായും പ്രത്യേകം പ്രത്യേ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



കമായും, നാം നൽകുകയും, പ്രധാനമായി ആരാധനക്രമത്തിലെ നിയമങ്ങൾ അനുസരിച്ച് പാല്യം ഉപയോഗിക്കുന്നതിന് മെത്രാപ്പോലീത്താമാൎക്കുള്ള അനുവാദം പ്രദാനം ചെയ്യുകയും ചെയ്യുന്നു. എന്നാൽ പാല്യത്തിനായി വിശുദ്ധ കൊൺസിസ്റ്ററിയിൽ മുമ്പുതന്നെ അപേക്ഷ സമൎപ്പിച്ചുകൊള്ളേണ്ടതാണ്.

ചങ്ങനാശേരി, തൃശ്ശൂർ, കോട്ടയം എന്ന മററു മൂന്നു സിംഹാസനങ്ങളെ, അപ്രകാരംതന്നെ, മെത്രാസനരൂപതകളുടെ പദവിയിലേയ്ക്കും മഹിമയിലേയ്ക്കും നാം ഉയൎത്തുകയും അവയ്ക്കും അവയുടെ അതാതുകാലത്തെ മെത്രാന്മാൎക്കും പൊതുനിയമപ്രകാരവും മലങ്കരസുറിയാനിസഭയുടെ വ്യവസ്ഥകളും ന്യായമായ നടപ്പുകളുമനുസരിച്ചുള്ള അധികാരങ്ങളേയും വിശേഷാവകാശങ്ങളേയും ബഹുമതികളേയും പ്രത്യേകാധികാരങ്ങളേയും നൽകുകയും ഈ മെത്രാസനരൂപതകളേയും അവയുടെ അതാതുകാലത്തെ മെത്രാന്മാരെയും എറണാകുളം മെത്രാപ്പോലീത്തൻരൂപതയുടെ സഫ്റഗൻരൂപതകളായി സ്ഥാപിക്കുകയും ചെയ്യുന്നു.

എറണാകുളം അതിരൂപതയുടേയും, ചങ്ങനാശേരി തൃശ്ശൂർ, കോട്ടയം, ഈ രൂപതകളുടേയും അതൃത്തികൾ, സ്ഥിരസിംഹാസനങ്ങളായി ഇപ്പോൾ ഉയൎത്തപ്പെട്ടിരിക്കുന്ന ഓരോ ശ്ലീഹായ്ക്കടുത്ത വികാരിയാത്തുകൾക്കും ഇതേവരെയുണ്ടായിരുന്ന ആ അതൃത്തികൾതന്നെ ആയിരിക്കുന്നതാണ്.

വൈദികരുടെയും വിശ്വാസികളുടെയും അവകാശങ്ങളേയും ചുമതലകളേയും സംബന്ധിച്ചും, അതിരൂപതയിലും രൂപതകളിലും സിംഹാസനം ഒഴിവാകുമ്പോഴത്തെ ഭരണകാൎയ്യത്തിലും, ഇപ്രകാരമുള്ള മററു സംഗതികളിലും, വിശുദ്ധ കാനോനകളും മലങ്കരസുറിയാനിസഭയുടെ ന്യായമായ നടപ്പുകളും, വ്യവസ്ഥപ്പെടുത്തുകയും നിശ്ചയിക്കുകയും ചെയ്യുന്നവയെ അനുസരിച്ചുകൊള്ളണമെന്ന് നാം ആജ്ഞാപിക്കുന്നു.

എറണാകുളം മെത്രാപ്പോലീത്തായും, ചങ്ങനാശേരി, തൃശ്ശൂർ, കോട്ടയം, ഈ രൂപതകളിലെ മെത്രാന്മാരും, എറണാകുളം, ചങ്ങനാശേരി, തൃശ്ശൂർ, കോട്ടയം, ഈ പട്ടണങ്ങളിൽ മെത്രാപ്പോലീത്തയുടേയോ മെത്രാൻെറയൊ വാസസ്ഥാനവും സിം

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ഹാസനവും സ്ഥാപിക്കുന്നതിന് ഏറ്റവും യോജിച്ച പള്ളി തിരഞ്ഞെടുത്തുകൊള്ളേണ്ടതാകുന്നു. പ്രസ്തുത ദേവാലയങ്ങളെ നാം ഇപ്പോൾ മുതൽ മെത്രാപ്പോലീത്തൻപള്ളിയുടെയൊ മെത്രാസനപ്പള്ളികളുടെയൊ, പദവിയിലേയ്ക്കും മഹിമയിലേയ്ക്കും ഉയർത്തുകയും, അവ ഇടവകപ്പള്ളികളായിരുന്നെങ്കിൽ, അതേ ഇടവകസ്ഥാനം മേലിലും പാലിച്ചുകൊള്ളുവാൻ ആജ്ഞാപിക്കയും ചെയ്യുന്നു.

എന്നാൽ ഇക്കാര്യം ആരെയെല്ലാം സംബന്ധിക്കുന്നുണ്ടോ, അല്ലെങ്കിൽ തങ്ങളെയും സംബന്ധിക്കുന്നുണ്ടെന്ന് ആരെല്ലാം വിചാരിക്കാനിടയുണ്ടോ, അവർ സ്പഷ്ടമായും പ്രത്യേകമായും ഓരോരുത്തരായും എടുത്തുപറയപ്പെടുവാൻ അർഹരാണെന്നിരുന്നാൽതന്നെയും, അവരിൽ ആരുടെയെങ്കിലും വാദം കേട്ടിട്ടില്ലെന്നൊ, മേൽപ്രസ്താവിച്ചവയെ അവർ സമ്മതിച്ചിട്ടില്ലെന്നോ ഉള്ള കാരണത്താൽപോലും, സത്യഗോപനം, അസത്യപ്രകടനം, അസാധുത്വം എന്നീ ദൂഷ്യങ്ങളെയാകട്ടെ, നമ്മുടെ നിയോഗംസംബന്ധിച്ചുള്ള ന്യൂനതയേയൊ, സാരമായതും കണ്ടുപിടിച്ചിട്ടില്ലാത്തതുമായ മറ്റേതെങ്കിലും ന്യൂനതയേയൊ ആകട്ടെ ആരോപിച്ച്, ഈ ലേഖനത്തേയും അതിൽ അടങ്ങീട്ടുള്ള ഏതെങ്കിലും സംഗതിയേയും ഒരുകാലത്തും അപലപിക്കയൊ തർക്കവിഷയമാക്കുകയൊ ചെയ്തുകൂടാ. അത് നിശ്ചയമായ അറിവോടും പൂർണ്ണമായ അധികാരപ്രയോഗത്താലും രചിച്ച പുറപ്പെടുവിച്ചിട്ടുള്ളതെന്ന നിലയിൽ ബലപ്പെട്ടിരിക്കുന്നുവെന്നും ഇരിക്കുമെന്നും, അതിന്റെ ഫലങ്ങളെ അത് പൂർണ്ണമായും സമഗ്രമായും പുറപ്പെടുത്തുകയും പ്രാപിക്കുകയും ചെയ്യുമെന്നും, ആരെയെല്ലാം അത് ഉദ്ദേശിക്കുന്നുവോ, അവരെല്ലാവരും അതിനെ അലംഘ്യമായി അനുസരിച്ചുകൊള്ളേണ്ടതാണെന്നും, നേരെമറിച്ച് യാതൊരുത്തൻ ഏതൊരു അധികാരപ്രയോഗത്താലാകട്ടെ അതിനോടു അറിഞ്ഞൊ അറിയാതെയൊ എതിർക്കാനിടയാകുന്നപക്ഷം അത് (എതിർപ്പ്) പരിപൂർണ്ണം അസാധുവും ദുർബ്ബലവുമാണെന്നും, ആയിരിക്കുമെന്നും, നാം നിശ്ചയിക്കയും തീർച്ചപ്പെടുത്തുകയും ചെയ്യുന്നു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ടെ ഹിതം പ്രസ്താവിക്കുകയും ചെയ്തിട്ടുള്ള നമ്മുടെ ഈ ലേഖനത്താൽ തീർച്ചപ്പെടുത്തീട്ടുള്ളവയെ യാതൊരുത്തനും ലംഘിക്കയൊ, അവയ്ക്കെതിരായി പ്രവർത്തിക്കയൊ ചെയ്തുകൂടാ.

എന്നാൽ അങ്ങിനെ ചെയ്വാൻ ആരെങ്കിലും മനഃപൂർവ്വം തുനിയുന്നപക്ഷം, സർവ്വശക്തനായ ദൈവത്തിന്റെയും, അവിടുത്തെ ഭാഗ്യപ്പെട്ട ശ്ലീഹന്മാരായ പത്രോസിന്റെയും പൌലോസിന്റെയും കോപം അവനെ ബാധിക്കുമെന്ന് അവൻ അറിഞ്ഞുകൊള്ളട്ടെ.

റോമ്മയിൽ ശ്രു. പത്രോസിന്റെ ദേവാലയത്തിങ്കൽനിന്ന് 1923 ഡിസംബർ 21-ാം തീയതി നമ്മുടെ ഭരണത്തിന്റെ രണ്ടാമത്തെ വർഷത്തിൽ നൽകപ്പെട്ടതു്.

പൌരസ്ത്യസഭയ്ക്കുവേണ്ടിയുള്ള തിരുസംഘംസെക്രട്ടറി,

കർദ്ദിനാൾ ജെ. താച്ചി.

റോമ്മാതിരുസഭയുടെ ചാൻസെലെർ,

കർദ്ദിനാൾ ഒ. കജിയാനൊ.

അപ്പസ്തോലിക്ക പ്രൊട്ടൊനോട്ടറി,

റപ്പായെൽ വിരീലി.

അപ്പസ്തോലിക്ക പ്രൊട്ടൊനോട്ടറി,

ഹുംബേർത്തുസ് ബെനീഞ്ഞി.

(മുദ്ര) Reg. in Canc. Ap. Vol. XXIX n. 49.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



# ഭാനാത്തെ മംഗളാശംസകൾ.

"കത്തോലിക്ക"മതസ്ഥിതാനതി ബഹ്ലൻ മർത്ത്യാൻപഥാ ശ്രേയസാ
സൈ്വരംപാരായിതു സമാത്തകുതുകോദിഷ്ട്യാധ്യകാരീഹയ:
നിഷ്ണാത: സമയേഷു ചൗശ്രുതിമതേ ദേയാദമുഷ്മൈ ശിവം
ദേവോ"ത്ത്യൽഭുതമാഗ്ഗ്ദൃഷ്ടി" കലിതപ്രൌഢിപ്രസന്നാത്മനെ!!

പുന്നശ്ശേരിനമ്പി നീലകണ്ഠശർമ്മാ

പേർകൊണ്ടിടിന 'കാതലിക്ക'ഗുരുവാം പുണ്യാബ്ധിമാപ്പാപ്പതൻ
കൂർകൊണ്ടിട്ടിശി'പാലിയാ'ഖ്യകലതും പട്ടാംബരംകിട്ടിയോൻ,
മാർ കണ്ടത്തിലാഗസ്തിനോസ് തിരുമനസ്സാത്മീയലോകാദരം
തീർകൊണ്ടൂഴിവിളങ്ങിടട്ടെ വളരെക്കാലം സഭാലംബമായ്.

ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ.

ലാസ്യാചാരിനിറുത്തിവെച്ചമുകുരം പോലായ് ജലം ദിക്കുകൾ-
ക്കാസ്യാ വെങ്കളിയിട്ട ചേലൊട്ടുശരൽക്കാലത്തിനാരംഭമായ്
ദാസ്യംതീന്ന മലങ്കരക്കു ഭവികംസമ്പ്രാപ്തമായേററമാ-
ശാസ്യം പാല്യമണിഞ്ഞിടുന്നു നിജസൽസന്താനരത്നാങ്കുരം.

കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള.

പണ്ടാപ്രശ്രുതവാതമേററു 'കരിയാററിൽ' ത്താണൊരപ്പാലിയം
കണ്ടാലും പരിപൂതമായൊരു വിദേശീയൻെറകൈത്തണ്ടിനാൽ
കൊണ്ടാടും, പടിവീണ്ടുപൊങ്ങിടുവതീ'ക്കണ്ടത്തി'ലന്നേദിനം
നിണ്ടാനന്ദജലം മലങ്കരസഭക്ക്യേകട്ടെ തോമ്മാശ്ലീഹാ!

ഫാദർ സൈമൺ സി. ഡി.

സത്വഗുണാനത്വതിമൈത്രാ-പ്ലോലീത്താനാമകണ്ടത്തി
കണ്ണെപാല്യവാഹിചിരം-വിരാജതാം കുലധ്വജ:


വി. ഡി. തോമ്മാകത്തനാർ.

മന്നംപൂർവ്വികർചെയ്തുപോന്ന സുകൃതം മൂത്തൊന്നുമൂർത്തീകരി-
ച്ചന്ന്യൂനം ഹയരാക്കിയാം ഭരണവും സിദ്ധിച്ചിതത്ഥിച്ചപോൽ
മന്നഞ്ചും പുരുപുണ്യപൂർവ്വചരിതൻ കണ്ടത്തിലാഗസ്ത്യനാം
പൊന്നോമൽ തിരുമേനി വാഴ്കചിരാലസ്മാകമദ്ധ്യക്ഷനായ്.

എൻ. എസ്സ്. കുഞ്ഞൻ ബി. എ. ബി. എൽ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



മാർപ്പാപ്പാ മെത്രാപ്പോലീത്താച്ചന നൽകിയതും,
പൊന്തിഫിക്കാൾ കർമ്മത്തിന തോളിൽ ധരിക്കുന്നതുമായ
പാല്യം തിരുവസ്ത്രം.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ആഗസ്സാരാൽ ത്യജിച്ചനാതഗുണനികരംപൂണ്ടു കണ്ടത്തിലേമാ-
റാഗസ്തീനോസു മെത്രാനവർകളെ യധികാരാർപ്പണാൽ പോപ്പിദാനിം
യോഗത്തിൽസ്സർവ്വ മെത്രാവലിയുടെ പരമാദ്ധ്യക്ഷനാക്കിടിനാൻ ഭൂ-
ഭാഗത്തിൽധന്യനാമത്തിരുവടി വിജയിക്കേണമക്ഷീണമെന്നും.

കവിതിലകൻ കൊട്ടാരത്തിൽ ശങ്കുണ്ണി.

ഹാ! സന്തോഷമർഷ്ഷവയ്യ, മലബാർ സീയ്യ്ക്കഹൈറാർക്കിയി-
നാസക്തിക്കനുയോജ്യമായ നിലയിൽ സംപ്രാപ്തമായ് ഭാഗ്യമേ!
ശ്രീ, സൽഭക്തി, കൃപാ, തിസമ്മതിമുതൽക്കാളും ഗുണശ്രേണിതൻ
വാസം വാഴ്ക നവ്യതൽപ്പതിമഹാനാഗസ്തിനോസേറെനാൾ!

തെങ്ങുംമൂട്ടിൽ വറുഗീസ് മാപ്പിള

സുത്രാമാനാവൃദിക്പാലകരുടെയധിഭർതൃതാമെമ്മട്ടിലമ്മ-
ട്ടത്താമൂല്യപ്രശസ്ത്യാസുവിദിത സിറിയൻകാത്തോലിക്കായറീത്തിൽ
മെത്രാന്മാർ നാലുപേരുള്ളവരുടെ തലവൻദിവ്യനാഗസ്തിനോസാം
മെത്രാപ്പോലീത്തനീണാൾ വിലസണമധുനാ സ്ഥാനവസ്ത്രാവൃതാംഗൻ.

വിദ്വാൻ ആർ. വാസുദേവൻകർത്താ.

ആവിർമ്മോദമിതാനമുക്കരുളിനാൻ മാർപ്പാപ്പഹൈറാർക്കിയുൾ-
പ്പൂവിൽസങ്കടമസ്തമിച്ചഹഹ! മാറാസ്തിനദ്ധ്യക്ഷനായ്!
മാവിൽപ്പൂങ്കുലയെന്നപോലെ സുകൃതസ്തോമങ്ങൾതങ്ങും മഹാ-
നീവിജ്ഞാനിചിരാൽ മലങ്കരഭരിക്കട്ടേ, വരട്ടേ ഗുണം!

"നസ്രാണിദീപിക"

ധീതോഷാൽ തേപിതാവിൻ പ്രതിനിധിതരുമീ "പ്പാലിയം" കേരളീയ-
ക്കാതോലിക്കർക്കശേഷക്കുമൊരസുലഭമുക്ത്യുത്സവപൊന്നുടപ്പായ് !
സ്ഫീതോർജ്ജസ്സേ, മതാധീശ്വര, ജയസുചിരം ! കാററിതിൽ തുമ്പുചുംബി-
ച്ചേതോപുത്തൻസുഗന്ധം ദിശിവിദിശി പരത്തുന്നു; ഹാ ധന്യർ ഞങ്ങൾ.

വള്ളത്തോൾ നാരായണമേനോൻ.

ശ്രീമാൻ വൈദിക വിദ്യാജലധികരകടന്നോരു സന്യാസിവര്യൻ
ശ്രീ, മാറാഗസ്തിനോസാഭിധ, നതുലഗുണംചേർന്ന മെത്രാസനസ്ഥൻ
റോമാദ്ധ്യക്ഷപ്രദത്തം, നവപദമമലം പ്രാപ്യനൽക്കാത്തോലിക്ക-
ക്കാമോദംചേർത്തു ഭൂമൌ പ്രചുരതരയശസ്സോടുവാഴട്ടജസ്രം.

ആർ. ഈശ്വരപിള്ള ബി. എ.

സേവിപ്പോർക്കഴൽതീർപ്പവൻ, സുകൃതികൾക്കാനന്ദദൻലോകപൻ
ജീവിക്കു;ന്നതിനാൽ മലങ്കരസഭയ്ക്കുണ്ടായിഹൈറാർക്കിയും

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

## തിരുമനസ്സിലെ ജീവചരിത്രസംക്ഷേപം.

വാവിട്ടെത്രകരഞ്ഞു നമ്മുടെ പിതാക്കന്മാർ; നമുക്കിദ്ദിനം
ഭുവിൽക്കണ്ടു സുഖിപ്പുവാൻ കൃപലഭി; ച്ചാനന്ദമാർന്നീടുവിൻ.

ക. നി. മൂ. സ. മാണിക്കത്തനാർ.

ജ്ഞാനത്താലണിമാദി സിദ്ധികലരും മാർപ്പാപ്പ കല്പിച്ചതാം
സ്ഥാനംവാങ്ങിയൊരിബ്ഭവാൻ സകലമെത്രാന്മാർക്കുമദ്ധ്യക്ഷനായ്
ആനന്ദാത്മകനായ്സ്സനാതനമുനിക്കൊപ്പം ചിരം വാഴ്‌വാ-
നേനം വാരിധിമേൽ നടന്ന ഭഗവാൻ നൽകീടുമെന്നാലിനി.

നടുവത്തു് മഹൻ നമ്പൂതിരി.

ഒട്ടേറെക്കാലമിക്കേരള ജനമകതാരാകെ വെന്തേറ്റമർത്ഥി-
ച്ചിട്ടേവം ലബ്ധമാം 'കല്പക' മതിനിളനാരായവേരായധീമാൻ
"പാലൃത്താ"ലിന്നു സംഭൂഷിതനയി! പുരുപുണ്യാബ്ധി "കണ്ടത്തിൽമെത്രാ-
പ്പോലീത്താ" സർവ്വഭാഗ്യത്തികവൊടു വിജയിക്കേണമക്ഷീണമെന്നും.

ഏണേക്കാട്ടു യൌസേപ്പു് കത്തനാർ.

ശാലീനത്വത്തിനാൽ കേണലസിയ സുറിയാനിസ്സഭേ! ചാരുദിവ്യ-
ശ്രീലീലാവല്ലി! നിൻ ദുർദ്ദശമുഴുവനിതാ പോല്പ്പതീർത്താകയാൽ നീ
ചേലിലോകർക്കു ചേർക്കുന്നൊരു പുരുവരപാല്യാഢ്യനാഗസ്തിമെത്രാ-
പ്പോലീത്തായൊത്തു വിദ്യുൽസ്ഫടികമണിവിളക്കായ് വിളങ്ങീടുമേന്മേൽ.

വി. കെ. ജോസഫ് മാപ്പിള.

അല്ലേ! മങ്കമലങ്കരേ! മഹിളമാർ ചാർത്തും കിരീടത്തിലെ-
ക്കല്ലേ! നിൻതലമേൽ പതിച്ചുമകുടം "ഹൈറാക്കി" നാമാന്വിതം
വല്ലാശ്ശക്കിടയായിടാതെ സുചിരം നീയിക്കിരീടം ധരി-
ച്ചുല്ലാസത്തൊടുവാഴുവാൻ കരുണചെയ്തീടട്ടെ സർവ്വേശ്വരൻ.

മേരി ജോൺ തോട്ടം.

ഗോത്രാച്ചിസ്സാന്ന നസ്രാണികളുടെ നിവഹത്തിന്നു സ്വന്തം സ്വരൂപ-
മാത്രാതീതപ്രതാപപ്പദവികൾ, മതരാജാവുമുണ്ടായിരുന്നു;
സ്വത്രാണിക്കൊത്തുവീണ്ടും നിജകരഗതമായ്‌വന്ന രാജത്വമാളും
മെത്രാപ്പോലീത്തനെന്നും ബഹുമതിസഹിതം വാഴണം വേദവാഴി.

ററി. കെ. ജോസഫ് ബി. എ. എൽ. ററി.

നീണാളാത്മജരാഗ്രഹിച്ച സിറിയൻ ഹൈറാക്കി രണ്ടാമത്തും
ചേണാളും ജനനീ! മലങ്കരസഭേ! കൈവന്നുരാജിപ്പുനീ;
കാണാമിന്നു പവിത്രപാലിയ മഹൽസ്ഥാനാംബരം ചാർത്തിനിൻ-
പ്രാണാധീശ്വരനെസ്സഹർഷ, മിതുതാൻ നാട്ടാർക്കുനേത്രോത്സവം.

സി. ററി. ബർണാർഡ്.

marggam
Digital Library of Christianity in India
www.marggam.com



അവ്യക്തംലോകതത്വംനിജജനതതിയിൽ പ്രോജ്ജ്വലിപ്പിച്ചനാട്ടിൽ
ഭവ്യത്തെച്ചേർത്തുവാഴുംസുകൃതനിധിമഹാൻ പൂജ്യനാഗസ്തിനാര്യൻ
ദിവ്യശ്രീചേർന്നിന്നുന്നൊരവസനമതാം പാലിയംമ്പൂളയെന്നി-
സ്സുവ്യക്തംസ്ഥാനമാനം പെറുമൊരുശുഭമാം വാസരം വാസരേഡ്യം.

മഹോപാദ്ധ്യായ കെ. എസ്സ്. നീലകണ്ഠൻ ഉണ്ണി.

പ്രീതകൌതുകമൊടേതനുഗ്രഹസുധാസരിത്തവതരിക്കുവാൻ
കാതലിക്ക്ജനത കാത്തിരുന്നു ചിരമായതിന്നുപഗതംഹിതം
സ്നാതനായതിലഗസ്തിനോസു തിരുമേനിയാദ്യമിന്നിമേലതിൽ
ഖ്യാതഭൂതിയൊടു വാഴ്ക! വാഴ്ക! ചിരമങ്ങു വൈദിക വിളക്കുപോൽ.

കമ്മനം കെ. ഗോപാലപിള്ള ബി. എ.

ധർമ്മാധർമ്മവിവേകമാർന്നുജനതാവൃന്ദത്തെയദ്ദിവ്യമാം
ശർമ്മാവസ്ഥയിലാക്കിടുന്നമതിമാനാഗസ്തിനത്യുത്തമൻ
നിർമ്മായംശുഭവസ്തുവും മികവെഴും നിട്ടുംഗ്രഹിക്കുന്നസൽ-
കർമ്മാഭിഖ്യയെഴുന്നപൂജ്യദിനമേ നീതന്നെഭവ്യാംബുധി.

മലയിൽ ഔസേപ്പ മത്തായി.

| | | | | | | | |
|---|---|---|---|---|---|---|---|
| | | | P | W | | | |
| | | E | H | O | E | | |
| | E | T | A | F | L | L | |
| K | A | N | D | A | T | I | L |
| | C | E | N | Y | E | C | |
| | | M | U | N | R | | |
| | | | S | S | | | |

KEEP WELL CATHOLIC MEN
AFTER SUNDAY November Sixteenth.

സി. എൻ. എ. രാമയ്യാശാസ്ത്രി എം. എ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



നമ്മുടെ മെത്രാപ്പോലീത്താച്ചൻ തിരുമേനിയെ അനുമോദിച്ച് മദ്രാസ് ഗവർണ്ണരുടെയും പൊളിററിക്കൽ ഏജൻറിൻെറയും കൊച്ചി മഹാരാജാവിൻെറയും തിരുവിതാംകൂർ മഹാറാണിയുടെയും മററു പല മഹാന്മാരുടെയും സന്ദേശങ്ങൾ വന്നിരുന്നുവെന്നുള്ളതും പ്രസ്താവയോഗ്യമാണ്.

(സന്ദേശങ്ങൾ)

Madras, Governor's Camp.

**Dr. Augustine Kandathil,**
Archbishop, Syrian Catholic Church,
Ernakulam.

His Excellency the Governor of Madras sends you his best wishes on your assumption of the new Office.

**Private Secretary.**
*15-18 hrs. 45.*

---

Tripunithura.

**His Grace Archbishop**
**Dr. Augustine Kandathil, Ernakulam.**

My most hearty congratulations and best wishes to your Grace on this momentous occasion.

**Maharaja of Cochin.**

---

Palace Trivandrum,
14th. November 1924.

....Her Highness is glad to learn that His Holiness the Pope has instituted an ecclesiastical Hierarchy for the Syrian Catholic Community.

I am,
Yours faithfully
**Sarvathikarikar. (Sd.)**

---

Bangalore,
15-17 hrs. 20.


**Mgr. Thomas Nedumkallel**
Vicar General, Ernakulam.

Please convey my hearty felicitations to Archbishop Kandathil.

**Agent to Governor-General.**

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com




പരിശുദ്ധപിതാവ് ൧൩-ാംപീയൂസ് മാപ്പാപ്പാ
തിരുമനസ്സിലേക്ക് റോമിൻവച്ച് മലയാളസുറിയാനിസഭവകയായി
൧൮൮൭ മേയ് ൨൦-ാംനു
നമ്മുടെ മെത്രാപ്പോലീത്താച്ചൻ മംഗളപത്രസഹിതം
സമർപ്പിച്ച കാസ്കറ്റ്.

കണ്ടാളശ്ശേരി മാർ തോമ്മാമെത്രാനച്ചൻ, കാളാശ്ശേരി മാർ യാക്കോബ്
മെത്രാനച്ചൻ (അന്നു അച്ചൻ ആയിരുന്നു) വെരി റവ. ഡോക്ടർ
ജെ. സി. പഞ്ഞിക്കാരൻ എന്നിവരും പ്രൊപ്പഗാന്തകോളേജിൽ പഠിച്ചിരുന്ന
നമ്മുടെ ബ. ശെമ്മാശ്ശന്മാരും അപ്പോൾ സന്നിഹിതരായിരുന്നു.

---

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



# റോമായാത്ര.

നമ്മുടെ വന്ദ്യപിതാവു മെത്രാപ്പോലീത്തായായി, പാവ്വസ്ഥാനവസ്ത്രവിഭൂഷിതനായി, ഒരു കൊല്ലം കഴിയുന്നതിനു മുമ്പു പരിശുദ്ധപിതാവിനെ സന്ദശിച്ച് നന്ദിപറയുവാൻവേണ്ടി റോമിലേയ്ക്കു യാത്രയായി. ഈ യാത്രയിൽ അവിടുത്തേയ്ക്കു പങ്കുകൊള്ളേണ്ടതായി വന്ന സന്തോഷസന്ദായകവും ദുഃഖഭൂയിഷ്ഠവുമായ പലേ മഹാസംഭവങ്ങളിൽനിന്നു ഈ നിത്യനഗരപൎയ്യടനം വാസ്തവത്തിൽ ദൈവനിശ്ചിതമായ ഒന്നായിരുന്നുവെന്നു അനുമാനിക്കാവുന്നതാണ്. സാൎവ്വത്രികസഭയുടെ ജൂബിലി, വത്തിക്കാൻ മിഷ്യനറിപ്രദൎശനം, സൎവ്വലോകവന്ദ്യയായ വി. കൊച്ചുത്രേസ്യായുടെ നാമകരണമഹാമഹം, ചങ്ങനാശ്ശേരിമെത്രാൻ കുരിയാളശ്ശേരി മാർ തോമ്മാ തിരുമനസ്സിലെ റോമിൽവച്ചുള്ള ദേഹവിയോഗം തുടങ്ങി കത്തോലിക്കാസഭയെ പൊതുവേയും മലങ്കരസഭയെ പ്രത്യേകിച്ചും ബാധിക്കുന്ന അനേക മഹൽസംഭവങ്ങളിൽ യാത്രാമദ്ധ്യേ തിരുമേനിക്കു സംബന്ധിക്കേണ്ടതായി വന്നിട്ടുണ്ട്. സംഭവബഹുലമായ തിരുമേനിയുടെ റോമായാത്ര അവിടത്തെ ജീവചരിത്രത്തിലെ ഒരു പ്രധാന ഘട്ടമാണ്.

റോമായാത്രയുടെ പൂൎണ്ണമായ ഒരു വിവരണം ആ കാലത്തു "എറണാകുളംമിസ്സ്"ത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടായിരുന്നു. സുദീൎഘമായ ആ ലേഖനം ഇവിടെ ഉദ്ധരിക്കാൻ സ്ഥലം അനുവദിക്കാത്തതിൽ അത്യന്തം വ്യസനിക്കുന്നു.

റോമിലേയ്ക്കുള്ള യാത്രയിൽ അവിടുന്നു മൈലാപ്പൂരെത്തി, ന. പി. മാർ തോമ്മാശ്ലീഹായുടെ കവറിടം വണങ്ങി, ആ പിതാവിന്റെ സഹായം അപേക്ഷിച്ചതു, തന്റെ റോമ്മായാത്ര ശുഭപൎയ്യവസായിയായിത്തീരുന്നതിനു വേണ്ടിയായിരുന്നു. ആ അപേക്ഷ നിഷ്ഫലമായതുമില്ല. വെരി. റവ. ഡോക്ടർ ജേ. സി പഞ്ഞിക്കാരൻ അവർകൾ അക്കാലത്ത് സൎവ്വലോക കത്തോലിക്കാമിഷ്യനറിപ്രദൎശനം പ്രമാണിച്ചു മലങ്കരസുറിയാനി സഭയുടെ, വിശിഷ്യ എറണാകുളം അതിരൂപതയുടെ പ്രതിനിധിയായി റോമിൽ താമസിക്കുന്നുണ്ടായിരുന്നതിനാൽ, തിരുമേനി തനിച്ചാണ് ബോംബെയിൽനിന്നും കപ്പൽകയറിയതു്. യൂറോപ്യൻപൎയ്യടനവേളയിൽ ബ. പഞ്ഞിക്കാരൻ അച്ചനാണ് തിരുമേനിയുടെ സെക്രട്ടറിസ്ഥാനം വഹിച്ചു തിരുമേനിയെ സഹയാത്ര ചെയ്തിരുന്നതു്. ബോംബെ വരെ ബ. തളിയത്തു വി. തോമ്മാച്ചൻ അവർകൾ തിരുമേനിയെ അനുഗമിച്ചു. ബോംബെയിൽ തിരിച്ചെത്തിയപ്പോൾ അവിടുത്തെ സ്വീകരിക്കുവാനായി ചെന്നിരുന്നതും അദ്ദേഹംതന്നെയായിരുന്നു. 1925 ഏപ്രിൽ 11-ാംതി

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



യതി അവിടുന്ന എറണാകുളത്തോടു താൽക്കാലികമായി യാത്രപറഞ്ഞു പിരിഞ്ഞിട്ടു, മരണകരമായ ഒരു രോഗബാധയേയും മററു കായികവും മാനസികവുമായ അനേകം ക്ലേശങ്ങളേയും ദൈവത്തിന്റെ പ്രത്യേക സഹായത്താൽ തരണംചെയ്തു, ഒക്ടോബർ 6-ാംതീയതി തിരിച്ചെത്തി.

ഏപ്രിൽ 30-ാംതീയതി കാലത്തു കപ്പൽ നേപ്പിൾസ് തുറമുഖത്തു് അടുത്തപ്പോൾ പെ. ബ. പഞ്ഞിക്കാരൻ അച്ചൻ വന്ദ്യപിതാവിനെ കപ്പലിൽചെന്ന കണ്ടു സ്വീകരിച്ചു. അവിടുന്ന പരിശുദ്ധപിതാവിനെ രണ്ടു പ്രാവശ്യം രഹസ്യമായും പരസ്യമായും സന്ദർശിച്ചു. ഹയരാക്കി അനുവദിച്ചുതന്നതിന്റെ സ്മാരകമായി സ്വർണ്ണവും വെള്ളിയും ചേർത്തു ദന്തത്തിൽ തീർത്ത ഒരു കാസ്ക്കററിൽഒരു മംഗളപത്രം സമർപ്പിച്ചതു ഈ അവസരത്തിലായിരുന്നു. തദവസരത്തിൽ കുയ്യാളശ്ശേരിൽ മാർ തോമ്മാ മെത്രാനച്ചനും, അന്നു അദ്ദേഹത്തിന്റെ സെക്രട്ടറിയായിരുന്ന കാളാച്ചേരിമെത്രാനച്ചനും പെ. ബ. പഞ്ഞിക്കാരൻ അച്ചനും സന്നിഹിതരായിരുന്നു. അതിന്റെശേഷം കൊച്ചീമഹാരാജാവു തിരുമനസ്സുകൊണ്ടു് മാർപ്പാപ്പായ്ക്കു കാഴ്ചവെയ്ക്കുവാനായി മെത്രാപ്പോലീത്താച്ചൻവശം കൊടുത്തയച്ചിരുന്ന ഫോട്ടോ സമർപ്പിച്ചു. അതിന്റെ അടിയിൽ മഹാരാജാവു് ഇപ്രകാരം തൃക്കൈവിളയാടിയിരുന്നു.

''With our kindest regards we convey to His Holiness Pope Pius XI our greetings and good wishes through His Grace Dr. Augustine Kandathil the Archbishop of Ernakulam whose installation as Archbishop in the Capital of our State has given us much pleasure.

RAMA VARMA
Maha Raja of Cochin.
7th April 1925.

ഇതിനു മറുപടിയായി സ്വഹസ്തലിഖിതത്തോടുകൂടിയ പരിശുദ്ധപിതാവിന്റെ ഒരു ഛായാപടം മഹാരാജാവിനു കൊടുക്കുവാനായി മെത്രാപ്പോലിത്താച്ചനെ ഏല്പിക്കുകയുണ്ടായി.

അവിടുന്നു റോമായിലായിരുന്നപ്പോൾ അവിടുത്തേയ്ക്കു സിദ്ധിച്ച മറെറാരു ഭാഗ്യം വി. കൊച്ചുത്രേസ്യായുടെ നാമകരണമഹോത്സവത്തിൽ സംബന്ധിക്കുവാൻ സാധിച്ചു എന്നുള്ളതാണ്. എന്നാൽ കുയ്യാളശ്ശേരി മാർ. തോമ്മാ മെത്രാനച്ചന്റെ റോമിൽവച്ചുള്ള നിര്യാണം 'തിരുമേനിയുടെ റോമ്മായാത്രയുടെ സർവ്വസന്തോഷങ്ങളേയും ദുഃഖഭൂയിഷ്ഠമാക്കുവാൻ

www.marggam.com



തിരുമേനി ഐർളണ്ടിൻെറ തലസ്ഥാനമായ ഡബ്ളിൻ പട്ടണത്തിൽചെന്ന അവസരത്തിൽ അന്നത്തെ ഐർളണ്ടിൻെറ പ്രസിഡണ്ടായിരുന്ന മി. കോസ്ഗ്രേവ് തിരുമോതിരം മുത്തുന്നതു്. തിരുമേനിയുടെ പുറകിൽ നില്ക്കുന്നതു് വെരി. റവ. ഡോക്ടർ പഞ്ഞിക്കാരനാണ്. ഐറീഷ് ക്രൈസ്തവ ബ്രദേഴ്സിൻെറ ജനറൽ ആണ് അടുത്തു നില്ക്കുന്നതു്.

www.TheCMSIndia.org

marggam
Digital Library of Christianity in India
www.marggam.com



തികച്ചും പര്യാപ്തമായിരുന്നു. സാർവ്വത്രികസഭയുടെ തലവനായ വി. പത്രോസ് ഒരു മാർ തോമ്മാശ്ലീഹായെ മലങ്കരസഭയ്ക്ക് തന്നതിനു പകരമായി മലങ്കരസഭയുടെ അദ്ധ്യക്ഷനിൽനിന്നു മറ്റൊരു മാർ തോമ്മായെ ഹയരാക്കിയുടെ വിലയായി റോമ്മാസിംഹാസനം ആവശ്യപ്പെട്ടുമെന്ന് ആരാനും കരുതിയിരുന്നുവോ?

മെത്രാപ്പോലീത്താച്ചൻ പരിശുദ്ധപിതാവിനോട് അവസാനമായി യാത്രപറഞ്ഞു പിരിഞ്ഞപ്പോൾ അവിടുത്തേയ്ക്ക് അതിമനോഹരമായ ഒരു സ്വർണ്ണക്കാസാ പരിശുദ്ധപിതാവു സമ്മാനിക്കുകയുണ്ടായി എന്നുള്ളതും പ്രത്യേകം പ്രസ്താവയോഗ്യമാണ്. റോമ്മാസന്ദർശനത്തിനു ശേഷം തിരുമേനി പാരീസ്, ലണ്ടൻ, ഡബ്ളിൻ, മുതലായ പാശ്ചാത്യകേന്ദ്രനഗരങ്ങളേയും സന്ദർശിക്കുകയുണ്ടായി. ഡബ്ളിനിൽ ചെന്നപ്പോൾ അന്ന് ഐറിഷ് ഫ്രീസ്റ്റേറ്റു പ്രസിഡണ്ടായിരുന്ന മിസ്റ്റർ കോസ്ഗ്രേവ് തിരുമേനിയെ സന്ദർശിക്കയും തിരുമോതിരം ചുംബിക്കുകയും ചെയ്യുകയുമുണ്ടായി. ലൂർദ്ദ തീർത്ഥയാത്ര നിർവ്വഹിച്ചതു് ലണ്ടനിൽനിന്നു തിരിച്ചുവരുന്ന വഴിക്കായിരുന്നു. അവിടുന്ന് ലൂർദ്ദിലായിരുന്ന ദിവസങ്ങളിൽ അവിടെ മൂന്നുനാലു വലിയ അത്ഭുതങ്ങൾ നടക്കുന്നതു കാണുവാനും അവിടുത്തേയ്ക്കു ഭാഗ്യം സിദ്ധിച്ചു. ലൂർദ്ദിൽനിന്നും പുറപ്പെട്ട് ഫ്രാൻസും ഇററലിയും തമ്മിലുള്ള അതൃത്തിപ്രദേശത്തു സ്ഥിതിചെയ്യുന്ന വെന്തിമില്ലായെന്ന സ്ഥലത്തു വന്നപ്പോഴാണ് നമ്മെയെല്ലാവരേയും അത്യന്തം ഭയവിഹ്വലരാക്കിയ രോഗം അവിടുത്തേ ബാധിച്ചതു്. നമ്മുടെ എല്ലാവരുടേയും തീക്ഷ്ണമായ പ്രാർത്ഥനയുടെ ഫലമായി ആ സുഖക്കേട് ശമിക്കുകയും ചെയ്തു.

പ്രസ്തുത രോഗബാധയാൽ ആരോഗ്യം നഷ്ടീഭവിച്ചിരുന്നതിനാൽ പലസ്തീന തീർത്ഥയാത്ര നടത്തുവാൻ സാധിക്കാതെവന്നു. അവിടുന്ന് 1925 ഒക്ടോബർ ആറാംതീയതി തൻെറ അജഗണങ്ങളുടെ മദ്ധ്യേ തിരിച്ചെഴുന്നള്ളിയ അവസരത്തിൽ. തൻെറ അഭാവത്തിൽ അതിരൂപതാഭരണം നടത്തിയിരുന്ന അഡ്മിനിസ്ട്രേററർ അപ്പസ്തോലിക്കാ റൈററ് റവ. മോൺ. തോമ്മസ് നെടുങ്കല്ലേൽ അവർകളുടെ നേതൃത്വത്തിൽ അവിടുത്തേയ്ക്ക് അതിരൂപതയിലെ വൈദികരും അവൈദികരും ചേർന്ന് അതികേമമായ ഒരു സ്വീകരണം നൽകുകയും ഒരു മംഗളപത്രം സമർപ്പിക്കുകയും ചെയ്തു.

മറുപടിപ്രസംഗത്തിൽ താഴെ കാണുംപ്രകാരം ചുരുങ്ങിയതെങ്കിലും എത്രയും ഹൃദയംഗമമായ മറുപടി കല്പിച്ചരുളുകയുണ്ടായി.

"എനിക്കു റോമിൽവച്ചുണ്ടായ സുഖക്കേടു പൂർണ്ണമായി സുഖപ്പെട്ടിട്ടില്ലാത്തതിനാൽ അധികം സംസാരിക്കരുതെന്നു ഡോക്ടർ പറഞ്ഞിട്ടു

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.marggam.com



ണ്ട്. എങ്കിലും അല്പം സംസാരിക്കാതിരിക്കാൻ നിവൃത്തിയില്ല. ഞാൻ റോമാ സന്ദർശനം കഴിഞ്ഞ് പരിശുദ്ധപിതാവിന്റെ ആശീർവ്വാദവും കൊണ്ടു മടങ്ങിവരുന്ന ഈ സന്ദർഭത്തിൽ നിങ്ങൾ ഇത്ര സ്നേഹാദരങ്ങളോടുകൂടി എന്നെ സ്വീകരിച്ചതിനായി എല്ലാവരോടും നന്ദിപറയുന്നു. നിങ്ങൾ എന്നോടല്ല, ഞാൻ ആരെ സന്ദർശിക്കുവാൻപോയോ, ആരുടെ ആശീസ്സുകൾ വാങ്ങി കൊണ്ടുവന്നിരിക്കുന്നുവോ, ആ മഹാത്മാവിനോടാണ് ഈ സ്നേഹബഹുമാനങ്ങൾ കാണിച്ചിരിക്കുന്നത്. ആ പുണ്യപുരുഷനെ—നമ്മുടെ പരിശുദ്ധപിതാവിനെ—രണ്ടുതവണ സന്ദർശിക്കുവാൻ എനിക്കു ഭാഗ്യം ഉണ്ടായി. അവിടുന്നു നമ്മുടെ ജനങ്ങളെ ഹൃദയപൂർവ്വം സ്നേഹിക്കുകയും നമുക്കുവേണ്ടി കഴിവുള്ള സകല സഹായങ്ങളും ചെയ്വാൻ സന്നദ്ധനായിരിക്കുകയും ചെയ്യുന്നു. പതിവിലധികം ദീർഘമായ കൂടിക്കാഴ്ചകൾ അനുവദിച്ചതും, നമ്മുടെ ജനങ്ങളെക്കുറിച്ചു പലതും ചോദിച്ചതും സ്വർണ്ണക്കാസാ തിരുമനസ്സുകൊണ്ടു പാരിതോഷികമായി കല്പിച്ചു നൽകിയതും മുൻപറഞ്ഞതിനു ഒരു ലക്ഷ്യമായി ഇവിടെ പറയേണ്ടിയിരിക്കുന്നു. ഞാനും കാലംചെയ്ത മാർ തോമ്മാമെത്രാനും ഒരുമിച്ച് പരിശുദ്ധപിതാവിനെ സന്ദർശിച്ചസമയം ഒരു പിതാവു മക്കളോടെന്നവണ്ണം എത്രസ്നേഹമാണ് കാണിച്ചതെന്നു വിവരിക്കുവാൻ പ്രയാസം. അവിടുന്നു നിങ്ങളുടെ പ്രതിനിധി എന്ന നിലയിലാണ് എന്നെ സ്വീകരിച്ചത്. നമ്മോടുള്ള മറെറാരു സ്നേഹലക്ഷ്യമായി നമ്മുടെ മഹാരാജാവു തിരുമനസ്സിലേയ്ക്കു സമർപ്പിക്കുവാൻ തിരുമേനി ചില വിശേഷസമ്മാനങ്ങളും എന്നെ ഏല്പിച്ചിട്ടുണ്ട്. നമ്മുടെ റീത്തിന്റെ മേലധികാരം വഹിക്കുന്ന ഓറിയൻറൽ കോൺഗ്രിഗേഷനും നമ്മോടു വളരെ സ്നേഹമുണ്ട്. പരിശുദ്ധ പിതാവിനേയും മററും കണ്ടതിന്റെ ശേഷം ഫ്റാൻസ്, ബൽജിയം, ഇംഗ്ലണ്ട് അയർലണ്ടു മുതലായ രാജ്യങ്ങളിലും ഞാൻ സഞ്ചരിക്കയുണ്ടായി. ദേശാടനം ചെയ്വാനുള്ള മോഹം കൊണ്ടല്ലാ ഞാൻ അങ്ങനെ ചെയ്തത്; എന്റെ യാത്രകൊണ്ട് നമ്മുടെ ജനങ്ങൾക്കെന്തെങ്കിലും ഉപകാരം സിദ്ധിക്കണമെങ്കിൽ അതും സാധിക്കണമെന്നായിരുന്നു എന്റെ ഉദ്ദേശ്യം. ഈ യാത്രകഴിഞ്ഞു ഞാൻ റോമിലെത്തിയ ഉടനെ രോഗാബാധിച്ചു കിടപ്പിലായിപ്പോയി. സുഖക്കേടു കുറെ ഗൌരവതരമായിരുന്നു. “ഇങ്ങോട്ടോ അങ്ങോട്ടോ” എന്നകാര്യം സംശയത്തിലായി. അപ്പോൾ ദൈവേഷ്ടം ഞാൻ മരിക്കണമെന്നായിരുന്നെങ്കിൽ, കർത്താവ്, എന്നെക്കാൾ പ്രാപ്തനായ ഒരുവൻ എന്റെ സ്ഥാനം കൈയ്യേൽക്കുന്നതിനു സംഗതി വരുത്തേണമേ എന്നു ഞാൻ പ്രാർത്ഥിച്ചു. എന്നാൽ ഞാൻതന്നെ നിങ്ങളുടെ പക്കലേയ്ക്കു മടങ്ങിവരണമെന്നായിരുന്നു ദൈവനിശ്ചയം.”

www.TheCMSIndia.org

marggam
Digital Library of Christianity in India
www.marggam.com



മെത്രാപ്പോലീത്താച്ചന്റെ പൗരോഹിത്യ രജതജൂബിലിയവസരത്തിൽ എടുത്ത ഫോട്ടോ.

www.TheCMSIndia.org
CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.marggam.com



മെത്രാപ്പോലീത്താച്ചൻ തിരുമനസ്സുകൊണ്ടു് ചങ്ങനാശ്ശേരി മെത്രാനച്ചന്റെ നിര്യാണവിവരത്തെപ്പററി കണ്ണുനീർപൊഴിച്ചുകൊണ്ടാണു് സംസാരിച്ചതു്. നമ്മുടെ മെത്രാപ്പോലീത്താച്ചന്റെ റോമായാത്ര പ്രസ്തുത രണ്ടു സംഭവങ്ങൾ ഒഴികെ ശേഷമെല്ലാം വളരെ വിജയകരമായിരുന്നു. ചെന്നസ്ഥലങ്ങളിലെല്ലാം തിരുമേനിയെ ബഹുമാനപൂർവ്വം സ്വീകരിക്കുകയും സന്തോഷപുരസ്സരം സൽക്കരിക്കുകയും ചെയ്യുകയുണ്ടായിട്ടുണ്ടു്. തന്റെ ഉററസ്നേഹിതനായ കുര്യാളശ്ശേരി മെത്രാനച്ചന്റെ ദേഹവിയോഗം കാണുന്നതിനിടയായതും, അവസാനം തിരുമനസ്സിലെ അസ്വാസ്ഥ്യവുമാണു് അമംഗളകരങ്ങളായ മേല്പറഞ്ഞ രണ്ടു സംഭവങ്ങൾ.

## ഗുരുപ്പട്ടരജതജ്ജൂബിലി.

നമ്മുടെ വന്ദ്യപിതാവിന്റെ ജീവചരിത്രം അനിതരസാധാരണമായ ഒന്നുതന്നെയാണു്. ഇരുപത്തിഏഴാമത്തെ വയസ്സിൽ അവിടുന്നു് പുരോഹിതനായി. ഉടനെ സെമിനാരി റെക്ടരായി, അല്പകാലത്തേയ്ക്കു വികാരിയായി. വീണ്ടും റെക്ടരായി. നിജ പൌരോഹിത്യത്തിന്റെ ദശാബ്ദപൂർത്തിയിൽ, അവിടത്തേയ്ക്കു കഷ്ടിച്ചു് മുപ്പത്തിഏഴ വയസ്സുള്ളപ്പോൾ, മെത്രാനായി. 13 കൊല്ലം കഴിഞ്ഞപ്പോൾ മെത്രാപ്പോലീത്തയായി. ഒരു കൊല്ലം കഴിയുന്നതിനുമുൻപു് റോമാസന്ദർശനവും, ലൂർദ്ദ് തീർത്ഥയാത്രയും കഴിച്ചു. തദനന്തരം തന്റെ അജഗണങ്ങളുടെമദ്ധ്യേ പ്രത്യാഗമിച്ച ഉടനെ നിജപൌരോഹിത്യത്തിന്റെ രജതജ്ജൂബിലിയും സമാഗതമായി. അതോ എന്നാൽ നാമിന്നുകൊണ്ടാടുന്ന തന്റെ മെത്രാൻപട്ടത്തിന്റെ രജതജ്ജൂബിലിയുടെ മുന്നോടിയുമായിരുന്നു. വാസ്തവത്തിൽ നമ്മുടെ കഥാപുരുഷന്റെ ജീവചരിത്രം ഒരു നിരന്തരോത്സവമണിപ്രവാളമാണു്.

പ്രഥമമെത്രാപ്പോലീത്തായുടെ പൌരോഹിത്യരജതജ്ജൂബിലി സാഘോഷം കൊണ്ടാടുവാൻതന്നെ അജഗണം നിഷ്കളങ്കഹൃദയപുരസ്സരം സന്നദ്ധമായി. എന്നാൽ തന്റെ ജീവിതത്തിന്റെ ഉത്സവബാഹുല്യത്തിൽ പ്രകൃത്യാ അസന്തുഷ്ടനായിത്തീന്നിരുന്ന തിരുമേനി പ്രസ്തുത ജൂബിലിയെ, ബാഹ്യാഡംബരങ്ങളെല്ലാം പാടെ ഉപേക്ഷിച്ചു് ദിവ്യഗുരുനാഥനു് ഹൃദയംഗവും രഹസ്യവുമായ നന്ദി പ്രദർശിപ്പിച്ചു്, തന്റെ വന്ദ്യപുരോഗാമിയെ അനുകരിച്ചു് ഒതുക്കികഴിക്കുവാനാണു് നിശ്ചയിച്ചതു്. എങ്കിലും അതിരൂപതയിലെ ഒരു ഇടവകപോലും ആ മഹദ്ദിനത്തെ അവഗണിച്ചില്ല. ആ സുദിനം 1926 ഡിസംബർ 21-ാം തീയതി ആയിരുന്നു. വലിയ ഒച്ചപ്പാടൊന്നുംകൂടാതെ എറണാകുളത്തുവച്ചു് നടത്തിയ ചടങ്ങുകൾ 27-ാം തീയതിയുമായിരുന്നു.

www.TheCMSIndia.org

marggam
Digital Library of Christianity in India
www.marggam.com



## ജൂബിലിസ്മാരകം.


ക്ഷണഭംഗുരങ്ങളായ ആഘോഷങ്ങൾകൊണ്ടുമാത്രം തൃപ്തിപ്പെടാതെ ജൂബിലിയുടെ ശാശ്വതസ്മാരകമായി എന്തെങ്കിലും ഒന്ന് സ്ഥാപിക്കണമെന്ന് അതിരൂപതയിലെ ബ. പട്ടക്കാരും അൽമേനികളും തീർച്ചയാക്കുകയും, അതനുസരിച്ച് അതിരൂപതയിൽപെട്ട പള്ളികളിൽനിന്നും ബ. വൈദികരിൽനിന്നും വിശ്വാസികളിൽനിന്നും ലഭിച്ച ധനസഹായം കൊണ്ട് എറണാകുളം അതിമെത്രാസന ദേവാലയത്തിന്റെ മുൻഭാഗത്ത് അതിമനോഹരമായ ഒരു കപ്പേള പണികഴിപ്പിച്ചു. 1928 ജൂലായി 3-ാം തീയതി ന. പിതാവായ മാർ തോമ്മാശ്ലീഹായുടെ ദുക്റാനാതിരുനാളിൽ മെത്രാപ്പോലീത്താച്ചൻ തിരുമനസ്സുകൊണ്ട് പ്രസ്തുത കപ്പേള വെഞ്ചരിക്കുകയും, വി. തോമ്മാശ്ലീഹാ, ദിവ്യരക്ഷകന്റെ തിരുഹൃദയത്തെ സ്പർശിക്കുവാനുദ്യമിക്കുന്ന ഭാവത്തിൽ അസാധാരണ വലിപ്പത്തിൽ നിർമ്മിക്കപ്പെട്ട രൂപങ്ങൾ അവിടെ സ്ഥാപിക്കുകയും ചെയ്തു.

**A Souvenir**
of the Sacerdotal Silver Jubilee
(21 Dec. 1901—1926)
of
**The Most Rev. Mar Augustine Kandathil, D. D.**
Created
THE FIRST ARCHBISHOP OF ERNAKULAM
and
METROPOLITAN OF THE SYRO-MALABAR HIERARCHY
by
**H. H. Pope Pius XI**
On 21st December, 1923.
(From the Churches, Priests and the
People of the Archdiocese.)

എന്ന് കൊത്തിയിട്ടുള്ള ഒരു മാർബിൾ ശില അതിൽ പതിച്ചിട്ടുണ്ട്. ഈ സ്മാരകകപ്പേള അതിരൂപതയ്ക്കു മാത്രമല്ല, എറണാകുളം പട്ടണത്തിനുതന്നേയും ഒരു തിലകമായി വിലസുന്നുവെന്ന് ആരും സമ്മതിക്കുന്നതാണ്.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com




മഹാവന്ദ്യ ദിവ്യശ്രീ

കണ്ടത്തിൽ മാർ ആഗുസ്തീനോസ് മെത്രാപ്പോലിത്താ

തിരുമനസ്സിലെ

ഗുരുപ്പട്ട രജതജൂബിലിസ്മാരകക്കപ്പേള.

(എറണാകുളം.)

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



# വികാരിജനറാളിനു ബഹുമതി.

എറണാകുളം അതിരൂപതയിലെ പ്രഥമ വികാരിജനറാളും, മെത്രാപ്പോലീത്താച്ചൻ റോമിൽപോയപ്പോഴും അതിരൂപതയെ ഭരിച്ചിരുന്ന ആളും സർവ്വോപരി വന്ദ്യപിതാവിൻെറ വലംകയ്യും ആയിരുന്ന റൈററ്. റവ. മോൺസിഞ്ഞോർ തോമസ് നെടുങ്കല്ലേൽ അവർകളുടെ ഗുരുപ്പട്ട രജതജൂബിലി, 1930 ഡിസംബർ 26-ാം തീയതി സമാഗതമായി. ഈ ശുഭാവസരത്തിൽ തൻെറ വി. ജനറാളിനെ, നമ്മുടെ കഥാപുരുഷൻ യഥോചിതം ബഹുമാനിച്ചു എന്നുള്ളതു് വിസ്മരിക്കത്തക്കതല്ല. 1930 ഡിസംബർ 29-ാം തീയതി തിരുമേനിതന്നെ മെത്രാപ്പോലീത്തൻപള്ളിയിൽ എഴുന്നള്ളി, പ. സിംഹാസനത്തോടു് അപേക്ഷിച്ചു സമ്പാദിച്ചുവച്ചിരുന്ന (Domastic Prelacy to His Holiness) എന്ന ഉന്നതസ്ഥാനാ മോൺസിഞ്ഞോർ അവർകൾക്കു നൽകുകയുണ്ടായി. തദവസരത്തിൽ, പ്രസ്തുത ആണ്ടു ഒക്ടോബർ 24-ാം തീയതി തത്സംബന്ധമായി പ. പിതാവു് തൃക്കൈവിളയാടിയിട്ടുണ്ടായിരുന്ന ഒരു തിരുവെഴുത്തു് പ്രസിദ്ധപ്പെടുത്തി. ഈ ബഹുമതിദാനം എത്രമാത്രം അർത്ഥവത്തും, നീതിയുക്തവും, പ്രശംസനീയവും ആയിരുന്നു എന്നുള്ളതു് അന്നത്തെ ആഘോഷങ്ങളിൽ പങ്കെടുത്ത അതിരൂപതയിലെ ബഹു ഭൂരിപക്ഷം ബ. വൈദികന്മാരുടേയും അവൈദികപ്രമുഖന്മാരുടേയും സാന്നിധ്യത്തിൽനിന്നും അനുമാനിക്കാമായിരുന്നു.

# സാമന്തരൂപതാസന്ദർശനങ്ങൾ.

മലങ്കര മെത്രാപ്പോലീത്താ റോമിൽനിന്നു വന്നവഴിക്കു തൃശ്ശൂർ രൂപതയെ സന്ദർശിക്കുകയുണ്ടായല്ലോ. അധികാരപ്രാപ്തിക്കുശേഷം ആദ്യമായിട്ടാണു് അവിടുന്നു പ്രസ്തുത സാമന്തരൂപതയെ ഔദ്യോഗികമായി സന്ദർശിച്ചതു്. തദനന്തരം അവിടുന്നു 1925 ഡിസംബർ മാസത്തിൽ, വൈധവ്യത്തെ പ്രാപിച്ചിരുന്ന ചങ്ങനാശേരി രൂപതയെ സന്ദർശിച്ചു. ഇതിനു് അവിടുത്തേക്കു് ഒരു പ്രത്യേക ഉദ്ദേശവുമുണ്ടായിരുന്നു. അതായതു് തങ്ങളുടെ ആദ്ധ്യാത്മിക ഇടയനും പിതാവുമായ മെത്രാൻെറ ദേഹവിയോഗത്താൽ അനാഥരായി തീർന്നിരുന്ന ചങ്ങനാശേരി രൂപതക്കാരെ ചെന്നു കണ്ടു് ആശ്വസിപ്പിക്കുന്നതിനായിരുന്നു.

ഡിസംബർ 27-ാംനു- ചരിത്രപ്രസിദ്ധമായ കുറവിലങ്ങാട്ടു പള്ളിയേയും 29-ാംനു- ചങ്ങനാശേരി മെത്രാസന ഇടവകയേയും മലങ്കര

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



മെത്രാപ്പോലീത്താ സന്ദർശിച്ചു. തദവസരങ്ങളിൽ ചങ്ങനാശേരി രൂപതയെ ഭരിച്ചിരുന്ന അഡ്മിനിസ്റ്റ്റേറ്റർ അപ്പസ്തോലിക്കാ, റൈററ് റവ. മോൺ: ജേക്കബ് കല്ലറയ്ക്കൽ അവർകളുടെ നേതൃത്വത്തിൽ പ്രസ്തുത രൂപതക്കാർ അവിടുത്തേയ്ക്കു അത്യാഘോഷപൂർവ്വം നല്കിയ സ്വീകരണം അന്നത്തെ പത്രങ്ങളിൽ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ടായിരുന്നു.

ചങ്ങനാശേരിയിൽനിന്നു അവിടുന്നു തിരിച്ചതു കയ്യാലക്കേരി മാർ തോമ്മാ മെത്രാന്റെ ജന്മദേശമായ ചമ്പക്കുളത്തേയ്ക്കായിരുന്നു. ഇതിൽ നിന്നു, അവിടുത്തേയ്ക്കു പരേതനായ ആ വന്ദ്യ വൈദികവര്യനോടും, അദ്ദേഹത്തിന്റെ രൂപതയോടും, ഇടവകയോടും, കുടുംബാംഗങ്ങളോടും എത്രമാത്രം സ്നേഹമുണ്ടായിരുന്നുവെന്നു അനുമാനിക്കാവുന്നതാണ്.

ഈ സന്ദർശനവേളയിൽ പ്രസ്തുത പള്ളികൾക്കു പുറമേ, മുട്ടുചിറ, ഭരണങ്ങാനം. പാലാ, പുളിങ്കുന്നു, കാഞ്ഞിരപ്പള്ളി, മാന്നാനം, കടുത്തുരുത്തി, തലയോലപ്പറമ്പു എന്നീ പള്ളികളേയും, പല കന്യകാമഠങ്ങളേയും കൂടി സന്ദർശിക്കുകയും, അവിടങ്ങളിലെല്ലാം മാർപ്പാപ്പായുടെ ആശീർവ്വാദം നല്കുകയും ചെയ്തു.

## രാഷ്ട്രീയവും സാമുദായികവും ആയ മണ്ഡലങ്ങളിൽ.

**കാ**ത്തോലിക്കാ മതാദ്ധ്യക്ഷന്മാർ അദ്ധ്യാത്മിക രംഗങ്ങളിൽ മാത്രമല്ല, രാഷ്ട്രീയമണ്ഡലങ്ങളിലും ന്യായമായി പങ്കെടുക്കുവാൻ കടപ്പെട്ടവരാണ്. "ദൈവത്തിന്റേതു ദൈവത്തിനും സീസറിന്റേതു സീസറിനും കൊടുക്കുവിൻ" എന്നാണല്ലോ ദിവ്യരക്ഷകന്റെ ഉപദേശം. നമ്മുടെ മെത്രാപ്പോലീത്താച്ചൻ ഒരു കത്തോലിക്കാ മെത്രാപ്പോലീത്തായ്ക്കു സമുചിതമായ വിധത്തിൽ രാഷ്ട്രനേതാക്കന്മാരുമായുള്ള സൗഹാർദ്ദത്തെ ഭദ്രമാക്കി പ്രവർത്തിക്കുന്നതിന് സർവ്വഥാ ഉത്സുകനായിരിക്കുന്നു.

### കൊച്ചി മഹാരാജാവിന്റെ സന്നിധിയിൽ പ. പിതാവിന്റെ പ്രതിനിധി.

**തി**രുമേനിയുടെ റോമായാത്രയിൽ, കൊച്ചി രാജ്യചരിത്രത്തിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു സംഭവം നടന്നതായി പ്രസ്തുത യാത്രാവിവരണത്തിൽ നാം കണ്ടു. തന്റെ രാജ്യാതിർത്തിക്കകത്ത്, അതെ രാജധാനിയിൽത്തന്നെ സുറിയാനി ഹയറാർക്കിയുടെ തലസ്ഥാനം സ്ഥാപിച്ചതിനും, നമ്മുടെ മെത്രാപ്പോലീത്താച്ചനെ അതിന്റെ പരമാദ്ധ്യക്ഷനായി നിയമി

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ച്ചതിനും നന്ദിപ്രകാശിപ്പിച്ചുകൊണ്ട് തീപ്പെട്ടുപോയ മഹാരാജാവ് തിരുമനസ്സുകൊണ്ട് തൃക്കൈവിളയാടി പരി. പിതാവിന് ഒരു സന്ദേശവും സ്വന്ത ചായാപടവും മെത്രാപ്പോലീത്താച്ചൻ കൈവശം കൊടുത്തയച്ചു. അതിന് മറുപടിയായി പരി. പിതാവ് രാജാവിന് നൽകുവാനായി തന്റെ ഒരു ഫോട്ടോ മെത്രാപ്പോലീത്താച്ചൻ കൈവശം കൊടുത്തയക്കുകയും ചെയ്തു

1926 ഒക്ടോബർ മാസത്തിൽ എറണാകുളത്തുവച്ചു നടത്തിയ മിശിഹായുടെ രാജത്വത്തിരുനാളാഘോഷങ്ങൾ ഭംഗിയായി നടത്തിയതിനു തിരുമേനിയെ ഹൃദയംഗമമായി അനുമോദിച്ചും, തദവസരത്തിൽ തനിക്കു വേണ്ടി പ്രാർത്ഥന നടത്തിയതിനു ഹൃദയപൂർവ്വം നന്ദി പ്രദർശിപ്പിച്ചും മഹാരാജാവു തിരുമനസ്സുകൊണ്ടു ദിവാൻ മിസ്റ്റർ ടി. എസ്. നാരായണയ്യർ വഴിയായി മെത്രാപ്പോലീത്താച്ചനു 1926 നവമ്പർ 2-ാംനു- ഒരു സന്ദേശം അയച്ചിട്ടുണ്ട്.

പിന്നീടു ഇപ്പോൾ നാടുവാണരുളുന്ന പൊന്നുതമ്പുരാൻ സിംഹാസനാരോഹണം ചെയ്തപ്പോൾ, പരി. പിതാവു, മഹാരാജാവ് തിരുമനസ്സിലെ അനുമോദിച്ചും, മംഗളം ആശംസിച്ചും ഒരു സന്ദേശം അയച്ചതു്, നമ്മുടെ മെത്രാപ്പോലീത്താച്ചൻ വഴിയാണ്. കിരീടധാരണ മഹോത്സവദിവസമായിരുന്ന 1932 ജൂൺ 1-ാംനു- മൂന്നരമണിക്ക്, മെത്രാപ്പോലീത്താച്ചൻ തിരുമനസ്സുകൊണ്ട് തൃശ്ശൂർ മെത്രാൻ ഒരുമിച്ചു, മഹാരാജാവ് തിരുമനസ്സുകൊണ്ട് സദയം അയച്ചുകൊടുത്ത കാറിൽ എറണാകുളം കൃഷ്ണവിലാസം കൊട്ടാരത്തിലെഴുന്നെള്ളി, പ. പിതാവിന്റെ പ്രതിനിധിയെന്ന നിലയിൽ അവിടുത്തെ അനുമോദനക്കമ്പിസന്ദേശം മഹാരാജാവ് തിരുമനസ്സിലേക്കു സമർപ്പിച്ചു. പ്രസ്തുത കമ്പിസന്ദേശം താഴെ ചേർക്കുന്നു.

Citta Del. Vaticano,
31-13-45.

**His Grace Mgr: Kandathil, Ernakulam.**

Upon the auspicious occassion of the coronation of the New Maharaja of Cochin, His Holiness Pope Pius XI has much pleasure in requesting your grace, to convey to His Highness His hearty congratulation and best wishes for a long peaceful and posperous reign.

**Cardinal Pacelli.**

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



1928-ൽ കൊച്ചി മഹാരാജാവു തിരുമനസ്സിലെ 70-ാമത്തെ ആട്ടത്തിരുനാൾ പ്രമാണിച്ചു തിരുമനസ്സിലെ ആയുരാരോഗ്യത്തിനുവേണ്ടി പ്രത്യേക പ്രാർത്ഥനകൾ നടത്തുന്നതിനായി കൊച്ചിയിലുള്ള അതിരൂപത വക പള്ളികൾക്കെല്ലാം ഒരു കല്പന അയച്ചിട്ടുണ്ട്.

മാത്രമല്ല, കൊച്ചി ഗവൺമെൻറു വകയായ ഡർബാറുകളിലും, അതിഥി സല്ക്കാരങ്ങളിലും മററും ക്ഷണിക്കപ്പെടുന്ന അതിഥികളുടെ കൂട്ടത്തിൽ നമ്മുടെ മെത്രാപ്പോലീത്താച്ചനും ഒട്ടും അപ്രധാനമല്ലാത്ത ഒരു സ്ഥാനം കൊച്ചി ഗവൺമെൻറു നല്കി ബഹുമാനിക്കാറുണ്ട്. നാടുനീങ്ങിയ ജോർജ്ജു ചക്രവർത്തിയുടെ രജതജൂബിലി സംബന്ധമായ കൊച്ചി രാജ്യത്തിലെ പൊതുക്കമ്മററിയുടേയും, കെ-ററാ ഭൂകമ്പഫണ്ടിൻേറയും 'വൈസ് ചെയർമാൻ' ആയി തിരുമേനി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത കമ്മററിയുടെ 'പ്രസിഡണ്ടു'' മഹാരാജാവും 'ചെയർമാൻ' ദിവാനുമായിരുന്നു. ലോർഡ് ഏർവിൻ, ലോർഡ് വില്ലിംങ്ങ്ടൻ എന്നീ വൈസ്രോയിമാർ കൊച്ചി രാജ്യസന്ദർശനം നടത്തിയ അവസരങ്ങളിൽ, നമ്മുടെ മെത്രാപ്പോലീത്താച്ചനു് കൂടിക്കാഴ്ചയ്ക്കു് സന്ദർഭം നല്കിയിട്ടുണ്ട്. കൊച്ചി മഹാരാജാവു് മുതലായ ചുരുക്കം ചിലക്കു മാത്രമേ, ഈ 'വൈസ്രീഗൽ' സന്ദർശനം ലഭിക്കാറുള്ളു എന്നുള്ളതും ഓർക്കേണ്ടതാണ്.

അതിരൂപതയുടെ ഒരംശം സ്ഥിതിചെയ്യുന്ന തിരുവിതാംകൂറിലെ മഹാരാജാവു തിരുമനസ്സിലെ മൈത്രീബന്ധവും തിരുമേനി സമാർജ്ജിച്ചു കൊണ്ടിരിക്കുന്നു. ഇപ്പോൾ നാടുവാണരുളുന്ന തിരുവിതാംകൂർ മഹാരാജാവിൻെറ സിംഹാസനാരോഹണം പ്രമാണിച്ചു് തിരുമേനിയുടെ ഭരണം ശ്രേയസ്കരമായിത്തീരുന്നതിനുവേണ്ടി പ്രത്യേക പ്രാർത്ഥനനടത്തുവാൻ 1931-ൽ തിരുവിതാംകൂറിലുള്ള അതിരൂപതവക പള്ളികൾക്കും ഒരു കല്പന നല്കിയിട്ടുണ്ട്.

ചുരുക്കത്തിൽ, തിരുമേനിയുടെ ശോഭനമായ ഈ ഭരണദശയിൽ സഭയും രാഷ്ട്രവും തമ്മിൽ നിലവിലിരിക്കേണ്ടുന്ന സൌഹാർദ്ദബന്ധത്തെ അതിൻെറ പരമകാഷ്ഠയിൽ എത്തിച്ചിട്ടുണ്ട്.

സ്ഥാനത്യാഗം ചെയ്തു് ഇപ്പോൾ യൂറോപ്പിൽ താമസിക്കുന്ന വരാപ്പുഴ മെത്രാപ്പോലീത്താ ഡോക്ടർ എയിഞ്ചൽ മേരിയുടെ മെത്രാൻ പട്ടാഭിഷേകത്തിൻെറ കാർമ്മികന്മാരിൽ ഒരാൾ തിരുമേനിയായിരുന്നു എന്നുള്ളതും വിസ്മരിക്കത്തക്കതല്ല.

തിരുവനന്തപുരം അതിരൂപത കാനോനിക്കലായി. നിർമ്മിക്കപ്പെട്ടപ്പോൾ, അവിടുന്നു് തിരുവനന്തപുരത്തെഴുന്നെള്ളുകയും, മാർ ഇവാനിയോസ് മെത്രാപ്പോലിത്താ അവിടുത്തെ സന്നിധിയിൽ വിശ്വാസപ്രഖ്യാപനം ചെയ്യുകയും ചെയ്തിട്ടുണ്ട്.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



# ഷഷ്ട്യബ്ദപൂർത്തി.

1934 ആഗസ്റ്റ് 25-ാംനു- നമ്മുടെ കഥാനായകന് അറുപതു വയസ്സു തികഞ്ഞു. ഷഷ്ട്യബ്ദപൂർത്തിസ്മരണ ഭാരതീയരുടെ ഇടയിൽ അതിപ്രധാനമായ ഒന്നാണല്ലോ. പ്രഥമ ഭാരതീയമെത്രാപ്പോലീത്തായുടെ ഷഷ്ട്യബ്ദപൂർത്തി സാഘോഷം കൊണ്ടാടപ്പെടേണ്ടതാണെന്ന് ബലമായ ഒരു പൊതുജനാഭിപ്രായം അക്കാലത്ത് ഉൽഭൂതമായി. തിരുമേനി ആ അഭിപ്രായത്തെ നന്ദിപൂർവ്വം തിരസ്കരിക്കയാണ് ചെയ്തത്. ഒരുവക ആഘോഷവും തൽസംബന്ധമായി നടത്തുവാൻ അവിടന്ന് അനുവദിച്ചില്ല. എന്നാൽ കേരളത്തിലെ പത്രപംക്തികളിൽ ആ സുദിനം വേണ്ടവണ്ണംതന്നെ ഘോഷിച്ചു. ഏതൽക്കാലത്തെ "The Malabar Herald" പത്രത്തിന്റെ ഒരു മുഖപ്രസംഗം തിരുമേനിയുടെ ഷഷ്ട്യബ്ദപൂർത്തിയെ പരാമർശിച്ചായിരുന്നു എന്നുള്ളതു് പ്രത്യേകം പ്രസ്താവ്യയോഗ്യംതന്നെ.

## മെത്രാൻ നാമകരണരജതജൂബിലിയുടെ "തലേനാൾ"

1911 ആഗസ്റ്റ് 20-ാംനു-യാണല്ലോ തിരുമേനിയെ മെത്രാനായി റോമയിൽ വച്ച് നാമകരണം ചെയ്തത്. ആ സുദിനത്തിന്റെ 25-ാംവർഷം പൂർത്തിയാകുന്ന 1936 ആഗസ്റ്റ്മാസത്തിന്റെ "തലേനാൾ" ആയ ജൂലൈ മാസത്തിൽ തിരുമേനിക്ക് മാധുര്യസങ്കലിതമായ ഒരു തിക്തകാസാ പാനം ചെയ്യുവാനായി ദൈവം നൽകുകയുണ്ടായി. തന്റെ വലംകയ്യും വികാരി ജനറാളുമായിരുന്ന റൈററ് റവ. മോൺസിഞ്ഞോർ തോമസ്സ് നെടുംകല്ലേൽ അവർകളുടെ സന്യാസാശ്രമപ്രവേശനമായിരുന്നു അതു്. താൻ തന്നെ സമാരംഭിച്ചതും തനിക്ക് അത്യന്താ പ്രിയപ്പെട്ടതുമായ തോട്ടകം സന്യാസാശ്രമത്തിലേക്കാണ് അദ്ദേഹം പോകുന്നതെന്നുള്ളതു് ഒരുപ്രകാരത്തിൽ സന്തോഷപ്രദമായിരുന്നുവെങ്കിലും, ഈ വേർപാട് വാസ്തവത്തിൽ അവിടുത്തേക്ക് ദുഃഖഹേതുകമായ ഒന്നായിരുന്നു. ദൈവവിളി തടയുന്നതിന്ന് അവിടുന്ന് കേവലം അശക്തനാകയാൽ, വികാരിജനറാളിന്റെ അപേക്ഷയെ അവിടുന്നു അനുവദിക്കുകതന്നെ ചെയ്തു. കൊച്ചി ദിവാൻ സർ. ഷൺമുഖംചെട്ടി അവർകളുടെ അദ്ധ്യക്ഷതയിൽ അഭൂതപൂർവ്വമായ ഒരു യാത്രയയപ്പു നൽകി, ആ അഭിവന്ദ്യസന്യാസിവര്യനെ ബഹുമാനിച്ചാണ് അവിടുന്ന് അയച്ചതു്.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



വി. ജനറാളിന്റെ പ്രസ്തുതയാത്രഅയപ്പിൽ അതിരൂപതയിലെ വൈദികരും അവൈദികരുമായ ഒട്ടനേകംപേർ പങ്കെടുക്കുകയും, വൈദികരുടെ വകയായി ഒരു വിലപിടിച്ച കാപ്പ അദ്ദേഹത്തിനു സമ്മാനിക്കുകയും ചെയ്തു.

“മെത്രാപ്പോലീത്താച്ചൻ തിരുമനസ്സിലേയും അതിരൂപതയിലെ വൈദികരുടേയും അവൈദികരുടേയും പ്രീതിയിലും മനോവിശ്വാസത്തിലും ഇരിക്കുന്ന ഞാൻ ഈ അതിരൂപതയിലെ വി. ജനറാളെന്ന ഉന്നതസ്ഥാനം ഇതുപൊടുന്നനവേ ഉപേക്ഷിച്ചു പിന്മാറുന്നതു് എന്തുകൊണ്ടെന്നു വല്ലവരും ചോദിച്ചേക്കാം. അവരോടെനിക്കു പറയുവാനുള്ള സമാധാനം വി. ബെർണ്ണാദിന്റെ ഈ വാക്യം മാത്രമാണ്. “Nulla nimia securitas ubi periclitatur aeternitas” “നിത്യഭാഗ്യത്തെ നഷ്ടപ്പെടുത്തി കളയാതിരിക്കുവാൻ എത്രതന്നെ സൂക്ഷിച്ചാലും അധികമായിപ്പോയി എന്നുവരികയില്ല.” എന്നിപ്രകാരം അദ്ദേഹത്തിന്റെ മറുപടിപ്രസംഗത്തിൽ പറഞ്ഞതു് ഇവിടെ രേഖപ്പെടുത്താൻ യോഗ്യംതന്നെ.

## പുതിയ വികാരിജനറാൾ.

ഒഴിവു വന്ന പ്രസ്തുത സ്ഥാനം വിനാവിളംബം നികത്തപ്പെട്ടു. അസിസ്റ്റൻറു വികാരി, വികാരി, ഡിസ്റ്റ്റിക്ട് വികാരി, അതിരൂപതവക ഇംഗ്ലീഷ് ഹൈസ്കൂളിന്റെ മാനേജർ എന്നിങ്ങനെ വൈദികസ്ഥാനോചിതങ്ങളായ പല സ്ഥാനങ്ങളിലും പടിപടിയായി ഉയൎന്നു്, സൎവ്വസമ്മതി സമാൎജ്ജിച്ചിരുന്ന എ. പെ. ബ വല്യാറമ്പത്തു ഗീവൎഗ്ഗീസച്ചനാണ്, മെത്രാപ്പോലീത്താച്ചന്റെ മെത്രാൻ പട്ടാഭിഷേക രജതജൂബിലി ആഘോഷങ്ങളുടെ സാരഥ്യം വഹിക്കുവാനോ എന്നുതോന്നുമാറു് ജൂബിലിയുടെ പൂൎവ്വപ്രദോഷത്തിൽ നിയമിതനായ അതിരൂപതയുടെ ദ്വിതീയ വികാരി ജനറാൾ.

## മെത്രാൻ പട്ടാഭിഷേകജൂബിലി ആഘോഷങ്ങൾ സംബന്ധിച്ച ആലോചനകൾ.

ജൂബിലി ആഘോഷിക്കുന്നതിനെപ്പററി ആലോചിക്കുന്നതിനായി, 1936 ഒക്ടോബർ 6-ാംനു- ചൊവ്വാഴ്ച, വികാരി ജനറാൾ റൈററ്

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.marggam.com



മെത്രാപ്പോലീത്താച്ചനും അരമനയിലെ വൈദികർ ആദിയായവരും (1936 ഡിസംബർ 3).

www.TheCMSIndia.org

marggam
Digital Library of Christianity in India
www.marggam.com



റവ. മോൺ: ജോർജ്ജ് വല്യാറമ്പത്തു അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം കൂടി. കൊച്ചി ഗവൎമ്മെൻറു അഡ്വേക്കേററു മി. തോമസ് മാഞ്ഞൂരാൻ ബി. ഏ. ബി. എൽ. ഒരു ചെറുപ്രസംഗത്തോടുകൂടി താഴെക്കാണുന്ന പ്രമേയം അവതരിപ്പിച്ചു.

"നമ്മുടെ അതിവന്ദ്യ മെത്രാപ്പോലീത്താ ഡോക്ടർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമനസ്സിലെ മെത്രാഭിഷേക രജതജൂബിലി കേന്ദ്രസ്ഥാനത്തും ഇടവകകളിലും സാഘോഷം കൊണ്ടാടണമെന്നു ഈ യോഗം അഭിപ്രായപ്പെടുകയും തത്സംബന്ധമായ പ്രവൎത്തനങ്ങൾക്കു റൈററു റവ. മോൺ: ജോർജ്ജ് വല്യാറമ്പത്തു അവർകളുടെ അദ്ധ്യക്ഷതയിൽ 44 പേരടങ്ങിയ ഒരു കമ്മററിയെ നിശ്ചയിക്കുകയും ചെയ്യുന്നു."

പ്രമേയത്തെ പിൻതാങ്ങിക്കൊണ്ടു മി. പിട്ടാപ്പിള്ളിൽ ഉതുപ്പു വൈദ്യൻ ഒരു പ്രസംഗം ചെയ്തു. തദനന്തരം ഗംഭീരമായ ഒരു പ്രസംഗത്തോടുകൂടി മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ എം. എൽ. സി. താഴെപ്പറയുന്ന നിശ്ചയം അവതരിപ്പിക്കുകയുണ്ടായി.

"അതിവന്ദ്യ ദിവ്യശ്രീ കണ്ടത്തിൽ മാർ ആഗുസ്തീനോസ് തിരുമനസ്സിലെ മെത്രാഭിഷേക രജതജൂബിലി ആഘോഷം സംബന്ധിച്ചു എറണാകുളം പട്ടണത്തിൽ ആഡംബരസമന്വിതമായ ഒരു ഘോഷയാത്ര നടത്തേണ്ടതാണെന്നു ഈ യോഗം തീരുമാനിക്കുന്നു." റവ. ഡോക്ടർ ജോസഫ് പഞ്ഞിക്കാരൻ അവർകൾ പ്രമേയത്തെ പിൻതാങ്ങുകയും, അതും സൎവ്വസമ്മതമായി പാസ്സാക്കപ്പെടുകയും ചെയ്തു. അനന്തരം അഞ്ചുമണിയോടുകൂടി യോഗം സമംഗളം പൎയ്യവസാനിച്ചു.

ഉടനെതന്നെ ജൂബിലി കമ്മററിയുടെ ഒരു യോഗം കൂടി. ആഘോഷം സംബന്ധിച്ചു ഉപകമ്മററികളേയും മററും രൂപവല്ക്കരിക്കയുണ്ടായെന്നുള്ളതും പ്രസ്താവ്യമാണ്.

## ജൂബിലി സംബന്ധമായ ഇടയലേഖനം.

ഇതോടുകൂടി തിരുമേനിയുടെ മെത്രാൻപട്ടാഭിഷേകരജതജൂബിലി വരെയുള്ള ജീവചരിത്രത്തിൻെറ ഒരു വശം, അതായതു, അവിടുത്തെ ആത്മീയമക്കളാകുവാൻ ഭാഗ്യമുണ്ടായ നമ്മെപ്രതി, പരമകാരുണ്യവാനായ ദൈവം തിരുമേനിയെ ഏതെല്ലാം വിധത്തിൽ അനുഗ്രഹിച്ചു ഉയൎത്തി എന്നതിൻെറ സംക്ഷിപ്തവിവരണം അവസാനിക്കുന്നു. മറുവശം, അതായതു് ദൈവം തിരുമേനിയുടെ മേൽ വർഷിച്ച അനുഗ്രഹങ്ങൾ എപ്രകാരം അതിരൂപതാംഗങ്ങളാകുന്ന നമുക്കു വിളമ്പിത്തന്നു എന്നതു പുറമേവരു

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

ന്ന എറണാകുളം അതിരൂപതയുടെ ചരിത്രത്തിൽനിന്നു ഗ്രഹിക്കാവുന്നതാണ്. അതിനു മുൻപായി, ജൂബിലി സംബന്ധിച്ചു തിരുമേനി പ്രസിദ്ധീകരിച്ച ഇടയലേഖനം ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ.

ഈ ലേഖനദ്വാരാ അവിടുത്തെ അനിതരസാധാരണമായ ഗുണഗണങ്ങളുടെ മാറററിയാവുന്നതിനുപുറമേ, അവിടുന്നു തന്റെ വാത്സല്യഭാജനങ്ങളായ നമ്മെ എത്രമാത്രം സ്നേഹിക്കുന്നുണ്ടെന്നും, ഏതൊരു നയം സ്വീകരിച്ചുകൊണ്ടാണ് നമ്മെ ഭരിക്കുന്നതെന്നും സമ്യക്കായി മനസ്സിലാക്കാവുന്നതാണ്.




***No 180.***

ദൈവകൃപയാലും

ശ്ലൈഹിക സിംഹാസനത്തിന്റെ മനോഗുണത്താലും

എറണാകുളം മെത്രാപ്പോലീത്തയായ

## നാം,

## കണ്ടത്തിൽ ആഗുസ്തീനോസ്,

**നമ്മുടെ അധികാരത്തിൽപ്പെട്ട പള്ളികളിലെ ബ. വികാരിമാർക്കും**

**അസിസ്തേന്തിമാർക്കും ശേഷം പട്ടക്കാർക്കും കൊവേന്തകളുടെ**

**ബ. ശ്രേഷ്ഠന്മാർക്കും മററു സന്യാസാന്തസ്സുകാർക്കും**

**വിശ്വാസികൾ എവർക്കും നമ്മുടെ കർത്താവായ**

**ഈശോമിശിഹായിൽ സുസ്ഥിരതയും വാഴ്വും**

**പ്രിയ ബ. സഹോദരരെ, വാത്സല്യ മക്കളെ,**

"വരുവിൻ, സന്തോഷപൂർവ്വം നമുക്കു കർത്താവിനെ സ്തുതിക്കാം. . . . ഉപകാരസ്മരണയോടെ നമുക്ക് അവിടുത്തെ സന്നിധിയിൽ ചെല്ലാം." (സങ്കീ. ൯൫. ൧. ൨.) എന്തുകൊണ്ടെന്നാൽ അവിടുന്നു നല്ലവനാകുന്നു; അവിടുത്തെ കരുണ എന്നന്നേയ്ക്കും നിലനില്ക്കുകയും ചെയ്യുന്നു.

(സങ്കീ. ൧൦൦. ൫)

marggam
Digital Library of Christianity in India
www.marggam.com



ദാവീദ്ദീര്‍ഘദര്‍ശി ദൈവനിവേശനത്താല്‍ ഉച്ചരിച്ച ഈ വാക്കുകളാണ് ഇപ്പോള്‍ നമ്മുടെ ഓര്‍മ്മയില്‍ വരുന്നത്. അതേ, നമ്മള്‍ക്കു കര്‍ത്താവിനെ സ്തുതിക്കാം; അവിടുന്നു നമ്മളുടെമേല്‍ വര്‍ഷിച്ചിട്ടുള്ള അനവധി അനുഗ്രഹങ്ങള്‍ക്ക് അവിടുത്തോടു നന്ദിപറയാം; അനന്തനന്മയായ അവിടുത്തെ പക്കല്‍നിന്നും ലഭിച്ചിട്ടുള്ള ദിവ്യദാനങ്ങള്‍ക്കും സഹായങ്ങള്‍ക്കും കൃതജ്ഞതാസ്തോത്രം ചെയ്യാം.

വന്ദ്യ സഹോദരരെ, വാത്സല്യ മക്കളേ, ദൈവം നമ്മള്‍ ഓരോരുത്തര്‍ക്കും നല്‍കിയിട്ടുള്ളതും നല്‍കിക്കൊണ്ടിരിക്കുന്നതുമായ അനുഗ്രഹങ്ങള്‍ എത്രമാത്രമെന്നു വിവരിക്കുക സാധ്യമല്ല. അവിടുത്തെ പ്രത്യേകവിധമായ കൃപാകടാക്ഷം നമ്മളുടെ ജീവിതത്തിലെ ഓരോ ദിവസമെന്നല്ല ഓരോ മണിക്കൂറും ഓരോ നിമിഷവും നമ്മളില്‍ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അവിടുന്നു ബലഹീനരായ നമ്മളെ സദാ പരിപാലിക്കുകയും നിയന്ത്രിക്കുകയും സഹായിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഈ അനുഗ്രഹങ്ങള്‍ക്കും സഹായങ്ങള്‍ക്കും നമ്മള്‍ എപ്പോഴും അവിടുത്തെ സ്തുതിക്കുകയും അവിടുത്തോടു നന്ദി പ്രകടിപ്പിക്കയും ചെയ്യേണ്ടതാണ്.

എന്നാല്‍ ദൈവം നമ്മള്‍ക്കു പ്രദാനം ചെയ്തിട്ടുള്ള അനുഗ്രഹങ്ങള്‍ക്കും സഹായങ്ങള്‍ക്കും വിശേഷവിധിയായി കൃതജ്ഞത പ്രകാശിപ്പിക്കുന്നതിനുള്ള ഒരവസരമിതാ വന്നിരിക്കുന്നു. നാം മെത്രാന്‍പട്ടം സ്വീകരിച്ചതിന്‍െറ ഇരുപത്തഞ്ചാമത്തെ കൊല്ലമാണല്ലോ ഇത്. മെത്രാന്‍പട്ടം സ്വീകരിച്ചിട്ട് ഇരുപത്തഞ്ചുകൊല്ലം പൂര്‍ത്തിയായി കാണുന്നതിനു വളരെ ചുരുക്കം ആളുകള്‍ക്കു മാത്രമേ സാധിച്ചിട്ടുള്ളു. ഇത്ര അസാധാരണമായ ഒരു ഭാഗ്യത്തിനു നമ്മേയും നമ്മുടെ അതിരൂപതയേയും പാത്രമാക്കിത്തീര്‍ത്തതിനു നമ്മള്‍ ഈ അവസരത്തില്‍ സകല നന്മകളുടേയും ഉറവയായ ദൈവത്തെ സ്തുതിക്കയും അവിടുത്തോടു കൃതജ്ഞത പ്രകാശിപ്പിക്കയും ചെയ്യേണ്ടിയിരിക്കുന്നു.

നമ്മുടെ കഴിഞ്ഞ ജീവിതകാലത്തെക്കുറിച്ചു ചിന്തിക്കുമ്പോള്‍ "കര്‍ത്താവെനിക്കു ചെയ്ത ഉപകാരങ്ങള്‍ക്കു ഞാന്‍ എന്തു പ്രതിനന്ദി പ്രദര്‍ശിപ്പിക്കും" എന്നു രാജകീയപ്രവാചകനോടുകൂടി ചോദിക്കുവാന്‍ നാം നിര്‍ബന്ധിതനായിത്തീരുന്നു. അനന്തകാരുണ്യവാനായ ദൈവം നമ്മോടു കാണിച്ചിട്ടുള്ള പക്ഷവും സ്നേഹവും വിസ്മനീയമത്രെ. അവിടുത്തെ കാരുണ്യാതിരേകത്താല്‍ മാത്രമാണ് അയോഗ്യദാസനായ നാം പൌരോഹിത്യത്തിലേയ്ക്കും അനന്തരം മെത്രാന്‍പദത്തിലേയ്ക്കും ഉയര്‍ത്തപ്പെട്ടതു്. നമ്മുടെ ബലഹീനതകളേയും അയോഗ്യതകളേയും അവഗണിച്ചുകൊണ്ടു് അവിടുന്നു നിരവധി അനുഗ്രങ്ങള്‍ നമ്മുടെമേല്‍ വര്‍ഷിച്ചിരിക്കുന്നു. ഈ അ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



നുഗ്രഹങ്ങൾക്കെല്ലാം നിങ്ങളും നമ്മോടൊന്നിച്ചു ദൈവത്തെ സ്തുതിക്കുവിൻ.

പ്രിയ ബ. സഹോദരരെ, വാത്സല്യ മക്കളെ, ദൈവം അനന്ത നന്മയാണെന്നും അവിടത്തെ പക്കൽനിന്നും അനവധി അനുഗ്രഹങ്ങൾ നാം പ്രാപിച്ചിട്ടുണ്ടെന്നും പ്രസ്താവിച്ചല്ലോ. എന്നാൽ ഈ അനുഗ്രഹങ്ങളിൽ പലതും നാം അവയോടു സഹകരിക്കാതിരുന്നിട്ടുമുണ്ട്. ഇങ്ങനെ ദൈവാനുഗ്രഹത്തോടു സഹകരിക്കാത്തതുമൂലം പല വീഴ്ചകളും പോരായ്മകളും തെറ്റുകളും നമ്മിൽ ഉണ്ടായിട്ടുണ്ടെന്നും സമ്മതിക്കേണ്ടിയിരിക്കുന്നു. അതിനാൽ നമ്മിൽനിന്നും വന്നുപോയിട്ടുള്ള ഈ പോരായ്മകൾക്കും വീഴ്ചകൾക്കും തെറ്റുകൾക്കുമെല്ലാം നിങ്ങളും ദൈവത്തോടു നമുക്കുവേണ്ടി മാപ്പപേക്ഷിക്കയും നിങ്ങളുടെ പ്രാർത്ഥനയാലും സ്വയംപരിത്യാഗം ആദിയായ സൽപ്രവൃത്തികളാലും അവയ്ക്കെല്ലാം പരിഹാരം ചെയ്കയും ചെയ്യണമെന്നു നാം അപേക്ഷിക്കുന്നു. കൂടാതെ നിങ്ങളോടു നാം ചെയ്തിട്ടുള്ള കുറ്റങ്ങൾക്കു നാം ഈ അവസരത്തിൽ പരസ്യമായി മാപ്പു ചോദിച്ചുകൊള്ളുന്നു. നാം നിങ്ങളെപ്പോലെയെന്നുതന്നെയല്ല നിങ്ങളെക്കാൾ ഉപരി ബലഹീനനായ ഒരു മനുഷ്യനാണെന്നു നിങ്ങൾ ഓർക്കണം. നമ്മുടെ ബലഹീനതമൂലം അറിഞ്ഞും അറിയാതെയും, വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും, പലപ്പോഴും നിങ്ങളെ സങ്കടപ്പെടുത്തിയിട്ടുണ്ടായിരിക്കണം. പല തവണയും നിങ്ങളുടെ ഹൃദയത്തെ വ്രണപ്പെടുത്തിയിട്ടുണ്ടായിരിക്കണം. പല അവസരങ്ങളിലും നമ്മുടെ പ്രവൃത്തികൾ നിങ്ങൾക്ക് ഇടർച്ചയ്ക്കു കാരണമായിട്ടുണ്ടായിരിക്കണം. ഇവയെല്ലാം ബ. സഹോദരരെ, വാത്സല്യ മക്കളെ, മിശിഹായെപ്രതി നിങ്ങൾ നമ്മോടു ക്ഷമിക്കുവിൻ. ഭാവിയിൽ ഇപ്രകാരമുള്ള കുറ്റങ്ങൾ നമ്മിൽ ഉണ്ടാകാതിരിക്കുന്നതിനു നിങ്ങൾ നമുക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുവിൻ. ഇനി നാം എത്രനാൾ ഈലോകത്തിൽ ജീവിക്കുമെന്നു നമുക്കറിഞ്ഞുകൂടാ. നാം വിചാരിക്കാത്ത സമയത്തായിരിക്കാം ദൈവം നമ്മെ വിളിക്കുന്നത്. ആകയാൽ ഇനി ശേഷിച്ചിരിക്കുന്ന കാലമെങ്കിലും ദൈവവരപ്രസാദത്തോടു പൂർണ്ണമായി സഹകരിച്ചുകൊണ്ടു പുണ്യമായ ഒരു ജീവിതം നയിക്കുന്നതിനും, തന്റെ ആടുകളുടെമേൽ സദാ ജാഗ്രതയും തീക്ഷ്ണതയും ഉള്ള ഒരിടയനെപ്പോലെ വർത്തിച്ചുകൊണ്ടു കടശി ഒരു നല്ല മരണം പ്രാപിക്കുന്നതിനും നിങ്ങൾ നമുക്കുവേണ്ടി ദൈവത്തോടപേക്ഷിക്കുവിൻ

വന്ദ്യ സഹോദരരെ, വാത്സല്യ മക്കളെ, നമ്മുടെ സമാധാനവും സന്തോഷവും നിങ്ങളിൽ ആണു സ്ഥിതിചെയ്യുന്നത്. നമ്മുടെ ഭരണസംബന്ധമായ ജയാപജയങ്ങൾ നിങ്ങളെ ആണ് ആശ്രയിച്ചിരിക്കുന്നത്. അതിനാൽ എല്ലാ കാര്യങ്ങളിലും നിങ്ങൾ ഔദാര്യബുദ്ധിയോടും ത്യാഗസ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ന്ധതയോടുംകൂടി മേലും സഹകരിക്കണമെന്നു നാം അപേക്ഷിക്കുന്നു. നിങ്ങൾ എല്ലാവരും നമ്മോടു സഹകരിക്കുന്നെങ്കിൽ സകല കാൎയ്യങ്ങളും നമുക്കു നിഷ്പ്രയാസം സാധിക്കാവുന്നതാണു്.

നമ്മുടെ ഭരണകാലത്തു വലിയ കാൎയ്യങ്ങൾ ഒന്നുംതന്നെ നാം ചെയ്തിട്ടില്ല. ഗണനീയമായ എന്തെങ്കിലും നമ്മുടെ കാലത്തു നിവൎത്തിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അതിനെല്ലാം നമ്മുടെ അതിവന്ദ്യ പുരോഗാമിയോടാണു നാം കടപ്പെട്ടിരിക്കുന്നതു്. എന്തുകൊണ്ടെന്നാൽ അവിടുന്നാണു് അതിനെല്ലാം അടിത്തറ കെട്ടി പണി ആരംഭിച്ചതു്. നാം അതുകളെ തുടൎന്നുകൊണ്ടു പോകുന്നതിനുള്ള ഒരു ഉപകരണംമാത്രമേ ആയിരുന്നുള്ളു. തുടൎന്നുകൊണ്ടു പോയതുതന്നെയും നിങ്ങളുടെ സഹായസഹകരണങ്ങൾ നിമിത്തമാണുതാനും. ഈദൃശ സഹായസഹകരണങ്ങൾക്കു നാം ഈ സന്ദൎഭത്തിൽ നിങ്ങൾക്കു ഹൃദയപൂൎവ്വം നന്ദിപറഞ്ഞുകൊള്ളുന്നു.

നമ്മുടെ വാഴ്വയുടെ ഇരുപത്തഞ്ചാമത്തെ ഈ അവസരം കഴിയുന്നതും ആത്മീയമായിത്തന്നെ കൊണ്ടാടണമെന്നാണു നമ്മുടെ ആഗ്രഹം. പ്രാൎത്ഥനയുടേയും പരിഹാരത്തിന്റേയും ഉപകാരസ്മരണയുടേയും പ്രകരണങ്ങളാൽ ഈ അവസരത്തിൽ എല്ലാവരും ദൈവത്തെ സ്തുതിക്കുന്നതിനും മഹത്വപ്പെടുത്തുന്നതിനും നാം അതിയായി ആഗ്രഹിക്കുന്നു. അതിനാൽ താഴെപ്പറയുന്നവ എല്ലാ പള്ളികളിലും ശു. കുബ്ബാന വച്ചിട്ടുള്ള സ്ഥാപനങ്ങളിലും നടത്തണമെന്നു നാം നിൎദ്ദേശിക്കുന്നു.

1) അടുത്ത മാസം 3-ാംനു-മുതൽ 6-ാംനു-വരെ സൌകൎയ്യമുള്ള എന്തെങ്കിലും ഒരു ദിവസം പൊതുകുബ്ബാന കൈക്കൊള്ളൽ നടത്തണം. അതിനൊരുക്കമായി ഒരു മുഴുവൻധ്യാനമോ, അതിനു സാധിക്കാത്തപക്ഷം മൂന്നു ദിവസത്തെയെങ്കിലും ഒരു ധ്യാനമോ നടത്തണം. ധ്യാനത്തിന്റെ അവസാനദിവസം കാലത്തു പ. കുബ്ബാന പരസ്യമായി എഴുന്നെള്ളിച്ചു സ്തപസ്സുകുബ്ബാനയോ, അതിനു സൌകൎയ്യപ്പെടാത്തപക്ഷം പാട്ടുകുബ്ബാനയോ ചൊല്ലണം. കൂടാതെ ആ ദിവസം പ. കുബ്ബാനയുടെ പ്രദക്ഷിണവും അതിനുശേഷം "ലാക്കുമാറാ" എന്ന സ്തോത്രഗീതവും പ. കുബ്ബാനയുടെ വാഴ്‌വും നടത്തണം.

2) നാം വാഴ്ചയേററദിവസമായ അടുത്ത ഡിസംബർ മാസം 3-ാംനു- വ്യാഴാഴ്ച ഉച്ചകഴിഞ്ഞു മൂന്നുമണിക്കു പ. കുബ്ബാന പരസ്യമായി എഴുന്നെള്ളിച്ചുവെച്ചു പാപപ്പരിഹാരത്തിനായി തിരുമണിക്കൂർ ആരാധനയും വാഴ്‌വും എല്ലാവരും കൂടി കഴിക്കണം.

3) ഡിസംബർ 3-ാംനു-മുതൽ 6-ാംനു-വരെ സൌകൎയ്യമുള്ള എന്തെങ്കിലും ഒരു ദിവസം നിശ്ചയിച്ചു് അന്നു സാധുക്കളായുള്ളവൎക്കു് 5 രൂ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

പായിൽ കുറയാതെയും 25 ശ്രുപായിൽ കവിയാതെയും ഉള്ള സംഖ്യക്കു കണ്ടി കൊടുക്കണം.

4) ഈ ഇടയലേഖനം കിട്ടിയാൽ ഒരു മാസക്കാലത്തേയ്ക്കു എല്ലാവരും അവരവരുടെ കുർബ്ബാന കൈക്കൊള്ളൽ ആദിയായ സൽപ്രവൃത്തികൾ നമുക്കുവേണ്ടി കാഴ്ചവെയ്ക്കണമെന്നു നാം അതിയായി ആഗ്രഹിക്കുന്നു. പട്ടക്കാർ കുർബ്ബാനയുടെ 2nd intention-നും ഇതിനായി നിയോഗിക്കണമെന്നും നാം താല്പര്യപ്പെടുന്നു.

പ്രിയ ബ. സഹോദരരെ, വാത്സല്യ മക്കളെ, ഇപ്രകാരം ആത്മീയമായവിധത്തിൽ നമ്മൾക്കു ഈ അവസരത്തിൽ ദൈവത്തെ സ്തുതിക്കാം. അവിടുന്നു തന്റെ അനുഗ്രഹങ്ങൾ ബഹുധിയായി നമ്മളുടെമേൽ വർഷിക്കുന്നതിനും നമ്മുടെ അതിരൂപത ഉത്തരോത്തരം അഭിവൃദ്ധിപ്രാപിക്കുന്നതിനുംവേണ്ടി നമ്മൾക്കു അവിടുത്തോടു ഉള്ളഴിഞ്ഞ പ്രാർത്ഥിക്കാം. നമ്മളുടെ സ്നേഹപിതാവായ മിശിഹായുടെ ദിവ്യമാതൃകയും ഉപദേശങ്ങളുമനുസരിച്ചു ജീവിച്ചു കടശി അമൂല്യവും ശാശ്വതവുമായ സ്വർഗ്ഗീയ കിരീടത്തിനു നമ്മൾ എല്ലാവരും യോഗ്യരായിത്തീരട്ടെയെന്നു സർവ്വശക്തനെ പ്രാർത്ഥിച്ചുകൊണ്ടു ബാവായുടേയും ✠ പുത്രന്റേയും ✠ റൂഹാദക്കുദശായുടേയും ✠ നാമത്തിൽ നാം നിങ്ങളെ ആശീർവദിക്കുന്നു.

എന്നു എറണാകുളത്തു നമ്മുടെ അതിമെത്രാസനാരമനയിൽനിന്നു,
൧൯൧൩ നവമ്പർ ൧൨-ാംനു.

എറണാകുളം മെത്രാപ്പോലീത്താ.
[illegible] ✠
[illegible]

marggam
Digital Library of Christianity in India
www.marggam.com



മെത്രാപ്പോലീത്താച്ചന്റെ ശ്രുതപ്പെട്ട രജതജൂബിലിസ്മാരകമായ
കപ്പേളയിൽ സ്ഥാപിച്ചിരിക്കുന്ന
നമ്മുടെ കർത്താവിന്റെയും വി. തോമ്മാശ്ലീഹായുടെയും രൂപങ്ങൾ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

# എറണാകുളം അതിരൂപത.

അതിൻെറ നാല്പതുകൊല്ലത്തെ

# ഒരു സംക്ഷിപ്തചരിത്രം.

(1896—1936)

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



എറണാകുളം വികാരിയാത്തിന്റെ ആരംഭകാലത്തു മാർ ലൂയീസ് മെത്രാനച്ചനും മററു ചില വൈദികരുംകൂടി എടുത്ത ഫോട്ടോ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



# ആമുഖം.

സ്ഥലം, പാരീസ് നഗരത്തിലുള്ള ഒരു ഈശോ സഭാമന്ദിരത്തിലെ ലഘുഭക്ഷണശാല. കാലം, 1896 ഏപ്രിൽ മാസം 9-ാംതീയതി. സായാഹ്നം നാലരമണി സമയം. ചങ്ങനാശേരി വികാരി അപ്പസ്തോലിക്കാ ഡോക്ടർ ലവീഞ്ഞു എസ്. ജെ. തിരുമനസ്സുകൊണ്ടും അദ്ദേഹത്തിന്റെ സെക്രട്ടരി പഴേപറമ്പിൽ പെ. ബ. ളൂയീസച്ചനും, ഒരു ഈശോസഭാംഗവും കൂടിയിരുന്നു കാപ്പി കുടിക്കുകയാണ്. അതിനിടയിൽ, ആ സന്യാസവൈദികൻ മെത്രാനച്ചന്റെ ചെവിയിൽ എന്തോ രഹസ്യമായി സംസാരിച്ചു. അവരുടെ രഹസ്യസല്ലാപത്തിനു കൂടുതൽ സൌകര്യം കൊടുക്കുവാൻ വേണ്ടി സെക്രട്ടരി അച്ചൻ വേഗം കാപ്പി കുടിച്ചശേഷം, അദ്ദേഹത്തിന്റെ മുറിയിലേക്കുപോയി. അരമണിക്കൂർ കഴിഞ്ഞപ്പോൾ, മെത്രാനച്ചൻവന്നു സെക്രട്ടരി അച്ചനെ നടക്കുവാൻ പോകാനായി വിളിച്ചു. അവർ രണ്ടു പേരുംകൂടി തോട്ടത്തിൽ ഉലാത്തുകയാണ്. പ്രസ്തുത രഹസ്യസംസാരത്തിനു മുൻപുവരെ, മെത്രാനച്ചന്റെ മുഖബിംബത്തിൽ കളിയാടിയിരുന്ന പ്രസന്നത, ഇപ്പോൾ അപ്രത്യക്ഷമായിരിക്കുന്നു. തൽസ്ഥാനത്തു, ഒരു വിഷാദകാർമേഘപടലം സ്ഥലം പിടിച്ചിരിക്കുന്നതായി സെക്രട്ടരി അച്ചൻ കാണാതിരിക്കുന്നില്ല.

മലയാളത്തിൽ ഉണ്ടായിട്ടുള്ള ചില സ്ഥിതിഭേദങ്ങളെപ്പററി വല്ല അറിവുണ്ടോ എന്നു സെക്രട്ടരിയോടു ചോദിച്ചുകൊണ്ടു മെത്രാനച്ചൻ തന്റെ മൌനമുദ്രയെ ഭഞ്ജിച്ചു. തനിക്കു യാതോരറിവും ഇല്ലെന്നു സെക്രട്ടരി മറുപടി പറഞ്ഞു. കാപ്പികുടിച്ചുകൊണ്ടിരുന്നപ്പോൾ തന്നോടു സംസാരിച്ച അച്ചൻ റോമിൽനിന്നു വന്നയാളാണെന്നും, മലയാളത്തിൽ നിന്നു ലത്തീൻ മെത്രാന്മാരെ പിൻവലിച്ചു, അവിടെയുള്ള സുറിയാനിക്കാർക്കു ഏതദ്ദേശീയ മെത്രാസനങ്ങൾ നിർമ്മിക്കുവാൻ തിരുസംഘം നിശ്ചയിച്ചു കഴിഞ്ഞതായി അദ്ദേഹം പറഞ്ഞുവെന്നും, മെത്രാനച്ചൻ സെക്രട്ടരിയെ ഗ്രഹിപ്പിച്ചു.

ആ ഈശോ സഭക്കാരൻ പറഞ്ഞതു വാസ്തവമായിരുന്നു. കൃത്യം നാലുമാസം കഴിഞ്ഞപ്പോൾ, അതായതു 1896 ആഗസ്റ്റ് 11-ാംതീയതി, തിരുസംഘത്തിന്റെ പ്രസ്തുത നിശ്ചയം കർമ്മപരിപാടിയിലെത്തി. അന്നു പുണ്യശ്ലോകനും മഹാശയനുമായ 13-ാംലെയോൻ മാർപ്പാപ്പാ, ഒരു പുതിയ വികാരിയാത്തിനെ മലയാളത്തിലെ സുറിയാനിക്കാർക്കായി സൃഷ്ടിച്ചു് അന്നത്തെ കോട്ടയം വികാരിയാത്തിന്റെ വടക്കേഭാഗവും, തൃശ്ശൂർ വികാരിയാത്തിന്റെ തെക്കേഭാഗവും, കൂട്ടിച്ചേർത്തു പുതിയതായി ഉണ്ടാക്കിയ നടുമിസ്സമാണ് ഇന്നത്തെ എറണാകുളം അതിരൂപത. ഈ അതിരൂപതയുടെ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

ഈയാണ്ടിൽ, അതിന്റെ പ്രഥമ മെത്രാപ്പോലീത്താച്ചൻ തിരുമനസ്സിലെ മെത്രാൻ പട്ടാഭിഷേക രജതജൂബിലി വർഷത്തിൽ, നാല്പതു വയസ്സു പൂർത്തിയാകുന്നു (1896—1936). തിരുമേനിയുടെ ജീവചരിത്രം പൂർത്തിയാകണമെങ്കിൽ, അത്യന്തം ശ്രേയസ്കരമായ അവിടത്തെ ഭരണത്തിനു വിധേയമായിരിക്കുന്ന അതിരൂപതയുടെ ഇതപര്യന്തമുള്ള ചരിത്രവും ആവശ്യമാണ്. അതിന് ഒരുമ്പെടുന്നതിനു മുമ്പായി വികാരിയാത്ത്, രൂപത, അതിരൂപത (Vicariate, Diocese, Archdiocese) എന്നിവ എന്താണെന്നു ഗ്രഹിക്കേണ്ടിയിരിക്കുന്നു. കാരണം, എറണാകുളം അതിരൂപത ആരംഭത്തിൽ ഒരു വികാരിയാത്തായിരുന്നു. പിന്നീടാണല്ലോ അതു അതിരൂപതയായത്.

മിശിഹാ സർവ്വലോകസമ്രാട്ടാണു. അവിടുന്നു ഭൂമുഖത്തു സ്ഥാപിച്ച ലോകമഹാസാമ്രാജ്യമാണു കത്തോലിക്കാസഭ. ഈ സാമ്രാജ്യത്തെ പരമാധികാരത്തോടുകൂടി ഭരിക്കുന്നഅവിടുത്തെ പ്രതിപുരുഷൻ അഥവാ വൈസ്രോയി ആണു മാർപ്പാപ്പാ. ഈ ലോകമഹാസാമ്രാജ്യത്തെ അനേകപ്രവിശ്യകളാക്കി (Provinces) വിഭജിച്ചിരിക്കുന്നു. ഈ സംസ്ഥാനങ്ങളെ ഭരിക്കുന്നതിനു പരിശുദ്ധാത്മാവു നിശ്ചയിച്ചിരിക്കുന്നവരും മാർപ്പാപ്പായുടെ വിധേയതയിൽ ഭരണം നടത്തേണ്ടവരുമായ ഭരണാദ്ധ്യക്ഷന്മാർ അഥവാ ഗവർണ്ണർമാരാണു മെത്രാന്മാർ. വിവിധ രൂപങ്ങളിൽ അവസ്ഥാന്തരങ്ങളോടുകൂടിയുള്ള പ്രവിശ്യകളിൽ ചിലതിനെ വികാരിയാത്തെന്നും ചിലതിനെ രൂപതയെന്നും മററു ചിലതിനെ അതിരൂപതയെന്നും വിളിക്കുന്നു.

സ്ഥിരമായ ഭരണാധികാരം കൊടുക്കാതെ തല്ക്കാലത്തേയ്ക്കു വികാരി അപ്പസ്തോലിക്കാമാർ എന്നറിയപ്പെടുന്ന സ്വന്തം പ്രതിനിധികളെ നിയമിച്ചു മാർപ്പാപ്പാ തന്നെ ഭരിക്കുന്ന സഭാസംസ്ഥാനങ്ങളെയാണു വികാരിയാത്തുകളെന്നു നാമകരണം ചെയ്യുന്നത്. സ്ഥിരഭരണാധികാരത്തോടുകൂടി സ്വയം ഭരണാധികാരം ലഭിച്ച മെത്രാന്മാർ ഭരിക്കുന്ന പ്രവിശ്യകളാണു രൂപതകൾ. ഏതാനും രൂപതകളുടെമേൽ അദ്ധ്യക്ഷസ്ഥാനമുള്ള കേന്ദ്രസ്ഥാനത്തെ അതിരൂപതയെന്നും, അതിന്റെ ഭരണനാഥനെ മെത്രാപ്പോലീത്തായെന്നും അഭിസംബോധനം ചെയ്യുന്നു.

രണ്ടാമതായി അറിയേണ്ടത് വികാരിയാത്തെന്നോ രൂപത എന്നോ അതിരൂപതയെന്നോ പറയപ്പെടുന്ന സഭാസാമ്രാജ്യവിഭാഗത്തിനു ലോകത്തിലുള്ള സ്ഥാനമെന്ത്, അഥവാ അതു മനുഷ്യസമുദായത്തിനു വേണ്ടി എന്തു ചെയ്യുന്നു, എന്നാണ്. ദിവ്യരക്ഷകനാൽ വിതയ്ക്കപ്പെട്ട കടുകമണിയിൽ നിന്നു മുളച്ചുവന്നു ലോകത്തെ നിജശാഖോപശാഖകളാൽ സമാവരണം ചെയ്തു മനുജവിഹഗങ്ങൾക്കു വിശ്രമവും ഭാഷണവും നൽകി

marggam
Digital Library of Christianity in India
www.marggam.com



അവയെ പരിപാലിക്കുന്ന ഒരു വൃക്ഷമാണല്ലോ കത്തോലിക്കാസഭ. ഈ ഉപമയുടെ കർത്താവ് ജ്ഞാനസാഗരമായ ആ പരിപാവനമൂർത്തിയത്രെ. അതിനാൽ ഉപമ നിരർത്ഥകമല്ല. കത്തോലിക്കാസഭ മനുഷ്യപ്പറവകൾക്കുള്ള ഏക സങ്കേതസ്ഥാനമാണെന്നു, അതിനെ ശരിയായി പഠിച്ചു മനസ്സിലാക്കിയിട്ടുള്ളവർക്ക് അറിയാം. ഈ മഹാവൃക്ഷത്തിന്റെ ഒരു ശാഖയാണ് രൂപത.

പാരത്രികവും ഭൗതികവുമായ ശ്രേയസ്സ് മനുഷ്യസമുദായത്തിനു നൽകുക എന്ന ഏകോദ്ദേശമാണ് ഒരു രൂപതയ്ക്കുള്ളതു്. "ഒന്നാമതായി നിങ്ങൾ സ്വർഗ്ഗരാജ്യം അന്വേഷിപ്പിൻ" എന്നുള്ള ദിവ്യഗുരുനാഥന്റെ ഉപദേശത്തെ മുൻനിറുത്തി, ദൈവത്തെ ഏകപിതാവായി സ്നേഹിക്കുവാനും ആരാധിക്കുവാനും മനുഷ്യരെ പഠിപ്പിക്കുന്നതാണ് ഒരു രൂപതയുടെ പ്രഥമവും പ്രധാനവുമായ ലാക്ക്. മനുഷ്യരിൽ സാഹോദര്യം നിലനിറുത്തുവാൻ ദൈവത്തിന്റെ പിതൃത്വത്തെ സമ്മതിച്ചേ മതിയാവൂ. ദൈവത്തെ പിതാവായി പരിഗണിക്കുന്നവർ മാത്രമേ ഇതരമനുഷ്യരെ സ്വസഹോദരന്മാരായി ഗണിക്കയുള്ളൂ. അങ്ങിനെ ഒരു രൂപത സർവ്വോപരി ദൈവത്തെ സ്നേഹിക്കുവാനും തദ്വാരാ ആത്മമുക്തി സമ്പാദിക്കുവാനും നിജപ്രജകളായ വിശ്വാസികളോടു ഉപദേശിക്കുന്നതോടുകൂടി മനുഷ്യസമുദായത്തിന്റെ സുസ്ഥിരമായ ശ്രേയസ്സിന് അടിസ്ഥാനമിടുക കൂടിയാണു ചെയ്യുന്നതു്. അതെ, മനുഷ്യരെ ഉത്തമപൌരന്മാരാക്കിത്തീർക്കുവാൻ ലോകമഹാഗുരു സ്ഥാപിച്ച ഈ മഹാസ്ഥാപനത്തിന്റെ അടിസ്ഥാനം ദൈവവിശ്വാസമാണ്. ദേവാലയസ്ഥാപനം കഴിഞ്ഞാൽ ഒരു രൂപതയുടെ അടുത്ത ശ്രദ്ധയെ ആകർഷിക്കുന്നതു് വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിലാണ്. ശരിയായ മനോവികാസം നൽകി മനുഷ്യർതമ്മിൽ നിലവിലിരിക്കേണ്ടുന്ന നിഷ്കളങ്കമായ സന്മാർഗ്ഗതത്വങ്ങൾ അവരെ അഭ്യസിപ്പിക്കുന്നതിനാണല്ലൊ വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതു്. ദൈവവിശ്വാസം, രാജഭക്തി, സമുദായസ്നേഹം, ജീവകാരുണ്യം എന്നിത്യാദി മനുഷ്യസമുദായത്തിന്റെ സമാധാനപരമായ ജീവിതത്തിനു അത്യന്താപേക്ഷിതങ്ങളായ തത്വങ്ങളാണ് കത്തോലിക്കാവിദ്യാലയങ്ങൾ വിദ്യാർത്ഥികളിൽ കുത്തിവയ്ക്കുന്നതു്. അതുകൊണ്ടുതന്നെയാണ് കത്തോലിക്കാരൂപതാംഗങ്ങൾ എല്ലായ്പ്പോഴും രാജഭക്തിയിലും സമുദായസ്നേഹത്തിലും ജീവകാരുണ്യപ്രവൃത്തികളിലും മുന്നണിയിൽത്തന്നെ നില്ക്കുന്നതും. ഈ ലാക്കോടുകൂടിയാണ് കത്തോലിക്കാരൂപതകൾ സംഖ്യയറ്റ ധനം വ്യയംചെയ്തു അനേകം സ്കൂളുകൾ നടത്തിപ്പോരുന്നതു്. പള്ളിക്കൂടം എന്ന വാക്കുതന്നെ പള്ളിയിൽ നിന്നുണ്ടായതാണല്ലോ. ഇപ്രകാരം വിദ്യാലയങ്ങൾ വഴിയായി കത്തോലിക്കാരൂപതകൾ ജനസഞ്ചയത്തിനു നൽകുന്ന സനാതനവും പ്രമാദരഹിതവുമായ സന്മാർഗ്ഗതത്വങ്ങളുടെ അ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ത്ഭുതകരമായ ഔഷധശക്തികൊണ്ടല്ലെങ്കിൽ പിന്നെ എന്തുകൊണ്ടായിരിക്കാം മലീമസവും വിഷമയവുമായ നാരകീയവായു അനുസ്യൂതം ഏററുകൊണ്ടിരുന്നിട്ടും മനുഷ്യസമുദായം ജീർണ്ണീഭവിച്ചു പോകാതിരിക്കുന്നതു്?

ഈ തത്വങ്ങൾ പ്രസംഗിച്ചുകൊണ്ടുമാത്രമല്ല പ്രവർത്തിച്ചുകൊണ്ടും ലോകത്തെ രൂപതകൾ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. കത്തോലിക്കാരൂപതകളുടെ ജീവകാരുണ്യവേലകളെയാണ് ഞാൻ ഇവിടെ ഉദ്ദേശിച്ചിരിക്കുന്നതു്. പള്ളിയും പള്ളിക്കൂടവും സ്ഥാപിച്ചുമാത്രമല്ല, മനുഷ്യൻെറ ശാരീരികത്താവശ്യങ്ങളിലും അവനു സേവനം ചെയ്യുവാൻ ഒരു രൂപത ബദ്ധശ്രദ്ധയായിരിക്കുന്നു. അതു് ഒരു ദേവാലയവും, വിദ്യാലയവും, മാത്രമല്ല, ആതുരശാലയും, അനാഥമന്ദിരവും, സാധുഭവനവുംകൂടിയാണ്. ദിവ്യരക്ഷകനായ അതിൻെറ സ്ഥാപകൻെറ ഹൃദയ, അതിൻെറ ജീവനാഡികളിൽകൂടി പ്രവഹിക്കുന്ന രക്തത്തിൽ ആമൂലാഗ്രം വ്യാപിച്ചിരിക്കുന്നു. സാധുജനസംരക്ഷണം, അഥവാ ആതുരപരിപാലനം എന്താണെന്നു് ലോകത്തെ പ്രവർത്തിച്ചു് പഠിപ്പിച്ചതു കത്തോലിക്കാസഭയാണ്. ദേവാലയങ്ങളും വിദ്യാലയങ്ങളും വർദ്ധിക്കുന്നതോടുകൂടിത്തന്നെ ഒരു രൂപതയിൽ ആതുരശാലകളും, ദീനമന്ദിരങ്ങളും, നിരാധാരസങ്കേതങ്ങളും ക്രമപ്രവൃദ്ധമായി വരുന്നു. കാരണം, മിശിഹാ നട്ടുവളർത്തിയ സഭാതരുവിൻെറ ശാഖകളാണ് രൂപതകളെങ്കിൽ, ആദ്ധ്യാത്മിയം മാത്രമല്ല, ശാരീരികശുശ്രൂഷയുംകൂടി അനുഭവിക്കുന്ന നിരാധാരന്മാരായ മനുജവിഹഗങ്ങൾ തീർച്ചയായും അവയിൽ കൂട്ടുകെട്ടിപ്പാർക്കേണ്ടിയിരിക്കുന്നു. ഏതൊരു കത്തോലിക്കാരൂപതയെ പരിശോധിച്ചാലും ഇതു യഥാർത്ഥമാണെന്നു് ഗ്രഹിക്കുന്നതാണ്.

ഇപ്രകാരം കത്തോലിക്കാവിശ്വാസത്തിൽ സ്ഥിരത പ്രാപിച്ചു്, മെത്രാസനങ്ങളെ അലങ്കരിക്കുവാൻ തക്ക പരിശുദ്ധിയും പാണ്ഡിത്യവും ഉള്ള വൈദികസംഘത്തെ ഉല്പാദിപ്പിച്ചു്, ദേവാലയങ്ങളും വിദ്യാലയങ്ങളും ധർമ്മാലയങ്ങളും സ്ഥാപിച്ചു് സനാതനധർമ്മതത്വങ്ങൾ ജനതതിയിൽ പ്രചരിപ്പിക്കുന്ന ഒരു സമുദായത്തിനാണ് സാധാരണയായി പരി. സിംഹാസനത്തിൽനിന്നു് സജാതീയമെത്രാന്മാരെയും സ്വയം ഭരണവും കല്പിച്ചു് അനുവദിക്കുന്നതു്. ഈ ഭാഗ്യവും മാഹാത്മ്യവും ഭാരതീയരിൽ പ്രഥമതഃ സമാർജ്ജിച്ചതു് കേരളത്തിലെ സുറിയാനിക്കാരായ നാമാണെന്നുള്ളതിൽ ന്യായമായി നമുക്ക് അഭിമാനിക്കാവുന്നതാണ്. *

* "ഇൻഡ്യാ ഒട്ടുക്കുള്ള ഉൽകൃഷ്ടസമുദായങ്ങളുടെ കൂട്ടത്തിൽ ഏററവും ഉയർന്നവരെന്നു പരിഗണിക്കപ്പെട്ടേണ്ടവരായി, പൂർവ്വ ഇൻഡ്യയുടെ ഭലഗാദ്ധ അപ്പസ്തോലിക്കാമാർ ഏകകണ്ഠമായി അഭിപ്രായപ്പെട്ടിരിക്കുന്ന മലയാളസുറിയാനി ക്രിസ്ത്യാനികൾ" എന്നാണ് നമുക്കു വൈദികസ്വയംഭരണം അനുവദിച്ചുതന്ന തിരുവെഴുത്തിൽ പരിശുദ്ധപിതാവു 11-ാംപീയൂസ് തിരുമനസ്സുകൊണ്ടു അരുളിച്ചെയ്തിരിക്കുന്നതു്.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



അനേകവർഷങ്ങളായി സുറിയാനിക്കാരെ വിദേശീയരായിരുന്ന ഭരിച്ചിരുന്നത്. എന്നാൽ നമ്മുടെ പിതാക്കന്മാരുടെ നിരന്തരപ്രാർത്ഥനയുടേയും അനുസ്യൂതമായ പരിശ്രമത്തിന്റേയും ഫലമായി അന്ന് 'Quae rei sacrae' എന്ന തിരുവെഴുത്ത് തൃക്കൈവിളയാടിക്കൊണ്ട് യശശ്ശരീരനായ 13-ാംലെയോൻ മാർപ്പാപ്പാ നമ്മുടെ അസ്ഥിയിൽനിന്നുള്ള അസ്ഥിയും മാംസത്തിൽനിന്നുള്ള മാംസവും രക്തത്തിൽനിന്നുള്ള രക്തവും ആയ വൈദികരിൽനിന്ന് മൂന്നുപേരെ തിരഞ്ഞെടുത്ത് നമ്മുടെ മെത്രാന്മാരായി കല്പിച്ചു നിയമിച്ചു. എന്നാൽ അന്നു അവരെ പരീക്ഷാർത്ഥം വികാരിഅപ്പസ്തോലിക്കാമാർ മാത്രമായിട്ടാണ് നിയമിച്ചത്. ഇതുകൊണ്ടു തൃപ്തരാകാതെ നമ്മുടെ പിതാക്കന്മാർ തങ്ങൾക്ക് സ്വയംഭരണാധികാരം കല്പിച്ച് അനുവദിക്കണമെന്ന്കാണിച്ച് വീണ്ടും വീണ്ടും റോമായോട് അഭ്യർത്ഥിച്ചതനുസരിച്ച് 1923 ഡിസംബർ 21-ാംനു "Romani pontifices" എന്ന തിരുവെഴുത്തുവിളംബരത്താൽ മലയാളസുറിയാനിക്കാർക്ക് ഹയരാർക്കി എന്ന സ്വയംഭരണം ഇപ്പോൾ ഭാഗ്യമോടെ വാഴുന്ന 11-ാംപീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് കല്പിച്ചനുവദിച്ചു. ഈ സുറിയാനി ഹയരാർക്കിയുടെ മെത്രാപ്പോലീത്തൻശ്രേഷ്ഠാധിപത്യം വഹിക്കുന്ന എറണാകുളത്തിന്റെ പ്രഥമ വികാരിഅപ്പസ്തോലിക്കായും, പ്രഥമമെത്രാപ്പോലീത്തായും, വൈദികരും ജനങ്ങളും ഇക്കഴിഞ്ഞ നാല്പതു വർഷത്തിനിടയ്ക്ക് ദൈവത്തിനും സഭയ്ക്കും രാജ്യത്തിനും സമുദായത്തിനും വേണ്ടി, എറണാകുളം വികാരിയാത്തും അതിരൂപതയും വഴിയായി എന്തുചെയ്തുവെന്നാണ് ഇനിയുള്ള ഏതാനും വശങ്ങളിൽ സംക്ഷിപ്തമായി വിവരിക്കുന്നത്. വേറെ വാക്കുകളിൽ പറഞ്ഞാൽ ദൈവാരാധനയ്ക്കു വേണ്ടി അവർ എത്ര ദേവാലയങ്ങൾ സ്ഥാപിച്ചു, യുവജനങ്ങളെ രാജഭക്തിയും സമുദായസ്നേഹവും സന്മാർഗ്ഗബോധവും ഉള്ളവരായ ഉത്തമപൗരന്മാരാക്കിത്തീർക്കുവാൻ എത്ര വിദ്യാലയങ്ങൾ നിർമ്മിച്ചു, സാധുക്കളും നിരാധാരന്മാരും രോഗികളുമായ ഹതഭാഗ്യരെ പരിപാലിക്കുവാൻ എത്ര ധർമ്മസ്ഥാപനങ്ങൾ ഉണ്ടാക്കി, ഏകോദരസഹോദരങ്ങളായ വൈദികരും ജനങ്ങളും പരസ്പരം കൈകോർത്തു പിടിച്ചുകൊണ്ടു തങ്ങളുടെ സഭയുടേയും സമുദായത്തിന്റേയും രാജ്യത്തിന്റേയും അഭ്യുദയത്തിനുവേണ്ടി എങ്ങിനെ വേലചെയ്തു, അവർ ഏപ്രകാരം അന്യോന്യം സഹായിച്ചും സഹകരിച്ചും 'വാഗ്ദത്തസാമ്രാജ്യ'ത്തെ ലാക്കാക്കി ഇഹലോകമരുഭൂമിയിൽക്കൂടി 'നാല്പതു കൊല്ലം' യാത്രചെയ്തു, എന്നെല്ലാമാണ് ഇനി കുറഞ്ഞൊന്നു പ്രതിപാദിക്കാൻ പോകുന്നത്. അഥവാ, പഴേപറമ്പിൽ മാർ ളൂയീസ് മെത്രാനച്ചൻ തിരുമനസ്സുകൊണ്ട് മലയാളസുറിയാനിക്കാർക്കുവേണ്ടി പൊതുവേയും, എറണാകുളം വി

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



കാരിയാത്തിനുവേണ്ടി പ്രത്യേകിച്ചും എന്തുമാത്രം വേല ചെയ്യുകയും കഷ്ടതകൾ സഹിക്കുകയും ധർമ്മസമരം നടത്തുകയും ചെയ്തുവെന്നും, ആ തിരുമേനി ഈ വികാരിയാത്തിനുവേണ്ടി എന്തെല്ലാം തന്റെ പിൻഗാമിയെ ഏല്പിച്ചുവെന്നും, മെത്രാപ്പോലീത്താച്ചൻ തിരുമനസ്സുകൊണ്ട് അവയെ എപ്രകാരം വീണ്ടും വർദ്ധിപ്പിച്ചുവെന്നും, ഇപ്പോൾ അതിരൂപത ഏതു നിലയിൽ ഇരിക്കുന്നുവെന്നും അത്രെ അതിന്റെ ഓരോ വശത്തേയും പ്രത്യേകം എടുത്ത് ചുരുക്കമായി ചൂണ്ടിക്കാണിക്കുവാൻ പോകുന്നത്.

## പ്രഥമ വികാരി അപ്പസ്തോലിക്കായുടെ നാമകരണം

**വ**ഴേപറമ്പിൽ മാർ ളൂയീസ് മെത്രാനച്ചൻ തിരുമനസ്സുകൊണ്ട് ആദ്യമായി പരി. പിതാവിനെ സന്ദർശിച്ചത്, എറണാകുളം വികാരിയാത്തിനെ സംബന്ധിച്ചിടത്തോളം, അതിന്റെ ചരിത്രത്തിൽ പ്രത്യേകം രേഖപ്പെടുത്തേണ്ട ഒരു സംഭവമാണ്. കാരണം, ആ സന്ദർശനവേളയിലാണ്, അദ്ദേഹം എറണാകുളം വി. അപ്പസ്തോലിക്കാ ആയി നാമകരണം ചെയ്യപ്പെട്ടത്. ഈ നാമകരണത്തിനോ എന്നാൽ ഒരു പ്രത്യേകതയുമുണ്ട്. അതായതു, ഒരു മെത്രാന്റെ ആലോചനക്കാരനും സെക്രട്ടരിയുമെന്ന നിലയിൽ പരി. പിതാവിനെ മുഖം കാണിക്കുവാനായി ചെന്ന അവസരത്തിൽ, നിജമെത്രാന്റെ സമക്ഷത്തുവച്ചു മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് അദ്ദേഹത്തെ നേരിട്ടുകണ്ടു മെത്രാനായി നാമകരണം ചെയ്കയാണു ചെയ്തത്. ഈ മഹാഭാഗ്യം കേരളീയ മെത്രാന്മാരിൽ മററു വല്ലവർക്കും ലഭിച്ചിട്ടുണ്ടോ എന്നു സംശയമാണ്. മറെറാരു പ്രകാരത്തിലും, പ്രസ്തുത സന്ദർശനം ശ്രദ്ധേയമാണ്. എന്തെന്നാൽ, മലയാള സുറിയാനിക്കാർക്ക് സ്വജാതീയ മെത്രാന്മാരെ നൽകുവാൻ തക്കവണ്ണം ആ സഭാവൃക്ഷശാഖ വളർച്ച് പ്രാപിച്ചിട്ടുണ്ടോ, ആ ശാഖയിൽ മനുഷ്യപ്പറവകൾ കൂടുകെട്ടിത്താമസിക്കുന്നുണ്ടോ, എന്നു അറിയുന്നതിനായി മിശിഹായുടെ വികാരി അന്വേഷണം ചെയ്യുന്നതായി നാം കാണുന്നു.

തദവസരത്തിൽ പരി. പിതാവു 13-ാംലെയോൻ അദ്ദേഹവുമായി ഒരു ദീർഘ സംഭാഷണം നടത്തി. ആ സംഭാഷണം ആദ്യന്തം അത്യന്തം ശ്രദ്ധേയമായ ഒന്നാകയാൽ ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ.

പരി: പിതാവ്: നിങ്ങൾ ആരാണ്?
ബ: ളൂയീസ് അച്ചൻ: ഞാൻ മെത്രാനച്ചന്റെ സെക്രട്ടരിയാണ്.
പ: പി: നിങ്ങൾ സെക്രട്ടരിയായിട്ടു എത്ര കൊല്ലമായി?

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ബ. ള്ള: ഏകദേശം ഒൻപതു കൊല്ലമായി.

പ. പി: നിങ്ങളുടെ വികാരിയാത്തിലെ എല്ലാ പള്ളികളേയും നിങ്ങൾ അറിയുമോ?

ബ. ള്ള: ഉവ്വ്.

പ. പി: എല്ലാ പള്ളികളേയും നിങ്ങൾ സന്ദർശിച്ചിട്ടുണ്ടോ?

ബ. ള്ള: ഉവ്വ്.

പ. പി: കൊള്ളാം, നിങ്ങൾ ഒൻപതുകൊല്ലം സെക്രട്ടരിയായിരുന്നുവെന്നും, എല്ലാ പള്ളികളേയും വികാരിയാത്തിന്റെ സ്ഥിതിഗതികളേയും പററി നിങ്ങൾക്കു അറിവുണ്ടെന്നും നാം കാണുന്നതിനാൽ, നിങ്ങളെ നാം ഒരു ഉയന്ന സ്ഥാനത്തേക്കു, അതായതു മെത്രാൻ പദത്തിലേക്കു ഉയത്തുന്നതാണ്. മലയാളത്തിലുള്ള നിങ്ങളുടെ ജനങ്ങളുടെ സ്ഥിതിയെന്ത്? അവർ നല്ല ക്രിസ്ത്യാനികളാണോ?

ബ. ള്ള: അതെ.

പ. പി: അവർ ഞായറാഴ്ചകളും കടമുള്ള തിരുനാളുകളും ആചരിക്കുകയും, ആ ദിവസങ്ങളിൽ കൂലിവേലകളിൽനിന്നു വിരമിച്ചിരിക്കുകയും ചെയ്യുന്നുണ്ടോ?

ബ. ള്ള: പള്ളികൾ അധികമുള്ളതായ പട്ടണങ്ങളിൽ ഞായറാഴ്ചകളിലും കടമുള്ള തിരുനാളുകളിലും എല്ലാവരും കുർബാന കാണുന്നുണ്ട്. എന്നാൽ മലംപ്രദേശങ്ങളിൽ, പള്ളികൾ വളരെ ചുരുക്കമെന്നു മാത്രമല്ല വളരെ അകലവുമാകയാൽ, എല്ലാവരുംകൂടി ഒന്നിച്ചു പള്ളിയിൽ പോയാൽ പക്ഷെ വീട്ടിൽ കള്ളൻ കയറുമെന്നു ഭയന്നു, വീടുകാവലിനായി ഒരാളെ നിറുത്തിയിട്ടു ബാക്കിയുള്ളവർ മാത്രമേ പള്ളിയിൽ പോകാറുള്ളു. ഒട്ടുമിക്കവരും കൂലിവേലയിൽനിന്നു ഒഴിഞ്ഞിരിക്കുന്നു. എങ്കിലും ദാരിദ്ര്യം മൂലവും ചില അത്യാവശ്യകാര്യങ്ങൾകൊണ്ടും ചിലപ്പോൾ ജോലി ചെയ്യാറില്ലെന്നില്ല.

പ. പി: രോഗബാധിതരാകുമ്പോൾ അവർ പട്ടക്കാരെ വരുത്തി അന്ത്യക്രൂദാശകൾ കൈക്കൊള്ളുന്നതിനു ഉൽക്കണ്ഠ പ്രദശിപ്പിക്കാറുണ്ടോ?

ബ. ള്ള: ഉവ്വ്. അന്ത്യക്രൂദാശകൾ കൈക്കൊള്ളുവാൻ അവർ ഒരിക്കലും ഒരു വക മടിയോ ഭയമോ പ്രദശിപ്പിക്കാറില്ല. അവസാനനാഴികവരെ നീട്ടിവയ്ക്കാതെ വളരെ നേരത്തേതന്നെ ക്രൂദാശകൾ കൈക്കൊള്ളുന്നതിനു അവർ അത്യന്തം ജാഗ്രതയുള്ളവരാണ്. എങ്കിലും പള്ളികൾ വളരെ അകലെയായിരിക്കുന്ന സംഗതികളിൽ വൈദികർ വന്നുചേരുന്നതിനുമുൻപു ചിലപ്പോൾ രോഗികൾ മരിച്ചുപോകാറുണ്ട്.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



പ. പി: അവർ പെസഹാക്കാലത്തെ കടമകൾ നിറ്വഹിക്കുന്നുണ്ടോ?

ബ. ളൂ: വളരെ ചുരുക്കംപേർ മാത്രമേ വാർഷികപാപോച്ചാരണവും ദിവ്യകാരുണ്യസ്വീകരണവും നടത്താതെയുള്ളു. അതും വിശ്വാസക്കുറവുകൊണ്ടല്ല; മടിമൂലവും ചിലപ്പോൾ അച്ചന്മാരുടെ കുറവുകൊണ്ടുമാണ്.

പ. പി: അവർ പരി. ക. മറിയത്തിന്റെ പ്രിയഭക്തന്മാരാണോ?

ബ. ളൂ: അതെ, പിതാവെ.

പ. പി: എന്തുഭക്തകൃത്യമാണ് അവർ സാധാരണയായി ചെയ്യുന്നതു്?

ബ. ളൂ: മാതാവിന്റെ മിക്ക തിരുനാളുകളിലും ഒട്ടുവളരെപ്പേർ പാപസങ്കീർത്തനം ചെയ്തു പ. കുർബാന ഉൾക്കൊള്ളുന്നു. ചിലർ ശനിയാഴ്ചകളിലും, മററു ചിലർ ഉത്തരീയത്തിന്റെ ദണ്ഡവിമോചനം ലഭിക്കുവാനായി ബുധനാഴ്ചയും മാതാവിന്റെ സ്തുതിക്കായി മാംസവർജ്ജനം ചെയ്യുന്നുണ്ടു്. കൂടാതെ എല്ലാകുടുംബങ്ങളിലും കൊന്തനമസ്കാരം ദിവസവും ജപിക്കുന്നുണ്ടു്.

പ. പി: എല്ലാ ദിവസവും, എല്ലാവരും?

ബ. ളൂ: പ്രഭാതം മുതൽ പ്രദോഷംവരെ വേലചെയ്യുന്ന ചില കുടുംബത്തലവന്മാർ ജോലികഴിഞ്ഞു വരുമ്പോൾ ചില സമയം ക്ഷീണിച്ചു ഉറങ്ങിപ്പോകാറുണ്ടു്. എങ്കിലും ഇതരാംഗങ്ങൾ ജപമാല കൂട്ടമായി ജപിക്കുന്നതിൽ മുടക്കം വരുത്താറില്ല.

പ. പി: വേറെ എന്തു ഭക്താനുഷ്ഠാനങ്ങളാണ് അവർക്കുള്ളതു്?

ബ. ളൂ: മിക്കവരും കർമ്മലോത്തരീയം ധരിക്കുന്നവരാണ്. ജപമാലപ്രാർത്ഥന ചൊല്ലിയശേഷം ഉത്തരീയത്തിന്റെ ദണ്ഡവിമോചനം കിട്ടുവാൻവേണ്ടി ൭. ആ. ൭. ന. ൭. ത്രി. ചൊല്ലുന്നുണ്ടു്. സുശീലകളായ ചില വൃദ്ധകൾ വ്യാകുലമാതാവിനെ സ്തുതിച്ചുകൊണ്ടു ൭. ആ. ൭. ന. ൭. ത്രി ഉഷഃകാലങ്ങളിൽ ചൊല്ലാറുമുണ്ടു്.

പ. പി: പ. ക. മറിയത്തിന്റെ സ്തുതിക്കായി നമ്മൾ ചെയ്യുന്ന ഭക്താനുഷ്ഠാനങ്ങളിൽ പ്രധാനമായതു് അനുദിനജപമാലഭക്തിതന്നെ, സംശയമില്ല. നിങ്ങൾ നാട്ടിൽ മടങ്ങിച്ചെല്ലുമ്പോൾ ജപമാല പ്രാർത്ഥന പ്രതിദിനം നടത്തുവാൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കണം.

തദനന്തരം പ. പിതാവു ഡോക്ടർ ലവീഞ്ഞിനേയും സെക്രട്ടരിയേയും അനുഗ്രഹിച്ചു യാത്രയാക്കി. ഈ സന്ദർശനവും സംഭാഷണവും മലങ്കരസഭാചരിത്രത്തിൽ എത്രത്തോളം പ്രാധാന്യം അർഹിക്കുന്ന സംഭവങ്ങളാണെന്നു പ്രത്യേകം എടുത്തു പറയേണ്ടതില്ലല്ലോ.

മഹാശയനായ 13-ാംലേയോ ന്യായമായ മാർഗ്ഗത്തിൽകൂടി അ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA



മാർ ലൂയീസ് മെത്രാനച്ചൻ, മാർ മത്തായി മെത്രാനച്ചൻ, മാർ യോഹന്നാൻ മെത്രാനച്ചൻ ഈ തിരുമേനിമാർ കാൻഡിയിൽവച്ച് അഭിഷേകം ചെയ്യപ്പെട്ടപ്പോൾ എടുത്ത പടം.

www.marggam.com
www.TheCMSIndia.org

നേപഷിച്ചറിഞ്ഞും നേരിട്ടുകണ്ടും മെത്രാൻ സ്ഥാനത്തിന്ന സർവ്വഥാ യോഗ്യനാണെന്ന നിശ്ചയിച്ച നമ്മുടെ ആ വന്ദ്യപിതാവിൻെറ മുഖത്തു ചേർവാരി എറിയാനും ചിലർ അക്കാലത്തു ഉദ്യമിക്കാതിരുന്നില്ല. അദ്ദേഹം നിജമെത്രാപ്പോലീത്താടയോട്ട കലഹിച്ച ഒരാളാണെന്നും, ആശ്രമനിയമലംഘനം ചെയ്തതിനാൽ സന്ന്യാസാശ്രമത്തിൽനിന്ന ബഹിഷ്കരിക്കപ്പെട്ടവനാണെന്നും, തന്മൂലം മെത്രാൻ ആകുന്നതിന്ന തീരെ അയോഗ്യനാണെന്നും പറഞ്ഞു പേർവച്ച് ഒപ്പിട്ട ഒരു കത്തു അക്കാലത്തു തിരുസംഘത്തിന്ന കിട്ടുകയുണ്ടായി. ഡോക്ടർ ലവീഞ്ഞുതന്നെ ആ കള്ളക്കത്തിൻെറ പൊള്ളത്തരം വെളിവാക്കുകയാൽ ആ വാറോലചവററുകൊട്ടയിൽ നിപതിച്ചു.

## മെത്രാൻപട്ടാഭിഷേകം.

ലവീഞ്ഞുമെത്രാനച്ചൻെറ സെക്രട്ടരിയായി യൂറോപ്പിലേക്കു പുറപ്പെട്ട പഴേപറമ്പിൽ പെ. ബ. ളൂയീസച്ചൻ എറണാകുളം മിസ്സത്തിൻെറ പ്രഥമവികാരിഅപ്പസ്തോലിക്കാ (elect) ആയിട്ടാണ് സ്വദേശത്തു മടങ്ങിഎത്തിയത്. മദ്ധ്യേമാർഗ്ഗം ഏൽത്തുരുത്തു കൊവേന്തയിൽ വന്നപ്പോൾ, അദ്ദേഹത്തെ 1896 ആഗസ്റ്റ് 11-ാംതീയതി എറണാകുളം വികാരിഅപ്പസ്തോലിക്കാആയി നിയമിച്ചിരിക്കുന്നുവെന്നും, കാൻഡിയിൽവച്ചു അഭിഷേകം നടക്കുന്നതാണെന്നും അറിയിക്കുന്നതായഡെലിഗെററു അപ്പസ്തോലിക്കാ തിരുമനസ്സിലെ കത്തുലഭിച്ചു.

1896 ഒക്ടോബർ 25-ാംതീയതി മോൺ. സലേസ്സി തിരുമനസ്സുകൊണ്ടു തീയും എന്ന ദിക്കിൻെറ ആഭിനാമികമെത്രാനായി, അദ്ദേഹത്തെ 50-ാമത്തെ വയസ്സിൽ അഭിഷേകംചെയ്തു. 1896 നവമ്പർ 5-ാംതീയതി എറണാകുളത്തു തിരിച്ചെത്തി, നൂതനമായി നിർമ്മിക്കപ്പെട്ട മിസ്സത്തിൻെറ ഭരണഭാരം ഔദ്യോഗികമായി കയ്യേൽക്കുകയും ചെയ്തു. മാർ ളൂയീസ് മെത്രാനച്ചൻെറ ആദ്ധ്യാത്മീയ മക്കളാകുവാൻ ഭാഗധേയം സിദ്ധിച്ച എറണാകുളം വികാരിയാത്തിലെ ജനങ്ങൾ അത്ഭുതപൂർവ്വമായ ഒരു സ്വീകരണമാണ് അന്ന വികാരിയാത്തിൻെറ തലസ്ഥാനത്തുവച്ചു അവിടത്തേയ്ക്കു നൽകിയത്.

അന്ന തീവണ്ടി ഷൊർണ്ണൂർവരെ മാത്രമേ ഉണ്ടായിരുന്നുള്ളു. അതിനാൽ അവിടെനിന്ന ഒരു വണ്ടിപിടിച്ചു തൃശ്ശൂക്കു പുറപ്പെട്ടു. തൃശ്ശൂർഅരമനയിലും ഏൽത്തുരുത്തു കൊവേന്തയിലും ഓരോ ദിവസം വിശ്രമിച്ചശേഷം, വള്ളംവഴി വടക്കൻപറവൂർ എത്തി. അവിടെനിന്ന മൂന്നാം

margam
Digital Library of Christianity in India
www.marggam.com



ദിവസം എറണാകുളത്തേയ്ക്കു ജലമാർഗ്ഗം എതിരേൽക്കപ്പെടുകയാണുണ്ടായതു്. തിരുമേനി കയറിയിരുന്ന ബോട്ടിനെ 60-ഓളം ഓടിവള്ളങ്ങൾ അകമ്പടിസേവിച്ചു. തങ്ങളുടെ ഇടയനെ സ്വീകരിക്കുന്നതിനായി 65പള്ളികളിലെ പ്രതിനിധികൾ ഉൾപ്പടെ 10000ഓളം വരുന്ന ഒരു വമ്പിച്ച ജനക്കൂട്ടം എറണാകുളത്തു ഹാജരുണ്ടായിരുന്നു. ഉദ്ദേശം 50 പൊൻവെള്ളിക്കുരിശുകൾ പട്ടണപ്രദക്ഷിണത്തിൽ നിരന്നുനിന്നിരുന്നു. അന്നത്തെ എതിരേല്പിൻെറ ഒരു പൂർണ്ണവിവരണം 1896നവമ്പർ 17-ാംതീയതിയിലെ "The Ceylon Catholie Mesenger" എന്ന ഇംഗ്ലീഷ്പത്രത്തിൽ കാണുന്നതാണു്.

## എറണാകുളം വികാരിയാത്തു്.

മേൽപ്രസ്താവിച്ച Quae Rei Sacrae എന്ന തിരുവെഴുത്തു് അനുസരിച്ചു് തൃശ്ശൂർ വികാരിയാത്തിൽ പെട്ടിരുന്ന ചാലക്കുടിപ്പുഴക്കുതെക്കു് ആലുവാപ്പുഴവരെയുള്ള ഭൂവിഭാഗവും, അന്നത്തെ കോട്ടയം വികാരിയാത്തിൽ പെട്ടിരുന്ന ആരക്കുഴ, ഇടപ്പിള്ളി, പള്ളിപ്പുറം എന്നീ ഫോറോനാകളും തെക്കുംഭാഗക്കാരുടെവക കരിങ്കുന്നം ചുങ്കം ബ്രഹ്മമംഗലം എന്നീ മൂന്നുപള്ളികളും കൂട്ടിച്ചേർത്തു് 1896 ആഗസ്റ്റ് 11-ാംനു- എറണാകുളം വികാരിയാത്തു നൂതനമായി സ്ഥാപിതമായി. കോട്ടയം വികാരിയാത്തിൽനിന്നു ലഭിച്ച ആരക്കുഴയും ഇടപ്പള്ളിയും പള്ളിപ്പുറവും നേരത്തേതന്നെ ഫോറോനാപ്പള്ളികളായിരുന്നു. എന്നാൽ തൃശ്ശൂർവികാരിയാത്തിൽ അക്കാലത്തു് ഫൊറോനാവിഭജനം നടപ്പാക്കീട്ടില്ലായിരുന്നതിനാൽ ആ വികാരിയാത്തിൽനിന്നു ലഭിച്ച ഇടവകകളെ കൂട്ടിച്ചേർത്തു് മാർ ളൂയീസ് മെത്രാനച്ചൻ നൂതനമായി അങ്കമാലിയും പറവൂർകൊട്ടയ്ക്കാവും ഫോറോനാകളായി നിശ്ചയിക്കയാണുണ്ടായതു്. തദനന്തരം 1911 ആഗസ്റ്റ് 29-ാം തീയതിയിലെ "Universi Christiani" എന്ന പത്താംപീയൂസ് മാർപ്പാപ്പായുടെ തിരുവെഴുത്തിൻപ്രകാരം തെക്കുംഭാഗക്കാർക്കായി പുതിയ കോട്ടയം വികാരിയാത്തു് സ്ഥാപിക്കപ്പെട്ടപ്പോൾ മുൻപറഞ്ഞ തെക്കുംഭാഗക്കാരുടെ മൂന്നുപള്ളികളും പിന്നീടുണ്ടായ വാരപ്പെട്ടി ഇടവകപ്പള്ളിയും കോട്ടയംവികാരിയാത്തിനു വിട്ടുകൊടുത്തു.

ഇപ്രകാരം അഭിനവമായി സ്ഥാപിക്കപ്പെട്ട റിജ ഭരണത്തിൽ ഏല്പിക്കപ്പെട്ട വികാരിയാത്തിൻെറ അതൃത്തികളും പള്ളികളും കപ്പേളകളും കാണിക്കുന്നതായ ഒരു ഭൂപടം ഉണ്ടാക്കി മാർ ളൂയീസ് മെത്രാനച്ചൻെറ ചിലവിലും നേതൃത്വത്തിലും 1905-ൽ യൂറോപ്പിൽനിന്നു അച്ചടിപ്പിച്ച

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



വരുത്തി എല്ലാ പള്ളികൾക്കും അതിന്റെ ഓരോപ്രതി നൽകുകയുണ്ടാ
യ വിവരം വിസ്തരിക്കത്തക്കതല്ല.

## നിരന്തരമായ ധൎമ്മസമരം, ദാരുണമായ പീഡാനുഭവം, അനിതരസാധാരണമായ വിജയം.

**മാർ** ളൂയീസ് മെത്രാനച്ചന്റെ മാറിടത്തിൽ പതിഞ്ഞ പൊൻ കുരിശു മിശിഹായുടെ മരക്കുരിശിനോളംതന്നെ ഭാരമുള്ള ഒന്നായിരുന്നു വെന്ന് ആ വീരാത്മാവിന്റെ 23കൊല്ലത്തെ വികാരിയാത്തുഭരണത്തെ പരിശോധിച്ചാൽ മനസ്സിലാകുന്നതാണ്. രണ്ടു വികാരിയാത്തുകളുടെ തിരസ്കൃതപ്രായത്തിൽ എത്തുപെടാതെ കിടന്നിരുന്ന രണ്ടറ്റങ്ങൾ കൂട്ടി ച്ചേൎത്തു ഉണ്ടാക്കിയ ഈ നടുമിസ്സത്തിൽ ഒരു ശരിയായ ഭാരണക്രമം ഏൎപ്പെ ടുത്തുവാൻ ആ പൂജ്യദേഹം സഹിച്ച പാടുകൾ അവൎണ്ണനീയങ്ങൾ എന്നേ പറയാനുള്ളൂ. ശത്രുഭയലേശമെന്യെ അജപാലനം ചെയ്യുന്ന ഒരിടയൻ എവിടെ? നാലുവശത്തുംകൂടി ചുററിവളയുന്ന പ്രതിയോഗികളുടെ മദ്ധ്യേ തന്റെ സൂക്ഷത്തിൽ ഏല്പിക്കപ്പെട്ടിരിക്കുന്ന അജപോതങ്ങളെ സംരക്ഷി ക്കുവാൻ ഘോരസമരം ചെയ്യുന്ന മാർ ളൂയീസ് മെത്രാനച്ചൻ എവിടെ? ഇതിനുംപുറമെ തന്റെ മേഷാലയത്തിൽ നിന്നുണ്ടായ ക്ലേശങ്ങളും കഷ്ട തകളുംകൂടി ചേൎന്നാലത്തെ സ്ഥിതിയൊ? 23വൎഷത്തെ ഭരണകാലത്തു് ഒരിക്കലെങ്കിലും അദ്ദേഹത്തിനു പൂൎണ്ണവിശ്രമം ലഭിച്ചിട്ടില്ലെന്നു പറയുന്നതു അതിശയോക്തിയല്ല. ഒരുൽക്കണ്ഠ കഴിയുമ്പോൾ വേറൊരുൽക്കണ്ഠ; ഒരു കുരിശു മാറിക്കഴിയുമ്പോൾ ദുഃഖഭൂയിഷ്ഠയായ വേറൊരു കുരി ശു്. വാസ്തവത്തിൽ അദ്ദേഹം "ഏഴവ്യാകുലങ്ങളിൽ ഒന്നു"മാത്രമല്ലാ; ഏഴുംകൂടി യോജിച്ച ഒരു മഹാവ്യാകുലംതന്നെ! എങ്കിലും അദ്ദേഹം വിജ യപതാക വിയന്മാൎഗ്ഗേണ ഉയൎത്തുകതന്നെചെയ്തു.

എറണാകുളം വികാരിയാത്തിനുവേണ്ടി എന്തെല്ലാം കഷ്ടതകൾ ആ പുണ്യശ്ലോകൻ സഹിച്ചുവെന്നും എത്ര ധൎമ്മപോരാട്ടങ്ങൾ ചെയ്യേ ണ്ടിവന്നുവെന്നും സംക്ഷേപമായിട്ടെങ്കിലും നാം അറിഞ്ഞിരിക്കേണ്ടതാ ണ്. കാരണം, അവയെല്ലാം നമുക്കു് വേണ്ടിമാത്രമായിരുന്നു.

### 1. കൽദായപാത്രീയൎക്കീസിന്റെ മേലധികാരാവകാശവാദം.

മലയാളസുറിയാനിക്കാൎക്കു സ്വദേശമെത്രാന്മാരെ സമ്പാദിക്കുവാൻ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



വേണ്ടി മാർല്ലൂയീസ് മെത്രാനച്ചൻ * ചെയ്ത പ്രയത്നം സഫലമായി. അദ്ദേഹം അല്പമൊന്ന വിരമിച്ച് വിശ്രമിക്കാമെന്ന വച്ചപ്പോൾ ഇതാ വേറൊരു പ്രതിയോഗിയോട നേരിടേണ്ടതായി വന്നിരിക്കുന്നു. മലയാളസുറിയാനിക്രിസ്ത്യാനികൾ തന്റെ ഭരണത്തിന് അധീനരായിരിക്കണമെന്ന് കാണിച്ച് കൽദായപാത്രിയക്കീസ് റോമിനോട നേരത്തെ അവകാശവാദം ചെയ്തിരുന്നു. മെത്രാനച്ചൻ ലവീഞ്ഞുമെത്രാനച്ചന്റെ സെക്രട്ടരിയായി റോമിൽ ചെന്നപ്പോൾ കൽദായപാത്രിയക്കീസിനു കീഴടങ്ങിയിരിക്കുവാൻ മനസ്സുണ്ടോയെന്ന് പ്രൊപ്പഗാന്ത തിരുസംഘത്തിന്റെ ജനറൽ സെക്രട്ടരി ചോദിച്ചതായി തന്റെ റോമായാത്രാ വിവരണത്തിൽ പറയുന്നുണ്ട്. കൽദായപാത്രിയക്കീസിന്റെ കീഴിലിരിക്കുന്നതിന് തങ്ങൾക്ക് ഇഷ്ടമില്ലെന്നും നേരിട്ടു റോമിന് കീഴടങ്ങിയിരിക്കുവാനാണ് തങ്ങളുടെ അതിയായ അഭിലാഷമെന്നും അന്നുതന്നെ അദ്ദേഹം മറുപടിപറഞ്ഞതാണ്. അതുകൊണ്ട് ആ കാര്യം അവസാനിച്ചുവെന്നു കരുതിയാണ് മലയാളത്തിലേക്ക് അദ്ദേഹം മടങ്ങിയത്. പക്ഷേ പാത്രിയക്കീസ് അതുകൊണ്ടൊന്നും അടങ്ങുന്ന കൂട്ടത്തിലല്ലായിരുന്നു. വീണ്ടുംവീണ്ടും മലയാള സുറിയാനിക്രിസ്ത്യാനികളുടെമേൽ മേൽകോയ്മ ലഭിക്കുവാൻ അദ്ദേഹം റോമിനോട അവകാശവാദം ചെയ്തു. ഈവിവരം ഗ്രഹിച്ചമാത്രയിൽ മെത്രാനച്ചൻ സമരരംഗത്തു എത്തി, ശക്തിമത്തായ തന്റെ തൂലികാപ്രയോഗം ആരംഭിച്ചു. 1897-ൽ അവിടുന്ന വിജയകാഹളം മുഴക്കി. ആ ആണ്ടു സെപ്റ്റമ്പർ മാസത്തിൽ, കൽദായപാത്രിയക്കീസ് മലങ്കരസുറിയാനിക്രിസ്ത്യാനികളുടെ മേൽ ആവശ്യപ്പെട്ടിരുന്ന അധികാരത്തെ പാടെ നിഷേധിക്കുകയും അവർ നേരിട്ടു റോമിനു കീഴായിരിക്കുമെന്ന് തിരുസംഘം വിധി പ്രസ്താവിക്കുകയും ചെയ്തു. പിന്നീട് മലയാള സുറിയാനിക്രിസ്ത്യാനികൾക്ക് ഹയരാർക്കി അനുവദിച്ചുകൊടുത്തപ്പോഴും പാത്രിയക്കീസ് മേലധികാരലബ്ധിക്കായി വീണ്ടും പരിശ്രമിച്ചു. പക്ഷെ അതും സഫലമായില്ല. കൽദായപാത്രിയക്കീസുമായുണ്ടായ ഈ ധർമ്മസമരത്തിൽ അദ്ദേഹത്തിന്റെ ഭാഗത്തു കൂടിച്ചേർന്ന് പ്രവർത്തിക്കുവാനും അന്നു മലയാള സുറിയാനിക്രിസ്ത്യാനികളിൽ ചിലർ ഒരുമ്പെടാതിരുന്നില്ല. സ്വസമുദായദ്രോഹപരമായ ഈ നയത്തെ കഠിനമായി ശാസിച്ചുകൊണ്ട് റോമിൽനിന്ന് ഈ കൂട്ടരെ താക്കീതു ചെയ്തിട്ടുണ്ട്. ആ പ്രവൃത്തി, സ്വന്തം രീതിനോടും സമുദായത്തിനോടും മാത്രമല്ല, തിരുസിംഹാസനത്തോടുതന്നെയും ഉള്ള ഒരെതൃപ്പും (Rebellion) നന്ദിഹീനതയും ആണെന്നുകൂടി റോമിൽനിന്നു പ്രസ്താവിച്ചു. പാത്രിയക്കീ

* മാർ ലൂയീസ് മെത്രാനച്ചനോടൊപ്പം ഐക്യസാഫല്യത്തിനായി അന്നു പരിശ്രമിച്ചിട്ടുള്ള ഇതരപിതാക്കന്മാരെയും നന്ദിപൂർവ്വം അനുസ്മരിച്ചുകൊള്ളുന്നു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



സാ എന്നാൽ ഇന്നും തൻെറ അവകാശവാദം തുടൻതന്നെ പോരുന്ന എന്ന കേൾക്കുന്നു!

## 2. അയൽവികാരിയാത്തുകളുമായി ഉണ്ടായ വാദങ്ങൾ.

എറണാകുളം വികാരിയാത്തു നിർമ്മിച്ചപ്പോൾ അതിൻെറ അതൃത്തിയ്ക്കകത്തു തെക്കുംഭാഗക്കാരുടെ മൂന്നു പള്ളികൾ ഉണ്ടായിരുന്നുവെന്നു മുൻപ്രസ്താവിച്ചിട്ടുണ്ടല്ലോ. വികാരിയാത്തുകളെ മൂന്നായി തിരിച്ചപ്പോൾ തെക്കുംഭാഗമെന്നും വടക്കുംഭാഗമെന്നും ഉള്ള വ്യത്യാസങ്ങൾ നോക്കാതെയാണ് വിഭജിച്ചത്. തെക്കുംഭാഗക്കാരുടെ മേൽ പ്രസ്താവിച്ച മൂന്നു പള്ളികൾ കൂടാതെ ബ്രഹ്മമംഗലത്തുള്ള സെമിനാരിയും എറണാകുളം വികാരിയാത്തിൻെറ അതൃത്തിയിൽ പെട്ടിരുന്നു. ഈ സെമിനാരി വിട്ടുകിട്ടണമെന്നു ചങ്ങനാശേരിയിൽനിന്നു വാദിക്കയുണ്ടായി. കൽദായപാത്രിയക്കീസുമായുണ്ടായ വടംപിടുത്തം ഏകദേശം അവസാനിച്ചപ്പോളാണ് ഈ വാദത്തിൽ തലയിടേണ്ടതായി വന്നത്. ഈ തക്കം 1899-ൽ റോമ്മായിലെ തിരുസംഘത്തിൻെറ തീരുമാനത്തോടുകൂടി അവസാനിച്ചു. സെമിനാരിയുടെ ഭരണം എറണാകുളം വികാരിയാത്തിൽതന്നെ ഇരിക്കണമെന്നായിരുന്നു വിധി. 1911-ൽ നവമായി കോട്ടയം വികാരിയാത്തു സ്ഥാപിക്കപ്പെട്ടതുവരെ ഈ സ്ഥാപനം എറണാകുളം വികാരിഅപ്പസ്തോലിക്കായുടെ അധീനത്തിൽ ഇരിക്കയും, അതിനുശേഷം പ്രസ്തുത പള്ളികളോടുകൂടി സെമിനാരി കോട്ടയംമിസ്സത്തിനു വിട്ടുകൊടുക്കുകയും ചെയ്തു.

കൂടാതെ, വികാരിയാത്തുമായിട്ടുള്ള അതൃത്തി സംബന്ധിച്ചും ഒരുവാദം ഉണ്ടായി. എറണാകുളം വികാരിയാത്തു സ്ഥാപിച്ചപ്പോൾ അതിൻെറ വടക്കെ അതൃത്തിയായി നിശ്ചയിച്ചിരുന്നതു ചാലക്കുടിപ്പുഴയായിരുന്നു. ഇപ്പോഴും വടക്കെ അതൃത്തി അതുതന്നെയാണ്. എന്നാൽ ആലുവാപ്പുഴമുതൽ വടക്കോട്ടു തങ്ങൾക്കു കിട്ടണമെന്നു കാണിച്ചു തൃശ്ശൂർ വികരിയാത്തിലുള്ള ചിലർ വാദം പുറപ്പെടുവിക്കുകയും റോമിലേക്കു അപേക്ഷകൾ അയയ്ക്കുകയും ചെയ്തു. മെത്രാനച്ചൻ ഈ കാര്യത്തിലും വേണ്ടതു പ്രവത്തിക്കയും, നമ്മുടെ വികാരിയാത്തിൻെറ ന്യായമായ അവകാശം സംരക്ഷിക്കുകയും ചെയ്തു. 1909-ൽ തത്സംബന്ധമായി റോമായിൽനിന്നുണ്ടായ അവസാനതീരുമാനത്തോടുകൂടി ആ വാദം അവസാനിച്ചു.

ഈ കാലഘട്ടത്തിൽതന്നെ, എറണാകുളം വികാരിയാത്തിലേയും വരാപ്പുഴ അതിരൂപതയിലേയും ചില ഇടവകകൾ തമ്മിൽ റീത്തുസംബന്ധമായ തക്കങ്ങൾ ഉണ്ടായി. ലത്തീൻ ഇടവകകളിൽപെട്ട ചിലർ സു

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



റിയാനിക്കാരാണെന്നു സുറിയാനിക്കാരും, സുറിയാനി ഇടവകകളിൽപെട്ട ചിലർ ലത്തീൻകാരാണെന്നു ലത്തീൻകാരും അന്യോന്യം വാദപ്രതിവാദം നടത്തിയിരുന്നു. ഈ തക്കത്തിനു ഒരു പൎയ്യവസാനം ഉണ്ടാക്കുവാനായി രണ്ടു തിരുമേനിമാരും അവരാൽ ആവുംവണ്ണം പ്രയത്നിച്ചു. ഡലിഗേററു അപ്പസ്തോലിക്കായുടെ അറിവോടുകൂടി, സംശയത്തിനു വിധേയരായ വീട്ടുകാർ ഏതു രീതിയിൽ ഇരുന്നിരുന്നുവോ (Statu quo) ആ രീതിയിൽതന്നെ മേലാലും ഇരുന്നുകൊള്ളത്തക്കവിധം തീരുമാനിക്കുന്നതിനു പ്രസ്തുത ഇടവകകളിലെ വീടുകളുടെ കണക്കെടുത്തും മററും 1914വരെ പരിശ്രമിച്ചുവെങ്കിലും ഏതോ ചില കാരണങ്ങളാൽ യാതൊരു തീരുമാനവും ഉണ്ടാകാതെ പോകുകയാണു ചെയ്തതു്.

### 3. വൈദികസഹായധനം. (Priests' Fund):—

ലവീഞ്ഞുമെത്രാനച്ചൻ ഭരിച്ചിരുന്ന ആദ്യത്തെ കോട്ടയം വികാരിയാത്തിലെ വൈദികരുടെ വകയായി ഒരു ധനനിക്ഷേപപ്രസ്ഥാനമുണ്ടായിരുന്നു. എറണാകുളം വികാരിയാത്തിലേക്കു പിരിഞ്ഞുപോന്ന വൈദികൎക്കു കിട്ടേണ്ടപ്രസ്തുതധനത്തിൻെറ അംശത്തിനായി അക്കാലത്തു ഒരു അവകാശവാദമുണ്ടായെങ്കിലും ഒടുവിൽ നമ്മുടെ മൂന്നു മെത്രാന്മാരും യോജിച്ചു ആ കാൎയ്യം ശുഭമായിപറഞ്ഞു തീൎത്തുകളഞ്ഞു.


### 4. അരമനപ്പണി.

അന്നു മെത്രാനച്ചനു താമസിക്കുവാൻ ഒരു ഭവനം ഇല്ലാതിരുന്നതിനാൽ എറണാകുളം പള്ളിമേടയിലാണു് അവിടുന്നു തൻെറ താൽക്കാലികവാസസ്ഥാനം ഉറപ്പിച്ചതു്. തനിക്കു താമസിക്കുവാൻ ഒരു ഭവനം, അല്ല ഒരു രൂപതയ്ക്കു അവശ്യം ആവശ്യമായ ഒരു പൊതുഭവനം അതെ, ഒരു മെത്രാസന അരമന പണിയുന്ന കാൎയ്യത്തിൽ അ പൂജ്യപാദർ അനുഭവിച്ച കായക്ലേശങ്ങളും മനോവ്യഥകളും അത്യുൽക്കണ്ഠയും അദ്ദേഹത്തിൻെറ പീഡാനുഭവനങ്ങളിലെ ഒരു പ്രധാന രംഗമാണു്.

ആ തിരുമേനി എറണാകുളത്തു കാലുകുത്തിയപ്പോൾ കീശയിൽ ഉണ്ടായിരുന്നതു്, നെപ്പോളിയൻ ചക്രവൎത്തിയുടെ മുഖഛായയുള്ള ഒരു ഫ്രഞ്ചുസ്വൎണ്ണനാണയമായിരുന്നുവത്രെ. ഈ തുട്ടുകാശുംകൊണ്ടാണു് ഈ ബ്രഹ്മാണ്ഡമായ അരമനപണിക്കായി ആ വീരാത്മാവു് രംഗപ്രവേശം ചെയ്തതു്. വാഴ്ച ഏല്ക്കുവാനായി അദ്ദേഹം കാൻഡിയിലേക്കു പോകുവാനുള്ള ഘട്ടമായപ്പോൾ ഒരു പട്ടുക്കുപ്പായം തയ്പിക്കുവാൻ കയ്യിൽ കാശില്ലാഞ്ഞിട്ടു്, പുളിങ്കുന്നിൽ പോയി തൻെറ മാതാപിതാക്കന്മാരോടു അതിനു

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.marggam.com
marggam Digital Library of Christianity in India



എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ അരമന.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



വേണ്ട പണം തരണമെന്ന ചോദിച്ച വാങ്ങിച്ചതായി അദ്ദേഹംതന്നെ എഴുതിയിട്ടുണ്ട്. ചങ്ങനാശേരി അരമനയിൽനിന്ന യാത്രപറഞ്ഞു പിരിഞ്ഞപ്പോൾ, എറണാകുളത്തുവന്നാൽ തനിക്കു ദിവ്യപൂജ സമൎപ്പിക്കുന്നതിനുള്ള തിരുവസ്ത്രങ്ങൾപോലും സ്വന്തമായിട്ട ഉണ്ടായിരിക്കുകയില്ലല്ലോ എന്ന കരുതി ലവീഞ്ഞു മെത്രാനച്ചൻ ഉപയോഗിച്ചിരുന്ന ഏതാനും തിരുവസ്ത്രങ്ങളും മററും എറണാകുളത്തേയ്ക്കു കൊണ്ടുപോന്നിട്ടുണ്ടത്രെ.

പ്രഥമോദ്ദേശം അരമനപണിക്കായി എറണാകുളത്തു ഒരു സ്ഥലം വാങ്ങിക്കുവാനായിരുന്നു. എറണാകുളത്തെ, വികാരിയാത്തിൻെറ തലസ്ഥാനമാക്കുവാൻ അവിടുന്ന തീരുമാനിച്ചത്, ആ സ്ഥലത്തിൻെറ ഏതൽക്കാലശ്രേയസ്സിനെ പരിഗണിച്ചല്ല,—അന്ന എറണാകുളം വലിയ പട്ടണവും മററും ആയിരുന്നില്ല. അദ്ദേഹത്തിൻെറ ദീൎഘദൃഷ്ടി അതിൻെറ ഇപ്പോഴത്തെ ശ്രേയസ്സിനെ ദൎശനം ചെയ്തിരിക്കാം—അതു ഏകദേശം വികാരിയാത്തിൻെറ മദ്ധ്യസ്ഥാനത്തിൽ ആയിരുന്നതുകൊണ്ടാണ്. അക്കാലത്തു എറണാകുളത്തു സുറിയാനിപ്പള്ളിയും അതിൽനിന്ന പിരിഞ്ഞുപോയ സെൻറു ഫ്റാൻസീസ് പള്ളിയും ഉണ്ണിമിശിഹാപ്പള്ളിയും സെൻറു തെരേസാസ് കന്യകാമഠവും അല്ലാതെ വേറെ കത്തോലിക്കാസ്ഥാപനങ്ങൾ ഒന്നുംതന്നെ ഉണ്ടായിരുന്നില്ലത്രേ. അരമനപണിക്കായി ആദ്യം കണ്ടുവച്ചത്, ഇപ്പോൾ സെൻറാൽബട്ട്സ്സ്കൂൾ ഇരിക്കുന്ന സ്ഥലമായിരുന്നുവെന്നാണ് അറിയുന്നത്. എന്നാൽ അതു് കൈവിട്ടു പോയി. അപ്പോഴാണ് തങ്ങൾക്കായി നിൎമ്മിക്കപ്പെട്ട വികാരിയാത്തിനെ പരിശുദ്ധസിംഹാസനത്തിൽനിന്നും എറണാകുളം എന്ന നാമധേയം കൊണ്ട് അലങ്കരിക്കുകയും മെത്രാനച്ചൻ തിരുമനസ്സുകൊണ്ട് എറണാകുളത്തെ തൻെറ തലസ്ഥാനമായി തിരഞ്ഞെടുക്കുകയും ചെയ്തതിൽ തങ്ങൾക്കുള്ള സന്തോഷത്തേയും കൃതജ്ഞതയേയും പ്രകടിപ്പിക്കുവാനായി, അരമന ഇപ്പോൾ സ്ഥിതിചെയ്യുന്ന എറണാകുളം പള്ളി വക പറമ്പു എറണാകുളം പള്ളിക്കാൎയ്യത്തിൽനിന്നുവിട്ടുകൊടുത്തത്. പള്ളിവക പറമ്പ് ഇതിലേയ്ക്ക് ഉപയോഗപ്പെടുത്താൻ നിശ്ചയിച്ചതിൽ വേറൊരു ലാക്കുംകൂടിയുണ്ട്. അതായതു് വല്ല കാരണവശാലും മെത്രാസനത്തെ സംബന്ധിച്ച് എന്തെങ്കിലും വ്യതിയാനങ്ങൾ പിന്നീട് സംഭവിച്ചാലും അരമന കൈവിട്ടുപോകരുത് എന്നതന്നെ. ഈ ആശങ്ക അടിസ്ഥാനരഹിതമല്ലായിരുന്നുവെന്ന് പിന്നിട് വിശദമാകുന്നതാണ്—സുറിയാനിമെത്രാന്മാർ അന്ന കേവലം വികാരിഅപ്പസ്തോലിക്കാമാർ മാത്രമായിരുന്നുവല്ലോ.

പള്ളിയിൽനിന്ന സ്ഥലം സന്തോഷപുരസ്സരം അദ്ദേഹത്തിന് സമ്പ്രദാനിക്കപ്പെട്ടുവെങ്കിലും പാട്ടക്കാരിൽനിന്ന അതു ഒഴിപ്പിച്ചെടുക്കുന്നതിന്

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



അദ്ദേഹത്തിനു വളരെ കഷ്ടനഷ്ടങ്ങൾ സഹിക്കേണ്ടിവന്നിട്ടുണ്ട്. അന്ന് 22½ രൂപാ പാട്ടത്തോടുകൂടി അവിടെ വീടുകൾ വച്ച് സ്ഥിരതാമസം ചെയ്തിരുന്ന പ്രസ്തുത കുടിയാനവന്മാരിൽനനിന്ന് വസ്തു ഒഴിപ്പിച്ചെടുക്കുന്നതിന് നാലായിരത്തിലധികം രൂപാ ചിലവുചെയ്യേണ്ടിവന്നിട്ടുണ്ട്! ഈ സംഖ്യയൊ എന്നാൽ വസ്തുവിൻെറ അന്നത്തെ വിലയിലും വളരെ കൂടുതലാണ്. പാട്ടക്കാൎക്ക് പ്രതിഫലമായി 1740 ക. കൊടുത്താൽ മതിയെന്നായിരുന്നു മദ്ധ്യസ്ഥന്മാരുടെ അഭിപ്രായം. പക്ഷേ പ്രതികൂലസാഹചൎയ്യങ്ങളാൽ നിബ്ബന്ധിക്കപ്പെട്ടിട്ടാണ് ഇത്ര വലിയ ഒരു സംഖ്യ ചിലവുചെയ്യേണ്ടിവന്നത്. അന്നു ഈ വസ്തുവിൽനിന്നു കിട്ടിയിരുന്ന ആദായം 24ക. മാത്രമായിരുന്നു എന്നാണു കേട്ടിട്ടുള്ളത്. ഇതിനും പുറമെ കെട്ടിടത്തിൻെറ പണി കുറെ ആയപ്പോൾ കൂടുതൽ ശക്തിയോടുകൂടിയ പ്രതിഷേധങ്ങളോട് അദ്ദേഹത്തിന് നേരിടേണ്ടിവന്നു. തന്മൂലം എല്ലാം ഉപേക്ഷിച്ച് എറണാകുളത്തുതന്നെ വേറൊരു സ്ഥലം വാങ്ങി അരമന പണിയുവാൻപോലും അദ്ദേഹം ആലോചിക്കാതെയുമിരുന്നില്ലത്രേ. ഏതായാലും ഈ പ്രതിഷേദ്ധ്യങ്ങളും മററും ചുരുക്കംചില വ്യക്തികളിൽനിന്നു മാത്രമായിരുന്നു.

മെത്രാനച്ചൻ നിശ്ചയിച്ചതു് ജനലുകളുടേയും വാതലുകളുടേയും മുകളിലത്തെ വളവുകൾ അൎദ്ധവൃത്താകൃതിയിലും, ഇരുവശങ്ങളിലും രണ്ടു ഗോപുരങ്ങൾ ചതുരാകൃതിയിലും പണിയുവാനായിരുന്നു. എന്നാൽ അന്നുണ്ടായിരുന്ന ചില പ്രധാനികളുടെ അതിയായ അഭിവാഞ്ഛ അനുസരിച്ചാണ് ജനലുകളുടേയും വാതിലുകളുടേയും മുകൾഭാഗം ഇപ്പോഴത്തെ "ഗോത്തിക്ക"രീതിയിലും, ഗോപുരം എട്ടുപട്ടത്തോടുകൂടിയും പണുതതു്. മൂന്നു നിലയോടുകൂടി പണുതിരിക്കുന്ന അരമനയ്ക്കു, നാലുനിലയോടുകൂടിയ രണ്ടു ഗോപുരങ്ങൾ ഇരുവശങ്ങളിലും പണിയണമെന്നാണ് ആദ്യം തീരുമാനിച്ചതു്. എന്നാൽ സ്ഥലത്തിൻെറ ഉറപ്പില്ലായ്മയെ പരിഗണിച്ചു ഗോപുരം മൂന്നു നിലയും കഴിഞ്ഞു അല്പം മാത്രം ഉയൎത്തി പണിയുകയാണ് ചെയ്തതു്. തെക്കേ പറമ്പുകൂടി എടുത്തു വടക്കുവശത്തുള്ളതുപോലെ തന്നെ തെക്കുവശത്തും ഒരു ഗോപുരം മുതലായതു കൂടി പണിയണമെന്നായിരുന്നു ആദ്യത്തെ തീരുമാനം. എന്നാൽ ആ പുരയിടം കിട്ടാഞ്ഞതിനാൽ ഇപ്പോഴത്തെ നിലയിൽതന്നെ നില്ക്കുവാൻ ഇടയായതാണ്.

പണിക്കാൎയ്യത്തേയും മററുംപററി ആലോചിക്കുവാൻ 1896 നവമ്പർ 25-ാംതീയതി വികാരിയാത്തിലെ സൎവ്വഇടവകകളിൽനിന്നും വികാരിയും രണ്ടു ഇടവകപ്രധാനികളും ചേൎന്ന ഒരു പ്രതിനിധിസംഘം എറണാകുളത്തുവന്നു കൂടുകയും, തങ്ങളുടെ സമുദായത്തിൻേറയും റീത്തിൻെറ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



യും എണ്ണത്തിനും വണ്ണത്തിനും യോജിച്ചവിധത്തിൽ ഒരു മെത്രാസന അരമന പണിയണമെന്നും, അതിനുള്ള ചിലവു ഇടവകപ്പള്ളികൾ നിവ്വഹിക്കണമെന്നും ഐകകണ്ഠ്യേന നിശ്ചയിക്കുകയും ചെയ്തു. പണിവകയ്ക്കു എല്ലാ പള്ളികളിൽനിന്നും ഒരു വർഷത്തെ വരുമാനം ആറു തവണയായി കൊടുക്കണമെന്നാണ് അന്നത്തെ മഹായോഗത്തിൽ തീരുമാനിച്ചതെങ്കിലും, നാലു തവണ മാത്രമേ ഇക്കായ്യത്തിലേക്കു പ്രസ്തുത "ആറിലൊന്നു" പിരിക്കുകയുണ്ടായുള്ളു. പള്ളികളിൽനിന്നും വൈദികരിൽനിന്നും പിരിഞ്ഞു കിട്ടിയ സംഖ്യകൾക്കും പുറമേ, എഴുപുന്ന പാറായിത്തരകന്മാരിൽ നിന്നും ഗണ്യമായ ഒരു തുക ലഭിച്ചിട്ടുണ്ടെന്നു അറിയുന്നു. പക്ഷെ, ഇത്രയൊക്കെ ആയിട്ടും കായ്യസാദ്ധ്യത്തിനു പണം പോരാതെയായി വന്നതു്. അതിനാൽ മെത്രാനച്ചൻെറ സ്വാധീനം പ്രയോഗിച്ചു, വിദേശങ്ങളിലെ സ്നേഹിതന്മാരിൽ നിന്നുകൂടിയും സഹായം വാങ്ങിയാണ് പണി നടത്തിയതു്.

1897 സെപ്റ്റംബർ 14-ാംനു- വസ്തു ഒഴിഞ്ഞുകിട്ടി. എറണാകുളം, ചങ്ങനാശേരി, കൊച്ചി എന്നീ മിസ്സങ്ങളിലെ വി. ജനറാളന്മാരുടേയും 75-ൽപരം പട്ടക്കാരുടേയും സാന്നിദ്ധ്യത്തിൽ പ്രസ്തുത കൊല്ലം ഒക്ടോബർ 25-ാംതീയതി മാർ ളൂയീസ് മെത്രാനച്ചൻ അരമനയുടെ ശിലാസ്ഥാപനകമ്മം സാഘോഷം നിവ്വഹിച്ചു; ഡിസംബർ 1-ാംതീയതി പണിയാരംഭിച്ചു. 1898 ജനുവരി 24-ാംതീയതി ആയിരുന്നു "കട്ടിളപ്പൊഴുതു്." കൂടുകയററിയതു്, 1899 ജനുവരി 24-ാംതീയതി ആയിരുന്നു. 1900-ാമാണ്ടു ഏപ്രിൽ 24-ാംതീയതി അരമനയുടെ ആശീവ്വാദകമ്മം നടത്തിയപ്പോൾ, തൃശ്ശൂരെ മേനാച്ചേരി മാർ യോഹന്നാൻ മെത്രാനച്ചനും, ചങ്ങനാശേരിയിലെ മാക്കീൽ മാർ മത്തായി മെത്രാനച്ചനും 115 പട്ടക്കാരും സന്നിഹിതരായിരുന്നു.

അരമനപ്പണിയുടെ പ്രധാനമായ മേലന്വേഷണം വാഴത്തറ ബ. തോമ്മാച്ചനാണ് നടത്തിയതു്. കെട്ടിടത്തിനു 60 കോൽ നീളവും 18 കോൽവീതിയും ഉണ്ടു്. അരമനയുടെ മുൻവശത്തുള്ള രണ്ടു മുദ്രകൾ (Coat of arms) നമ്മെ അനുസ്മരിപ്പിക്കുന്നതെന്താണെന്നു കാണികൾക്കു് എല്ലാവക്കും മനസ്സിലാകുന്നുണ്ടോ എന്നു സംശയമാണ്. മാപ്പാപ്പായുടെ ത്രിമകുടത്തോടും താക്കോലുകളോടുംകൂടി മുകളിൽ കാണുന്ന അണ്ഡാകൃതിയിലുള്ള മുദ്ര 13-ാംലെയോൻ മാപ്പാപ്പായുടേതാണ്. ഇൻഡ്യയിൽ ആദ്യമായി മലയാള സുറിയാനിക്കാക്കു് എതദ്ദേശീയ മെത്രാന്മാരെ കല്പിച്ചു അനുവദിച്ചതന്നെ ആ പരി. പിതാവിൻെറ നേക്കു് മലയാള സുറിയാനിക്കാക്കുണ്ടായിരിക്കേണ്ടുന്ന ശാശ്വതമായ നന്ദിയെ ആ മുദ്ര നിതരാം പ്രകീത്തിച്ചു

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



കൊണ്ടിരിക്കും. അതിനു താഴെ വൃത്താകൃതിയിൽ ഉള്ള മുദ്ര മാർ ലൂയീസ് മെത്രാനച്ചന്റേതു തന്നെയാണ്. ഈ മുദ്രയും, താഴെ ഇരുവശങ്ങളിലായി സുറിയാനിയിലും മലയാളത്തിലും കരിങ്കല്ലിൽകൊത്തി സ്ഥാപിച്ചിരിക്കുന്ന ലിഖിതങ്ങളും, ഈ അരമനയുടെ പണിക്കു വേണ്ടി ആ വന്ദ്യ പിതാവു അനുഭവിച്ചിട്ടുള്ള ബുദ്ധിമുട്ടുകൾ നമ്മെ അനുസ്മരിപ്പിക്കുന്നതോടുകൂടി ആ പുണ്യശ്ലോകന്റെ നേർക്ക് നമുക്കും നമ്മുടെ സന്താനപരമ്പരയ്ക്കും ഉണ്ടായിരിക്കേണ്ടുന്ന അപാരമായ കൃതജ്ഞതയെ പ്രഖ്യാപനം ചെയ്യുന്ന ശാശ്വതസ്മാരകങ്ങളായിരിക്കുകയും ചെയ്യും.

എറണാകുളം പള്ളിക്കാര്യത്തിൽനിന്നും പള്ളി വക പറമ്പ് അരമനക്കായി ദാനം ചെയ്തുവെന്നുള്ളതു് അതിരൂപതാജനങ്ങൾ നന്ദിപൂർവ്വം എന്നും സ്മരിക്കേണ്ടതാണ്. മാർ ലൂയീസ് മെത്രാനച്ചനും പിൻഗാമിയായ നമ്മുടെ മെത്രാപ്പോലിത്താച്ചനും തങ്ങൾക്കുള്ള കൃതജ്ഞതയെ വേണ്ട വിധം പ്രകടിപ്പിച്ചിട്ടുണ്ട്. ആ പള്ളിയിൽനിന്നും "നൂറുക്കു അഞ്ച്," "ആറിലൊന്നു" മുതലായ യാതൊരു വക ഭദ്രാസനഭോഗങ്ങളും ഇതേവരെ വാങ്ങിച്ചിട്ടില്ലാത്തതാകുന്നു. ഇതിനുംപുറമെ മാർ ലൂയീസ് മെത്രാനച്ചൻ പള്ളിമുറിയുടെ ഓടു ഇടുവിച്ചു കൊടുത്തതുകൂടാതെ, ആണ്ടിലൊരിക്കൽ പത്തു പറ അരിവച്ചു ധർമ്മക്കഞ്ഞി വീഴ്ത്തുന്നതിനും, ഒരു റാസയും ഒപ്പീസും ചൊല്ലിക്കുന്നതിനുംവേണ്ടി 1000 ക. കൊടുക്കുക ഉണ്ടായി. മെത്രാപ്പോലീത്താച്ചൻ തിരുമനസ്സുകൊണ്ടു് പള്ളിയുടെ ഇരുവശങ്ങളിലും വെള്ള തേക്കുന്നതിനും പള്ളിയകത്തു ഇഷ്ടിക നിരത്തുന്നതിനും ചിത്രവേല ചെയ്യുന്നതിനും മെത്രാൻസിംഹാസനം പണിയുന്നതിനും മററുമുള്ള ചിലവുകൾ ദാനമായി നിർവ്വഹിച്ചിട്ടുമുണ്ട്.

പണിയുടെ മേലന്വേഷണത്തിന് വേറെ ആളുകളെ നിയമിച്ചിട്ടുണ്ടായിരുന്നെങ്കിലും മെത്രാനച്ചന്റെ സൂക്ഷ്മദൃഷ്ടി സർവ്വകാര്യങ്ങളിലും ചുഴിഞ്ഞു കയറിയിരുന്നു. വാസ്തവത്തിൽ പണിക്കാര്യം അവിടുന്നുതന്നെ നേരിട്ടു നടത്തിയെന്നാണ് പറയേണ്ടതു്. ഇത്ര ബ്രഹ്മാണ്ഡമായ ഈ മണിമന്ദിരം പണിതിട്ട് ഒരൊററക്കൊച്ചുകാശുപോലും പാഴ്ചിലവു ചെയ്യുവാൻ ആ കുശാഗ്രബുദ്ധി ഇടയാക്കിയിട്ടില്ലത്രെ.

അരമനപ്പണിക്കാര്യത്തെ നാം ഒന്നു വിഹഗവീക്ഷണം ചെയ്യുമ്പോൾ, ഏതാനും വ്യക്തികളിൽ നിന്നും ഉണ്ടായ വൈഷമ്യങ്ങളെ മാററിവച്ചാൽ അതിൽ അത്യന്തം ഹൃദ്യവും മനോഹരവുമായ ഒരു സംഗതി നമ്മുടെ ദൃഷ്ടിക്ക് വിഷയീഭവിക്കുന്നതാണ്. അതായതു് മെത്രാനും വൈദികരും ജനങ്ങളും ഒരാത്മാവും ഹൃദയവും ശരീരവുംപോലെ യോജിച്ചു പ്രവർത്തിച്ചതായി കാണുന്നു. മെത്രാന് താമസിക്കാനുള്ള ഒരു ഭവനമായി

മാത്രമല്ല അവർ അതിനെ പരിഗണിച്ചതു്. പ്രത്യുത, അതു അവൎക്കു തങ്ങളുടെസഭയുടേയും സമുദായത്തിന്റെയും പൊതുഭവനവും അഭിമാനസ്ഥാനവുമായിരുന്നു. ഈ സൗഹാൎദ്ദബന്ധം അരമന പണികാൎയ്യത്തിൽ മാത്രമല്ല, അന്നുതൊട്ടിന്നുവരെ രൂപതസംബന്ധമായ സൽകാൎയ്യങ്ങളിലും ക്രമപ്രവൃദ്ധമായിട്ടാണ് വരുന്നതെന്ന് പിന്നാലെബോദ്ധ്യപ്പെടും.

## 5. വികാരിയാത്തു തന്നെയും നിറുത്തിയേക്കുമെന്നുള്ള ഭയം.

അങ്ങനെ അരമനപണി അവസാനിപ്പിച്ച്, അതിൽ വാസം ഉറപ്പിച്ച്, ഭരണം ശാന്തമായും ആപൽഭയം കൂടാതെയും തുടങ്ങാമെന്നു കരുതിയപ്പോഴാണ്, മുൻപ് തരണംചെയ്ത വൈഷമ്യങ്ങളേയെല്ലാം ജയിക്കുന്ന വേറൊരു പുതിയ ആപൽശങ്ക തിരുമേനിയെ അഭിമുഖീകരിച്ചതു്. വലിയൊരു ധൎമ്മസമരം നടത്തി, അതിനൊരു സമ്മാനമെന്ന വിധം പ്രദാനം ചെയ്യപ്പെട്ട എറണാകുളം വികാരിയാത്തു തന്നേയും നിറുത്തലാക്കുവാൻ പോകുന്നുവെന്നുള്ള ഒരു വാൎത്ത മെത്രാനച്ചന്റെ ശ്രവണപുടത്തിൽ എത്തി. വാസ്തവത്തിൽ ഇതു് അടിസ്ഥാനരഹിതമായ ഒരു കിംവദന്തിയും മററുമായിരുന്നില്ല. അനേക കൊല്ലത്തെ നിരന്തരസമരംമൂലം 1896-ാംമാണ്ടു് വിദേശഭരണത്തിൽനിന്നു വിമുക്തരായ മലയാള സുറിയാനിക്കാരെ സ്വാധീനമാക്കുവാൻ വീണ്ടും ചില വിദേശീയർ പരിശ്രമം ചെയ്തിരുന്നു. ഈ പരിശ്രമമായിരുന്നു എറണാകുളം നിറുത്തലാക്കിയേക്കുമെന്നുള്ള വാൎത്തയ്ക്കു കാരണം. യോദ്ധാവ് വീണ്ടും ആയുധമെടുത്തു രംഗത്തിറങ്ങി. തൽഫലമായി എറണാകുളംമിസ്സം നിറുത്തൽചെയ്യുവാൻ വിചാരിച്ചിട്ടില്ലായെന്ന് 1904-ൽ റോമിൽനിന്നു തീരുമാനം ഉണ്ടായി. ഇതിനുംപുറമേ, വികാരിയാത്തു നിറുത്തലാക്കി പൂൎവ്വസ്ഥിതിയിൽ ആക്കണമെന്നു ചിലൎക്കുണ്ടായിരുന്ന വാദം കൂടുതൽ ശക്തി പ്രാപിച്ചുവെങ്കിലും തിരുമനസ്സിലെ എഴുത്തുകുത്തിന്റെ ഫലമായി 1905-ലും അങ്ങിനെ ഒന്നും ചെയ്യുന്നതല്ലായെന്നു റോമിൽനിന്ന് വീണ്ടും കല്പന ഉണ്ടാകുകമാത്രമാണ് ചെയ്തതു്.

## 6. സ്വന്തം അജക്കൂട്ടത്തിൽനിന്നുണ്ടായ പീഡാനുഭവം.

വിദേശാക്രമണഭയം ഒട്ടവസാനിച്ച് അജപാലനത്തിനായി ആ നല്ല ഇടയൻ മേഷാലയത്തിൽ പ്രവേശിച്ചപ്പോൾ, ഇതാ അവിടെ അതിദാരുണമായ ഒരു പീഡാനുഭവമാണ് അവിടുത്തേയ്ക്കു സജ്ജീകരിക്കപ്പെട്ടിരുന്നതു്. കൽദായ പാത്രിയൎക്കീസ് മേലധികാരവാദവുംകൊണ്ടു് വന്നപ്പോൾ, സ്വസമുദായത്തിൽപെട്ട ചിലർ കാലുമാറിയതിനെപ്പററി മുന്നൊ

marggam
Digital Library of Christianity in India
www.marggam.com



രവസരത്തിൽ പ്രസ്താവിച്ചിരുന്നല്ലോ. എന്നാൽ ഇതു് തന്റെ ഇടയനടുത്ത അധികാരത്തോടു് ചുരുക്കം ചിലരിൽനിന്നുണ്ടായ അനുസരണക്കേടായിരുന്നു. ഇതു് മററെല്ലാ വൈഷമ്യങ്ങളേയുംകാൾ കൂടുതൽ മനോപീഡാജനകരവുമായിരുന്നു. കാരണം, പ്രതിയോഗികൾ സ്വന്തം ആദ്ധ്യാത്മിയ മക്കളായിരുന്നുവെന്നതാണ്. ഇതിൽവച്ചു്, തന്റെ ദിവ്യ ഗുരുനാഥനെപ്പോലെ തന്നെ അവിടുന്ന് രാഷ്ട്രീയകോടതിയിൽ ആനയിക്കപ്പെട്ടു അന്യായമായി വിസ്തരിക്കപ്പെടുന്നതിനുപോലും ഇടയായിട്ടുള്ള വസ്തുത ഓക്കുമ്പോൾ, ആ വന്ദ്യ ദേഹം അനുഭവിച്ചിട്ടുള്ള മനോവേദനയുടെ തിക്തകാസാ എത്ര അസഹനീയമായിരുന്നുവെന്നു നമുക്കു ഏതാണ്ടു മനസ്സിലാകുന്നതാണ്. തിരുസഭയുടെ ദിവ്യമായ നിയമങ്ങൾക്കും നടപടികൾക്കും വിരുദ്ധമായി, പള്ളിവക വസ്തുക്കളെ കൈകാര്യം ചെയ്യുകയും, മെത്രാന്റെ അനുമതികൂടാതെ പള്ളിവക പണം ചിലവുചെയ്തു സ്കൂളുകൾ പണിതു് സഭയുടെ വിദ്യാഭ്യാസപരമായ ആദർശങ്ങളേയും താല്പര്യങ്ങളേയും അവഗണിക്കുന്നവരുടെ കൈവശം ഏൽപ്പിച്ചുകൊടുക്കുകയും ചെയ്യുന്ന ചില ഇടവകദുഷ്പ്രമാണികളുടെ അന്യായമായ കയ്യേററത്തെ അനുവദിച്ചുകൊടുക്കുവാനോ കണ്ടില്ലെന്നു വയ്ക്കുവാനോ ഒരു കത്തോലിക്കാമെത്രാന് കഴിയുന്നതെങ്ങിനെ? ദൈവാരാധനയുടെ നടത്തിപ്പിലേക്കായിട്ടുള്ള പള്ളിക്കാര്യങ്ങളേയും പള്ളിവക വസ്തുവകകളെയും മുൻനടത്തുകൾക്കു വിരോധമായി സ്വേച്ഛാനുസാരം കൈകാര്യം ചെയ്യുന്നതു ഒരു കത്തോലിക്കാ സഭാദ്ധ്യക്ഷൻ സമ്മതിക്കയോ? മിശിഹാ സ്ഥാപിച്ച മനോഹരമായ സഭാഭരണക്രമത്തെ ചില വികൃതികൾ തച്ചുടയ്ക്കാൻ ശ്രമിക്കുന്നതു് ഒരു നല്ല ഇടയൻ സഹിക്കയോ? അതെ, ഇതെല്ലാമാണ് തന്റെ മേഷാലയത്തിൽപെട്ട ചുരുക്കം ചിലരിൽനിന്നുണ്ടായ പീഡാനുഭവത്തിന് നിദാനങ്ങൾ. ഗത്യന്തരമില്ലാതെ വന്നപ്പോൾ സഭാസംബന്ധമായ മുടക്കുകൾ കൊണ്ടും അത്തരക്കാരെ ശിക്ഷിക്കുന്നതിനും അദ്ദേഹം നിർബന്ധിതനായിത്തീർന്നിട്ടുണ്ടു്. അവസാനം, അവർ അവരുടെ മാർഗ്ഗഭ്രംശത്തിൽനിന്ന് തിരിഞ്ഞുവരികയും, തിരുമേനി അവരെ അനുഗ്രഹിക്കയും ചെയ്തു.

## 7. സ്ഥലംമാററക്കാര്യം.

ഈ ഘട്ടത്തിലാണ് തിരുമേനിയെ ചങ്ങനാശേരിക്കും, ചങ്ങനാശേരി മെത്രാനച്ചനെ എറണാകുളത്തേയ്ക്കും സ്ഥലംമാററുവാൻ പോകുന്നുവെന്നുള്ള ഒരു വാർത്തയ്ക്കു പ്രചാരം സിദ്ധിച്ചതു്. തിരുമേനിക്കു മാത്രമല്ല, വികാരിയാത്തിലെ ജനങ്ങൾക്കെല്ലാവർക്കും ഈ വർത്തമാനം സങ്കടകരമായ ഒന്നായിരുന്നു. 1915-ൽ ആണ് ഈ സംസാരം ഉണ്ടായതു്.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



എന്നാൽ ആ കൊല്ലത്തിൽതന്നെ പ്രസ്തുത സ്ഥലംമാററക്കാര്യത്തെ പാടെ നിഷേധിച്ചു തിരുസംഘം കല്പനഅയച്ചു; അങ്ങനെ ആ കാര്യ്യവും അവസാനിച്ചു.

ഇതിനിടയ്ക്കും ഇതിൽ പിന്നീടും വേറെയും അനവധി പ്രതിബന്ധങ്ങളേയും ധമ്മസങ്കടങ്ങളേയും അദ്ദേഹത്തിനു അഭിമുഖീകരിക്കേണ്ടിവന്നിട്ടുണ്ട്. എറണാകുളത്തു ഒരു വിദേശീയ മേലദ്ധ്യക്ഷനെ നിയമിക്കാൻ പോകുന്നുവെന്നും മററുമുള്ള കേൾവികളും അദ്ദേഹത്തെ അസ്വസ്ഥനാക്കുവാൻ പര്യ്യാപ്തമായിരുന്നു. ഈദൃശമായ സംഗതികളെ മുൻനിറുത്തിയുമാണല്ലോ, അവിടുന്നു തനിക്കു അനന്തരാവകാശിയായിട്ടു ഒരു സഹായമെത്രാനെ റോമിനോടു ആവശ്യപ്പെട്ടു സമ്പാദിച്ചത്. അതോടുകൂടി വികാരിയാത്തിൻെറ നിലനിൽപ്പിനേയും, സ്വദേശമെത്രാന്മാരുടെ പിന്തുടൎച്ചാവകാശത്തേയുംപററിയുള്ള ഭയം അവസാനിക്കുകയും ചെയ്തു.

അദ്ദേഹം സ്വന്തം വികാരിയാത്തിൻെറ സമാധാനപരമായ ഭരണത്തിനുവേണ്ടി മാത്രമല്ല, സ്വജാതിയിൽപെട്ട അയൽ വികാരിയാത്തുകളിലെ മേലദ്ധ്യക്ഷന്മാൎക്കുണ്ടായിക്കൊണ്ടിരുന്ന ബുദ്ധിമുട്ടുകളേയും കഷ്ടപ്പാടുകളേയുംകൂടി തന്നാലാവുംമട്ടു ലഘൂകരിക്കാൻ പരിശ്രമിച്ചിട്ടുണ്ട്. മാക്കീൽ മാർ മത്തായി മെത്രാനച്ചൻെറ ഭരണകാലത്തു ചങ്ങനാശേരി വികാരിയാത്തിൽ വടക്കുംഭാഗക്കാരും തെക്കുംഭാഗക്കാരും എന്ന വ്യത്യാസംമൂലം ഉണ്ടായ അസ്വസ്ഥതയെ, വടക്കുംഭാഗക്കാൎക്കായി, സുറിയാനിക്കാർ വരാപ്പുഴ മെത്രാപ്പോലീത്തായാൽ ഭരിക്കപ്പെട്ടിരുന്നപ്പോൾ, സുറിയാനിക്കാൎക്കായി ഒരു സഹായ മെത്രാനെ പ്രത്യേകം നിയമിച്ചതുപോലെയും, ലവീഞ്ഞുമെത്രാനച്ചൻെറ ഭരണകാലത്തു വടക്കുംഭാഗക്കാൎക്കും തെക്കുംഭാഗക്കാൎക്കും പ്രത്യേകം വികാരിജനറാളന്മാരെ നിയമിച്ചതുപോലെയും, ഒരു സഹായ മെത്രാനെ നിയമിച്ച് പരിഹരിക്കുന്നതിനു മാർ ലൂയീസ് മെത്രാനച്ചൻ 1907-ൽ പ്രയത്നിച്ചതായി കാണുന്നു.

ഇതിനുംപുറമേ, തെക്കുംഭാഗക്കാൎക്കായി പുതിയ കോട്ടയം വികാരിയാത്ത് വേർതിരിച്ച് മാക്കീൽ മാർ മത്തായി മെത്രാനച്ചനെ ആ വികാരിയാത്തിൻെറ മേലദ്ധ്യക്ഷനായി പരി. സിംഹാസനം നിയമിച്ച കാര്യ്യത്തിലും തിരുമേനി, മററു മെത്രാന്മാരോടൊരുമിച്ചു ഹൃദയപൂൎവ്വം പരിശ്രമിച്ചിട്ടുണ്ട്.

## രൂപതാഭരണം കിട്ടുവാൻവേണ്ടിയുള്ള പരിശ്രമങ്ങൾ.

സ്വാത്ഥലോലുപതത്തിൻെറ കണികപോലും ഇല്ലായിരുന്ന ആ മഹാത്മാവിൻെറ സൎവ്വയത്നങ്ങളുടേയും ഏകോദ്ദേശം തൻെറ ജാതി

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



യുടേയും വികാരിയാത്തിൻേറയും ശ്രേയസ്സ ഒന്ന മാത്രമായിരുന്നു. സുറിയാനിക്കാൎക്ക് രൂപതാഭരണം അനുവദിച്ചുകിട്ടുവാൻ തിരുമേനി തൻെറ ഭരണത്തിൻെറ ആദ്യന്തം അവിശ്രമപരിശ്രമം ചെയ്തിരുന്നു. ഹയരാക്കിക്കുവേണ്ടി റോമിനോട്ട അവകാശവാദം ചെയ്തതിൽ മലയാള സുറിയാനിക്കാരുടെ നേതൃത്വം വഹിച്ചതു അദ്ദേഹമായിരുന്നുവെന്ന് പറയുന്നതിൽ അതിശയോക്തിയില്ല തന്നെ. ഒന്നോ രണ്ടോ അപേക്ഷകളല്ല, സംഖ്യയില്ലാത്ത അഭ്യൎത്ഥനകളാണ് തനിച്ചും, തൻെറ വികാരിയാത്തിലെ വൈദികരെക്കൊണ്ടും മററും കൂട്ടമായും, റോമിലേക്ക അയച്ചുകൊണ്ടിരുന്നതു്. ഒന്നോ രണ്ടോ കൊല്ലത്തേയ്ക്കല്ല, 23 വർഷത്തോളമാണ് അവിടുന്ന പരി. സിംഹാസനത്തോട്ട കാൎയ്യകാരണസഹിതം സ്വയംഭരണാധികാരത്തിനായി വാദം ചെയ്തതു്. പത്താംപീയൂസ് മാൎപ്പാപ്പായുടെ പ്രൈവററു ചാപ്ലയിൻ ആയിരുന്ന മോൺ: ബ്രെസ്സാൻ, തിരുമേനിയുടെ ഒരുററ ബന്ധുവായിരുന്നതിനാൽ, അദ്ദേഹം വഴിയായി നമ്മുടെ കാൎയ്യങ്ങൾ വേണ്ടവിധം തിരുസിംഹാസനത്തെ ഗ്രഹിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇത്രയെല്ലാം ചെയ്തിട്ടു് പിന്നീടുള്ള കഥയോ? സ്വപ്രയത്നത്തിൻെറ സമ്മാനം വാങ്ങിക്കാൻ ആ ത്യാഗമൂൎത്തി ഒട്ടു് നിന്നതുമില്ല. സമ്മാനം വാങ്ങുന്നതിനായി തൻെറ അനന്തരഗാമിയെ നിയോഗിച്ചിട്ട ദിവംഗതനാകുകയാണ് ചെയ്തതു്. എറണാകുളം അതിരൂപതക്കാർ മാത്രമല്ല, മലയാള സുറിയാനിക്കാർ മൊത്തത്തിൽ, തങ്ങൾക്കുവേണ്ടി ഇടത്തും വലത്തും അകത്തും പുറത്തും ധൎമ്മസമരം നടത്തിവീരവിജയം നേടിയ ആ പിതാവിനെ ആചന്ദ്രതാരം പ്രകീൎത്തിക്കേണ്ടതാണ്.

## എറണാകുളം വികാരിയാത്തു് അതിരൂപതയായി.

ഏതൊരു പുണ്യശ്ലോകൻ ഹയരാക്കിയെന്ന വൈദിക സ്വയംഭരണാധികാരത്തിനായി അധികം പ്രയത്നിച്ചുവോ, ആ മാർ ളൂയീസ് മെത്രാനച്ചൻെറ തൃപ്പാദങ്ങളാൽ മുദ്രിതമായ എറണാകുളം നട്ടമിസ്സും തന്നെ വിനാവിളംബം, അതേ ആ തിരുമേനി ദിവംഗതനായിട്ട നാലാംവർഷം, മലയാള സുറിയാനി ഹയരാക്കിയുടെ തലസ്ഥാനമായ അതിരൂപതയാക്കി ഉയൎത്തപ്പെട്ടു. 1923 ഡിസമ്പർ 21-ാംതീയതിയിലത്തെ "Romani Pontifices" എന്ന തിരുവെഴുത്തു 1924 നവമ്പർ 16-ാംതീയതി, അതിനായി പ്രത്യേകം നിയുക്തനായിരുന്ന അ. ഉ. വിസിററർ അപ്പസ്തോലിക്കാ മോൺ: ലെപ്പീസിയെ ഒ. എസ്. എം. തിരുമനസ്സുകൊണ്ടു എറണാ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



കളത്തു തുറമുഖമാതാവിൻെറ പള്ളിയിൽ എഴുന്നെള്ളി പ്രസിദ്ധപ്പെടുത്തുകയും, മാർ ളൂയീസ് മെത്രാനച്ചൻ തൻെറ ജീവിതകാലത്തുതന്നെ തൻെറ ദീർഘദൃഷ്ടിമൂലം ഏതൊരു മഹാത്മാവിനെ അതിനായി പ്രത്യേകം തയ്യാറാക്കി നിറുത്തിയിരുന്നുവോ, ആ മഹാവന്ദ്യ ദിവ്യശ്രീമാനായ കണ്ടത്തിൽ മാർ ആഗുസ്തീനോസ് തിരുമേനിയെ ആർച്ചുബിഷോപ്പു മെത്രാപ്പോലീത്തായായി പാലിയം എന്ന സ്ഥാനവസ്ത്രം അണിയിക്കുകയും ചെയ്തു. അന്ന് ചങ്ങനാശേരി, തൃശ്ശൂർ, കോട്ടയം എന്നീ രൂപതകൾ എറണാകുളം അതിരൂപതയുടെ സാമന്തരൂപതകളുമാക്കി പ്രഖ്യാപനം ചെയ്യപ്പെട്ടു. തത്സംബന്ധമായ സംഭവങ്ങളെപററി ഒന്നാം ഭാഗത്തിൽ പ്രസ്താവിച്ചിട്ടിനാൽ ആ ഭാഗം ഇവിടെ വിട്ടുകൊള്ളുന്നു.

ചങ്ങനാശേരി രൂപതയുമായുള്ള അതിരൂപതയുടെ തെക്കേ അതിർത്തി നിർണ്ണയിക്കപ്പെടാതെ കിടന്നിരുന്നതുകൊണ്ടു് 1913 മുതൽ ചില വിഷമങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. ഈ സംഗതിയെക്കുറിച്ചു മാർ ളൂയീസ് മെത്രാനച്ചനും മെത്രാപ്പോലീത്താച്ചനും നടത്തിയ എഴുത്തുകുത്തുകളുടെ ഫലമായി 1934 ജൂലൈ 20-ാംതീയതി അതിർത്തി നിർണ്ണയിച്ചു തിരുസിംഹാസനത്തിൽനിന്നുണ്ടായ കല്പനമൂലം പ്രസ്തുത വിമ്മിട്ടങ്ങൾ പരിഹരിക്കപ്പെട്ടു.

## വികാരിജനറാളന്മാരും ആലോചനാംഗങ്ങളും.

വികാരിയാത്തിൻെറ ഭരണക്രമനിർമ്മാണത്തിന് മാർ ളൂയീസ് മെത്രാനച്ചനു ഒന്നാമതായി ആവശ്യമുണ്ടായിരുന്നതു ഒരു വികാരിജനറാളിനെയായിരുന്നു. വികാരിയാത്തിൻെറ പ്രഥമ വികാരിജനറാളായി പെ'. ബ. ജോസഫ് വളമംഗലം അവർകളെ നിയമിച്ചു. 1897 ഡിസംബർ 27-ാംനു- ഇദ്ദേഹത്തിന് "Domestic Prelate" എന്ന സ്ഥാനം മെത്രാനച്ചൻ പരിശുദ്ധ സിംഹാസനത്തിൽനിന്ന് വാങ്ങിക്കൊടുത്തിട്ടുണ്ടു്. മെത്രാനച്ചൻ 1905-ൽ റോമിൽ പോയപ്പോൾ ഇദ്ദേഹം അഡ്മിനിസ്റ്ററേറററായിരുന്നുകൊണ്ടു വികാരിയാത്തിനെ ഭരിക്കയുണ്ടായി. പുണ്യശ്ലോകനായ ഇദ്ദേഹം മുട്ടത്തുപള്ളിയിൽ ആജീവനാന്തം വികാരിയുമായിരുന്നു. 1909മേയ് 3 ാംനു- അദ്ദേഹം ദിവംഗതനായി. മുട്ടത്തുപള്ളിയിൽ അദ്ദേഹത്തെ സംസ്കരിച്ചിരിക്കുന്നു.

രണ്ടാമത്തെ വികാരിജനറാൾ റൈററു റവ. മൊൺ. ഗീവറുഗീസ് ബർണാർദു മാടമ്പാകം അവർകൾ ആയിരുന്നു. 1909 ജൂലൈ 3-ാംനു- അദ്ദേഹം വികാരിജനറാളായി നിയമിക്കപ്പെട്ടു. ഇദ്ദേഹവും മുട്ടത്തുപള്ളിയിൽ വികാരി ആയിരിക്കുമ്പോൾ, 1923 ആഗസ്റ്റ് 22-ാംനു-

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



മെത്രാപ്പോലീത്താച്ചൻ സന്നിഹിതനായിരിക്കവെ തിരുമേനിയിൽനിന്നു അന്തിമാശീർവ്വാദം കൈക്കൊണ്ടു് കർത്താവിൽ നിദ്രപ്രാപിച്ചു. ആ പള്ളിയിൽതന്നെ കബറടങ്ങുകയും ചെയ്തു.

അതിരൂപതയുടെ പ്രഥമ വികാരിജനറാൾ ഇന്നു ആ സ്ഥാനം രാജിവച്ചു്, സന്യാസംകൈവരിച്ചു്, തോട്ടകത്തുള്ള "വിൻസൻഷ്യൻ" ആശ്രമത്തിൽ വസിക്കുന്ന റൈററു റവ. മോൺ തോമസ് നെടുങ്കല്ലേൽ അവർകളായിരുന്നു. 1920 ആഗസ്റ്റ് 18-ാംനു- ഇദ്ദേഹം Officialis ആയും 1923 ഡിസംബർ 3-ാംനു- വികാരിജനറാളായും നിയമിതനായി. മെത്രാപ്പോലീത്താച്ചൻ റോമിൽ പോയപ്പോൾ അഡ്മിനിസ്റ്ററേറർ സ്ഥാനത്തിരുന്നുകൊണ്ടു ഇദ്ദേഹമാണു അതിരൂപതാഭരണം നിർവ്വഹിച്ചതു്. 1930 ഒക്ടോബർ 24-ാംനു- ഇദ്ദേഹത്തിന്നു് പരിശുദ്ധ സിംഹാസനത്തിൽനിന്നു് Domestic Prelate എന്ന ബഹുമതി കല്പിച്ചുകൊടുത്തു. കൂടാതെ മുമ്പിലത്തെ ഒപ്പുശുമ നൽകുന്നതിനുള്ള അനുവാദവും തിരുസിംഹാസനത്തിൽനിന്നും കിട്ടിയ അധികാരപ്രകാരം 1932 ഫെബ്രുവരി 19-ാംനു- മെത്രാപ്പോലീത്താച്ചൻ ഇദ്ദേഹത്തിന്നു് കൊടുത്തിരുന്നു.

ഇന്നത്തെ വികാരിജനറാളായ റൈററു റവ. മോൺ. ഗീവറുഗീസു വല്യാറമ്പത്തു അവർകൾ 1936 ജൂലൈ 10-ാംനു- നിയമിതനായി. മുമ്പിലത്തെ ഒപ്പുശുമ കൊടുക്കുന്നതിനുള്ള അനുവാദം ഇദ്ദേഹത്തിനും ലഭിച്ചിട്ടുണ്ടു്.

എറണാകുളം വികാരിയാത്തിൽ അതിന്റെ ആരംഭം തൊട്ടുതന്നെ മെത്രാന്റെ ആലോചനാസംഘം രൂപീകരിക്കപ്പെട്ടിരുന്നു. മാർ ളൂയീസു മെത്രാനച്ചന്റെ കാലത്തു ആലോചനാംഗങ്ങൾ നാലുപേരായിരുന്നു. മെത്രാപ്പോലീത്താച്ചൻ ഭരണം കൈയ്യേററശേഷം 1921-ൽ ആലോചനാംഗങ്ങളുടെ എണ്ണം ആറു ആക്കി വർദ്ധിപ്പിച്ചു.

1936-ൽ പ്രസ്തുത ആലോചനാംഗങ്ങൾക്കും പുറമെ "അഡ്മിനിസ്ട്രേഷൻ കൌൺസിൽ അംഗങ്ങൾ" എന്ന നാമധേയത്തോടുകൂടി രണ്ടുപേരെക്കൂടി പുതിയതായി അതിരൂപതയുടെ ഭരണസമിതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്.

## സെക്രട്ടരിമാർ.

മാർ ളൂയീസു മെത്രാനച്ചന്റെ ഒന്നാമത്തെ സെക്രട്ടരി കട്ടിക്കാരൻ ബ. യൗസേഫ് അച്ചൻ ആയിരുന്നു. പിന്നീടു തേയ്ക്കാനത്തു ബ. ദേവസ്സി അച്ചനും, തുണ്ടത്തിൽ ബ. യൗസേഫ് അച്ചനും ഈ ജോലി

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



നോക്കിയിട്ടുണ്ട്. കാളാച്ചേരിൽ ബ. ബ. യൗസേഫ് അച്ചൻ 1901 മുതൽ സിക്രട്ടരിയായിരുന്നു. ഇദ്ദേഹം മെത്രാനച്ചന്റെ ദേഹവിയോഗം വരെ ആ ഉദ്യോഗം ഭംഗിയായി നിർവ്വഹിച്ചു. ഇദ്ദേഹത്തിന്റെ വേർപാടിൽ വികാരിയാത്തിലെ വൈദികരെല്ലാവരുംകൂടി ഇദ്ദേഹത്തിനു ഒരു കാസാ സമ്മാനിച്ച വിവരം പ്രസ്താവയോഗ്യമാണ്.

മെത്രാപ്പോലീത്താച്ചന്റെ ഒന്നാമത്തെ സെക്രട്ടരിയായിരുന്ന ബ. ബ. പയ്യപ്പിള്ളി മത്തായി അച്ചൻ 1920 ജനുവരി 20-ാംനു- ആണ് നിയമിതനായത്. 1931 ജൂലൈ 15-ാംനു- തോട്ടകം കൊവേന്തയിൽ ചേരുന്നതുവരെ അദ്ദേഹം സ്തുത്യർഹമായ വിധത്തിൽ ആ ഉദ്യോഗഭാരം വഹിച്ചു. ഇപ്പോൾ അദ്ദേഹം അതിരൂപതയിലെ ആലോചനാസംഘത്തിലെ ഒരംഗവുമാണ്.

പുതുശ്ശേരി ബ. വറുഗീസു അച്ചൻ M. A. (Hons.) ആണു ഇപ്പോഴത്തെ ചാൻസലറും സെക്രട്ടരിയും.

## കച്ചേരിക്കാര്യം

രൂപതയും ഇടവകയും സംബന്ധിച്ചുള്ള കാര്യങ്ങൾ പര്യാലോചിക്കുന്നതിനും തീരുമാനിക്കുന്നതിനുമായി രൂപതയിൽ ഉണ്ടായിരിക്കേണ്ടുന്ന ഒരു സ്ഥാപനമാണല്ലോ രൂപതക്കച്ചേരി. 1904-ൽ മാർ ളൂയീസു മെത്രാനച്ചൻ ഞായറും വ്യാഴവും ഒഴിവു ദിവസങ്ങളാക്കി. അതിനും പുറമെ ഓശാന മുതൽ വി. യൗസേപ്പു പിതാവിന്റെ മദ്ധ്യസ്ഥതിരുനാൾവരെയും കച്ചേരി ഒഴിവായിരുന്നു. ഇപ്പോൾ, വ്യാഴാഴ്ചയ്ക്കു പകരം ശനിയാഴ്ച ആക്കിയതിനും പുറമേ, ഓശാനമുതലുള്ള ഒഴിവുദിവസങ്ങൾ ന. ക. സ്വർഗ്ഗാരോഹണത്തിരുനാൾവരെ നിശ്ചയിക്കയും ചെയ്തിരിക്കുന്നു. 1932 നവമ്പർ മാസത്തിൽ കച്ചേരിക്കാര്യം സംബന്ധിച്ച് ക്ലിപ്തമായ നിയമങ്ങൾ അച്ചടിപ്പിച്ചു അതിന്റെ ഓരോ പ്രതി എല്ലാ പള്ളികളിലും സ്ഥാപിക്കുവാൻ മെത്രാപ്പോലീത്താച്ചൻ ഏർപ്പാടു ചെയ്തു.

പണ്ടു കച്ചേരിയിലേക്കു അയച്ചിരുന്ന ഹർജികൾക്ക് മറുപടി അയച്ചിരുന്നതു കൂലിക്കത്തായിട്ടായിരുന്നു. തന്മൂലം ഹർജിക്കാർക്കും പള്ളിക്കാര്യങ്ങൾക്കും ഇരട്ടിച്ചിലവു സഹിക്കേണ്ടിവന്നിരുന്നു. ഈ അനാവശ്യനഷ്ടം പരിഹരിക്കുവാൻവേണ്ടിയാണ് 1933 ജനുവരി മുതൽ കച്ചേരിവക മുദ്രക്കടലാസ് നടപ്പിലാക്കിയത്. ഇപ്പോൾ ഹർജികളുടേയും മററും മറുപടി കൂലിതീർത്തത്രെ അയച്ചുകൊണ്ടിരിക്കുന്നതു്. ഹർജിക്കും റിപ്പോർട്ടുകൾക്കും നമ്പരിടുന്ന ക്രമം എല്ലാ പള്ളികളിലും ഒരേ രീതിയിൽ നടപ്പായതു 1936 മുതൽ ആണ്.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## ഫൊറോനാകൾ.

ഭരണസൗകര്യത്തിനുംവേണ്ടി രൂപതകളെ "ഫൊറോനാ" എന്ന അപരനാമമുള്ള ഡിവിഷ്യനുകളായി വിഭജിച്ചിരിക്കുന്നു. ഓരോ ഡിവിഷ്യൻ അതൃത്തിക്കകത്തുള്ള ഇടവകകളുടെമേൽ ഫൊറോനാഇടവക മേലദ്ധ്യക്ഷസ്ഥാനം വഹിക്കുന്നു. ഫൊറോനാവികാരിമാക്ക് മെത്രാൻ നിശ്ചയിക്കുന്ന വിധത്തിൽ അതാതു ഡിവിഷ്യനിൽപെട്ട ഇടവകകളെ സന്ദർശിക്കുവാനും പരിശോധിക്കുവാനും റിപ്പോർട്ടുചെയ്യുവാനും അധികാരം ഉണ്ട്.

എറണാകുളം വികാരിയാത്തിൽ അഞ്ചു ഫൊറോനാ ഡിവിഷൻ പള്ളികളാണല്ലോ ആരംഭത്തിൽ ഉണ്ടായിരുന്നതു്. അതുമൂലം ഫൊറോനാ വികാരിമാർ മുലമുള്ള ഇടവകസന്ദർശനങ്ങൾ അത്ര സുകരമായിരുന്നില്ല. 1922-ൽ മെത്രാപ്പോലീത്താച്ചൻ തിരുമനസ്സുകൊണ്ടു ഫൊറോനാകളുടെ എണ്ണം 9 ആക്കി വർദ്ധിപ്പിച്ചു. ആദ്യത്തെ ഫൊറോനാ പള്ളികൾ അങ്കമാലി, ആരക്കുഴ, ഇടപ്പള്ളി, പള്ളിപ്പുറം, പറൂർ കൊട്ടയ്ക്കാവു എന്നിവയായിരുന്നു. കാഞ്ഞൂർ, തൃപ്പൂണിത്തുറ, മൈലക്കൊമ്പു, വൈക്കം എന്നിവയാണ് പുതിയതായി നിശ്ചയിക്കപ്പെട്ട ഫൊറോനാപള്ളികൾ. ഓരോ ഫൊറോനായുടേയും അതൃത്തിക്കകത്തുള്ള പള്ളികളെ ഫൊറോനാ വികാരിമാരും, ഫൊറോനാപ്പള്ളികളെ വികാരിജനറാളച്ചനും ആണ്ടിൽ ഒരിക്കൽ സന്ദർശിച്ചു റിപ്പോർട്ടു അയയ്ക്കണമെന്നു 1920 സെപ്തംബർ 25-ാംനു കല്പിച്ചതോടുകൂടിത്തന്നെ, ഫൊറോനാവികാരിമാക്കു കൂടുതൽ അധികാരങ്ങളും നൽകപ്പെട്ടു. 1924-ൽ റിപ്പോർട്ടു അയക്കുന്നതിലേയ്ക്കു സാമാന്യം ദീർഘവും, പിന്നീടു 1934-ൽ കുറേക്കൂടി ഹ്രസ്വവും ആയ രണ്ടു "റിപ്പോർട്ടുഫോറ"ങ്ങൾ പ്രചാരത്തിൽ വരുത്തിയിട്ടുണ്ട്. ദീർഘമായ റിപ്പോർട്ടു 1935 മുതൽ അഞ്ചാം കൊല്ലംതോറും അയച്ചാൽ മതിയെന്നാണു അവസാനത്തെ നിബന്ധന.

## മെത്രാന്മാരുടെ കോൺഫറൻസ്.

വിവിധരൂപതകളിലെ ഭരണരീതികളിൽ കഴിയുന്നത്ര ഐകരൂപ്യം വരുത്തുന്നതിനുംമററുമുള്ള ഒരു സ്ഥാപനമാണ് മെത്രാന്മാരുടെ കോൺഫറൻസ്. സുറിയാനി വികാരിയാത്തുകൾ നിർമ്മിക്കപ്പെട്ടതോടുകൂടി ഈ കോൺഫറൻസും സമാരംഭിക്കപ്പെട്ടുവെങ്കിലും, ആണ്ടുതോറും ക്ലിപ്തസമയത്തു നടത്തപ്പെട്ടിരുന്നില്ല. മെത്രാപ്പോലീത്താച്ചൻ ഹയരാക്കിയുടെ അദ്ധ്യക്ഷപീഠം അലങ്കരിച്ചതിനോടുകൂടിയാണ് എല്ലാ ആണ്ടിലും ഹയരാക്കിസ്ഥാപനാവസരത്തോടുകൂടി ക്രമമായി കോൺഫറൻസു നടത്തിത്തുടങ്ങിയതു്.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## "എറണാകുളം മിസ്സം."

അതിരൂപതയുടെ ഔദ്യോഗികനാവായ "എറണാകുളം മിസ്സം" മാസിക 1928 ഒക്ടോബർ 1-ാം തീയ്യതിയാണ് പുറപ്പെട്ടതു്. പണ്ടു ഇടയലേഖനങ്ങൾ പള്ളികളിലേയ്ക്കു അയച്ചിരുന്നതു ആൾവശമായിരുന്നു. അവർക്ക് പള്ളികളിൽനിന്ന് കൂലിയും യാത്രച്ചിലവും കൊടുത്തു പോന്നിരുന്നതിനാൽ പള്ളികൾക്കു ഈ ഒരിനത്തിൽതന്നെ ആണ്ടിനാൽ ഒരു തുക ചിലവുചെയ്യേണ്ടിയിരുന്നു. പ്രസ്തുത മാസിക ആരംഭിച്ചതോടുകൂടി ഈ ഇനത്തിലുള്ള ചിലവ് വളരെ കുറഞ്ഞിട്ടുണ്ടു്. ഈ മാസികയ്ക്കു ആണ്ടടക്കം വരിസംഖ്യ 2 ക. മാത്രമാണ്. ഇടയലേഖനങ്ങളും, അതിരൂപതസംബന്ധിച്ച മററു ഔദ്യോഗികകാര്യങ്ങളുമാണ് സാധാരണയായി ഇതിൽ പ്രസിദ്ധപ്പെടുത്തുന്നതു്. എല്ലാ പള്ളികളും സ്ഥാപനങ്ങളും ഈ മാസിക വരുത്തിക്കൊള്ളണമെന്നു നിർബ്ബന്ധമാണ്. സാധാരണയായി ഇതിൽ പരസ്യപ്പെടുത്തുന്ന നിയമങ്ങളും കല്പനകളും അതിരൂപതയിൽ എല്ലായിടത്തും ഔദ്യോഗികമായി പ്രസിദ്ധപ്പെടുത്തിയതായി ഗണിക്കപ്പെടേണ്ടതാണ്.

## റീത്തുസംബന്ധിച്ച കാര്യങ്ങൾ.

നമ്മുടെ റീത്തിന്റെ നിലനില്പിനും ഭദ്രതയ്ക്കുംവേണ്ടി നമ്മുടെ പിതാക്കന്മാർ സഹിച്ച ബുദ്ധിമുട്ടുകളുടേയും, നടത്തിയ ധർമ്മസമരങ്ങളുടേയും വിജയസ്തംഭമാണെല്ലോ നമ്മുടെ ഹയരാർക്കി. അവരുടെ കഷ്ടതകളുടെ ഒരു ഏകദേശജ്ഞാനം മാത്രമേ മലയാള സുറിയാനിസഭാചരിത്രഗ്രന്ഥങ്ങളിൽനിന്ന് നമുക്കു ലഭിക്കുന്നുള്ളു എന്നു പറയുന്നതിൽ അബദ്ധമുണ്ടെന്നു തോന്നുന്നില്ല. ആ പിതാക്കന്മാരുടെ കാലടികളെ അനുഗമിച്ചുകൊണ്ടു നമ്മുടെ റീത്തിന്റെ അവകാശം ഭദ്രമായി സംരക്ഷിക്കുവാൻ ആജീവനാന്തം പ്രയത്നിച്ച ഒരു പൂജ്യദേഹമായിരുന്നു മാർ ളൂയീസ് മെത്രാനച്ചൻ. നമ്മുടെ റീത്തും തത്സംബന്ധമായ നടപടികളും അവകാശങ്ങളും സംരക്ഷിക്കുന്നതിന് തിരുമേനിക്കുണ്ടായിരുന്ന അത്യുൽക്കണ്ഠ വർണ്ണനാതീതമെന്നേ പറയാനുള്ളു. താഴെ പറയുന്നവ അവിടുന്നു റീത്തു സംബന്ധമായിചെയ്ത നിരവധി കാര്യങ്ങളിൽ ചുരുക്കം ചിലതു മാത്രമാണ്.

ഇപ്പോൾ നാം കൊണ്ടാടുന്ന തിരുനാളുകളിൽ "കൂട്ടിച്ചേർക്കപ്പെട്ടവ" എന്നു പറയപ്പെടുന്ന പുതിയ തിരുനാളുകൾ സുറിയാനിക്കാർക്കു ആഘോഷിക്കുവാനുള്ള അനുവാദം ലഭിച്ചതു് 1905-ൽ ആണ്. ആ ആണ്ടിലാണല്ലോ മെത്രാനച്ചൻ രണ്ടാമതു് റോമിൽ പോയതു്. ആ അവ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



വികാരിയാത്തിന്റെ ആരംഭം തൊട്ടുതന്നെ ആ സ്ഥലവും കെട്ടിടവും വിട്ടു കിട്ടുന്നതിനായി അതിനുള്ള ആധാരസഹിതം റോമിലേക്ക് കത്തിടപാടുകൾ നടത്തി. 1898-ൽ തത്സംബന്ധമായി റോമിൽനിന്ന് വന്ന മറുപടിയിൽ, പ്രസ്തുത ആധാരം തീൎച്ചയായും ഗൌരവമുള്ള ഒന്നാണെന്ന് ("Certamente grave") പ്രസ്താവിച്ചിരുന്നു. പിന്നീട് മെത്രാപ്പോലിത്താച്ചനും ആ അവകാശവാദം തുടൎന്നു. അതിന് നമ്മുടെ പൂൎവ്വികന്മാരുടെ നിയോഗപ്രകാരം തന്നെ ഇപ്പോൾ അവിടെ സെമിനാരി സ്ഥാപിക്കപ്പെട്ട് നമ്മുടെ ആവശ്യം നടന്നുപോരുന്നതിനാൽ അതിനെപ്പററി തല്ക്കാലമൊന്നും ചെയ്യേണ്ടതില്ലെന്നു ഈയാണ്ടിൽ (1936) റോമിൽനിന്നു കല്പനയുണ്ടായതായിട്ടാണ് അറിവ്.

ലത്തീൻകാരിൽനിന്ന് സുറിയാനിക്കാരെ വേർതിരിച്ച് ആദ്യം തൃശ്ശൂർ കോട്ടയം എന്നീ രണ്ടു വികാരിയാത്തുകൾ സ്ഥാപിച്ചപ്പോൾ മലബാറിനെ സുറിയാനിക്കാൎക്കായി ആലുവാപ്പുഴകൊണ്ടാണ് തെക്കും വടക്കുമായി വിഭാഗിച്ചത്. എന്നാൽ പിന്നീട് തൃശ്ശൂർ എറണാകുളം ചങ്ങനാശേരി എന്നു മൂന്നു വികാരിയാത്തുകളായി തിരിച്ചപ്പോൾ അവയുടെ തെക്കേ അതൃത്തി പമ്പാനദിയാണെന്നു ഡലിഗെററു അപ്പസ്തോലിക്കായുടെ എഴുത്തിൽ കാണിക്കുകയുണ്ടായി. മലബാറിലുള്ള സുറിയാനിക്കാരേയും ലത്തീൻകാരേയും വേർതിരിച്ചെന്നുമാത്രം ബൂളയിൽ പറഞ്ഞിരുന്നതിനാലും, സുറിയാനിക്കാർ കന്യാകുമാരിവരെ ഉള്ളതുകൊണ്ടും, ഈ വികാരിയാത്തുകളുടെ തെക്കേ അതൃത്തി പമ്പാനദിയെന്നു ഡലിഗെററു അപ്പസ്തോലിക്കാ എഴുതിയിരിക്കുന്നതു ബൂളയിൽ പറഞ്ഞിട്ടില്ലാത്തതുകൊണ്ടും, പമ്പായുടെ തെക്കുവശം നമുക്കായി ഒരു സിംഹാസനം സ്ഥാപിച്ചുതരണമെന്ന് പ്രത്യേകം 1927-ൽ റോമിലേക്കു എഴുതിയിരുന്നു. അതിനു, ഇതു തല്ക്കാലം ഉചിതമെന്നു തോന്നുന്നില്ല ("Not prudent") എന്നു മറുപടി തരികയാണ് ചെയ്തതു്. തദവസരത്തിൽ ബഥനിത്തിരുമേനിമാരുടെ പുനരൈക്യവും, അവൎക്കു അവിടെ സിംഹാസനം സ്ഥാപിക്കുന്ന സംഗതിയും ആലോചനയിൽ ഇരുന്നതുകൊണ്ടായിരിക്കാം ഇങ്ങനെ മറുപടി ഉണ്ടായതു്.

തിരുസിംഹാസനത്തുങ്കൽ നമ്മുടെ റീത്തുസംബന്ധമായും മററുമുള്ള കാൎയ്യങ്ങൾ ഗ്രഹിപ്പിക്കുന്നതിനുവേണ്ടി നമുക്കു ഒരു പ്രതിനിധിയെ നിയമിക്കുന്ന കാൎയ്യത്തിൽ കാലംചെയ്ത മെത്രാനച്ചൻ വളരെ ശ്രമങ്ങൾ ചെയ്തുവെങ്കിലും അതിനു ഒരു തീരുമാനം ഉണ്ടായില്ല. മെത്രാപ്പോലീത്താച്ചനും ആ ശ്രമം തുടൎന്നുകൊണ്ടിരിക്കുകയാണെന്നാണ് അറിവ്.

പരി. സിംഹാസനത്താൽ ഉറപ്പിക്കപ്പെട്ട സഭയിലെ കൎമ്മാനുഷ്ഠാനത്തിനുള്ള ജപങ്ങളും ക്രമരീതിയും പരിശുദ്ധ സിംഹാസനത്തിലെ അനു

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



വാദം കൂടാതെ വ്യത്യാസപ്പെടുത്തുവാൻ പാടില്ലാത്തവ ആകുന്നു. കാലംചെയ്ത തിരുമേനി ഈ നടപടിയെ ഹൃദയംഗമമായി ആദരിച്ചിരുന്നുവെന്നു തത്സംബന്ധമായ അവിടുത്തെ പ്രവൎത്തനങ്ങളിൽനിന്നും ഗ്രഹിക്കാവുന്നതാണ്. ജ്ഞാനസ്നാനകൎമ്മത്തിലെ ചില ഭാഗങ്ങൾ ഭേദപ്പെടുത്തി അച്ചടിക്കുവാൻ 1911-ൽ ചിലർ ഒരുമ്പെട്ടതിനെ അദ്ദേഹം തടഞ്ഞു. അതുപോലെതന്നെ വൈദികരുടെ കാനോനാനമസ്കാരപ്പുസ്തകത്തിൽ പഴയ നടപടിക്കും ക്രമത്തിനും വിരുദ്ധമായി ചില തിരുനാൾനമസ്കാരങ്ങൾ അനുവാദംകൂടാതെ വേറെചിലർ കൂട്ടിച്ചേൎത്ത് അച്ചടിച്ചതും ഉപയോഗിക്കുവാൻ സമ്മതിച്ചില്ല.

റോമിലെ നിൎദ്ദേശപ്രകാരം നമ്മുടെ "പൊന്തിഫിക്കൽ" കൎമ്മങ്ങളുടെ ക്രമം ലത്തീനിൽനിന്ന് പരിഭാഷപ്പെടുത്തുവാൻ നമ്മുടെ മെത്രാനച്ചനും മാക്കിൽ മാർ മത്തായി മെത്രാനച്ചനുംകൂടി വലിയ വീട്ടിൽ പെ. ബ. വക്കി അച്ചനേയും, ക. നി. മൂ. സ. പാറപ്പുറം ബ. വക്കി അച്ചനേയും ഏല്പിച്ചിരുന്നു. 1898-ൽ വിവൎത്തനജോലി അവസാനിക്കുകയും, മേനാച്ചേരി മാർ യോഹന്നാൻ മെത്രാനച്ചനു അയച്ചുകൊടുക്കുകയും ചെയ്തു. അവിടെനിന്നു അതു റോമിലേക്കു അയച്ചുകൊടുത്തു. ഇപ്പോൾ ലത്തീനെ ആശ്രയിക്കാതെ സുറിയാനിയിൽ നിന്നുതന്നെ നമുക്കു പൊന്തിഫിക്കൽ ക്രമമുണ്ടാക്കിത്തരുവാൻ പരി. പിതാവിന്റെ ആജ്ഞാനുസരണം റോമിൽ പരിശ്രമം നടക്കുന്നുണ്ട്.

നമ്മുടെ സുറിയാനികൎമ്മാനുഷ്ഠാനം ലത്തീൻതൎജ്ജമയാണെന്ന് അടിസ്ഥാനരഹിതമായ ഒരാക്ഷേപം 1913-ൽ ചിലർ പുറപ്പെടുവിക്കയുണ്ടായി. ഈ അപവാദത്തിന്റെ അടിസ്ഥാനരാഹിത്യത്തെ തെളിയിക്കുന്നതിനു വേണ്ടിയാണ് നമ്മുടെ കുർബാനക്രമം മെത്രാനച്ചൻ ലത്തീനിലേക്കു വിവൎത്തനം ചെയ്തത്. അതിന്റെ പ്രതികൾ റോമിലേക്കും മററും അയച്ചുകൊടുക്കയുണ്ടായി. നോക്കുക, സ്വന്തം റീത്തിന്റെ മഹിമയെ സംരക്ഷിക്കുവാൻ ആ തിരുമേനിക്കു എന്തമാത്രം തീക്ഷ്ണതയാണുണ്ടായിരുന്നത്! സുറിയാനിറീത്തിനോടുള്ള ഭക്തിയും, സമുദായത്തോടുള്ള സ്നേഹവും അദ്ദേഹത്തിൽ എത്രയോ ദൃഢതരമായിരുന്നു.!

തന്റെ പുരോഗാമിയെ അനുകരിച്ച് മെത്രാപ്പോലീത്താച്ചൻ തിരുമനസ്സുകൊണ്ടും റീത്തുസംബന്ധമായ കാൎയ്യങ്ങളെ അത്യന്തം ഭദ്രമായിത്തന്നെ പാലിച്ചുകൊണ്ടു പോരുന്നു. സുറിയാനിപ്പാട്ടുകൾ ലത്തീൻ രാഗത്തിലാക്കി ചില കാൎമ്മികന്മാർ പാടാറുള്ളത്, വാസ്തവത്തിൽ റീത്തുസംബന്ധമായ ഒരു ക്രമക്കേടാണ്. ലത്തീൻരാഗത്തിൽ സുറിയാനിഗീതങ്ങൾ പാടുന്നതിനെ മെത്രാപ്പോലീത്താച്ചൻ 1921-ൽ മുടക്കി. ഇപ്പോൾ നടപ്പി

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ലിരിക്കുന്ന സുറിയാനിരാഗങ്ങൾ "നോട്ടി"ലാക്കി സ്ഥിരപ്പെടുത്തി അച്ചടിപ്പിക്കുന്നതിന് നമ്മുടെ മററു മെത്രാന്മാരുടെ ആലോചനയോടുകൂടി തിരുമനസ്സുകൊണ്ടു ഏർപ്പാടു ചെയ്തിട്ടുണ്ടു്.

സുറിയാനിക്കുർബാനയുടെ കർമ്മവിധി, കാർമ്മികൻ ദിവ്യപൂജയ്ക്കായി കൈയ്കഴുകുന്നതുമുതൽ കുർബാന കഴിഞ്ഞു് തിരുവസ്ത്രധാരണമുറിയിൽ വരുന്നതുവരെയുള്ള കർമ്മാനുഷ്ഠാനവിധി, അഥവാ "തുക്കാസാ" മെത്രാന്മാരുടെ കോൺഫറൻസിലെ തീരുമാനപ്രകാരം പരിഷ്ക്കരിച്ചു് പൂർണ്ണമായി എഴുതി 1926-ൽ മെത്രാപ്പോലീത്താച്ചൻെറ കല്പനപ്രകാരം പ്രസിദ്ധീകരിക്കപ്പെട്ടു.

കിഴക്കൻ റീത്തുകാർ അവരുടെ റീത്തിൽതന്നെ പെസഹാക്കാലത്തെ കുർബാന കൈക്കൊള്ളേണ്ടതാണെന്നു 1912 സെപ്ററംബർ 14-ാംനു- റോമിൽനിന്നും നിശ്ചയം ചെയ്തിട്ടുണ്ടു്. പുതിയ കാനോൻനിയമത്തിലെ നിശ്ചയങ്ങൾ ഇതിനെ ബാധിക്കുന്നതല്ലെന്നും, കിഴക്കൻ റീത്തുകാർക്കുള്ള തിരുസംഘം 1924 ഏപ്രിൽ 14-ാംനു- തീരുമാനിച്ചിട്ടുണ്ടു്. അതിരൂപതാംഗങ്ങളുടെ അറിവിലേക്കായി ഈ കാര്യം വീണ്ടും 1927-ൽ തിരുമേനി പരസ്യപ്പെടുത്തി.

സുറിയാനിമിസ്സങ്ങളുടെ അതൃത്തിക്കകത്തുള്ള ലത്തീൻപള്ളികളിലും ബോർഡിംഗുകളിലും മററും പോയി താമസിക്കുന്നവർക്ക് മാംസം ഉപയോഗിക്കണമെങ്കിൽ അതാതുസ്ഥലത്തെ സുറിയാനിമേലദ്ധ്യക്ഷൻേറയോ വികാരിയുടേയോ അനുവാദം വാങ്ങിച്ചിരിക്കണമല്ലോ. ഈ അനുവാദം കൊടുക്കുവാൻ വേറെ ആർക്കും അധികാരവുമില്ല. ഈ വിവരവും ആ ആണ്ടിൽതന്നെ തിരുമേനി അതിരൂപതാംഗങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവന്നതായികാണുന്നു.

സുറിയാനിക്കർമ്മാനുഷ്ഠാനരീതികളുടെ ഒരു ചെറുപുസ്തകത്തിൽ അന്തിമലേപനം ചെയ്യുന്ന ക്രമത്തിൽ കൈ പൂശുന്നതിന് "ഗെശസ്സാ" എന്നതിനുപകരം "ഈദയ്യാ" എന്നും, പാപസങ്കീർത്തനക്രമത്തിൽ പാപമോചനത്തിന് "തൂവ്" എന്നതിനു "ഉസൂവ്" എന്നും ശുദ്ധ. സിംഹാസനം തന്നിട്ടുള്ള പുസ്തകത്തിൽനിന്നും വ്യത്യാസപ്പെട്ടു് തെററായി അടിച്ചു പോയിട്ടുണ്ടായിരുന്നതു് പുസ്തകത്തിൽതന്നെ തിരുത്തിയശേഷമേ ആ പുസ്തകം ഉപയോഗിക്കാവൂ എന്നും, കുർബാനയിൽ തിരുരക്തം ഉൾക്കൊള്ളുന്നതിന് മുമ്പു "ദ്മേദ്മാറൻ" എന്നു് പുതിയ തക്സായിൽ കാണുന്നതു് ചൊല്ലേണ്ടതല്ലെന്നും ആ കൊല്ലത്തിൽതന്നെ തിരുമേനി ആജ്ഞാപിച്ചു.

ദുഃഖശനിയാഴ്ചക്രമം കയ്യെഴുത്തുപ്രതികളിൽ കിടന്നിരുന്ന പ്രകാര

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



മാണ് ചില സ്ഥലങ്ങളിൽ നടത്തപ്പെട്ടിരുന്നത്. 1934-ൽ മെത്രാപ്പോലീത്താച്ചന്റെ നേതൃത്വത്തിൽ കയ്യെഴുത്തുപ്രതികളിലുണ്ടായിരുന്ന തെററുകൾ തിരുത്തിയും ഐകരൂപ്യം വരുത്തിയും മററു മെത്രാന്മാരുടെ അംഗീകരണത്തോടുകൂടി അതു അച്ചടിപ്പിക്കപ്പെട്ടു. അതിരൂപതയിലെ പള്ളികളിൽ അനുവാദത്തോടുകൂടി ഈ കർമ്മം പുതിയതായി തുടങ്ങാവുന്നതാണ്.

മിശിഹായുടെ രാജത്വത്തിന്റേയും വിശുദ്ധ കൊച്ചുത്രേസ്യായുടേയും തിരുനാളുകൾ നമുക്ക ആഘോഷിക്കുവാൻ അനുവാദം സമ്പാദിച്ചതും, ആ തിരുനാളുകളുടെ കുർബാന സുറിയാനിയിലാക്കി അംഗീകരിപ്പിച്ചതും മെത്രാപ്പോലീത്താച്ചന്റെ നേതൃത്വത്തിലാണ്. പരി. സിംഹാസനത്തിൽനിന്ന് നൽകപ്പെട്ടുന്ന ക്രമത്തിന് വിരുദ്ധമായി 1927-ൽ അച്ചടിക്കപ്പെട്ട തക്സായുടെ ഒരു പുതിയ പതിപ്പിന് തിരുമേനി അംഗീകരണം നിഷേധിച്ചു. എങ്കിലും തൽ പ്രവർത്തകന്മാർക്കുണ്ടായ ഭീമമായ നഷ്ടം ദയാപുരസ്സരം പരിഗണിക്കാതിരുന്നില്ല. ആകയാൽ മെത്രാപ്പോലീത്താച്ചന്റെ സമ്മതാനുസരണം ചെയ്യാനായി റോമിൽനിന്നു വന്ന കല്പന സ്വീകരിച്ചു തിരുമേനി സന്തോഷപുരസ്സരം പ്രസ്തുത പതിപ്പിനു അംഗീകരണം നൽകി.

ലത്തീൻറീത്തുകാരുമായി കൂടുതൽ ഇടതിങ്ങി താമസിക്കുന്ന എറണാകുളം അതിരൂപതക്കാർക്ക് മാംസവർജ്ജനം സംബന്ധിച്ച് പലേ വിമ്മിട്ടങ്ങളുമുണ്ടായിരുന്നു. ഈ ആണ്ടിൽ (1936-ൽ) ഏകദേശം ലത്തീൻ ക്രമം അനുസരിച്ച് നടന്നുകൊള്ളുന്നതിന് പരി. സിഹാസനത്തിൽനിന്നു അനുവാദം വാങ്ങിത്തന്നതിനോടുകൂടി, പ്രസ്തുത വൈഷമ്യങ്ങളെല്ലാംതന്നെ നിവാരണം ചെയ്യപ്പെട്ടു.

ഇത്രയും പ്രസ്താവിച്ചതിൽനിന്ന് നമ്മുടെ വന്ദ്യതിരുമേനിമാർ രണ്ടുപേർക്കും "Defenders of Rite," "റീത്തുസംരക്ഷകന്മാർ" എന്ന നാമധേയത്തിനു തികച്ചും അർഹതയുണ്ടെന്നു സമർത്ഥിക്കാം. റീത്തിനോടുള്ള അവരുടെ ഭക്തി അന്യാദൃശംതന്നെ. അതിന്റെ നിലനില്പിനും ശ്രേയസ്സിനും വേണ്ടിയുള്ള അവരുടെ പരിശ്രമങ്ങളിൽ ഒരുപ്രത്യേകതയുണ്ട്. പരി. സിംഹാസനത്താൽ സ്ഥിരീകരിക്കപ്പെട്ട റീത്തുസംബന്ധമായ കാര്യങ്ങളിൽ അനുവാദം കൂടാതെ ഒരു വള്ളിയോ പുള്ളിയോ മാററുവാൻ തിരുമേനിമാർ സമ്മതിച്ചിട്ടില്ല. ആനന്ദജനകമായ ഈ സ്മരണ നമ്മെ രോമാഞ്ചകഞ്ചുകരാക്കിത്തീർക്കുവാൻ പര്യാപ്തമാണ്.

## വൈദികർ.

ഒരു സമുദായത്തിന് സജാതീയ മേലദ്ധ്യക്ഷസ്ഥാനവും വൈദിക

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

സ്വയംഭരണവും ലഭിക്കുന്നതിനു ആ സമുദായം ഉത്തമ വൈദികസംഘത്തെ ഉല്പാദിപ്പിച്ചിരിക്കണമെന്ന് മേൽ പ്രസ്താവിച്ചുവല്ലോ. അതേ, ജനങ്ങളുടെ വിശ്വാസസ്ഥിരതയും പുണ്യപൂർണ്ണതയും സന്മാർഗ്ഗനിഷ്ഠയും അവരിൽനിന്നുൽഭൂതമാകുന്ന വൈദികഗണത്തെ സംബന്ധിച്ചിടത്തോളം ഒട്ടും അപ്രധാനമല്ലാത്ത ഒരു ഉത്തരവാദിത്വമുണ്ടെന്ന് പറയുന്നതിൽ അബദ്ധമില്ല. "നല്ലവൃക്ഷം നല്ലഫലം തരു"മെന്നുള്ള ദിവ്യരക്ഷകൻെറ അരുളപ്പാട് സ്മർത്തവ്യമാണ്. നല്ലഫലം പുറപ്പെടുവിക്കയും അതിനെ പോഷിപ്പിക്കുകയും ചെയ്യുന്നതു ഒരു നല്ല വൃക്ഷത്തിനു സഹജമായിരിക്കുന്നതുപോലെ, നല്ലവൈദികരെ ഉല്പാദിപ്പിക്കുകയും അവരെ സംരക്ഷിക്കുകയും ചെയ്യുന്നതു ഒരു നല്ലസമുദായത്തിന് സഹജമാണ്. ആഫലമോ എന്നാൽ സ്വയം ബലി അർപ്പിച്ചു ഇതരവൃക്ഷങ്ങളെ മുളപ്പിച്ച് പോഷിപ്പിക്കുന്നതുപോലെ വൈദികർ അവൈദികർക്കുവേണ്ടി ആത്മാർപ്പണംചെയ്ത് സഭാതരുവിൻെറ ആദ്ധ്യാത്മീയവിഭാഗത്തെ മുളപ്പിക്കുകയും പോഷിപ്പിക്കുകയും ചെയ്യുന്നു. വിത്തു നന്നായിരിക്കുന്നത് വൃക്ഷത്തിനു അഭിമാനകരം; തന്നിൽനിന്ന് മുളക്കുന്ന വൃക്ഷം നന്നായിരിക്കുന്നത് വിത്തിനു അഭിമാനകരം. സ്വജാതിയിൽപെട്ട വൈദികരുടെ സ്ഥാനമഹിമയേയും നല്ല പേരിനേയും സംരക്ഷിക്കുന്നത് ശ്രുപതയിലെ ജനങ്ങൾക്കു അഭിമാനകരം; ശ്രുപതാജനങ്ങളുടെ യശസ്സിനും വിശ്വാസവർദ്ധനവിനും ആത്മാക്കളുടെ രക്ഷയ്ക്കുംവേണ്ടി വേലചെയ്യുന്നത് വൈദികർക്കു അഭിമാനകരം. വൈദികർക്ക് എന്തെങ്കിലും ദോഷം ഭവിക്കുന്നത് ജനങ്ങൾക്കു ആക്ഷേപാവഹവും സങ്കടകരവുമാകുന്നു. ജനങ്ങൾക്കു എന്തെങ്കിലും കേട് ഭവിക്കുന്നതു വൈദികർക്കും സന്താപകാരണവും ലജ്ജാവഹവുമാകുന്നു.

നമ്മുടെ വൈദികർ വിദേശങ്ങളിൽനിന്നു ഇറക്കുമതി ചെയ്യപ്പെട്ടവരോ അന്യജാതിയിൽ പെട്ടവരോ അല്ല. വൈദികർ അവൈദികരുടെ പുത്രന്മാരും സഹോദരന്മാരുമാണ്. അവരുടെ ശരീരം അവരുടെ മാതാപിതാക്കന്മാരുടേതാണ്; അവരുടെ സ്വഭാവം അവരുടെ മാതാപിതാക്കന്മാരാൽ രൂപവൽക്കരിക്കപ്പെട്ടതാണ്; അവരുടെ ബാല്യത്തിലേയും യൗവനത്തിലേയും വിദ്യാഭ്യാസം അവരുടെ മാതാപിതാക്കന്മാരുടെ ഇഷ്ടാനുസരണമാണ് നൽകപ്പെട്ടത്; അവരുടെ സ്വഭാവരൂപീകരണഘട്ടത്തിലെ പ്രധാനരംഗം അവരുടെ മാതാപിതാക്കന്മാരുടെ ഭവനവും, അവരുടെ സഹവാസികൾ മാതാപിതാക്കന്മാരും സഹോദരീസഹോദരന്മാരുമാണ്. അവരെ സെമ്മനാരിയിലേക്കു പറഞ്ഞയച്ചതും, സെമിനാരിജീവിതച്ചിലവ് നിർവ്വഹിച്ചതും മാതാപിതാക്കന്മാർതന്നെ. മനുഷ്യനുള്ള കാലം മറക്കാത്തതായ ചെറുപ്പകാലങ്ങളിലുള്ള ശീലം തങ്ങളുടെ പുത്രന്മാരിൽ അടി

marggam
Digital Library of Christianity in India
www.marggam.com



സ്ഥാനമിട്ടു ഉറപ്പിച്ചശേഷമാണു് അവരെ പൌരോഹിത്യത്തിലേയ്ക്കു ഉ
യത്തണമെന്നു അഭ്യൎത്ഥിച്ചുകൊണ്ടു് മാതാപിതാക്കന്മാർ അവരെ മെത്രാ
ന്റെ സന്നിധിയിൽ സമൎപ്പിക്കുന്നതു്. അവർ പൌരോഹിത്യത്തിന്നു അ
യോഗ്യരാണെന്നുള്ള കാരണത്താൽ തിരസ്കരിക്കപ്പെടുന്നുവെങ്കിൽ, അതി
ന്നു ഉത്തരവാദികൾ മാതാപിതാക്കന്മാർതന്നെ. അങ്ങിനെയെങ്കിൽ കുറ
ഞ്ഞൊരു കാലത്തെ വൈദികവിദ് യാഭ്യാസത്തിനുശേഷം, അവർ പട്ടം സ്വീ
കരിച്ചു പുറത്തുവന്നതിന്റെശേഷം ഉണ്ടാകാറുള്ള അവരുടെ സ്വഭാവദൂ
ഷ്യത്തിനും മാതാപിതാക്കന്മാർതന്നെ അല്ലയോ ഉത്തരവാദികൾ? അ
തെ, തീൎച്ചയായും അതെ. അവരുടെ ശരീരം മാതാപിതാക്കന്മാരുടെ ശ
രീരമാണു്; അവരുടെ അസ്ഥി മാതാപിതാക്കന്മാരുടെ അസ്ഥിയാണു്;
അവരുടെ രക്തം മാതാപിതാക്കന്മാരുടെ രക്തവുമാണു്. അവർ ഇരുപ
തും ഇരുപത്തഞ്ചും വയസ്സുവരെ സ്വന്തം കുടുംബത്തിൽ സ്വമാതാപിതാ
ക്കന്മാരോടും സഹോദരീസഹോദരന്മാരോടും കൂടി അവരുടെ മാതൃകകൾ
കണ്ടു ജീവിച്ചവരും, നമ്മുടെ സ്കൂളുകളിൽതന്നെ വിദ്യാഭ്യാസം ചെയ്തവരു
മാണു്. എത്ര ദീൎഘമായ സെമിനാരിജീവിതമാകട്ടെ, പൌരോഹിത്യമെ
ന്ന മഹാ കൂദാശയാകട്ടെ സ്വമാതാപിതാക്കന്മാരിൽനിന്നു് ലഭിച്ച ശരീര
ത്തേയും കുടുംബത്തിൽനിന്നു് സമ്പാദിച്ച സ്വഭാവത്തേയും പാടേമാററി
അശരീരത്വവും ദൈവസ്വഭാവവും നൽകുമെന്നും നൽകണമെന്നും സിദ്ധാ
ന്തിക്കുന്നതു ശരിയോ? അതെ, തീൎച്ചയായും നമ്മുടെ വൈദികർ നമ്മുടേതുത
ന്നെ. അവരുടെ സ്വഭാവത്തിന്റെ ഗുണത്തിനും ദോഷത്തിനും ഉത്തര
വാദികൾ നാം തന്നെ. അവരുടെ ഉന്നമനത്തിനും വളൎച്ചയ്ക്കും സ്വഭാവ
രൂപീകരണത്തിനും സ്കൂളിലേയും സെമിനാരിയിലെയും വിദ്യാഭ്യാസത്തിനും
നാം സഹായികളായിരുന്നതുപോലെതന്നെ, അവരുടെ വൈദികജീവിതദ
ശയിലും നാം അവരുടെ സഹായികളായിരിക്കണം. കാരണം, അവൈദി
കരും വൈദികരും സഭാകപോതത്തിന്റെ ഇരുചിറകുകളാകുന്നു. രണ്ടു
ചിറകുകളും പരസ്പരം സഹായിച്ചും സഹകരിച്ചും പ്രവൎത്തിച്ചെങ്കിലേ ശ
രീരം വിയന്മാൎഗ്ഗേണ പൊങ്ങിപ്പറക്കുകയുള്ളു.

നമ്മുടെ വൈദികരെപ്പററിയുള്ള ഈ ഭാഗം അവസാനിപ്പിക്കു
ന്നതിനു മുമ്പായി മലയാളസുറിയാനിക്കാരായ നമ്മെപ്പററി "Romani
Pontifices" എന്ന നമ്മുടെ ഹയരാക്കി സ്ഥാപനത്തിന്റെ തിരുവെഴു
ത്തിൽ ൧൧-ാം പീയൂസ് മാൎപ്പാപ്പാ അരുളിച്ചെയ്തിരിക്കുന്ന ഒരു വിവരം
ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ. ". . . . വൈദികരോടും മെത്രാന്മാരോടും
വിശിഷ്യ, ഈ ശ്ലൈഹികസിംഹാസനത്തോടും ഉള്ള അവരുടെ അത്യധി
കമായ ഭക്തിബഹുമാനങ്ങളെ ദൃഷ്ടിപഥത്തിൽ വച്ചു കൊണ്ടു . . . . . മല

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



യാളസുറിയാനിറീത്തിനു സഭാസംബന്ധമായ ഹയരാർക്കി ഇനിസ്ഥാപിക്കയാണു വേണ്ടതെന്നു . . . . തീർച്ചപ്പെടുത്തി.”

നാം നമ്മുടെ അതിരൂപതയുടെ അദ്ധ്യക്ഷന്റെ സന്നിധിയിൽ സമർപ്പിക്കുന്ന നമ്മുടെ പുത്രന്മാരെ ഉത്തമ പുരോഹിതന്മാരാക്കിത്തീർക്കുവാൻ അദ്ദേഹം എന്തെല്ലാം ചെയ്യുന്നുവെന്നും, നമ്മുടെ പുത്രന്മാരോ സഹോദരന്മാരോ, അയൽവാസികളോ, സ്നേഹിതന്മാരോ, നാട്ടുകാരോ ആയ വൈദികർ നമുക്കു നല്ല വൈദികരായിരിക്കത്തക്കവണ്ണം എമ്മാത്രം ആത്മനിയന്ത്രണം ചെയ്യുന്നുവെന്നും ഇത്തരുണത്തിൽ അല്പം പറയുന്നതു് സന്ദർഭോചിതമായിരിക്കുന്നുമെന്നു കരുതുന്നു.

## സെമിനാരിജീവിതം.

വികാരിയാത്തിന്റെ ഭരണം കയ്യേററശേഷം ഒന്നാമതായി മാർ ളൂയിസ് മെത്രാനച്ചന്റെ ഗാഢമായ പര്യാലോചനയ്ക്കു വിഷയമായതു് ഒരു പ്രാഥമിക വൈദികവിദ്യാലയസ്ഥാപനമാണു്. നോക്കുക, വൈദികവിദ്യാഭ്യാസകാര്യത്തിൽ ഒരു മെത്രാനു എത്രമാത്രം ഉൽക്കണ്ഠയാണുള്ളതെന്നു്! സെമിനാരി തന്റെ പ്രത്യേകമേൽനോട്ടത്തിൽതന്നെ ഇരിക്കണമെന്നും, തന്മൂലം ആ സ്ഥാപനം സ്വന്തം അരമനയിൽത്തന്നെ സ്ഥാപിക്കണമെന്നും ആ തിരുമേനി തീരുമാനിച്ചതും ഇക്കാര്യത്തിൽ ആ മഹാത്മാവിനുള്ള താല്പര്യത്തിനും തീക്ഷ്ണതയ്ക്കും ഉത്തമ ദൃഷ്ടാന്തമാണു്. അരമന പൂർത്തിയായ ഉടനെ അവിടുന്നു സെമിനാരിയും തുറന്നു. 1901 ജൂലൈ ന. പി. തോമ്മാശ്ലീഹായുടെ തിരുനാളിൽ ഔദ്യോഗികമായി ആരംഭിച്ച നമ്മുടെ “തിരുഹൃദയ(Petit)സെമിനാരി” ഭാരതത്തിൽ വൈദികവിദ്യാർത്ഥികൾക്കായിമാത്രം തുറക്കപ്പെട്ട പ്രഥമസെമിനാരി ആണെന്നു പറയപ്പെടുന്നു. ഭാവി വൈദികരാകുവാനുള്ള വിദ്യാർത്ഥികളെ താൻതന്നെ നേരിട്ടുകണ്ടറിഞ്ഞു് തിരഞ്ഞെടുപ്പു നടത്തുന്നതിനും, തന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ അവർക്കു് വൈദികോചിതമായ ഒരു പരിശീലനം നൽകുന്നതിനും വേണ്ടിയായിരുന്നു സെമിനാരി അരമനയിൽ തന്നെ സ്ഥാപിച്ചതു്. ഈ സെമിനാരിയുടെ മേലന്വേഷണം സ്വാധീനമാക്കുവാൻ ചിലർ ചെയ്ത പരിശ്രമങ്ങളെ തടഞ്ഞു് തിരുമേനി സ്വന്തം മേൽനോട്ടത്തിൽത്തന്നെ വച്ചുകൊണ്ടിരിക്കുകയും, അതിനു റോമിൽനിന്നു് കല്പന സമ്പാദിക്കുകയും ചെയ്തതായിട്ടും കാണുന്നുണ്ടു്.

മെത്രാപ്പോലീത്താച്ചൻ ഭരണം കയ്യേററതിന്റെ ശേഷം സെമിനാരിവിദ്യാർത്ഥികളുടെ ഭൗതികവിദ്യാഭ്യാസമാനദണ്ഡം കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ടു്. അങ്ങിനെ, 1921 ജനവരിമാസത്തിൽ സെമിനാരി

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



യിൽ പ്രവേശിക്കുന്നതിന് സ്കൂൾഫൈനൽ പരീക്ഷയെങ്കിലും പാസായിരിക്കണമെന്നുള്ള നിയമം നടപ്പിലാക്കി 1929-ൽ ഒരു പടികൂടി മുന്നോട്ടു കടന്നു, സെമിനാരിയിൽ പ്രവേശിക്കാൻ ആഗ്രഹിക്കുന്നവർ മിസ്സംവക ആലുവാസ്കൂളിൽ ചേന്നു പഠിച്ചിരിക്കണമെന്നു് നിശ്ചയിച്ചതിനും പുറമെ സെമിനാരിയിൽ ചേരുവാൻ ഉദ്ദേശമുള്ള കുട്ടികൾക്കായി അവിടെയുള്ള ബോർഡിംഗിൽ ഒരു പ്രത്യേക ഡിവിഷൻ തുറക്കുകയും ചെയ്തു. ഈ നിയമങ്ങളുടെയെല്ലാം ഉദ്ദേശമെന്താണെന്നു ഇവിടെ പ്രത്യേകം എടുത്തുപറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. കത്തോലിക്കാകുട്ടികളെ കത്തോലിക്കാസ്കൂളുകളിൽമാത്രമേ പഠിപ്പിക്കാവൂ എന്നുള്ള കല്പനയുടെ ലാക്കുകളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നു, ഭാവി വൈദികരാകുവാനുള്ള യുവാക്കന്മാർക്കു് ചെറുപ്പത്തിലേ ഭദ്രമായ കത്തോലിക്കാവിദ്യാഭ്യാസം ലഭിക്കണമെന്നുള്ളതാണെന്നു ആർക്കാണു അറിഞ്ഞുകൂടാത്തതു് ? സഭയുടെ വിദ്യാഭ്യാസസംബന്ധമായ തത്വങ്ങളെ സമാദരിച്ചു, തദനുസരണം തങ്ങളുടെ പുത്രന്മാർക്കു വിദ്യാഭ്യാസം നൽകുന്ന മാതാപിതാക്കന്മാർ തങ്ങളുടെ രൂപതയ്ക്കു ഉത്തമവൈദികരെ ലഭിക്കുന്നതിനു സഹായിക്കയാണു് ചെയ്യുന്നതു്. രണ്ടു കൊല്ലത്തെ പ്രാഥമികസെമിനാരിജീവിതത്തിൽ വിദ്യാർത്ഥികളുടെ സ്വഭാവരൂപീകരണത്തിനായി, വലിയസെമിനാരിയിലെ ദീർഘകാലത്തെ അദ്ധ്യയനത്തിനു ഒരുക്കമായി നൽകുവാൻ രൂപതാദ്ധ്യക്ഷൻ ക്രമപ്പെടുത്തിയിരിക്കുന്ന ശിക്ഷാരീതി അന്യാദൃശംതന്നെ.

പ്രാഥമികസെമിനാരിയിലെ ജീവിതം കഴിഞ്ഞ വിദ്യാർത്ഥികൾ വലിയ സെമിനാരിയിലേയ്ക്കു അയയ്ക്കപ്പെടുന്നു. അവിടെ എട്ടുകൊല്ലത്തോളം കഠിനമായ നിയമങ്ങൾക്കു വിധേയമായും, വൈദികോചിതമായ അദ്ധ്യാത്മികജീവിതത്തിനു അടിസ്ഥാനമിട്ടും, തത്വശാസ്ത്രം, ദൈവശാസ്ത്രം, സന്മാർഗ്ഗശാസ്ത്രംതുടങ്ങിയവയും മററു കലാവിദ്യകളും അഭ്യസിച്ചും വൈകർ സമ്പാദിക്കുന്ന ജീവിതരീതിയുടെ ഏകദേശജ്ഞാനമെങ്കിലും, ലോകത്തിലെ ഹോട്ടലുകളിലും ഹോസ്റ്റലുകളിലും താമസിക്കുന്ന ഭൗതികവിദ്യാർത്ഥികൾക്കു് ലഭിക്കുമോ എന്നു സംശയമാണു്. സെമിനാരിജീവിതത്തിൽ എന്തെങ്കിലും തകരാറുണ്ടാക്കുന്നവരെ തൽക്ഷണം സെമിനാരിയിൽനിന്നു് ബഹിഷ്കരിക്കുന്നതിൽ സഭ ബദ്ധശ്രദ്ധയായിരിക്കുന്നു. വാസ്തവത്തിൽ, കത്തോലിക്കാസെമിനാരിയിലെ അദ്ധ്യയനരീതിയെ ജയിക്കത്തക്ക വേറൊരു വിദ്യാഭ്യാസക്രമം ലോകത്തിൽ ഇല്ല. ഭൗതികാലയങ്ങളിൽനിന്നു B. A, M. A, മുതലായ എത്ര ഉന്നതബിരുദവും സമ്പാദിച്ചുകൊള്ളട്ടെ, പത്തുകൊല്ലത്തെ സെമിനാരിജീവിതവും അദ്ധ്യയനവും അവർക്കും അപരിത്യാജ്യമാണു്.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.marggam.com



എറണാകുളത്തു പ്രാഥമിക സെമിനാരിക്കായിട്ടുള്ള പുതിയ കെട്ടിടം.

www.TheCMSIndia.org

marggam
Digital Library of Christianity in India
www.marggam.com



സെമിനാരിയിൽനിന്ന് പട്ടം കൈക്കൊണ്ട ഇടവകജോലിക്കായി രംഗപ്രവേശം ചെയ്തുകഴിഞ്ഞാലും, വൈദികരുടെ ജീവിതരീതിയുടെ പരിപൂർണ്ണതയെപ്പററി ഉൽക്കണ്ഠയുള്ള രൂപതാദ്ധ്യക്ഷൻ തൻെറ വൈദികരുടെ ആദ്ധ്യാത്മീയോന്നതിയെ ലാക്കാക്കി പല പ്രസ്ഥാനങ്ങളും രൂപതയിൽ നടപ്പിലാക്കുന്നു. നമ്മുടെ അതിരൂപതയിൽ ഈദൃശപ്രസ്ഥാനങ്ങൾ എന്തെല്ലാമാണ് നിലവിൽ വരുത്തിയിരിക്കുന്നതെന്നു സംക്ഷേപിച്ചു രേഖപ്പെടുത്തിക്കൊള്ളട്ടെ.

## വാർഷികധ്യാനം.

വൈദികജീവിതത്തിനു അത്യന്താപേക്ഷിതമായിരിക്കുന്ന പരിശുദ്ധിയെ പ്രോജ്ജ്വലിപ്പിക്കുവാനും, സംരക്ഷിക്കുവാനും ധ്യാനത്തോളം ശക്തിയുള്ളതായി വേറൊരു മാർഗ്ഗവുമില്ല. എറണാകുളം വികാരിയാത്തിൻെറ ആരംഭദശ തൊട്ടുതന്നെ വൈദികർക്കായിട്ടുള്ള ഏഴു ദിവസത്തെ ധ്യാനം ആണ്ടുതോറും മുടങ്ങാതെ നടത്തിവന്നിരുന്നു. കാലം ചെയ്ത പിതാവ്, തൻെറ പട്ടക്കാർക്ക് വാർഷികധ്യാനത്തിനു അവസരം ഉണ്ടാക്കിക്കൊടുക്കുന്നതിൽ അത്യന്തം ഔത്സുക്യം പ്രദർശിപ്പിച്ചിരുന്നു. തൻെറ നേരിട്ടുള്ള മേൽനോട്ടത്തിൽ നടക്കുന്നതിനുവേണ്ടി അരമനയിൽവച്ചുതന്നെയാണ് തിരുമേനി ധ്യാനം നടത്തിച്ചിരുന്നതു്. എന്നാൽ സ്ഥലദൂരം മൂലം അരമനയിൽ വരുവാൻ അസൗകര്യമുള്ളവർക്ക് ചില ഇടവകകളിൽ കൂടി ധ്യാനം നടത്തുന്നതിനും അവിടുന്നു ഏർപ്പാട് ചെയ്തിരുന്നു.

മെത്രാപ്പോലീത്താച്ചൻ ഭരണം കയ്യേററതിൻെറ ശേഷം വൈദികർക്കായുള്ള വാർഷികധ്യാനത്തെ കാലോചിതമായി പരിഷ്കരിക്കയുണ്ടായിട്ടുണ്ട്. ഒന്നാമതായി ചെയ്തതു, ഇംഗ്ലീഷ് അറിയാവുന്ന വൈദികർക്കായി പുറത്തുനിന്നു ധ്യാനപ്രാസംഗികന്മാരെ വരുത്തിത്തുടങ്ങിയതാണ്. 1920-ലെ ധ്യാനത്തോടുകൂടിയാണു ഈ പരിഷ്കാരം നടപ്പിൽ വരുത്തിയതു്. ആദ്യമായി വന്ന വിദേശീയ ധ്യാനഗുരു, "അപ്പസ്തോലിക്ക യൂണിയൻ" ഡിറക്ടരായിരുന്ന മംഗലാപുരത്തെ റവ. ഫാദർ ഡിസൂസാ അവർകൾ ആയിരുന്നു. അന്നുതൊട്ടിന്നുവരെ ആണ്ടുതോറും ഓരോ ധ്യാനഗുരുക്കന്മാരെ പുറത്തുനിന്ന് വരുത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

ധ്യാനദിവസങ്ങളിലെല്ലാം പരി. കുർബ്ബാന കൈക്കൊള്ളുവാൻ അനുവദിച്ചതു് തത്സംബന്ധമായ വേറൊരു പരിഷ്കാരമാണ്. 1920-ലെ ധ്യാനത്തിൽവച്ചു തന്നെയാണ് ഈ രീതിയും നടപ്പിൽ ആക്കിയതു്. അതോടുകൂടി ദിവസവും പരി. കുർബ്ബാനയുടെ വാഴ്വ് നടത്തുന്നതിനും, തത്സമയത്തു് "റാഹേം അലൈ" എന്ന അനുതാപസങ്കീർത്തനം പാടുന്നതിനും

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



നിർദ്ദേശംചെയ്തു. കുറേ വർഷങ്ങൾ കഴിഞ്ഞപ്പോൾ ധ്യാനദിവസങ്ങളിലെല്ലാം കുർബ്ബാന ചൊല്ലുന്നതിനു അനുവദിക്കുകയും, അതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും ചെയ്തു. പിന്നീടു, അരമനയിൽവച്ചു് ധ്യാനം നടത്തുന്നതിന് സൗകര്യം പോരാതെ വന്നതിനാൽ ആ ധ്യാനം ആലുവാ സ്ക്കൂളിലേക്ക് മാററുകയുണ്ടായി.

ധ്യാനദിവസങ്ങളിൽ മെത്രാപ്പോലീത്താച്ചൻ തിരുമനസ്സുകൊണ്ടു് ധ്യാനമന്ദിരങ്ങളിൽ എഴുന്നൊള്ളി ബ. വൈദികർക്ക് ഓരോരുത്തർക്കും ഒരു രഹസ്യസന്ദർശത്തിനു അവസരം കൊടുക്കുകയും, അവരുമായി ഇടവകഭരണവും മററും സംബന്ധിച്ചു ഒരു ഹൃദ്യസംഭാഷണം ചെയ്യുകയും ചെയ്യുന്നതു്, തൻെറ പ്രിയ വൈദികരുമായിട്ടുള്ള സ്നേഹബന്ധത്തേയും മനോവിശ്വാസത്തേയും പോഷിപ്പിക്കുവാൻ എമ്മാത്രം ഉപകരിക്കുന്നു ഒന്നാണെന്നു അനുഭവം സാക്ഷിക്കുന്നു. ചിലപ്പോൾ തിരുമനസ്സുകൊണ്ടു് ധ്യാനസംബന്ധമായ ഒരു ഉപദേശം പൊതുവിൽ നല്കാറുമുണ്ടു്.

ചില അസൗകര്യങ്ങൾ നിമിത്തം ബ. വൈദികരുടെ കുർബ്ബാനക്കണക്കു പുസ്തകം, ധ്യാനദിവസങ്ങളിൽ അവർ തന്നെ പരിശോധിക്കുകയും, അതനുസരിച്ചു അംഗീകരിക്കുകയുമായിരുന്നു മുൻപതിവു്. എന്നാൽ 1921-ൽ പ്രസ്തുത കണക്കുപുസ്തകങ്ങളും മററും വേറെ ആളുകളെക്കൊണ്ടു പരിശോധിപ്പിക്കുവാൻ തിരുമേനി ഏർപ്പാടു് ചെയ്തു.

ഡിസമ്പർ മാസത്തോടുകൂടി അതിരൂപതയിലെ എല്ലാ വൈദികരും ധ്യാനം നടത്തിയിരിക്കണമെന്നുള്ളതു ഒരു നിബന്ധനിയമമാണു്.

## "അപ്പസ്തോലിക്കു് യൂണിയൻ."

ആണ്ടു ധ്യാനത്തിൽ ലഭിച്ച തീക്ഷ്ണതയെ പുലർത്തിക്കൊണ്ടു പോരുന്നതിനും, അനുദിനം അവയെ പ്രവൃത്തിയിൽ വരുത്തുന്നതിനുമായി സാർവ്വത്രികസഭയിൽ വൈദികർക്കായി സ്ഥാപിച്ചിട്ടുള്ള ഒരു ഭക്തസമാജമാണു് പ്രസ്തുത യൂണിയൻ. അതിൻെറ അംഗങ്ങൾ ദിവസംതോറും ധ്യാനം, ആത്മശോധന, ഭക്തഗ്രന്ഥപാരായണം, കാനോനാ നമസ്കാരം തുടങ്ങിയ കർമ്മങ്ങൾ നിശ്ചിതസമയങ്ങളിൽ നടത്തുവാനും, അവ നടത്തിയ വിവരം ഒരു പുസ്തകത്തിൽ രേഖപ്പെടുത്തുവാനും, മാസാവസാനത്തിൽ ആ രേഖ, യൂണിയൻ ഡിറക്ടർക്കു അയച്ചുകൊടുക്കുവാനും കടപ്പെട്ടിരിക്കുന്നു. ഈ ഭക്തസഖ്യം നമ്മുടെ അതിരൂപതയിൽ 1920 സെപ്റ്റമ്പർ 21-ാംനു- മെത്രാപ്പോലീത്താച്ചൻ തിരുമനസ്സുകൊണ്ടു സ്ഥാപിച്ചു. ഈ സമാജത്തിൻെറ ആഭിമുഖ്യത്തിൽ, വൈദികർ മാസത്തിൽ ഒരു ദിവസം, തനിച്ചോ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



അഥവാ, അതാതു ഫൊറോനാ പള്ളികളിൽ കൂടിയോ, ഒരു മാസധ്യാനം നടത്തണമെന്നാണു് നിശ്ചയം.

### വേദശാസ്ത്രപരീക്ഷ.

വിശുദ്ധി മാത്രമല്ല, അതോടുകൂടി മതാത്മകശാസ്ത്രത്തിൽ ഗാഢമായ പാണ്ഡിത്യവും ഒരു പുരോഹിതനു ആവശ്യമാണല്ലോ. സെമിനാരിയിൽനിന്നു പഠനം പൂർത്തിയാക്കി വൈദികസാധാരണമായ ഇടവകജോലിയിൽ പ്രവേശിച്ചുകഴിഞ്ഞാലും, സെമിനാരിയിൽവച്ചു് പഠിച്ചവേദാന്തം, സന്മാർഗ്ഗശാസ്ത്രം, കർമ്മാനുഷ്ഠാനവിധി, മുതലായവയെ സദാ പഠിച്ചും പാരായണംചെയ്തും ഇരിക്കേണ്ടതു് വൈദികർക്കു്, പ്രത്യേകിച്ചു ഇടവക ജോലിയിൽ വ്യാപൃതരായിരിക്കുന്ന വൈദികർക്കു്, അത്യന്താപേക്ഷിതംതന്നെ. വികാരിയാത്തിന്റെ ആരംഭം തൊട്ടുതന്നെ ഈ പരീക്ഷ നടത്തിപ്പോന്നിരുന്നു. ഈ പരീക്ഷ വാർഷികധ്യാനത്തിന്റെ അവസരത്തിലാണു് നടത്തിയിരുന്നതു്. 1921-ൽ അതു എഴുത്തുപരീക്ഷയാക്കി. എന്നാൽ വൃദ്ധന്മാരായ വൈദികരെ ചില അസൗകര്യങ്ങൾ പരിഗണിച്ചു എഴുത്തു പരീക്ഷയിൽനിന്നു ഒഴിവാക്കുകയുണ്ടായി. 1924-ൽ, ഉയിപ്പു് കഴിഞ്ഞുവരുന്ന ബുധനാഴ്ച ആരക്കുഴ മൈലക്കൊമ്പു എന്നീ ഫൊറോനാകളിൽപ്പെട്ട വൈദികർ ആരക്കുഴയും, മററുള്ളവർ അരമനയിലുംവച്ചു പരീക്ഷയ്ക്കു് ചേരുവാൻ തീരുമാനിച്ചു. പട്ടമേററിട്ടു് പത്തുകൊല്ലം തികയുന്നതുവരെ ആണ്ടുതോറും ഈ പരീക്ഷയിൽസംബന്ധിക്കണം. മൂന്നു കൊല്ലംകൊണ്ടു കത്തോലിക്കാ വേദാന്തവും സന്മാർഗ്ഗശാസ്ത്രവും മററും തീരത്തക്കവിധത്തിലാണു് ചോദ്യങ്ങൾ ക്രമീകരിക്കുന്നതു്. പത്തുകൊല്ലം പൂർത്തിയാകുന്നവർക്കുള്ള പരീക്ഷ സർവ്വവിഷയങ്ങളേയും പരാമർശിച്ചുള്ളവയായിരിക്കും.

### പ്രശ്നോത്തരങ്ങൾ. (Casus)

പ്രസ്തുത പരീക്ഷയ്ക്കു് പുറമേ, രണ്ടു മാസത്തിൽ ഒരിക്കൽ, സന്മാർഗ്ഗശാസ്ത്രവുംമററും സംബന്ധമായ ഒരു വിഷമപ്രശ്നം അച്ചടിപ്പിച്ചു അതിരൂപതയിലെ സർവ്വവൈദികർക്കും അയച്ചുകൊടുക്കപ്പെടുന്നു. ഉത്തരം അവർ അരമനയിലേക്കു അപ്പഴപ്പോൾ എഴുതി അയയ്ക്കേണ്ടതാണു്. 1924-ൽ ആണു ഈ പ്രസ്ഥാനം മെത്രാപ്പോലീത്താച്ചൻ തിരുമനസ്സുകൊണ്ടു സമാരംഭിച്ചതു്. അന്നു ആണ്ടിൽ മൂന്നു തവണ മാത്രമേ ഉണ്ടായിരുന്നുള്ളു. ഇപ്പോൾ രണ്ടുമാസത്തിൽ ഒരിക്കൽ ഈ പരീക്ഷനടന്നുപോരുന്നു. 1927 മുതൽ ആണു് ഈ രീതി നടപ്പിലായതു്.

ഇതിനും പുറമേ, ആണ്ടിലൊരിക്കൽ—ഡിസമ്പർ 8-ാംതീയതി

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



കഴിഞ്ഞുവരുന്ന ബുധനാഴ്ച—ഫൊറോനാ പള്ളികളിൽ * കൂടിച്ചേർന്ന് സന്മാർഗ്ഗശാസ്ത്രവും വേദാന്തവും മററും സംബന്ധിച്ചുള്ള ഒരു പഠനക്കളരിയിൽ (Moral Conference) സംബന്ധിക്കുവാൻ വൈദികരെല്ലാവരും ചുമതലപ്പെട്ടവരാണ്. 1927-ൽ തന്നെ ആണ് മെത്രാപ്പോലീത്താച്ചൻ തിരുമനസ്സുകൊണ്ടു ഈ പഠനക്കളരിയും നടത്തുന്നതിന് നിശ്ചയിച്ചത്.

## വൈദികകർമ്മാനുഷ്ഠാന ക്രമീകരണം

ഇടവകഭരണം സംബന്ധിച്ചും മററും ബ. വൈദികരുടെ കർമ്മാനുഷ്ഠാനങ്ങളെ മെത്രാപ്പോലീത്താച്ചൻ തിരുമനസ്സുകൊണ്ടു കുറേയെല്ലാം ക്രമകരിച്ചിട്ടുണ്ട്. മൂന്നുദിവസങ്ങളിലധികമായി സ്വന്തം ഇടവകവിട്ടു പോകുവാൻ പാടില്ലെന്നുള്ള നിയമം 1921-ൽ ആണ ഉണ്ടാക്കിയത്. പിന്നീട്, റോമിലേയ്ക്കും മററും കണക്കു അയയ്ക്കുന്നതിനുവേണ്ടി, ഓരോ ഇടവകയിലും നടക്കുന്ന ജ്ഞാനസ്നാനം, പാപസങ്കീർത്തനം, വി. കുർബാന സ്വീകരണം മുതലായവ ഓരോദിവസവും എത്ര എത്ര നടന്നുവെന്നു അന്നന്നു എഴുതി ഇടുന്നതിനായി ഒരു അനുബന്ധം പഞ്ചാംഗത്തിൽ കൂട്ടിച്ചേർത്തു. പള്ളിയിൽ നടക്കുന്ന തിരുക്കർമ്മങ്ങൾക്കു പുറമേ, ഞായറാഴ്ച എത്ര കുട്ടികൾ വേദോപദേശത്തിനു ഹാജരുണ്ടായിരുന്നുവെന്നും, സുവിശേഷപ്രസംഗവിഷയം എന്തായിരുന്നുവെന്നും, വലിയവർക്കുള്ള വേദോപദേശം എന്തിനെപ്പററിയായിരുന്നുവെന്നും, അതാതു ഞായറാഴ്ച ഈ അനുബന്ധത്തിൽ എഴുതേണ്ടതിനും കോളങ്ങൾ ഇട്ടിട്ടുണ്ട്. ഈ പരിഷ്ക്കാരം 1927-ഡിസംബർ 5-ാംതീയതിയിലെ ഒരു കല്പനമൂലമാണ് നടപ്പിലാക്കിയത്. 1935-ൽ ഈ അനുബന്ധത്തെ ഒന്നുകൂടി വിപുലമാക്കി. കുടുംബപ്രതിഷ്ഠയും തിരുമണിക്കൂർ ആരാധനയും നടത്തുന്നതുംകൂടി രേഖപ്പെടുത്തണമെന്നു അന്ന് കല്പിച്ചു. ഈ അനുബന്ധം, ഒരു വൈദികൻെറ ഇടവകജോലിയെ എത്രമാത്രം കാര്യക്ഷമമാക്കുവാൻ പര്യാപ്തമാണെന്നു എടുത്തുപറയേണ്ടതില്ലല്ലോ.

## പ്രൊവിഡൻറ ഫണ്ട്.

വാർദ്ധക്യവും രോഗവുംമൂലം ജോലി ചെയ്യുവാൻ പാടില്ലാതെ വരുമ്പോൾ, പരാശ്രയംകൂടാതെ കാലയാപനം ചെയ്യുന്നതിന് വൈദികർക്കു ഒരു നിക്ഷിപ്തധനം ഉണ്ടായിരിക്കുന്നതിനുവേണ്ടി 1921 ജനുവരിമാസ

* ഇടപ്പള്ളി ഫൊറോനായിൽപെട്ടവർ പിന്നീടുണ്ടായ നിർദ്ദേശപ്രകാരം ഇപ്പോൾ മെത്രാപ്പോലീത്തൻ പള്ളിയിലാണ് കൂടുന്നത്.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ത്തിൽ മെത്രാപ്പോലീത്താച്ചൻ തിരുമനസ്സുകൊണ്ടു സ്ഥാപിച്ച ഒരു വിശിഷ്ടസ്ഥാപനമാണ് വി. യൗസേപ്പുപിതാവിൻെറ നാമത്തിലുള്ള വൈദികരുടെ പ്രൊവിഡൻറു ഫണ്ട്.

പള്ളിസംബന്ധിച്ചുംമററുമുള്ള കാര്യങ്ങൾക്കായി അരമനയിൽ വന്നിരുന്ന ബ. വൈദികർക്കു എല്ലാവർക്കും ഭക്ഷണം കൊടുക്കുവാൻ നമ്മുടെ വന്ദ്യപിതാക്കന്മാർക്കു ആരംഭത്തിൽ പലേ അസൗകര്യങ്ങൾമൂലം കഴിഞ്ഞിരുന്നില്ല. നമ്മുടെ ബ. വൈദികർ എറണാകുളത്തു വന്നിട്ട് ഭക്ഷണം കഴിക്കുവാനായി ഹോട്ടലുകളിൽ പോയിരുന്ന പതിവ് നിറുത്തി അവർക്കു അരമനയിൽനിന്ന് ഭക്ഷണം കൊടുക്കണമെന്നു പലേ പ്രതിബന്ധങ്ങളും അവഗണിച്ച് തിരുമാനിച്ചത് 1922ലാണ്. വൈദികർ ജീവിച്ചിരിക്കുമ്പോൾതന്നെ അവരുടെ 'തെസ്തമെന്തു്' അഥവാ വിൽപത്രം എഴുതിവയ്ക്കണമെന്ന് മെത്രാപ്പോലീത്താച്ചൻ തിരുമനസ്സുകൊണ്ട് 1935-ൽ കല്പിക്കുകയും, അതനുസരിച്ച അതിരൂപതയിലെ സകല വൈദികരും അവരുടെ മരണപത്രിക തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇതു എത്രമേൽ ബുദ്ധിപൂർവ്വമായ ഒരു പ്രവൃത്തിയാണെന്നു എടുത്തുപറയേണ്ട ആവശ്യമില്ലല്ലോ.

ബ. വികാരിമാരുടേയും അസിസ്തേന്തിമാരുടേയും ഭോഗനിരക്കു മിക്കവാറും എല്ലാ പള്ളികളിലും ഒരേരീതിയിൽ ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്. ഭോഗം നെല്ലായി നിശ്ചയിച്ചിട്ടുള്ള പള്ളികളിൽ പണമായി കൊടുക്കുന്നതായാൽ ഒരു പറ നെല്ലിനു 10 ണ.യിൽ കൂടുതൽ കൊടുത്തുകൂടെന്നുള്ള കല്പന ഉണ്ടായതു് 1932-ൽ ആണ്.

നമ്മുടെ അതിരൂപതയിൽ സ്ഥായിയായ രോഗംമൂലവും മററും ഇടവക ജോലി ചെയ്യുവാനോ, കുർബാന ചൊല്ലുവാൻപോലുമോ സാധിക്കാതെ കഷ്ടപ്പെടുന്ന വൈദികർ ഉണ്ട്. അവരെ ആജീവനാന്തം സംരക്ഷിക്കുന്നതിന് നമ്മുടെ വന്ദ്യ പിതാക്കന്മാർ ധർമ്മസഹായം ചെയ്യുന്നുണ്ടെന്നുള്ളതും സ്മരണീയമാണ്.

ഇടവകവികാരിക്ക് രണ്ടു കുർബാന ചൊല്ലുവാൻ പ്രത്യേകാനുവാദം ലഭിക്കുമ്പോൾ അതിൽ ഒരു കുർബ്ബാന ഇടവകജനങ്ങൾക്കുവേണ്ടി സൗജന്യമായി ചൊല്ലണമെന്ന് മാർ ളൂയസ് മെത്രാനച്ചൻെറ കാലത്തു് ആജ്ഞാപിച്ചിട്ടുള്ളതും, അപ്രകാരം ഏതാനും ചില ഇടവകകളിലെങ്കിലും വികാരിമാർ ആഴ്ച്ചയിലൊരിക്കൽ ഒരു കുർബ്ബാന ഇടവകജനങ്ങൾക്കായി ചൊല്ലിവരുന്നതും ആകുന്നു. ഇതിനുപുറമേ, ആണ്ടിനാൽ നാലു പ്രധാന തിരുനാളുകളിൽ എല്ലാ ഇടവകവികാരിമാരും ജനങ്ങൾക്കുവേണ്ടി ഓരോ കുർബ്ബാന സൗജന്യമായി ചെല്ലുവാനും കല്പിച്ചിട്ടുണ്ട്.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

## വൈദികർ അതിരൂപതയ്ക്കു ചെയ്തിട്ടുള്ള ധർമ്മസഹായങ്ങൾ.

എറണാകുളം വികാരിയാത്തിൻെറ ആരംഭകാലം തൊട്ടു നോക്കുന്നതായാൽ നമ്മുടെ വൈദികർ അന്നുമുതൽ ഇന്നുവരെ അതിനെ അവരുടെ ശക്തിക്കൊത്തവിധത്തിൽ സഹായിക്കുന്നതായി കാണാവുന്നതാണ്.

അരമനപണിക്കായി വികാരിയാത്തിലെ വൈദികരെല്ലാവരും ധനസഹായം ചെയ്തിട്ടുണ്ട്. അതുപോലെതന്നെ ആലുവാ സ്ക്കൂൾ പണിക്കായി വൈദികർ ഗണ്യമായ തുകകൾ നൽകിയിട്ടുണ്ട്. നമ്മുടെ കുട്ടികളുടെ അഭ്യുന്നതിയെ ലാക്കാക്കി ചിലർ ഇതിനു മുന്നൂറും നാന്നൂറും ഉറുപ്പികവരെ കൊടുത്തിട്ടുണ്ടത്രെ.

വൈദികർ ധ്യാനദിവസങ്ങളിൽ ചൊല്ലുന്ന കുർബാനകളുടെ "ധർമ്മം" ധർമ്മകാര്യങ്ങൾക്കും മററുമായി സൗജന്യദാനം ചെയ്യുകയാണ് ആരംഭം തുടങ്ങിയുള്ള പതിവ്. പ്രാഥമിക സെമിനാരി പണിയുന്നതിനു അതിരൂപതയിലെ വൈദികർ 1929, 1930 എന്നീ ആണ്ടുകളിലെ പസാരഭോഗം ദാനം ചെയ്തിട്ടുണ്ട്. 1931 ഉൾപ്പടെ മൂന്നുകൊല്ലത്തേയ്ക്കു കൊടുക്കുവാനാണ് ആദ്യം തീരുമാനിച്ചത്. എന്നാൽ ക്ഷാമം കാരണം, തല്ക്കാലം പ്രസ്തുത രണ്ടു കൊല്ലത്തേതു് മാത്രമേ വാങ്ങിച്ചുള്ളു. ഹയരാക്കി, മെത്രാപ്പോലീത്താച്ചൻെറ പൌരോഹിത്യജൂബിലി, ഇപ്പോഴത്തെ ജൂബിലി എന്നിവയുടെ ഫണ്ടുകളിലേക്കും വൈദികർ അവരുടെ ശക്തിക്കൊത്തവിധത്തിൽ ധനസഹായം ചെയ്തിട്ടുണ്ട്.

ഇവ കൂടാതെ, ചെന്നക്കാടൻ ബ. ജരാർദ്ദ് അച്ചൻ, തെക്കുംതല ബ. കുഞ്ഞവുസേപ്പച്ചൻ, പയ്യപ്പിള്ളി പെ. ബ. വർഗീസച്ചൻ, തേയ്ക്കാനത്തു ബ. ദേവസ്സി അച്ചൻ, മാനാടൻ ബ. ഗർവ്വാസീസ് അച്ചൻ എന്നീ വൈദികർ വേദപ്രചാരത്തിനും മററുമായി ചെയ്തിട്ടുള്ള ദാനങ്ങളും പ്രസ്താവയോഗ്യങ്ങളാണ്.

1930-ൽ പരിശുദ്ധ പിതാവു ൧൧-ാം പീയൂസിൻെറ പൌരോഹിത്യജൂബിലി പ്രമാണിച്ചു, ആ തിരുമേനി നവപൂജ അർപ്പിച്ച പീഠം അലംകരിക്കുന്ന വകക്കായി നമ്മുടെ വൈദികർ 300 ക. റോമിലേയ്ക്കു അയച്ചിട്ടുണ്ട്.

## ദേവാലയങ്ങൾ.

കത്തോലിക്കാദേവാലയം ദൈവാരാധനയ്ക്കുള്ള ഒരു പൊതുസ്ഥലം മാത്രമല്ല, അതോടുകൂടിത്തന്നെ അതിൻെറ ആരാധകന്മാരെ പാപ

marggam
Digital Library of Christianity in India
www.marggam.com



ത്തിൽനിന്നും ദുശ്ശീലങ്ങളിൽനിന്നും ഉദ്ധരിച്ചു, അവരിൽ ഒരു മാനസാന്തരംവരുത്തി ധർമ്മിഷ്ഠന്മാരാക്കിത്തീർക്കുന്ന ഒരു ധാർമ്മികപരിവർത്തനശാലകൂടിതാണ്. കത്തോലിക്കരെല്ലാവരും ഞായറാഴ്ചയും മററു കടമുള്ള ദിവസങ്ങളിലും ദേവാലയത്തിൽ വരുവാൻ കടപ്പെട്ടിരിക്കുന്നു. ഗൗരവാവഹമായ കാരണം കൂടാതെ പ്രസ്തുത ദിവസങ്ങളിൽ ദേവാലയത്തിൽ അവർ അലസതകൊണ്ടോ ഉപേക്ഷകൊണ്ടോ വരാതിരുന്നാൽ ഘനമായ ഒരു പാപം ചെയ്യും. അതിനാൽ, കത്തോലിക്കർ ആഴ്ചയിൽ ഒരിക്കലെങ്കിലും ദേവാലയത്തിൽ വന്നുകൊണ്ടിരിക്കുന്നു. വന്നാലോ, സർവ്വവസ്തുക്കളേക്കാൾ ദൈവത്തെ സ്നേഹിക്കണമെന്നും, തന്നെപ്പോലെ മറെറല്ലാവരെയും സ്നേഹിക്കണമെന്നും ഉള്ള രണ്ടു മഹാപ്രമാണങ്ങളിൽ അടങ്ങിയിരിക്കുന്ന വിശുദ്ധ വേദപുസ്തകത്തിലെ സനാതനധർമ്മശാസനങ്ങളെ പരാമർശിച്ച് കുറഞ്ഞതു 20 മിനിട്ടുനേരം വൈദികൻ അവരോടു പ്രസംഗിക്കുന്നു. കഴിഞ്ഞ ഒരാഴ്ചയിലെ അവരുടെ ജീവിതത്തെ ഒന്നു പരിശോധിക്കുന്നതിനും, അതിൽ വന്നുപോയിട്ടുള്ള അപരാധങ്ങളെപ്പററി പശ്ചാത്തപിക്കുന്നതിനും, പാപോച്ചാരണംവഴി ദൈവത്തോടു ആ അപരാധങ്ങളെല്ലാം ഏററുപറഞ്ഞ് പാപമോചനം സമ്പാദിക്കുന്നതിനും, മേലാൽ പാപംചെയ്യാതെ ഒരു നല്ലജീവിതം നയിച്ചുകൊള്ളാമെന്നു ദൈവത്തോടു വാഗ്ദാനം ചെയ്യുന്നതിനും, അങ്ങനെ മദ്യപാനം വ്യഭിചാരം കളവ് പരോപദ്രവം മുതലായ അക്രമങ്ങളൊന്നും ചെയ്യാതെയും, ചെയ്തുപോയവയ്ക്ക് പരിഹാരം ചെയ്തും, കളവുചെയ്തതു തിരിയെ കൊടുത്തും,ശത്രുവിനോടു ക്ഷമിച്ചും, ഒരുത്തമക്രിസ്തീയജീവിതം ജീവിക്കുന്നതിനും, ഒരു സ്നേഹമുള്ള പിതാവ് മക്കളോടെന്നവണ്ണം വൈദികൻ അവരോടു ഉപദേശിക്കുന്നു. ഈ ഉപദേശത്തെ അടിസ്ഥാനപ്പെടുത്തിയാണ് അവർ കുർബ്ബാന എന്ന ദിവ്യപൂജ വഴിയായി ദൈവാരാധന നടത്തുന്നതു്. ഇതിനും പുറമെ തങ്ങളുടെ മതാദ്ധ്യക്ഷന്മാരുടേയും രാജാവിന്റേയും രാജ്യവാസികളുടേയും മാതാപിതാക്കന്മാരുടേയും മററും ഐശ്വര്യത്തിനും സുഖത്തിനുമായി പ്രാർത്ഥിക്കുന്നുമുണ്ട്. ഇപ്രകാരമുള്ള ഒരു ആരാധനാരീതി വേറെ ഏതു മതത്തിലാണുള്ളതു്?

ഇനി, ദേവാലയത്തിൽവച്ചു കത്തോലിക്കർക്ക് വൈദികർ നൽകുന്ന ധർമ്മോപദേശവിഷയങ്ങൾ ഏവയെന്നു പരിശോധിക്കാം. ദൈവത്തെ സംബന്ധിച്ചുള്ള സഭയുടെ പ്രമാദരഹിതങ്ങളായ തത്വങ്ങൾ മാത്രമല്ല, അതോടുകൂടി രാജഭക്തി, അധികാരികളോടുള്ള ബഹുമാനം, സമസ്തജീവിസ്നേഹം. ദീനാനുകമ്പ, അധഃകൃതോദ്ധാരണം, വിനയം, ക്ഷമ, സത്യം, ദയ, ത്യാഗം, സഹനം മുതലായി മനുഷ്യസമുദായത്തിന്റെ സമാധാനജീവി

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

തത്തിനു അവശ്യം ആവശ്യമായ ധർമ്മനിയമങ്ങളും അവയിൽ ഉൾപ്പെട്ടു
ന്നു. ഇതു പരമാർത്ഥമാണെന്നു് ഞായറാഴ്ചതോറും പള്ളിപഞ്ചാംഗത്തിന്റെ
അനുബന്ധത്തിൽ വികാരി കുറിച്ചിടുന്ന പ്രസംഗവിഷയങ്ങൾ ഒന്നു പരി
ശോധിച്ചാൽ മനസ്സിലാകും. അഥവാ, കത്തോലിക്കാ വൈദികർക്കു ഉപ
യോഗിക്കുവാനായി മതാദ്ധ്യക്ഷന്മാരുടെ മേൽനോട്ടത്തിൽ വിരചിതങ്ങ
ളായിട്ടുള്ള അനേകം പ്രസംഗപുസ്തകങ്ങളിൽ ഏതെങ്കിലും ഒന്നു ഒരാവ
ർത്തി വായിച്ചാൽ മതി. അതേ, കത്തോലിക്കാദേവാലയം ഒരു ധർമ്മവി
ദ്യാലയംകൂടിയാണു്. രാജാവിനെതിരായി വിപ്ലവമുണ്ടാക്കണമെന്നോ,
സ്വമതം സ്വീകരിക്കാത്തവരെ വാളിനൂണാക്കണമെന്നോ, ഇതരമതസ്ഥ
രെ ആക്ഷേപിക്കണമെന്നോ, അവരുടെ ദേവാലയങ്ങളെ ഇടിച്ചുതകർക്ക
ണമെന്നോ, ഇതരമതസ്ഥരെ ബലം പ്രയോഗിച്ചു സ്വാധീനമാക്കണമെ
ന്നോ, ഘനമായ ഒരു പാപം ചെയ്യാതെ ഒരു കത്തോലിക്കനു് ചിന്തിക്കു
വാനോ സംസാരിക്കുവാനോപോലും നിവൃത്തിയില്ല. ഇങ്ങിനെയുള്ള ഒരു
ധർമ്മശാസ്ത്രസംഹിത വേറെ ഏതുമതത്തിലാണുള്ളതു്?

ഈദൃശ മതസിദ്ധാന്തങ്ങളും ധർമ്മനിയമങ്ങളും ആഴ്ചതോറും ജന
ങ്ങളോടു ആവർത്തിച്ചാവർത്തിച്ചു് പ്രസംഗിക്കുന്നതിനും, തദനുസരണം ജീ
വിക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കുന്നതിനും, അങ്ങിനെ ജനതതിയെ
ഉത്തമ പൌരന്മാക്കിത്തിക്കുന്നതിനും വേണ്ടിയാണു് ഞായറാഴ്ചതോറും
എല്ലാ കത്തോലിക്കരും ദേവാലയത്തിൽ വന്നുകൊള്ളണമെന്നുള്ള കർശന
മായ നിയമം. മാത്രമല്ല, കഴിയുമെങ്കിൽ ദിനംപ്രതി ദേവാലയത്തിൽ വ
രുന്നതിനു് സ്വമതാനുസാരികളെ വൈദികർ ഉദ്ബോധിപ്പിക്കുന്നു. ഇ
ങ്ങിനെ മറേറതുമതസ്ഥരാണു് ആഴ്ചതോറും അഥവാ ദിവസംതോറും ദേ
വാലയത്തിൽ പോകുന്നതു്? പ്രതിദിനഭക്ഷണത്തേക്കാൾ ഉപരിപ്രധാന്യ
മുള്ള മതാനുഷ്ഠാനം യാതൊരു പ്രതിബന്ധവുംകൂടാതെയും, തൊഴിലാളിക
ൾക്കും മററും അവരുടെ ജോലിക്കു് വിഘ്നം വരാത്ത വിധവും, ദിനംപ്രതി
നടത്തുന്നതിനുവേണ്ടിയാണു് കത്തോലിക്കാദേവാലയങ്ങൾ കത്തോലിക്കരു
ടെ ഭവനങ്ങളോടു് കഴിയുന്നത്ര അടുത്തുണ്ടായിരിക്കണമെന്നു അവർ സി
ദ്ധാന്തിക്കുന്നതു്. അതുകൊണ്ടുതന്നെയാണു് കത്തോലിക്കർ അടുത്തടുത്തു
ദേവാലയങ്ങൾ സ്ഥാപിക്കുന്നതും. കത്തോലിക്കാദേവാലങ്ങൾ വർദ്ധിക്കുന്ന
തുകൊണ്ടു് രാഷ്ട്രവും ഇതരമതസ്ഥരും സന്തോഷിക്കയാണു് വേണ്ടതു്. കാ
രണം, അവ രാജാവിനു ഉത്തമ പ്രജകളേയും, ഇതരമതസ്ഥർക്കു ഉത്തമ സ
ഹോദരന്മാരേയും ഉണ്ടാക്കിക്കൊടുക്കുവാൻ ഭഗീരഥപ്രയത്നം ചെയ്യുന്ന ഉ
ൽകൃഷ്ട ധർമ്മ വ്യവസായശാലകളാണു്. ഈ പ്രസ്താവന ആരെങ്കിലും അ
വിശ്വസിക്കുന്നുവെങ്കിൽ അയാൾ ഏതെങ്കിലും ഒരു കത്തോലിക്കാദേവാ

marggam Digital Library of Christianity in India www.marggam.com
www.TheCMSIndia.org CHRISTIAN MUSICOLOGICAL SOCIETY OF INDIA

തത്തിനു അവശ്യം ആവശ്യമായ ധൎമ്മനിയമങ്ങളും അവയിൽ ഉൾപ്പെടുന്നു. ഇതു പരമാൎത്ഥമാണെന്നു് ഞായറാഴ്ചതോറും പള്ളിപഞ്ചാംഗത്തിന്റെ അനുബന്ധത്തിൽ വികാരി കുറിച്ചിട്ടുന്ന പ്രസംഗവിഷയങ്ങൾ ഒന്നു പരിശോധിച്ചാൽ മനസ്സിലാകും. അഥവാ, കത്തോലിക്കാ വൈദികൎക്കു ഉപയോഗിക്കുവാനായി മതാദ്ധ്യക്ഷന്മാരുടെ മേൽനോട്ടത്തിൽ വിരചിതങ്ങളായിട്ടുള്ള അനേകം പ്രസംഗപുസ്തകങ്ങളിൽ ഏതെങ്കിലും ഒന്നു ഒരാവൎത്തി വായിച്ചാൽ മതി. അതേ, കത്തോലിക്കാദേവാലയം ഒരു ധൎമ്മവിദ്ദ്യാലയംകൂടിയാണു്. രാജാവിനെതിരായി വിപ്ലവമുണ്ടാക്കണമെന്നോ, സ്വമതം സ്വീകരിക്കാത്തവരെ വാളിന്നൂണാക്കണമെന്നോ, ഇതരമതസ്ഥരെ ആക്ഷേപിക്കണമെന്നോ, അവരുടെ ദേവാലയങ്ങളെ ഇടിച്ചുതകൎക്കണമെന്നോ, ഇതരമതസ്ഥരെ ബലം പ്രയോഗിച്ചു സ്വാധീനമാക്കണമെന്നോ, ഘനമായ ഒരു പാപം ചെയ്യാതെ ഒരു കത്തോലിക്കന്നു് ചിന്തിക്കുവാനോ സംസാരിക്കുവാനോപോലും നിവൃത്തിയില്ല. ഇങ്ങിനെയുള്ള ഒരു ഗൎമ്മശാസ്ത്രസംഹിത വേറെ ഏതുമതത്തിലാണുള്ളതു്?

ഈദൃശ മതസിദ്ധാന്തങ്ങളും ധൎമ്മനിയമങ്ങളും ആഴ്ചതോറും ജനങ്ങളോടു ആവൎത്തിച്ചാവൎത്തിച്ചു് പ്രസംഗിക്കുന്നതിനും, തദനുസരണം ജീവിക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കുന്നതിനും, അങ്ങിനെ ജനതതിയെ ഉത്തമ പൌരന്മാരാക്കിത്തീൎക്കുന്നതിനും വേണ്ടിയാണു് ഞായറാഴ്ചതോറും എല്ലാ കത്തോലിക്കരും ദേവാലയത്തിൽ വന്നുകൊള്ളണമെന്നുള്ള കൎശനമായ നിയമം. മാത്രമല്ല, കഴിയുമെങ്കിൽ ദിനംപ്രതി ദേവാലയത്തിൽ വരുന്നതിന്നു് സ്വമതാനുസാരികളെ വൈദികർ ഉദ്ബോധിപ്പിക്കുന്നു. ഇങ്ങിനെ മറ്റേതുമതസ്ഥരാണു് ആഴ്ചതോറും അഥവാ ദിവസംതോറും ദേവാലയത്തിൽ പോകുന്നതു്? പ്രതിദിനഭക്ഷണത്തേക്കാൾ ഉപരിപ്രധാന്യമുള്ള മതാനുഷ്ഠാനം യാതൊരു പ്രതിബന്ധവും കൂടാതെയും, തൊഴിലാളികൾക്കും മറ്റും അവരുടെ ജോലിക്കു് വിഘ്നം വരാത്ത വിധവും, ദിനംപ്രതി നടത്തുന്നതിനുവേണ്ടിയാണു് കത്തോലിക്കാദേവാലയങ്ങൾ കത്തോലിക്കരുടെ ഭവനങ്ങളോടു് കഴിയുന്നത്ര അടുത്തുണ്ടായിരിക്കണമെന്നു അവർ സിദ്ധാന്തിക്കുന്നതു്. അതുകൊണ്ടുതന്നെയാണു് കത്തോലിക്കർ അടുത്തടുത്തു ദേവാലയങ്ങൾ സ്ഥാപിക്കുന്നതും. കത്തോലിക്കാദേവാലങ്ങൾ വൎദ്ധിക്കുന്നതുകൊണ്ടു് രാഷ്ട്രവും ഇതരമതസ്ഥരും സന്തോഷിക്കയാണു് വേണ്ടതു്. കാരണം, അവ രാജാവിനു ഉത്തമ പ്രജകളേയും, ഇതരമതസ്ഥൎക്കു ഉത്തമ സഹോദരന്മാരേയും ഉണ്ടാക്കിക്കൊടുക്കുവാൻ ഭഗീരഥപ്രയത്നം ചെയ്യുന്ന ഉൽകൃഷ്ട ധൎമ്മ വ്യവസായശാലകളാണു്. ഈ പ്രസ്താവന ആരെങ്കിലും അവിശ്വസിക്കുന്നുവെങ്കിൽ അയാൾ ഏതെങ്കിലും ഒരു കത്തോലിക്കാദേവാ

ലയത്തിൽപോയി അവിടെ നടക്കുന്ന ചടങ്ങുകളെ കുറഞ്ഞൊരു നാളത്തേയ്ക്കു തുടൎച്ചയായി ഒന്ന് വീക്ഷിക്കട്ടെ.

കത്തോലിക്കാദേവാലയം രാഷ്ട്രത്തിനു രക്ഷയാണ്; അതു നാട്ടിന്റെ ക്ഷേമസ്ക്കരമാണ്; അതു ഇതരമതസ്ഥൎക്ക് സഹായമാണ്. കത്തോലിക്കാദേവാലയത്തിൽ ആൎക്കും പ്രവേശിക്കാം. അതിൽ രഹസ്യപ്രവൎത്തനങ്ങൾ ഒന്നുമില്ല. ഇതരമതത്തിനോ സമുദായത്തിനോ എതിരായി ഒരൊറ്റ വാക്കുപോലും അവിടെ കേൾക്കുവാൻ അവൎക്ക് സാധിക്കയില്ല. നേരെമറിച്ച് തങ്ങളുടെ മതങ്ങൾക്കോ സമുദായങ്ങൾക്കോ നൽകുവാൻ സാധിക്കാത്ത അനൎഘങ്ങളായ നിരവധി ദിവ്യനിക്ഷേപങ്ങൾ വിളമ്പിക്കൊടുക്കുന്ന ഒരു ദിവ്യഭക്ഷണ ശാലയാണ് കത്തോലിക്കാദേവാലമെന്നു അവർ നേരിട്ടു കണ്ടറിയും.

ഈ അനുദിന കൎമ്മങ്ങൾക്ക് പുറമേ ജനങ്ങളെ സുകൃതികളാക്കിത്തീൎക്കുവാൻവേണ്ടി ഇതരമതസ്ഥൎക്കു ഊഹിക്കുവാൻപോലും പാടില്ലാത്ത എത്രയെത്ര ഉൽകൃഷ്ടപ്രസ്ഥാനങ്ങളാണ് ആണ്ടടക്കം ഒരു കത്തോലിക്കാദേവാലയത്തിൽ നടക്കുന്നതെന്ന് പിന്നാലെ വിവരിക്കുന്നതാണ്.

1897 മുതൽ ഈ അതിരൂപതയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ദേവാലയങ്ങൾ താഴെ പറയുന്നവയാണ്.

1. കല്ലുക്കാട്ട് (1898); 2. കുററിപ്പുഴ (1899); 3. മററൂർ; 4. കോക്കമംഗലം (1900); 5. എള്ളൂർ, 6. എടാട്ട് (1901); 7. തോട്ടക്കര, 8. കോടിക്കുളം (1902); 9. കരിമണ്ണൂർ (1903); 10. ബേസ്ലഹം, 11. തോട്ടക (1904); 12. പുല്ലുവഴി, 13. ചെത്തിക്കോട്ട, 14. വല്ലകം (1905); 15. ക ച്ചേരിപ്പടി, 16. തുരുത്തിപ്പുറം (1906); 17. കടവൂർ (1908); 18. കി ങ്ങൂർ (1909); 19. പെരുമാന്തൂർ (ലൂർദ്ദ്) (1910); 20. നെല്ലിമററം, 21 കല്ലാനിക്കൽ (1914); 22. കലയന്താനി (1917); 23. പൈങ്ങോട്ടൂർ (1919); 24. ഓർശ്ലം (1920); 25. വൈററില, 26. കീച്ചേരി (1921 27. ഇഞ്ചൂർ (1923); 28. രാജഗിരി 29. ചാത്തമ്മ, (1924); 30. മീന കുന്ന്, 31. വളമംഗലം (1925); 32. പെരുമ്പാവൂർ, 33. എഴല്ലൂർ, 34 മത്തുങ്കൽ, (1926); 35. നെടിയകാട്ട് (1927); 36. ഊന്നുകല്ല്, 32. അ യിരൂർ (1928); 38. വെളിയച്ചാൽ (1929); 39. ഉടുമ്പന്നൂർ, 40. നടേ 1930); 41. തണ്ണീമുക്കം (1931); 42. മേക്കാട്ട് (1932); 43. ചെട്ടുക്കുന്നു, 44. കോടപ്പറമ്പ് (1933); 45. നെടുമ്പാറ, 46. കോടനാട (1934).

താഴെ പറയുന്ന പള്ളികൾ നന്നാക്കിയൊ മുഴവനാക്കിയോ പണിതവയാകുന്നു. 1. ആമ്പല്ലൂർ, 2. ആലുവാ, 3. കമ്പളം, 4. കന്നംപ

റം, 5. കുലശേഖരമംഗലം, 6. കൊററമത്തി, 7. കോതമംഗലം, 8. കൈപ്പട്ടൂർ, 9. ചക്കരക്കടവ്, 10. ചാലിൽ, 11. ചൊവ്വര, 12. തെക്കൻപറൂർ, 13. തൊറൂർ, 14. തെനംകുന്നം, 15 നെടിയശാല, 16. നെയ്യിശേരി, 17. നെല്ലിമററം, 18. പറൂർ കോട്ടക്കാവ്, 19. പുല്ലുവഴി, 20. പെരിങ്ങൊഴ, 21. പോത്താനിക്കാട്ട്, 22. മൂക്കന്നൂർ, 23. മൂവ്വാററുപുഴ, 24. വല്ല്യാറ, 25. വാഴക്കുളം.

## ദേവാലയങ്ങളുടെ ഭരണക്രമം.

നമ്മുടെ ദിവ്യരക്ഷകൻ തിരുസഭയുടെ ആദ്ധ്യാത്മികവും ലൗകികവുമായ കാൎയ്യങ്ങളെ ഭരിക്കുന്നതിനു തന്റെ ശ്ലീഹന്മാരെയും അവരുടെ പിൻഗാമികളായ മെത്രാന്മാരെയുമാണു നിയമിച്ചത്. 2000 കൊല്ലത്തെ അനുഭവത്തിൽനിന്നു് സഭ ഉണ്ടാക്കിയിട്ടുള്ളതും, സൎവ്വജാതികളാലും സമാദരിക്കപ്പെട്ടിട്ടുള്ളതുമായ കാനോൻ നിയമപ്രകാരമാണ് മെത്രാന്മാർ സഭാഭരണം നടത്തുന്നത്. ഒരു രൂപതയിലെ അധികാരി മെത്രാനായിരിക്കുന്നതുപോലെ അദ്ദേഹത്തിന്റെ പ്രതിനിധിയെന്ന നിലയിൽ വികാരി ഇടവകയിലെ അധികാരിയാണ്. ഇടവകയുടെ പൊതുഗുണത്തിനുവേണ്ടി മററാരുടേയും പ്രതിബന്ധംകൂടാതെ കാനോൻ നിയമാനുസരണം ഭരണം നടത്താനല്ലാതെ തന്നിഷ്ടംപോലെ പള്ളിസ്വത്തിനെ അന്യാധീനപ്പെടുത്തുവാനോ അപഹരിക്കുവാനോ ആയിട്ടല്ല ഈ അധികാരം ദിവ്യരക്ഷകൻ പുരോഹിതന്മാൎക്ക് നൽകിയിരിക്കുന്നത്. വികാരിമാരുടെ അവകാശങ്ങളും ഭോഗനിരക്കും ക്ലിപ്തപ്പെടുത്തിവച്ചിരിക്കുന്നതിനാൽ അതിൽ കൂടുതൽ അദ്ദേഹത്തിന് തൊടുവാൻപോലും നിവൃത്തിയില്ലല്ലോ. കത്തോലിക്കാസഭാഭരണക്രമം എത്രമേൽ ഭദ്രമാണെന്നു് കണ്ടാലും.

തിരുസഭയിൽ പൊതുവിൽ സ്ഥിരപ്പെട്ടുനില്ക്കുന്ന ഈ ഭരണക്രമമാണ് നമ്മുടെ വികാരിയാത്തിന്റെ പ്രാരംഭംതൊട്ടുതന്നെ ഇവിടെയും സ്ഥിതിചെയ്തുപോരുന്നത്. എന്നാൽ ഇടക്കാലത്ത് ചുരുക്കം ചില സ്ഥലങ്ങളിൽ ചില യോഗപ്രമാണികളും കൈക്കാരന്മാരും മിശിഹായുടെ പള്ളിഭരണത്തിൽ പഴെ നടപ്പിനെതിരായി ചില ക്രമക്കേടുകൾ വരുത്തീട്ടുണ്ട്. ഇടവകയിൽ കയ്യൂക്കും പണശക്തിയുമുള്ള ഏതാനംപേർ സഭയുടെ ഭരണക്രമത്തിൽ അനാവശ്യമായി കുഴപ്പമുണ്ടാക്കിയാൽ സാധുക്കൾക്ക് ശുശ്രൂഷചെയ്യുവാൻ സഭയ്ക്കു് സാധിക്കാതെ വരുമല്ലോ. മാത്രമല്ല, മിശിഹാ സ്ഥാപിച്ച മനോഹരമായ സഭാസംഘടനയെ അതു കീഴമേൽ മറിക്കുന്നതുമാണ്. ഈ അനാചാരത്തെ നിറുത്തലാക്കുവാൻവേണ്ടി പള്ളിക്കാൎയ്യങ്ങളെല്ലാം വികാരിയും കൈക്കാരന്മാരുംകൂടി ആലോചിച്ചല്ലാതെ പ്രവൃ

ത്തിച്ചുകൂടായെന്നു 1906-ൽ മാർ ളൂയീസ് മെത്രാനച്ചൻ ഒരു കല്പന പുറപ്പെടുവിക്കുകയും, അങ്ങിനെ ഇടവക ഭരണം സുഗമമായിത്തീരുകയും ചെയ്തിട്ടുണ്ടു്.

സഭയുടെ കാനോൻ നിയമങ്ങൾ എത്രതന്നെ ഭദ്രവും വ്യവസ്ഥാപിതവുമായിരുന്നാലും കൈകാര്യം ചെയ്യുന്നവരിൽനിന്നുണ്ടാകുന്ന തെറ്റുകളെ തിരുത്തേണ്ടതും അതു വരാതിരിക്കുവാൻ സൂക്ഷിക്കേണ്ടതും മെത്രാന്മാരുടെ കടമയാണു്. അതിനാണു അതാതു കാലങ്ങളിൽ വികാരിമാരുടെയും കൈക്കാരന്മാരുടെയും നടപടികളെ നിയന്ത്രിച്ചുകൊണ്ടു മെത്രാന്മാർ നിയമങ്ങളുണ്ടാക്കുന്നതു്. 1904-ൽ ആണ്ടുതിരട്ടു ഹാജരാക്കുന്നതോടുകൂടി അതിൻെറ പകൎപ്പും കൂടി ഹാജരാക്കണമെന്നു മാർ ളൂയീസു മെത്രാനച്ചൻ കല്പിച്ചു. അതിനുമുമ്പു അങ്ങിനെ ഒരു ഏൎപ്പാടു പതിവുണ്ടായിരുന്നില്ല. പള്ളിവക വസ്തുക്കളിൽ പാട്ടക്കാരും മറ്റും കല്ലും മരവും കൊണ്ടു് പുരപണിയുന്നതിന്നു് മെത്രാൻെറ കല്പന വാങ്ങിച്ചിരിക്കണമെന്നുള്ള പഴയ നടപടി 1906-ൽ ആവൎത്തിച്ചു് ജനങ്ങളെ ഗ്രഹിപ്പിച്ചു. 1908-നുമുമ്പു വരവുകളുടെ നിയമസംബന്ധിച്ചു് വരവുകളുടെ നിയമങ്ങൾ അച്ചടിച്ചിട്ടുണ്ടായിരുന്നില്ല. രണ്ടു മിസ്സങ്ങളുടെയും നടപടികളെ ഏകീകരിച്ചു വരവുകളുടെ നിയമസംഗ്രഹമെന്ന പുസ്തകം പ്രസ്തുത വൎഷം മാർ ളൂയീസ് മെത്രായച്ചൻ അച്ചടിപ്പിച്ചു. ആണ്ടു തിരട്ടിനോടു അനുബന്ധിച്ചുള്ള ഫാറങ്ങൾ തിരട്ടിനോടുകൂടി ഹാജരാക്കിത്തുടങ്ങിയതും 1913-ലെ കല്പന അനുസരിച്ചാണു്. ആ ആണ്ടിൽതന്നെ തിരട്ടു പരിഷ്കരിച്ചടിച്ചു.

മെത്രാപ്പോലീത്താച്ചൻ ഭരണം കയ്യേറ്റശേഷം മിസ്സത്തിൻെറ ഏതൽകാലസ്ഥിതി ഗ്രഹിക്കുവാൻവേണ്ടി പള്ളിസംബന്ധിച്ചുള്ള സകല കാൎയ്യങ്ങളെയും പരാമൎശിച്ചുകൊണ്ടു 1920-ൽ ഒട്ടധികം ചോദ്യങ്ങൾ ക്കയയ്ക്കുകയും അവയുടെ സമാധാനങ്ങൾ വഴിയായി മിസ്സത്തിൻെറ അന്നത്തെ സ്ഥിതി പരിപൂൎണ്ണമായി ഗ്രഹിക്കയും ചെയ്തു. നിത്യകുൎബ്ബാനകൾക്കായി പള്ളികളിൽ ഏല്പിക്കപ്പെട്ടിരിക്കുന്ന സംഖ്യ ശരിയായിട്ടുള്ള ഈടില്ലാതെയും, ചിലപ്പോൾ വെറും നോട്ടിനെ ആധാരമാക്കിയും കൊടുത്തിരുന്ന പതിവിനെ 1920-ൽ മെത്രാപ്പോലീത്താച്ചൻ നിറുത്തലാക്കുകയും, ഈ വക സംഖ്യകൾ വസ്തുവിലാക്കിയിടണമെന്നു കല്പിക്കുകയും ചെയ്തു. ആണ്ടു തിരട്ടു മാത്രമല്ല, ഓരോ മാസത്തിലെയും തിരട്ടിൻെറ ഓരോ പകൎപ്പും അരമനയിലേക്കു അയയ്ക്കണമെന്നുള്ള കല്പന പുറപ്പെട്ടതു് 1921-ൽ ആയിരുന്നു. പള്ളികളിൽനിന്നു് നടത്തിയിരുന്ന ചിട്ടിയുടെ പണം ചില പള്ളികളിൽ പള്ളികാൎയ്യങ്ങൾക്കായി അനു

marggam
Digital Library of Christianity in India
www.marggam.com



വാദംകൂടാതെ എടുത്തു ചിലവാക്കിയിരുന്നു. കുറിവക റിപ്പോർട്ടു അയക്കു
വാൻ ആദ്യമായി 1921-ൽ ഉണ്ടായ കല്പനയെ 1926-ൽ ഒന്നുകൂടി നി
ർബ്ബന്ധിച്ചതായി കാണുന്നു. "ആത്മകാര്യം സഖ്യ" വേറെ സൂക്ഷിക്കണ
മെന്നും, അതിന് വേറെ പെട്ടിയും താക്കോലുമുണ്ടായിരിക്കണമെന്നും കർമ്മ
ങ്ങൾ നടത്താനല്ലാതെ സംഖ്യകൾ മറ്റൊന്നിനും ചിലവുചെയ്യാൻ പാ
ടില്ലെന്നും 1926-ൽ കല്പിച്ചു. പാട്ടം വാങ്ങിയതിനുശേഷം ചില പള്ളിക
ളിൽനിന്ന് രസീതു് കൊടുക്കാതിരുന്നതുമൂലം പലേ പാട്ടക്കാൎക്കും അനാവ
ശ്യനഷ്ടങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. 1927-ൽ പാട്ടത്തിനു അച്ചടിച്ച
രസീതു് കൊടുക്കണമെന്നുള്ള നിബന്ധന ഊർജ്ജിതപ്പെടുത്തി. ആ കൊ
ല്ലംതന്നെ ഉണ്ടായ മറ്റൊരു കല്പന പള്ളിവക യാതൊരു വക ആധാരവും
മെത്രാന്റെ അനുവാദം കൂടാതെ കൊടുത്തുകൂടായെന്നുള്ളതായിരുന്നു. ചി
ല പള്ളിക്കാർ നിശ്ചിതകാലാവധിക്കു തിരട്ടു ഹാജരാക്കാതെ താമസിപ്പി
ച്ചിരുന്നു. 1929-ലെ കല്പനപ്രകാരം തിരട്ടു താമസിപ്പിച്ചാൽ 5 ക. പിഴ
കൊടുക്കേണ്ടതായി വന്നതോടുകൂടി, ആ ക്രമക്കേടിന് പര്യവസാനമുണ്ടാ
യി. പള്ളിക്കാര്യത്തിൽനിന്നും കടത്തിനു നോട്ടായിട്ടല്ലാതെ പള്ളിവസ്തു
വിനെ ഈടുവച്ചുകൊണ്ടു് മെത്രാന്റെ അനുവാദംകൂടാതെ ആധാരം കൊ
ടുക്കുവാൻ പാടില്ലായെന്നു 1934-ൽ ഒരു കല്പന അയച്ചതോടുകൂടി ഓരോ
പള്ളിയ്ക്കും എന്തു കടം നിൽപ്പുണ്ടു എന്നു അന്വേഷണം ചെയ്യുകയും
ചെയ്തു. ചില പള്ളികളിൽ ബ. വികാരിമാരും അസ്തേന്തിമാരും സ്ഥലം
മാറിപ്പോകുമ്പോൾ അവൎക്കു് യാത്ര അയപ്പു നൽകുവാൻവേണ്ടി പള്ളിയി
ൽനിന്ന് വലിയ സംഖ്യകൾ എടുത്തു ചിലവുചെയ്തുപോന്നു. 1931-ൽ
അതു നിറുത്തൽചെയ്തു. സ്വന്തമായി യാതൊരുവക സ്വത്തുക്കളുമില്ലായിരു
ന്നവരെ ചില പള്ളികളിൽ കൈക്കാരന്മാരായി നിയമിച്ചതുമൂലം പലേ
തകരാറുകളും ഉണ്ടായിക്കൊണ്ടിരുന്നു. 1932-ൽ തനതുപേരിൽ വസ്തുക്ക
ളില്ലാത്തവരെ കൈക്കാരന്മാരായി നിശ്ചയിക്കാൻ പാടില്ലായെന്നു കല്പന
യായി. ചില പള്ളിഅധികാരികൾ സ്വേച്ഛാനുസരണം പള്ളിക്കാര്യ
ത്തിലേക്കു പണം കടം വാങ്ങിച്ചിരുന്നു. ഇതിന് പരിഹാരം വരുത്തുവാനാ
യിട്ടാണു് 100 ക.യിൽ കൂടുതൽ കടം വാങ്ങിക്കുന്നതിന് കാര്യം കാണിച്ചു
നേരത്തെ അരമനയിൽനിന്നു അനുവാദം വാങ്ങിക്കണമെന്നു 1927-ൽ ആ
ജ്ഞാപിച്ചതു്. പ്ലാനും എസ്റ്റിമേറ്റും കൂടാതെ കെട്ടിടങ്ങൾ മുതലായവ
പണിയുവാൻ പാടില്ലെന്നും, അടുത്ത കൊല്ലത്തേക്കുള്ള ബഡ്ജറ്റു തയ്യാ
റാക്കി തിരട്ടോടുകൂടി ഹാജരാക്കണമെന്നും ഉള്ള നിയമങ്ങൾ പല പള്ളി
കളേയും സാമ്പത്തികവിഷയത്തിൽ സംരക്ഷിച്ചിട്ടുണ്ടെന്നുള്ള വസ്തുത പ്ര
ത്യേകം പരിഗണനീയമാണു്.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



പള്ളിയും പള്ളിക്കൂടവും സംബന്ധിച്ച ജീവനക്കാരുടെ പ്രതിഫലത്തിന്റെ നിരക്ക ചില സ്ഥലങ്ങളിൽ ഇഷ്ടാനുസരണം കൂട്ടിയിരുന്ന പതിവ് 1931-ൽ നിറുത്തൽ ചെയ്യപ്പെട്ടു. "ആത്മകാര്യം" വകയായി ഓരോ പള്ളികളിൽ ആണ്ടിനാൽ ചെയ്യേണ്ടുന്ന തിരുകർമ്മങ്ങളുടെ ഒരു പട്ടിക തയ്യാറാക്കി പള്ളിയിൽ സ്ഥാപിക്കുവാൻ കല്പിച്ചതുമൂലം അവയുടെ തീയതിയും മററും എളുപ്പത്തിൽ നേരിട്ടു കണ്ടറിയുന്നതിനു ഇടവന്നിട്ടുണ്ട്.

പള്ളികളുടെ കോശസ്ഥിതി പുഷ്ടിപ്പെടുത്തുവാൻ നമ്മുടെ വന്ദ്യ തിരുമേനിമാക്കുള്ള ഉൽകണ്ഠ പറഞ്ഞറിയിക്കുവാൻ പ്രയാസം. ഊണബാദ്ധ്യതയുള്ള പള്ളികൾ അവയിൽനിന്ന് നിശ്ശേഷം മോചിപ്പിക്കപ്പെടാതെ അനാവശ്യമായി യാതൊന്നും ചെയ്യുവാൻ അനുവദിക്ക പതിവില്ല. തന്മൂലം നമ്മുടെ അതിരൂപതയിലെ പള്ളികൾ സാമ്പത്തികവിഷയത്തിൽ പുരോഗതി പ്രാപിച്ചുവരുന്നു. നിർദ്ധനങ്ങളായ പള്ളികൾക്ക് രണ്ടു തിരുമേനിമാരും പാടുള്ള സഹായങ്ങൾ ചെയ്തിട്ടുണ്ട്. കാലംചെയ്ത തിരുമേനി എല്ലാ പള്ളികൾക്കുംതന്നെ തിരുവസ്ത്രങ്ങൾ കാസാ മുതലായവ വിദേശങ്ങളിൽനിന്നു വരുത്തി ദാനംചെയ്തിട്ടുണ്ട്. മെത്രാപ്പോലീത്താച്ചനും അതു തുടന്നുകൊണ്ടു പോരുന്നു.

## തിരുനാളുകളുടെ ചിലവു നിയന്ത്രിച്ചത്.

നമ്മുടെ പള്ളിത്തിരുനാളുകളെ അവയുടെ ഇപ്പോഴത്തെ ആദ്ധ്യാത്മികചൈതന്യംകൊണ്ടു ആവരണംചെയ്തത് മെത്രാപ്പോലീത്താച്ചന്റെ ഭരണകാലത്തിലെ പ്രധാനസംഭവങ്ങളിൽ ഒന്നാണ്. ~~1932-ൽ തി~~രുനാളുകൾ എല്ലാം പകൽ നടത്തണമെന്ന് കല്പിച്ചതുമൂലം "പ്രസേന്തി"മാരെ മാനസികവും കായികവും സാമ്പത്തികവുമായ കഷ്ടനഷ്ടങ്ങളിൽനിന്ന് രക്ഷിച്ചിട്ടുണ്ട്. മാത്രമല്ല, രാത്രികാലങ്ങളിൽ ഉണ്ടാകുവാൻ പാടുള്ള അനാചാരങ്ങളും തദ്വാരാ നാമാവശേഷമാക്കപ്പെട്ടു. ഇക്കാര്യത്തിൽ ചിലസ്ഥലങ്ങളിൽനിന്ന് പ്രതിഷേധങ്ങൾ ഉണ്ടായെങ്കിലും തിരുമേനി അചഞ്ചലചിത്തനായി നിന്നുകൊണ്ടു തന്റെ നിയമം പ്രവൃത്തിയിൽ വരുത്തുകതന്നെ ചെയ്തു. ഈ ചിരപ്രതീക്ഷിതമായ പരിഷ്കാരസൂര്യകിരണം അതിരൂപതയിൽ പ്രകാശിച്ചത് 1923-ൽ ആണ്.

സാർവ്വലൗകികസാമ്പത്തികാധഃപതനം കേരളക്കരയിലും വ്യാപിച്ചുതുടങ്ങിയപ്പോൾ തിരുമേനിചെയ്ത വേറൊരു പുണ്യകർമ്മം തിരുനാളുകളുടെ ചിലവ് വെട്ടിക്കുറച്ചതാണ്. ചിലപ്പോൾ പത്തും പതിനഞ്ചും ദിവസങ്ങൾ നീണ്ടുനിന്നിരുന്ന പ്രധാന തിരുനാളുകളെല്ലാം മൂന്നു ദിവസത്തെയും, മററു തിരുനാളുകൾ ഒററദിവസത്തെയും മാത്രമാക്കി കുറച്ചു. തിരുനാൾവകയാ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

margGam
Digital Library of Christianity in India
www.marggam.com



യി യാതൊരുവക സദ്യയും പള്ളിമതിൽകകെത്തുവച്ച് കൊടുത്തുകൂടായെന്നുള്ള പഴയ നിബന്ധന 1931-ൽ ആവത്തിച്ച ഊജ്ജിതത്തിൽ വരുത്തിയതു് പ്രസേന്തിമാക്ക് സാരമായ സഹായം ചെയ്തിട്ടുണ്ട്. മാത്രമല്ല, പള്ളിയിൽ വച്ച സദ്യകഴിച്ചാൽ ഉണ്ടാകുമായിരുന്ന അനാചാരങ്ങളും ഇതിനാൽ നിരോധിക്കപ്പെട്ടു.

## ദേവാലയംവക റിക്കാർട്ടുപുസ്തകങ്ങൾ.

ഭരണസംബന്ധമായ റിക്കാട്ടുപുസ്തകങ്ങൾ ക്രമതയിൽ സവ്വഇടവകകളിലും ഏകരീതിയിൽ ഇരിക്കത്തക്കവിധം അച്ചടിപ്പിക്കുക സഭാദ്ധ്യക്ഷന്മാരുടെ പ്രത്യേകശ്രദ്ധയ്ക്കു് വിഷയീഭവിക്കുന്ന ഒന്നാണ്. രണ്ടു മിസ്സങ്ങളിൽനിന്നും കൂടി എടുത്തു നിമ്മിക്കപ്പെട്ട ഈ വികാരിയാത്തിൽ സ്ഥിതിചെയ്തിരുന്ന നടപടികളെ ഏകരീതിയിൽ വരുത്തി മാർ ളൂയീസ് മെത്രാനച്ചൻ 1913-ൽ തിരട്ടു് പരിഷ്കരിച്ച് അച്ചടിപ്പിച്ചു.

മെത്രാപ്പാലീത്താച്ചൻ 1929-ൽ പലേ പരിഷ്കാരങ്ങളും വരുത്തി തയ്യാറാക്കിയ ഇപ്പോഴത്തെ തിരട്ടു് 12 കൊല്ലത്തേയ്ക്കു ഉപയോഗിക്കാവുന്നതാണ്. 1934-ൽ മെത്രാപ്പോലീത്താച്ചൻ പുതിയതായി ഉണ്ടാക്കിയ റിക്കാട്ടുപുസ്തകങ്ങളാണ് താഴെ പറയുന്നവ. 1. പള്ളിവക കെട്ടിടങ്ങളുടെ പ്ലാനും വിവരവും രേഖപ്പെടുത്തുവാനുള്ള "കെട്ടിടങ്ങളുടെ ലീസ്റ്റു", 2. പള്ളിവക സകല സാധനങ്ങളുടേയും വിവരം പറയുന്നതായ "സാമാനലീസ്റ്റ്", 3. "പ്രമാണങ്ങളുടെ ലീസ്റ്റ്", 4. ശാശ്വതമായ വസ്തുക്കളുടെ പ്ലാനും പ്രമാണവും ചേക്കേണ്ടതായ "പ്രമാണവിവരം ഒന്നാംപുസ്തകം", 5. പണയം മുതലായവയുടെ വിവരങ്ങളടങ്ങിയ "പ്രമാണവിവരം രണ്ടാം പുസ്തകം", 6. പാട്ടച്ചീട്ടു മുതലായവ സംബന്ധിച്ചുള്ള "പ്രമാണവിവരം മൂന്നാംപുസ്തകം", 7. അന്യന്മാക്കെഴുതിക്കൊടുക്കുന്ന കരണങ്ങളെ കുറിക്കുന്ന "അന്യപ്രമാണപുസ്തകം", 8. സവ്വേ, വിസ്തീണ്ണം മുതലായവയോടുകൂടിയുള്ള "വസ്തുക്കളുടെ ലീസ്റ്റ്", 9. അരമനയിലേക്കയയ്ക്കുന്ന ഹർജികളും അരമനയിൽനിന്നു ലഭിക്കുന്ന കല്പനകളും പകത്തേണ്ടതായ "ഹർജികളും കല്പനകളും".

ഇവയ്ക്കുപുറമേ, A. B. C. D. എന്നിങ്ങനെ 4 ഫാറം അടങ്ങിയ കല്യാണക്കുറികളും, മരിച്ചടക്കിയ വിവരത്തിന് വികാരി കൊടുക്കുന്ന സട്ടിഫിക്കററു ഫാറവും, അച്ചടിപ്പിച്ചിട്ടുണ്ട്,

കൂടാതെ, ജ്ഞാനസ്നാനം, വിവാഹം, മരണം മുതലായവയുടെ റജിസ്റ്റ്രുകളും ആത്മസ്ഥിതിപ്പുസ്തകവും പുതിയതായി പല ഭേദഗതികളും വരുത്തി തയ്യാർചെയ്തിട്ടുണ്ട്.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## ഇടവകകളുടെ അതൃത്തി നിണ്ണയകാര്യം.

അതിരൂപതയിലെ ഇടവകകൾ തമ്മിൽ ക്ലിപ്തമായ സ്ഥലാതൃത്തി നിണ്ണയിക്കുന്നകാര്യം മെത്രാപ്പോലീത്താച്ചന്റെ ഗാഢമായ പര്യാലോചനയ്ക്കും വിവേകപൂവ്വകവും തീക്ഷ്ണവുമായ പ്രയത്നത്തിനും വിഷയമായിട്ടുള്ള ഒന്നാണ്. ഇടവകകൾക്കു നിശ്ചിതമായ അതൃത്തി ഉണ്ടെങ്കിൽ മാത്രമല്ലാതെ വികാരിമാക്കു ഇടവകഭവനങ്ങളെ അറിയുവാനും, ജനങ്ങൾക്കു ആദ്ധ്യാത്മികശുശ്രൂഷ യഥാവിധിനിവ്വഹിച്ചുകൊടുക്കുവാനും കഴിയുന്നതല്ലല്ലോ. ഇതിനകം അതിരൂപതയിലെ മിക്ക ഇടവകകൾക്കും അതൃത്തിനിണ്ണയിച്ചു കല്പന അയയ്ക്കുകയും അതു നടപ്പിൽവരുത്തുകയും ചെയ്തിട്ടുണ്ട്.

ഇതിനുംപുറമേ, ആത്മസ്ഥിതിപുസ്തകത്തിലുള്ള ഗൃഹനമ്പർ അതാതു വീടുകൾക്കും ഇടുന്നതിനും അവിടുന്നു ഏപ്പാടു ചെയ്തിട്ടുണ്ട്. ഈ ഏപ്പാടുമൂലം വികാരിമാരും ഇടവകാംഗങ്ങളും തമ്മിലുള്ള ഇടപാടുകൾ പൂവ്വാധികം കാര്യക്ഷമവും സുകരവുമായിത്തീന്നിരിക്കുന്നു. ഏതെങ്കിലും ഒരാവശ്യം പ്രമാണിച്ചു ഇടവകക്കാർ വികാരിയെ സമീപിക്കുമ്പോൾ അവരുടെ വീട്ടുനമ്പർ ഇന്നതാണെന്നുപറഞ്ഞാൽ മാത്രംമതി, വികാരിക്കു ഉടൻ റിക്കാട്ടു പുസ്തകങ്ങൾ നോക്കി വേണ്ടതു പ്രവത്തിക്കുവാൻ എളുപ്പമായിത്തീരുന്നു. ഈപരിഷ്ക്കാരം എല്ലാ ഇടവകകളിലും പ്രചരിച്ചിട്ടുണ്ട്.

## ഇടവകകളുടെ ഭൂപടം.

സർവ്വേപ്ലാൻ അനുസരിച്ചു ഓരോ ഇടവകയുടേയും ഭൂപടം തയ്യാറാക്കി, അതിൽ വീടുകളെല്ലാം നമ്പർസഹിതം രേഖപ്പെടുത്തി പള്ളികളിൽ സൂക്ഷിക്കുന്നതിനും തിരുമേനി ഏപ്പാടുചെയ്തു വരുന്നുണ്ട്. ഈ പ്രസ്ഥാനം ഇടവകഭരണവിഷയത്തിൽ പുതിയവികാരിമാക്കു പ്രത്യേകിച്ചും എത്രമേൽ ഉപകാരപ്രദമായ ഒന്നാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

## വിടുവെഞ്ചിരിപ്പ്."

നല്ല ഇടയൻ ആടുകളെയെല്ലാം നല്ലവണ്ണം അറിയുന്നു. ആടുകൾ ഇടയനേയും അറിയുന്നു. ഇതു യഥാത്ഥീകരിക്കപ്പെടണമെങ്കിൽ ഇടവകവികാരിമാർ ഇടവകയിലുള്ള കുടുംബങ്ങളെ അടുത്തടുത്തു സന്ദശിച്ചുകൊണ്ടിരിക്കണം. ഇടവകാംഗങ്ങളെ നേരിട്ടു അറിയാത്ത ഒരു വികാരിക്കു, അവരുടെ ആത്മീയ ജീവിതസ്ഥിതിയെ ശരിയായവിധത്തിൽ ഗ്രഹിക്കുവാൻ സാധിക്കുന്നതല്ലല്ലോ. ഇതിനെ പ്രായോഗികമാക്കുവാൻ വേണ്ടിയാണ്, ആണ്ടിൽ ഒരിക്കലെങ്കിലും വികാരി എല്ലാ ക

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

ടുംബങ്ങളിലും ഇടയനടുത്ത ഒരു സന്ദർശനം നടത്തി ഭവനാശീർവ്വാദക ർമ്മം നിർവ്വഹിക്കണമെന്ന് നിശ്ചയിച്ചിരിക്കുന്നതു്. ഈ സന്ദർശനവേളയിൽ, വികാരി ആത്മസ്ഥിതിപുസ്തകത്തെ ആധാരമാക്കി കുടുംബാംഗങ്ങൾ ഒരോരുത്തരേയുംപററി അന്വേഷണം ചെയ്യുകയും ഉപദേശം നൽകുകയും ചെയ്യുന്നു. ഈ സന്ദർശനം നടത്തിയ തിയതി പുസ്തകത്തിൽ അതാതുവീടുകളുടെ ഭാഗത്തു് രേഖപ്പെടുത്തുകയും ചെയ്യുന്നു.

**മരിച്ചവരുടെ ഓർമ്മ.**

ഈ വാർഷികഭവനസന്ദർശനാവസരത്തിൽ "വീടു വെഞ്ചരിപ്പു" കർമ്മത്തിനുംപുറമെ, തിരുഹൃദയപ്രതിഷ്ഠ കഴിക്കുകയും മരിച്ചുപോയ കുടുംബാംഗങ്ങളെയും അനുസ്മരിക്കുകയും ചെയ്യണമെന്നും തിരുമേനി ഉപദേശിക്കുന്നുണ്ടു്. തിരുഹൃദയപ്രതിഷ്ഠയെ സംബന്ധിച്ചുള്ള തിരുമേനിയുടെ പരിശ്രമങ്ങൾ പിന്നീടു ഒരവസരത്തിൽ പ്രസ്താവിക്കുന്നതാണു്. മരിച്ചവരുടെ ഓർമ്മ കൊണ്ടാടുന്നതിനു അവിടുന്ന് നിർദ്ദേശിച്ചുതന്നിരിക്കുന്ന രീതി ഏതു സ്ഥിതിക്കാർക്കും അത്യന്തം പ്രായോഗികവും സുകരവും ആണു്. മരിച്ചുപോയ കുടുംബാംഗങ്ങൾക്കു നിത്യാശ്വാസവും, ജീവിക്കുന്നവർക്കു ആത്മീയവും ശാരീരികവുമായ ശ്രേയസ്സും ലഭിക്കുന്നതിനു നിശ്ചിതദിവസം ഒരു ഒററ കുർബ്ബാന ചൊല്ലിക്കയും, കുടുംബാംഗങ്ങൾ എല്ലാവരും ഒരു കുർബ്ബാന കാണുകയും ചെയ്യണമെന്നും, പാപസങ്കീർത്തനം ചെയ്തു പരിശുദ്ധ കുർബ്ബാന കൈക്കൊള്ളണമെന്നും വീട്ടിൽവച്ചു് പട്ടക്കാരനെക്കൊണ്ടു് മരിച്ചവർക്കുവേണ്ടി പതിവുള്ള ഒരു കർമ്മം നടത്തിക്കുകയും, നിത്യവൃത്തിക്കു നിവൃത്തിയില്ലാത്തവർക്കു് അവനവൻെറ നില അനുസരിച്ചു കഴിയുന്ന ധർമ്മം കൊടുക്കുകയും ചെയ്യണമെന്നും ആണു് നിർദ്ദേശങ്ങൾ. ഈ അവസരത്തിൽ സ്വന്തം കുടുംബാംഗങ്ങൾ മാത്രമല്ലാതെ അയൽക്കാർപോലും പ്രസ്തുത കർമ്മങ്ങളിൽ പങ്കുകൊള്ളേണ്ടതില്ലെന്നുകൂടി അവിടുന്നു പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ടു്. വിശ്വാസത്തെ വിദ്ധിപ്പിക്കുന്നതും, എന്നാൽ ഏററവും തുച്ഛമായ ചിലവിൽ നിർവ്വഹിക്കാവുന്നതുമായ ഈ ഒരു പുണ്യകർമ്മാനുഷ്ഠാനം നമ്മുടെ ഭവനങ്ങളിലെല്ലാം ആണ്ടുതോറും നടന്നിരുന്നുവെങ്കിൽ നമ്മുടെ കുടുംബങ്ങളിലെ ആത്മീയജീവിതചൈതന്യം എത്രമേൽ വർദ്ധമാനമാകുമായിരുന്നു! ഇടവകകളെ സന്ദർശിക്കുന്ന അവസരത്തിൽ വിശ്വാസികളോടു അവിടുന്നു ചെയ്യുന്ന ഇടയനടുത്ത ഉപദേശത്തിൽ ഈ കാര്യത്തെപ്പററി സംസാരിക്കുവാൻ അവിടുന്നു ഒരിക്കലും മറന്നുപോകാറില്ല. ദൈവാനുഗ്രഹപ്രദമായ ഈ സൽപ്രസ്ഥാനം തൻെറ അതിരൂപതയിൽ മാത്രമല്ല, കേരളം ഒട്ടുക്കു് പ്രചരിച്ചു കാണുവാൻ തിരുമേനിക്കു എന്തൊരു താല്പര്യമാണുള്ളതു്!

marggam
Digital Library of Christianity in India
www.marggam.com



## ജനങ്ങളുടെ ആത്മായോന്നതിക്കായിട്ടുള്ള പ്രസ്ഥാനങ്ങൾ.

മനുഷ്യരെ ഉത്തമ ദൈവവിശ്വാസികളും രാജഭക്തരും ധർമ്മിഷ്ഠരും ആക്കിത്തീർക്കുന്ന ഒരു ധർമ്മവ്യവസായശാലയാണ് കത്തോലിക്കാദേവാലയമെന്നു മുൻപ്രസ്താവിച്ചുവല്ലോ. ഇടവകജനങ്ങളിൽ ദൈവഭക്തിയും മതനിഷ്ഠയും പ്രോജ്ജ്വലിപ്പിക്കുവാൻ ഇടവകയിൽ നടക്കുന്ന വിവിധ പ്രസ്ഥാനങ്ങളെപ്പററി രണ്ടുവാക്ക് പറഞ്ഞുകൊള്ളട്ടെ.

മാർ ളൂയീസ് മെത്രാനച്ചന് പരിശുദ്ധ ദൈവജനനിയോട് ഉണ്ടായിരുന്ന നിസ്സീമമായ ഭക്തി ലോകപ്രസിദ്ധമാണല്ലോ. അദ്ദേഹത്തിൻെറ മരിയഭക്തി വഴിയായി സമാരംഭിച്ച വികാരിയാത്തിൻെറ ആദ്ധ്യാത്മീയവളർച്ച് മെത്രാപ്പോലീത്താച്ചൻെറ മിശിഹായുടെ ദിവ്യകാരുണ്യതിരുഹൃദയഭക്തിയിൽ അതിൻെറ മൂദ്ധന്യത്തെ പ്രാപിച്ചുവെന്നു പറയാവുന്നതാണ്. "മറിയംവഴി ഈശോയിലേക്ക്" എന്ന മുദ്രാവാക്യമാണ് നമ്മുടെ രണ്ടു വന്ദ്യപിതാക്കന്മാരും സ്വീകരിച്ചിട്ടുള്ളതെന്നു അല്പം ആലോചിച്ചാൽ മനസ്സിലാകും.

<u>തിരുഹൃദയഭക്തി.</u>

1896-ൽ മാർ ളൂയീസ് മെത്രാനച്ചനാൽ ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിക്കപ്പെട്ട എറണാകുളം വികാരിയാത്തിൽ 1913 ൽ തിരുഹൃദയതിരുനാൾ പ്രചരിച്ചുതുടങ്ങി. 1926-ൽ പ്രസ്തുത തിരുനാളിൽ പരിശുദ്ധ കുർബാന എഴുന്നെള്ളിച്ചുവച്ചു ഒരു മണിക്കൂർ ആരാധന നടത്തണമെന്ന് കല്പിച്ചു. അതിനുപുറമേ, മാസാദ്യവെള്ളിയാഴ്ച ദിവ്യകാരുണ്യം സ്വീകരിക്കാത്തവരായി കുടുംബങ്ങളിൽ ആരുംതന്നെ ഉണ്ടായിരിക്കരുതെന്നും, സൗകര്യത്തിനുവേണ്ടി ഓരോരുത്തർ തവണമാറി ആ പുണ്യകൃത്യം നടത്തണമെന്നും ഒരു ഇടയലേഖനം വഴിയായി ഉപദേശിച്ചു. ആവശ്യമെന്ന് കാണുന്നപക്ഷം ഒന്നാം വെള്ളിയാഴ്ചതോറും ഉച്ചവരെയോ അഥവാ ഒരു മണിക്കൂർ നേരത്തേയ്ക്കോ സ്കൂളുകൾക്കു ഒഴിവു കൊടുക്കുന്നതിനും ആ കൊല്ലത്തിൽ അനുവാദം നൽകി. നവവത്സരദിവസം നമ്മെ ഈശോയുടെ തിരുഹൃദയത്തിനു പ്രതിഷ്ഠിക്കുന്ന ജപവും ആ ആണ്ടിൽതന്നെയാണു സമാരംഭിച്ചത്.

1931-വരെ തിരുഹൃദയത്തിരുനാൾ എല്ലാ പള്ളികളിലും നിശ്ചിത ദിവസംതന്നെ, അതായതു ദിവ്യരക്ഷകൻ അരുളിച്ചെയ്തപോലെ പരിശുദ്ധ കുർബാനയുടെ എട്ടാംദിവസം കഴിഞ്ഞുവരുന്ന വെള്ളിയാഴ്ച തന്നെ നടത്തിയിരുന്നില്ല. 1931-ലെ കല്പന അനുസരിച്ചാണു അതിരൂപതയിൽ എല്ലായിടത്തും പ്രസ്തുത വെള്ളിയാഴ്ചതന്നെ തിരുനാൾ നടത്തിത്തുടങ്ങിയിരിക്കുന്നത്.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## പരി. കുർബാനയുടെ വാഴ്വ്:

1921, പരി. കുർബാനയുടെ വാഴ്‌വ് സംബന്ധിച്ചു പല പരിഷ്കാരങ്ങളും വികാരിയാത്തിൽ നടപ്പായ ഒരു വർഷമാണ്. ആ കൊല്ലത്തിൽ വേദപ്രചാരസംഘം സ്ഥാപിച്ചതോടുകൂടി വാഴ്വിന്റെ സമയത്തു അതായത് "കൊല്ലൽ ദശനെ" എന്ന സുറിയാനി ഗീതത്തിന് മുമ്പ് ചൊല്ലുവാനായി "മനുഷ്യവർഗ്ഗത്തിന്റെ രക്ഷിതാവെ" എന്ന പ്രതിഷ്ഠാജപം "എറണാകുളം മിസ്സത്തിൽ" പ്രസിദ്ധപ്പെടുത്തിയിരുന്നു. മെത്രാന്റെ ആജ്ഞാനുസരണം മലയാളപ്രാർത്ഥന വാഴ്വിന്റെ നേരത്തു് ചൊല്ലിത്തുടങ്ങിയതു അന്ന് മുതലാണ്. 1926-ൽ പ്രസ്തുത പ്രതിഷ്ഠാജപത്തെ പരിശുദ്ധ സിംഹാസനത്തിൽനിന്നു കുറേക്കൂടി കൂട്ടിച്ചേർത്തു വലിയതാക്കി പ്രസിദ്ധീകരിച്ചപ്പോൾ, അതിനെ മലയാളത്തിലേക്ക് തർജ്ജിമചെയ്തു തന്നുകൊണ്ടു മാസാദ്യവെള്ളിയാഴ്ചകളിലെ ആരാധനസമയത്തു് ചൊല്ലുന്നതിന് കല്പിച്ചു. മററു ഞായറാഴ്ചകളിലും കടമുള്ള തിരുനാളുകളിലും വാഴ്വിന്റെ അവസരത്തിൽ ചൊല്ലുവാൻ "ഏററം വിലയേറിയ" എന്ന ഇപ്പോഴത്തെ ജപം നടപ്പാക്കുകയും ചെയ്തു. "ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ" എന്ന സ്തോത്രമാലയും ഇതോടുകൂടി തന്നെയാണു പ്രചരിക്കപ്പെട്ടതു്. ആണ്ടവസാനത്തിലും നവവത്സരദിവസത്തിലും ഉള്ള ഒരു മണി ആരാധന 1921 മുതലാണു നടപ്പായതു്. ആണ്ടറുതി ദിവസം "ലാക് ആലാഹാ" എന്ന സ്തോത്രഗീതവും പുത്തനാണ്ടുദിനത്തിൽ "താലാഹ് റൂഹാ" എന്ന പരിശുദ്ധാരൂപിയോടുള്ള പ്രാർത്ഥനാഗീതവും പരിശുദ്ധ കുർബാന എഴുന്നള്ളിച്ചുവച്ചു പാടുവാൻ 1926-ൽ ആജ്ഞാപിച്ചു.

### കുടുംബങ്ങളിൽ ഈ. തി. ഹൃദയപ്രതിഷ്ഠ.

ഈ. തി. ഹൃദയത്തിന്റെ ഭക്തി കുടുംബങ്ങളിൽ പ്രായോഗികമാക്കിത്തീർത്തതു് കുടുംബപ്രതിഷ്ഠമൂലമാണ്. ഇന്നു അതിരൂപതയിലെ ഒട്ടുമിക്ക കുടുംബങ്ങളിലും പ്രതിഷ്ഠ നടത്തിയിട്ടുണ്ടു്. അതിനായിട്ടു ഒരു ചെറിയ പുസ്തകം മെത്രാപ്പോലീത്താച്ചന്റെ പ്രത്യേക നിർദ്ദേശപ്രകാരം 1933-ൽ അച്ചടിപ്പിക്കയും, അതിരൂപതയിലെ കുടുംബങ്ങളിലെല്ലാം വിതരണം ചെയ്യുവാൻ ഉത്സാഹിക്കയുംചെയ്തു. കുറഞ്ഞ വിലക്കു എല്ലാവർക്കും വാങ്ങിക്കത്തക്കവിധം തിരുഹൃദയത്തിന്റെ ഒരു വലിയ പടവും പ്രത്യേകമായി അച്ചടിപ്പിച്ചു. പ്രതിഷ്ഠയും, നവീകരണവും മാസംതോറും എത്ര നടത്തിയെന്നു പഞ്ചാംഗത്തിന്റെ അനുബന്ധത്തിൽ കുറിച്ചിടേണ്ടതിനായി ഒരു പ്രത്യേക കോളം ഇട്ടിട്ടുമുണ്ടു്.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## പരി. കുർബ്ബാനയുടെ ആരാധന:

1899 തൊട്ടുതന്നെ 12 മണി ആരാധന മാർ ളൂയീസ് മെത്രാനച്ചൻ വികാരിയാത്തിൽ നടപ്പാക്കിയിരുന്നു. എന്നാൽ കാലക്രമേണ ചില പള്ളികളിൽ അതു കൃത്യസമയങ്ങളിൽ നടക്കാതെ വീണുപോയി. 1926-ൽ ആഴ്ചയിലൊരിക്കൽ അതിരൂപതയിൽ ഏതെങ്കിലും ഒരു പള്ളിയിൽ പന്ത്രണ്ടുമണി ആരാധന നടത്തത്തക്കവിധം ഒരു പട്ടിക തയ്യാറാക്കി കല്പന പുറപ്പെടുവിച്ചു. 1928-ലെ ക്രമീകരണം മൂലം ഇപ്പോൾ ആഴ്ചതോറും രണ്ടു പള്ളികളിൽ പന്ത്രണ്ടുമണി ആരാധന അതിരൂപതാതിർത്തിക്കകത്തു നടന്നുവരുന്നു. 1927-ൽ പ്രധാനപള്ളികളിൽ ആണ്ടിലൊരിക്കൽ 40 മണി ആരാധന നടത്തുന്നതിനും ഏർപ്പാടുചെയ്തു. ഇപ്പോൾ ഭാരതീയനിത്യാരാധന, അഥവാ ഇൻഡ്യയിൽ ദിവസംപ്രതി ഓരോ പള്ളികളിൽ 12 മണി ആരാധന, നടത്തത്തക്കവണ്ണം വ്യവസ്ഥ ചെയ്തിട്ടുണ്ടല്ലോ. നമ്മുടെ അതിരൂപതയിലെ 48 പള്ളികൾ നിത്യാരാധനപട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്;

കുടുംബങ്ങളിലെ രാത്രി ആരാധന എന്ന പ്രശംസനീയമായ ഭക്തകൃത്യം അതിരൂപതയിൽ 1934-ൽ ആണ് സമാരംഭിച്ചത്. 1933-ലെ ജൂബിലി വർഷത്തിലാണല്ലോ "തിരുമണിക്കൂർ ആരാധന" അതിരൂപതയിൽ പ്രചരിച്ചത്. ജൂബിലിവർഷം കഴിഞ്ഞപ്പോൾ അതായത് 1934-ൽ അത് തുടർന്നുകൊണ്ടു പോകുന്നതിനായി കല്പിച്ചതനുസരിച്ച് മിക്ക പള്ളികളിലും അത് നടത്തിക്കൊണ്ടുപോരുന്നു. ഈ ആരാധനയുടെ അവസരത്തിൽ പരി. കുർബ്ബാനയുടെ ആശീർവ്വാദം കൊടുക്കുക ആദ്യം പതിവില്ലായിരുന്നു. 1935-ൽ ചില പള്ളികളിൽനിന്ന് അഭ്യർത്ഥിച്ചതു അനുസരിച്ചു അങ്ങിനെ ചെയ്തുകൊള്ളുന്നതിനു അനുവദിച്ചു.

1933-വരെ മിക്ക പള്ളികളിലും, ഞായറാഴ്ചയും മററും പരി. കുർബ്ബാനയുടെ വാഴ്വ് കൊടുത്തിരുന്നതു "കുസ്തോദി" ഉപയോഗിച്ചായിരുന്നു. ആ വർഷത്തിൽ, അരുളിക്കാ ഉപയോഗിച്ചു പരി. കുർബാന പരസ്യമായി എഴുന്നെള്ളിച്ചുവച്ച് എല്ലാ ഞായറാഴ്ചകളിലും കടമുള്ള തിരുനാളുകളിലും വാഴ്വ് കൊടുത്തുകൊള്ളുന്നതിനു അനുവദിക്കയുണ്ടായി. ഇതിനും പുറമേ, പ്രധാന തിരുനാളുടെ പൂർവ്വപ്രദോഷത്തിൽ വാഴ്വ് കൊടുക്കുന്നതിനു, അനുവദിച്ചതു തിരുനാൾ നിയന്ത്രണാവസരത്തിൽ ആയിരുന്നു.

പെസഹാ വ്യാഴാഴ്ച രാത്രി ആരാധനയ്ക്കു മററും ഇടവക ജനങ്ങളെ പ്രോത്സാഹിപ്പിച്ചു തീക്ഷ്ണതയോടുകൂടി പങ്കെടുപ്പിക്കുന്നതിനായി ചില ഇടവകകളിലെ യുവജനങ്ങൾ സമാരംഭിച്ച ഒരു നൂതനപ്രസ്ഥാനമാ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

ണ്, "ആരാധന ജാത്താകൾ". മെത്രാപ്പോലീത്താച്ചനു ഇതു അത്യന്തം ഇഷ്ടപ്പെട്ട ഒരു കാര്യമാണ്.

അനുദിനം കുർബാനകാണുന്നതിന് ജനങ്ങളെ പ്രോത്സാഹിപ്പിക്കുകയും, വേലക്കാർക്കും മറ്റും അവരുടെ ജോലിക്കു വിഘാതമുണ്ടാകാത്ത വിധത്തിൽ കുർബ്ബാനകളുടെ സമയം നിയന്ത്രിക്കുകയും ചെയ്യുന്നതിന് മെത്രാപ്പോലീത്താച്ചൻ ഇടവകവികാരിമാരെ തുടരെത്തുടരെ പ്രേരിപ്പിച്ചുകൊണ്ടാണിരിക്കുന്നതു്. രണ്ടോ രണ്ടിലധികമോ കുർബാനയുള്ള പള്ളികളിൽ, ഒരു കുർബ്ബാന ഉഷഃകാലമണിക്കു മുമ്പായി തീരത്തക്കവിധം ചൊല്ലണമെന്ന് കാണിച്ചു 1926-ൽ ഒരു കല്പന അയച്ചിരുന്നു. തന്മൂലം അനുദിനം കുർബാന കാണുന്നാരിൽ അതിരൂപതയിലെ തൊഴിലാളികൾക്കു സൗകര്യം ലഭിച്ചിട്ടുള്ളതു, അവരോടു തിരുമേനിക്കുള്ള വാത്സല്യത്തിന് ഒരു ദൃഷ്ടാന്തമാണ്.

'Altare Privilegiatum' എന്നു ലത്തീൻഭാഷയിൽ പറയപ്പെടുന്ന പൂർണ്ണദണ്ഡവിമോചനാനുകൂല്യത്തോടുകൂടിയ ബലിപീഠങ്ങൾ 1897-ൽ മാർ ലൂയീസുമെത്രാനച്ചൻ 22 പള്ളികളിൽ സ്ഥാപിച്ചിരുന്നു. 1905-ൽ അവയെ 52 ആക്കി വർദ്ധിപ്പിച്ചു. 1909-ൽ 30 ഇടവകപ്പള്ളികളിലും 5 കുരിശുപള്ളികളിലും 4 കൊവേന്തക്കപ്പേളകളിലും 6 കന്യകാമഠക്കപ്പേളകളിലും അരമനയുടെ കപ്പേളയിലും ഉള്ള ബലിപീഠങ്ങളെയും കൂടി ഈ ആനുകൂല്യംകൊണ്ടു അലങ്കരിച്ചിട്ടുണ്ട്.

## ഇടവകധ്യാനം.

ഇടവകകളിൽ വിശ്വാസികൾക്കുവേണ്ടിയുള്ള ധ്യാനങ്ങൾ എറണാകുളം വികാരിയാത്തിന്റെ ആരംഭകാലംതൊട്ടു നടപ്പിലായിരുന്നുവെന്നുവരികിലും, ചില താൽക്കാലിക പ്രാതികൂല്യങ്ങൾമൂലം എല്ലാ ഇടവകകളിലും ആണ്ടുതോറും ധ്യാനം നടന്നിരുന്നില്ല. ഇപ്പോൾ എല്ലാ എടവകകളിലും ആണ്ടുതോറും കുറഞ്ഞതു മൂന്നുദിവസത്തേക്കെങ്കിലും ഒരു ധ്യാനം നടത്തത്തക്കവിധം ഏർപ്പാടു ചെയ്തിട്ടുണ്ട്. നാല്പതും പന്ത്രണ്ടും മണി ആരാധനകൾക്കു ഒരുക്കമായിട്ടാണ് ഈ ധ്യാനം നടന്നുപോകുന്നതു്. ഈ ധ്യാനാവസരങ്ങളിൽ "പിടിക്കപ്പെട്ട പാപങ്ങൾ" മോചിക്കുവാൻ അനുവദിച്ചിരിക്കുന്നതു്, പാപികൾ മനസ്സുതിരിയുന്നതിന് മെത്രാപ്പോലീത്താച്ചനുള്ള അതിയായ ആഗ്രഹത്തിന് മകുടോദാഹരണമാണ്. ആദ്യം പിടിക്കപ്പെട്ട പാപങ്ങൾ 8 ആയിരുന്നു. അന്ന് വിവാഹാവസരങ്ങളിലും ആണ്ടുകുമ്പസാരത്തിന്റെ അവധിക്കും, രോഗാവസ്ഥയിലും മാത്രമായിരുന്നു പ്രസ്തുത പാപമോചനം നൽകിയിരുന്നതു്. ഇപ്പോൾ അവ നാലാക്ക

marggam Digital Library of Christianity in India www.marggam.com
www.TheCMSIndia.org CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



കുറയ്ക്കുകക്കൂടി ചെയ്തിട്ടുണ്ട്. 1931-ൽ ആണ് ഈ അനുഗ്രഹത്തിൻെറ കല്പന പുറപ്പെട്ടത്.

## ൻ. ക. പീഡാനുഭവഭക്തി.

ഈ ഭക്തി അതിരൂപതയിൽ പരത്തുവാൻ തിരുമേനി വളരെ പ്രയത്നിച്ചിട്ടുള്ളതായി അവിടുത്തെ ഇടയലേഖനങ്ങൾ വിടാതെ വായിച്ചിട്ടുള്ളവൎക്ക് കാണാവുന്നതാണ്. നോയമ്പുകാലത്ത് ദിവസവും കുരിശിൻെറ വഴി നടത്തുന്നതിനു 1932-ലെ ഒരിടയലേഖനത്തിൽ ശക്തിയുക്തം ഉപദേശിച്ചിരുന്നു. 1933-ൽ ഒരു പടികൂടി മുമ്പോട്ടുവച്ചു, കഴിയുമെങ്കിൽ മററു ദിവസങ്ങളിലും ദിവസംപ്രതി "വിയാസാക്ര" നടത്തണമെന്നുണ്ണദോഷിച്ചു.

ഇതിനുംപുറമേ തിരുമേനിയുടെ ഭരണകാലത്തു അതിരൂപതയിൽ അത്യന്തം ആത്മോപകാരപ്രദവും ഉൽകൃഷ്ടവുമായ ഒരു പ്രസ്ഥാനം പ്രചരിച്ചിട്ടുണ്ട്. നോയമ്പുപ്രസംഗങ്ങൾ ആണ് ഞാൻ ഇവിടെ ഉദ്ദേശിക്കുന്നത്. യൂറോപ്പിലെ കത്തോലിക്കാ ഇടവകകളിൽ പ്രചുരപ്രചാരം സിദ്ധിച്ചിരിക്കുന്ന ഒന്നാണ് പ്രസ്തുത അനുതാപപ്രസംഗപരമ്പര. റോമിൽ ഈവിധപ്രസംഗങ്ങൾക്കായി പ്രത്യേക പ്രാസംഗികന്മാരെ നിശ്ചയിച്ചിരിക്കുകയാണു പതിവ്. പ്രസംഗവിഷയം പരി. പിതാവുതന്നെ നേരിട്ടു നിർദ്ദേശിച്ചുകൊടുക്കുന്നതിനായി പ്രാസംഗികന്മാരോടു അവിടുന്നുതന്നെ ഒരു പ്രസംഗം ചെയ്യാറുണ്ട്. മെത്രാപ്പോലീത്താച്ചൻ ഈ പ്രസംഗപ്രസ്ഥാനം അതിരൂപതയിൽ നടപ്പാക്കിയിട്ടു അധികമായില്ല.

കഴിവുള്ളവരെല്ലാം ക്രൂശിക്കപ്പെട്ട ദിവ്യരക്ഷകൻെറ ഒരു ചെറിയ രൂപം ധരിക്കണമെന്നും, ഭവനങ്ങളിലും ഇതരകത്തോലിക്കാസ്ഥാപനങ്ങളിലും ക്രൂശിതരൂപം സ്ഥാപിക്കണമെന്നും, പള്ളികളുടെ മുൻഭാഗത്തുള്ള കുരിശു കാണുമ്പോൾ ആചാരം ചെയ്യണമെന്നുമുള്ള പഴയനടപടിയെപ്പററി 1933-ലെ ഒരു ഇടയലേഖനത്തിൽ ഉപദേശിച്ചിരുന്നതും വിസ്മരിക്കത്തക്കതല്ല. 1933-ലെ ജൂബിലിവൎഷത്തിലാണ് വെള്ളിയാഴ്ചതോറും മൂന്നുമണിക്കു നമ്മുടെ ദിവ്യരക്ഷകൻെറ തിരുമരണത്തെ ഓൎപ്പിക്കുവാനായി മണി അടിക്കുന്ന പതിവു അതിരൂപതയിലെ എല്ലാ പള്ളികളിലും പ്രചരിച്ചത്.

## തിരുനാളാഘോഷങ്ങൾ കൂടുതൽ ഭക്തിമയമാക്കിയത്.

തിരുനാളുകളുടെ ചിലവിനം നിയന്ത്രിച്ചതോടുകൂടിത്തന്നെ അവവയുടെ ആദ്ധ്യാത്മികവശത്തെ പൂൎവ്വാധികം ശ്രേയസ്കരിക്കുവാൻ ഉപയുക്തമായ പ്രസ്ഥാനങ്ങളേയും മെത്രാപ്പോലീത്താച്ചൻ നടപ്പിൽ വരുത്താ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



തെ ഇരുന്നില്ല. സർവ്വ തിരുനാളുകൾക്കും മുൻപായി നവനാൾജപം നടത്തണമെന്നും, പ്രധാനതിരുനാളുകളുടെ സായാഹ്നങ്ങളിൽ പരി. കുർബാനയുടെ വാഴ്വ് കൊടുക്കണമെന്നും, കഴിയുമെങ്കിൽ ജനങ്ങൾക്കു ഉപകാരപ്രദങ്ങളായ മതാത്മകപ്രസംഗങ്ങൾ ചെയ്യണമെന്നും, കല്പിച്ചതു കൂടാതെ പ്രദക്ഷിണം ഇടയ്ക്കു ജപമാല ചൊല്ലിയും, കുട്ടികളെക്കൊണ്ടു ഭക്തഗാനങ്ങൾ പാടിച്ചും ഭക്തിമയമാക്കണമെന്നും ആജ്ഞാപിച്ചിരുന്നു. ഇവയ്ക്കുംപുറമെ, പ്രദക്ഷിണങ്ങൾക്കുള്ള കുരിശു, കുട മുതലായവ കൂലിക്കാരെക്കൊണ്ടു എടുപ്പിക്കാതെ M. C. Y. L; C. Y. M. A. സൊഡാലിററി മുതലായവയുടെ അംഗങ്ങൾതന്നെ എടുക്കേണ്ടതാണെന്നും ഉപദേശിച്ചിരുന്നു. 1931-ൽ ആണ് ഈ പരിഷ്ക്കാരങ്ങളെല്ലാം പ്രചാരത്തിൽ വരുത്തിയതു്. തന്മൂലം തിരുനാളും അവയുടെ പ്രദക്ഷിണങ്ങളും അത്യന്തം ഭക്തിമയവും, മനോഹരവും, ഇതരമതസ്ഥന്മാൎക്കു സന്മാതൃകാപ്രദവും ആയിവരുന്നു.

കത്തോലിക്കാനാടുകളിൽ ജാതീയദിനമായി ആചരിക്കുന്നതു മിക്കവാറും, ആ നാടുകളിൽ സുവിശേഷം പ്രസംഗിച്ച വിശുദ്ധൻെറ തിരുനാളാണ്. ഐറിഷ്ജനങ്ങൾ വി. പാട്രിക്കിൻേറയും, ജൎമ്മൻകാർ വി. ബോനിഫേസിൻേറയും, സ്പെയിൻകാർ വി. യാക്കോബിൻേറയും തിരുനാളുകൾ അത്യാഡംബരപൂൎവ്വം ജാതീയദിനങ്ങളായി കൊണ്ടാടുന്നു. കേരളകത്തോലിക്കരെ സംബന്ധിച്ചിടത്തോളം ഇപ്രകാരം ഒരു ജാതീയദിനാഘോഷം ഔദ്യോഗികമായി കൊണ്ടാടിയിരുന്നില്ല. 1923-ൽ മെത്രാപ്പോലീത്താച്ചൻ ന. പിതാവായ മാർ തോമ്മാശ്ലീഹായുടെ തിരുനാൾ ആയ ജൂലൈ3-ാംതീയതി ജാതീയദിനമായി പ്രഖ്യാപനംചെയ്യുകയും, കേരളം ഒട്ടുക്കു, ഇപ്പോൾ ആ ദിവസം തദനുസരണം ആഘോഷിക്കപ്പെടുകയും ചെയ്യുന്നു.

ഭാരതത്തിലെങ്ങും കേൾവികേട്ടിട്ടുള്ള മലയാററൂർ കുരിശുമലതിരുനാൾ ഇപ്പോൾ പൂൎവ്വാധികം മനോഹരമാക്കിത്തീൎത്തിട്ടുണ്ടു്. മലപ്പുറത്തെ പള്ളിമൈതാനത്തുവച്ചു തിരുനാൾദിവസം കുർബാനചൊല്ലുന്നതിനും പരി. കു. ആശീൎവ്വാദകൎമ്മം നടത്തുന്നതിനും അനുവദിച്ചതും, മലഞ്ചെരിവിൽ കുരിശിൻെറ പതിനാലു സ്ഥലങ്ങൾ സ്ഥാപിച്ചതും, തിരുനാൾദിവസം പാപസങ്കീൎത്തനംചെയ്തു പരി. കു. ഉൾക്കൊള്ളുന്നവൎക്കു പൂൎണ്ണദണ്ഡവിമോചനം നൽകിയതും പ്രസ്താവയോഗ്യംതന്നെയാണ്. ഈ ദണ്ഡവിമോചനങ്ങൾ സമ്പാദിച്ചു കൊടുത്തതു, 1909-ൽ മാർ ളൂയീസ് മെത്രാനച്ചൻ തിരുമനസ്സുകൊണ്ടാണ്.

**കൎമ്മാനുഷ്ഠാനങ്ങളുടെ ക്രമീകരണം.**

കൂദാശകളുടെ കൎമ്മാനുഷ്ഠാനങ്ങളെപ്പററി ഓരോരോ കാലങ്ങളിലു

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ചെങ്ങലെ ഉള്ള അതിരൂപതവക ബംഗ്ലാവ്.



മൂക്കന്നൂർ അനാഥശാല. വലത്തു വശത്ത് നെയിത്തുശാല, ഇടത്തു വശത്തു അനാഥ
ഭവനം. ഒരു ചെറുപുഷ്പസഹോദരൻ കുട്ടികളെ പഠിപ്പിക്കുന്നതും,
മററു കുട്ടികൾ വിവിധജോലികളിൽ ഏർപ്പെട്ടിരിക്കുന്നതും പടത്തിൽ കാണാം.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ണ്ടായിട്ടുള്ള നിയമങ്ങളെക്കുറിച്ചും രണ്ടുവാക്കു പറയേണ്ടിയിരിക്കുന്നു.

വിവാഹത്തിന് മുമ്പുള്ള മനസ്സമ്മതം റിക്കാർട്ടിൽ രേഖപ്പെടുത്തിത്തുടങ്ങിയത് 1916-മുതലാണ്. വിവാഹം എല്ലാപള്ളികളിലും ഒരേ രീതിയിൽതന്നെ നടത്തണമെന്നും, അതിന്റെ കർമ്മവിധി വ്യാഖ്യാനിച്ചുകൊണ്ടു ആ ആണ്ടിൽതന്നെ മാർ ളൂയീസ് മെത്രാനച്ചൻ ഒരു വിജ്ഞാപനം നൽകിയിരുന്നു.

പരി. കുർബ്ബാന പരസ്യമായി പ്രത്യക്ഷീകരിക്കുന്നതിനു കതിരുകൾ ഉള്ള അരുളിക്കയാണ് നിയമാനുസരണം ഉപയോഗിക്കേണ്ടത്. എന്നാൽ ചില പള്ളികളിൽ കതിരില്ലാത്തതും വിശുദ്ധന്മാരുടെ ഭൗതികാവശിഷ്ടങ്ങൾ വയ്ക്കുന്നതിനുള്ളതുമായ അരുളിക്കായിൽ പരി. കുർബ്ബാന എഴുന്നെള്ളിച്ചിരുന്നു. 1921-ലെ ഒരു കല്പന ഈ ക്രമക്കേടിനെ നിറുത്തൽ ചെയ്തു. 1922-ൽ "റാസ"യുടെ ക്രമം സംബന്ധിച്ചും കർമ്മാനുഷ്ഠാനം സംബന്ധിച്ചും ചില വ്യവസ്ഥകൾ നൽകപ്പെട്ടു.

പണ്ട് തിരുസൈത്തു മാറിയിരുന്നത് പെന്തക്കുസ്തുഞായറാഴ്ചയ്ക്കകമായിരുന്നു. 1904-ൽ തലസ്ഥാനത്തിനു അടുത്തുള്ള പള്ളിക്കാർ പുതുഞായറാഴ്ചയും, ദൂരെയുള്ള പള്ളിക്കാർ ഉയിർപ്പുകഴിഞ്ഞ മൂന്നാംഞായറാഴ്ചയും അരമനയിൽവന്നു സൈത്ത് മാറിക്കൊള്ളണമെന്നു കാലംചെയ്ത മെത്രാനച്ചൻ ആജ്ഞാപിച്ചു. 1923-ൽ ആരക്കുഴ, മൈലക്കൊമ്പു എന്നീ ഫൊറോനാകളിൽ പെട്ട പള്ളികളെ ഉദ്ദേശിച്ചു സൈത്തു മാറുന്ന കാര്യത്തിൽ മെത്രാപ്പോലീത്താച്ചൻ തിരുമനസ്സുകൊണ്ടു ചെയ്ത ഒരു ആനുകൂല്യം, പ്രസ്തുത പള്ളികൾക്ക് പുതുഞായറാഴ്ചയ്ക്കകം തിരുസൈത്തു കിട്ടത്തക്കവണ്ണം അതു ആരക്കുഴ എത്തിച്ചു കൊടുക്കാൻ തുടങ്ങിയതാണ്. 1926-ൽ പുതുഞായറാഴ്ചയ്ക്കു മുമ്പു തിരുസൈത്ത് മാറത്തക്കവിധം അവസാനമായി ഏർപ്പാടു ചെയ്തു.

പ്രഥമദിവ്യകാരുണ്യസ്വീകരണം കഴിയുംവിധം ആഡംബരപൂർവ്വം നടത്തണമെന്നും, അത് ജനുവരി ഒന്നാംതിയ്യതിയോ, ഉയിർപ്പുകഴിഞ്ഞുവരുന്ന 3-ാംഞായറാഴ്ചയോ ആയിരിക്കണമെന്നും, 1926-ൽ കല്പിച്ചതിനോടുകൂടി പ്രസ്തുത മഹോന്നതകർമ്മത്തിനു ഒരു നവജീവനും പ്രാധാന്യവും പ്രചുരപ്രചാരാവും സിദ്ധിച്ചിട്ടുണ്ട്.

കത്തോലിക്കാശ്മശാനം അഥവാ സിമിത്തേരി സംബന്ധിച്ചുള്ള നിയമപ്രകാരം അതു പൂജ്യമായി സൂക്ഷിക്കുവാൻ 1921-ൽ മെത്രാപ്പോലീത്താച്ചൻ അതിന്റെ നിബന്ധനകൾ ചൂണ്ടിക്കാണിച്ചുകൊണ്ടു ഒരു വിജ്ഞാപനം പ്രസിദ്ധീകരിക്കയുണ്ടായി. തന്മൂലം ആ വിശുദ്ധസ്ഥലങ്ങളെ കൂടുതൽ ബഹുമാനപൂർവ്വം സൂക്ഷിക്കപ്പെട്ടുവരുന്നു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ശവസംസ്കാരസംബന്ധമായ പ്രദക്ഷിണത്തിന് ബാൻറു അല്ലാതെ വേറെ വാദ്യഘോഷങ്ങൾ പാടില്ലെന്നും, ബാൻറാണെങ്കിൽതന്നെയും ചരമരാഗങ്ങൾ (Death march) മാത്രമെ വായിക്കാവുവെന്നും, വെടി പാടില്ലെന്നും, കറുപ്പുനിറത്തിലോ റോയിസുനിറത്തിലോ ഉള്ള കുടകൾ മാത്രമേ ഉപയോഗിക്കാവു എന്നും, 1926-ൽ ആജ്ഞാപിച്ചതിനും പുറമെ, പരേതൻെറ സംബന്ധികൾതന്നെ കഴിയുന്നപക്ഷം ശവമഞ്ചം വഹിക്കണമെന്നും, തൽസമയം കൊന്തനമസ്കാരം ചൊല്ലണമെന്നും 1936-ൽ മെത്രാപ്പോലീത്താച്ചൻ ഉപദേശിച്ചതുമൂലം ആ അന്തിമസേവനം അതീവം മനോഹരമായിത്തീന്നിട്ടുണ്ട്.

## കുട്ടികളുടെ മതാഭ്യസനം.

മതപഠനം മനുഷ്യസമുദായത്തിനു ഉപ്പും പ്രകാശവുമാണ്. ഭൂമുഖം വല്ലപ്പോഴെങ്കിലും ചോരപ്പുഴയായിത്തീന്നിട്ടുണ്ടെങ്കിൽ, അതു നിമ്മതപ്രസ്ഥാനംമൂലമാണെന്നു ലോകചരിത്രവും ഇന്നത്തെ റഷ്യ, മെക്സിക്കോ സ്പെയിൻ മുതലായ രാജ്യങ്ങളിലെ സംഭവങ്ങളും സാക്ഷിക്കുന്നു. ഇക്കാലത്തെ നിമ്മതപ്രസ്ഥാനത്തിൻെറ കേന്ദ്രമായ റഷ്യൻഗവമ്മെണ്ടിൻെറ പതാകയിൽ മുദ്രിതമായിരിക്കുന്നതുതന്നെയും അരിവാളിൻേറയും ചുററികയുടേയും ചിത്രങ്ങളാണ്. അതു അവർ അന്വത്ഥമാക്കുകയും ചെയ്യുന്നു. റഷ്യയുടെ ഏജണ്ടന്മാർ എവിടെയെല്ലാം ശക്തിപ്രാപിക്കുന്നുവോ, അവിടെയെല്ലാം അവർ ധമ്മത്തേയും ആധുനികപരിഷ്കാരത്തേയും, അതേ സവ്വ മനുഷ്യക്കും ജന്മസിദ്ധമായിരിക്കേണ്ടുന്ന സമത്വം, സാഹോദര്യം, സ്വാതന്ത്ര്യം, രാജഭക്തി, കുടുംബബന്ധം സവ്വോപരി ദൈവവിശ്വാസം, എന്നിവയെ അവരുടെ ചുററികയാൽ അടിച്ചുടയ്ക്കുകയും, നിരപരാധികളായ മനുഷ്യരുടെ കണ്ഠനാളങ്ങൾ അവരുടെ അരിവാൾകൊണ്ടു വിച്ഛേദിക്കുകയും അത്രെ ചെയ്യുന്നതു്. നിമ്മതപ്രസ്ഥാനമാണ് മനുഷ്യസമുദായത്തിൻെറ ഏക ജന്മശത്രു. മതപഠനം കൂടാതെയുള്ള വിദ്യാഭ്യാസം ആത്മാവു് പിരിഞ്ഞ പ്രേതത്തിന് സമമാണെന്നു സവ്വയുഗങ്ങളിലേയും ലോകമഹാന്മാർ ഐകകണ്ഠ്യേന സിദ്ധാന്തിക്കുന്നു.

മനുഷ്യസമുദായത്തിൻെറ സാക്ഷാൽ ശ്രേയസ്സിനുവേണ്ടി ദൈവകുമാരനാൽ സ്ഥാപിതമായിരിക്കുന്ന കത്തോലിക്കാസഭ, ഈ തത്വത്തെ മുൻനിറുത്തി വിദ്യാഭ്യാസപദ്ധതിയിൽ മതപഠനത്തിന് മുൻഗണന നൽകിയിരിക്കുന്നു. ശിശുപ്രായം തൊട്ടുതന്നെ നിജ സന്താനങ്ങളെ മതബോധമുള്ളവരാക്കിത്തീക്കുവാൻ കത്തോലിക്കാസഭയോളം ഉൽക്കണ്ഠയോടുകൂടി പ്രയത്നിക്കുന്ന ഒരു സ്ഥാപനം ലോകത്തിൽ ഇല്ലതന്നെ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

ഈ അതിരൂപതയിൽ 7വയസ്സുമുതൽ 16 വയസ്സുവരെയുള്ള സർവ്വകത്തോലിക്കാ കുട്ടികളും എല്ലാ ഞായറാഴ്ചതോറും മതപഠനത്തിന് ദേവാലയത്തോടു അനുബന്ധിച്ചിരിക്കുന്ന പള്ളിക്കൂടത്തിൽ ഹാജരായിക്കൊള്ളണമെന്നുള്ളതു ഒരു നിർബ്ബന്ധനിയമമത്രെ. പ്രസ്തുത ദിവസങ്ങളിലെ കാര്യപരിപാടിയിൽ ദൈവാരാധന കഴിഞ്ഞാൽ അടുത്ത സ്ഥാനം കുട്ടികളുടെ മതാഭ്യസനത്തിനാണ്. വൈദികരും കന്യാസ്ത്രീകളും അദ്ധ്യാപകന്മാരും ഇടവകയിലെ യുവജനങ്ങളുമാണ് നമ്മുടെ കുട്ടികൾക്കു വേദപാഠം നൽകുന്നത്. കാരണംകൂടാതെ കുട്ടികളെ വേദോപദേശത്തിനു അയയ്ക്കാത്ത കാരണവന്മാർ സഭയുടെ ആത്മീയ ശിക്ഷയ്ക്കുപോലും വിധേയരായിത്തീരുന്നു. കത്തോലിക്കാ സഭാമാതാവു നിജ സന്താനങ്ങൾക്കു അവരുടെ ശിശുപ്രായംതൊട്ടുതന്നെ മതാഭ്യസനം നൽകുന്നതോടുകൂടി, രാജ്യത്തിൻേറയും സമുദായത്തിൻേറയും സമാധാനത്തിനും ശ്രേയസ്സിനുംവേണ്ടി ബലിഷ്ഠമായ ഒരു കോട്ട കെട്ടുകയാണ് ചെയ്യുന്നതു്.

കുട്ടികളുടെ വേദപാഠക്ലാസ്സ് ഞായറാഴ്ചകളിലും മററു തിരുനാളുകളിലും മുടക്കം കൂടാതെ നടത്തത്തക്കവിധം മാർ ളൂയീസ് മെത്രാനച്ചൻ വികാരിയാത്തിൻെറ ആരംഭംതൊട്ടുതന്നെ വേണ്ട ഏർപ്പാടുകൾ ചെയ്തിരുന്നു. അദ്ദേഹം അടിസ്ഥാനമിട്ട വേദോപദേശപ്രസ്ഥാനം മെത്രാപ്പോലീത്താച്ചൻെറ ഭരണകാലത്തു ശരിയായ വളച്ച് പ്രാപിച്ചുവരികയാണ്. 1920-ൽ വേദോപദേശക്ലാസ്സിലെ ഹാജർ എടുക്കണമെന്ന് കല്പിച്ചതുകൂടാതെ അതിനുള്ള പുസ്തകങ്ങളും അഡ്മിഷൻ റജിസ്റ്റർകളും 1924-ൽ അച്ചടിപ്പിച്ച് പ്രചരിപ്പിച്ചു. വിവാഹത്തിനണയുന്ന യുവതീയുവാക്കന്മാർക്ക് ശരിയായ വേദജ്ഞാനത്തിനും പുറമെ വേദപാഠക്ലാസ്സിലെ ഹാജരിൽ മൂന്നിൽ ഒരു ഭാഗമെങ്കിലും ഉണ്ടായിരിക്കണമെന്നും, അല്ലാത്തപക്ഷം ബോധിപ്പിച്ച് അനുവാദം വാങ്ങിച്ചല്ലാതെ വിവാഹം നടത്തുവാൻ പാടില്ലെന്നും ഉള്ള ആജ്ഞ പ്രസ്തുത ഡിപ്പാർട്ടുമെൻറിനെ ശരിയായ ഭരണപരിപാടിയിൽ എത്തിച്ചു.

ഇതിനുംപുറമെ, ആണ്ടുതോറും ഗണ്യമായ ഒരു സംഖ്യ ചിലവ് ചെയ്തു ഇടവകകളിലെ വേദോപദേശപ്പരീക്ഷയിൽ ജയിക്കുന്നവർക്ക് സമ്മാനദാനം ചെയ്യണമെന്നുള്ള കല്പന കുട്ടികൾക്ക് ഉപരിശ്രേഷ്ഠമായ പ്രോത്സാഹനം നൽകി. ഇടവകയിലെ ആത്മീയപരിപാലകന്മാർ മാത്രമല്ല, ഇടവകവൈദികരും സന്യാസനീസിന്യാസികളുംകൂടി വേദപാഠക്ലാസ്സു നടത്തണമെന്നും കുട്ടികളുടെ ഹാജർ അപ്പഴപ്പോൾ രേഖപ്പെടുത്തണമെന്നും ഉള്ള കല്പനകളുടെ ഔചിത്യത്തെപ്പററി പ്രത്യേകമായിട്ടൊന്നും പറയാനില്ല. കത്തോലിക്ക മാനേജ്മെൻറിലുള്ള സ്കൂളുകളിൽ സൗ

marggam
Digital Library of Christianity in India
www.marggam.com



കയ്യുമുള്ള സമയത്തു ദിനംപ്രതി അര മണിക്കൂർ സമയം കത്തോലിക്കക്കുട്ടികൾക്കു വേദോപദേശം നടത്തിത്തുടങ്ങിയതും തിരുമേനിയുടെ കല്പനപ്രകാരമാണു്. 1929-ൽ വേദോപദേശത്തിന് ഒരു പാഠപദ്ധതി നിശ്ചയിച്ചുകൊടുത്തതു കൂടാതെ, 1931-ൽ വേദപാഠക്ലാസ്സ് രസകരമാക്കിത്തീർക്കണമെന്നും, ആണ്ടിൽ രണ്ടോ മൂന്നോ പരീക്ഷകൾ നടത്തണമെന്നും ആജ്ഞാപിച്ചു. 1936-ൽ അരമനയിൽനിന്നു ഒരു പൊതുപ്പരീക്ഷ നടത്തുവാൻ നിശ്ചയിക്കുകയും, അതിന്റെ ചോദ്യക്കടലാസ്സുകൾ അച്ചടിപ്പിച്ച് അയയ്ക്കുകയും, അങ്ങിനെ ഒന്നാമത്തെ പൊതുപ്പരീക്ഷ നടത്തുകയും ചെയ്തു. അതിന് ഒരു ഇൻസ്പക്ടറേയും നിയമിച്ചു; ഒരു പാഠപദ്ധതിയും നിശ്ചയിച്ചു.

നാം സാധാരണ ചൊല്ലിവരുന്ന അനുദിനജപങ്ങളിൽ ഭാഷാസംബന്ധമായ വൈകല്യങ്ങൾ ഉണ്ടെന്നു ഒരു ആക്ഷേപമുണ്ടല്ലോ. അതിനെ പരിഹരിക്കുന്നതിനുവേണ്ടി, അതായതു് നല്ല മലയാളസാഹിത്യത്തിൽ നമ്മുടെ പ്രാർത്ഥനകൾ രചിക്കുന്നതിനു മെത്രാപ്പോലീത്താച്ചന്റെ നേരിട്ടുള്ള നേതൃത്വത്തിൽ പരിശ്രമം നടക്കുന്നുണ്ടു്.

### പ്രായംചെന്നവർക്കുള്ള മതപാഠം.


വലിയവർക്കുള്ള വേദോപദേശവും തിരുമേനി പുതിയതായി ഏർപ്പെടുത്തീട്ടുണ്ടു്. അതിനും ഒരു പാഠപദ്ധതി "എറണാകുളം മിസ്സ"ത്തിൽ പ്രസിദ്ധം ചെയ്തു. അതാതു ആഴ്ചയിലെ ഉപദേശവിഷയവും പഞ്ചാംഗത്തിലെ അനുബന്ധത്തിൽ കുറിച്ചിടുവാൻ വികാരി കടപ്പെട്ടിരിക്കുന്നു. ഞായറാഴ്ചകളിലും കടമുള്ള തിരുനാളുകളിലും കുർബ്ബാനയുടെ ഇടയ്ക്കുള്ള സുവിശേഷപ്രസംഗം കഴിഞ്ഞാലുടനേതന്നെയൊ, അഥവാ കുർബ്ബാന കഴിഞ്ഞു് വാഴ്വിനു മുമ്പായിട്ടോ ആണ് പത്തോ പതിനഞ്ചോ മിനിട്ടുനേരത്തേക്കുള്ള ഈ വേദപാഠം സാധാരണയായി ഇപ്പോൾ ഇടവകകളിൽ നടത്തുന്നതു്.

### ഇടവകയിലെ ഭക്തസമാജങ്ങൾ.

വിശ്വാസികളുടെ ആദ്ധ്യാത്മികജീവനെ പോഷിപ്പിക്കുന്നതിനും, കത്തോലിക്കപ്രവർത്തനത്തെ പ്രായോഗികമാക്കുന്നതിനും, സാമൂഹ്യബന്ധം ദൃഢീകരിക്കുന്നതിനുമായി സാർവ്വത്രികസഭയിൽ ഇന്നുള്ള പ്രധാനഭക്തസമാജങ്ങളിൽ പലതും നമ്മുടെ അതിരൂപതയിലും സ്ഥാപിതമായിട്ടുണ്ടു്. ഇവയിൽ പ്രധാന്യം അർഹിക്കുന്നവയെപ്പററി മാത്രം രണ്ടുവാക്കു് പറഞ്ഞുകൊള്ളട്ടെ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ചുണ്ണങ്ങംവേലിയിലെ മാർത്താഭവനത്തിലെ അംഗങ്ങൾ കൈത്തൊഴിലുകൾ
ചെയ്യുന്നതു് മെത്രാപ്പോലീത്താച്ചൻ തിരുമനസ്സുകൊണ്ടു സന്ദർശിക്കുന്നു.



ചുണ്ണങ്ങംവേലിയിലെ സാധുവൃദ്ധമന്ദിരത്തിൽ അഗതികളുടെ സഹോദരികൾ
വൃദ്ധജനങ്ങൾക്കു ശുശ്രൂഷചെയ്യുന്നു.

www.TheCMSIndia.org
CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



നമ്മുടെ മിക്ക ഇടവകകളിലും സ്ഥിരപ്രതിഷ്ഠ ലഭിച്ചിട്ടുള്ള കൊമ്പ്രേര്യ വികാരിയാത്തിൻെറ ജനനംതൊട്ടുതന്നെ ഉള്ളതാണ്. കൊമ്പ്രേര്യയെ കാലോചിതമായി ഒന്നു പരിഷ്കരിക്കണമെന്നും സജീവമാക്കിത്തീക്കണമെന്നും മെത്രാപ്പോലിത്താച്ചന് ആഗ്രഹമുള്ളതായി അറിയുന്നു.

വി. പ്ര. മൃ. സഭ, പ്രായമുള്ള വിശ്വാസികളുടെ ഇടയിലും, അമലോത്ഭവമാതാവിൻെറ സൊഡാലിററി കുട്ടികളുടെ ഇടയിലും വളരെ പ്രചരിച്ചിട്ടുണ്ട്.

ദിവ്യകാരുണ്യമാടമ്പികൾ, ദാസികൾ, ബാലപരിചാരകന്മാർ. (Knights, Handmaids & Pages of the Bl. Sac.) ദിവ്യകാരുണ്യസ്വീകരണം ജനതതിയിൽ പ്രചരിപ്പിക്കുന്നതിനുവേണ്ടി സംഘടിതമായിരിക്കുന്ന ഒരു ലോകമഹാസഖ്യതയുടെ അംഗങ്ങളാണ് മേൽപറയപ്പെട്ടവർ. ഈ സഖ്യം അതിരൂപതയിൽ 1927-ൽ ഔദ്യോഗികമായി സ്ഥാപിക്കപ്പെട്ടു. അന്ന് പ്രസ്തുത സഖ്യതയുടെ നിയമങ്ങൾ "എറണാകുളം മിസ്സ്"ത്തിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

എം. സി. വൈ. എൽ. എന്നു സാധാരണ വിളിക്കപ്പെട്ടുപോരുന്ന മലബാർ കത്തോലിക്ക യുവജനസമാജത്തിനു നമ്മുടെ അതിരൂപതയിൽ സ്ഥിരപ്രതിഷ്ഠ നൽകുവാൻ മെത്രാപ്പോലീത്താച്ചൻ ചെയ്ത പരിശ്രമങ്ങളുടെ നിത്യസ്മാരകമാണല്ലൊ ഇന്നു അരമനയുടെ മുൻവശത്തുതന്നെ നിലകൊള്ളുന്ന അതിൻെറ കേന്ദ്രമന്ദിരം. അതിരൂപതവക വളരെ വിലയുള്ള ഒരു സ്ഥലത്തു കെട്ടിടം പണിയുവാൻ തിരുമേനി അനുവദിച്ച ഏക സംഗതി പരിഗണിച്ചാൽ, തിരുമേനിക്ക് ഈ സഖ്യത്തോടുള്ള പ്രത്യേക താല്പര്യം എന്തുമാത്രമെന്നു ഗ്രഹിക്കാം.

സി. വൈ. എം. എ. അഥവാ കത്തോലിക്ക യുവജനസമാജം പല സ്ഥലങ്ങളിലും പുരോഗതി പ്രാപിച്ചുവരുന്നു. സ്കൗട്ടുപ്രസ്ഥാനത്തിനും അതിരൂപതയിൽ സ്വാഗതം ലഭിച്ചിട്ടുണ്ട്. വിൻസെൻറ് ഡി പോൾ സംഘം, നമസ്കാരത്തിൻെറ ശ്ലീഹാക്കടുത്ത അപ്പസ്തോലാത്തുസ്, വിശ്വാസികളുടെ ദിവ്യകാരുണ്യ ആരാധന സഖ്യത എന്നിത്യാദി ഭക്തസമാജങ്ങളും, പല ഇടവകകളിലും പ്രചരിച്ചിട്ടുണ്ട്.

## യാക്കോബായക്കാർ ആദിയായവരുടെ പുനരൈക്യത്തിനുള്ള പരിശ്രമങ്ങൾ.

മാർ ളൂയീസ് മെത്രാനച്ചൻ വികാരിയാത്ത് ഭരണം കൈയ്യേററിട്ട് ചെയ്ത വേറൊരു വൻകാര്യം, സുറിയാനി വൈദികാദ്ധ്യക്ഷന്മാരെ ലഭിക്കുന്നതിനുള്ള പരിശ്രമത്തിൽ വഴിതെററി പണ്ടു കൂനൻകുരിശിങ്കൽ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



വച്ചു പരിഞ്ഞുപോയ യാക്കോബായക്കാർ ആദിയായ സഹോദരങ്ങളെ പുനരൈക്യപ്പെടുത്തുന്നതിനുള്ള പരിശ്രമമായിരുന്നു. ആ തിരുമേനിയുടെ കാലത്തു് വളരെ അകത്തോലിക്കർ സഭാമാതാവിന്റെ മടിയിൽ വന്നുചേരുകയും ചെയ്തിട്ടുണ്ടു്. അവരുടെ മാനസാന്തരത്തിനുവേണ്ടി ഒരു പ്രാൎത്ഥന അദ്ദേഹം അച്ചടിപ്പിക്കുകയും ചെയ്തു.

മെത്രാപ്പോലീത്താച്ചൻ ഭരണം കൈയ്യേററിട്ടു അതിനായിത്തന്നെ ഒരു സംഘം സ്ഥാപിച്ചു, തീക്ഷ്ണമായി വേലചെയ്തു. ഇതിന്റെ ഡിറക്ടറായി അദ്യം റവ. ഫാ. വറുഗീസ് പുതുശ്ശേരി M. A. (Hons) നെയും പിന്നീടു റവ. ഫാ. ജോസഫ് മേനാച്ചേരി B. A. യേയും പ്രത്യകം നിയമിച്ചിരുന്നു. ഈ വേലയെ കേന്ദ്രീകരിക്കുവാൻവേണ്ടി യാക്കോബായക്കാരുടെ ചില പ്രധാന അധിവാസദേശങ്ങളിൽ സ്ഥലങ്ങളും വാങ്ങിച്ചിട്ടുണ്ടു്. പന്നീടു് തിരുവല്ലാരൂപത സ്ഥാപിതമായതിനോടുകൂടി ഈ ജോലി ആ രൂപതയെ ഏല്പിച്ചുകൊടുത്തു.


## ഈശ്വരാസ്തിക്യപ്രസംഗപരമ്പര.

മനുഷ്യസമുദായത്തിന്റെ ശ്രേയസ്സിന് നിദാനമായ ദൈവവിശ്വാസം നിജസന്താനങ്ങളിൽ മാത്രമല്ല ഇതരസമുദായക്കാരിലും കത്തോലിക്കാ സമുദായമാതാവു ഉളവാക്കിയും ഉറപ്പിച്ചുംകൊണ്ടു് പോരുന്നുണ്ടു്. കത്തോലിക്കാ സമുദായം ഇതര സമുദായങ്ങൾക്കെല്ലാം ഒരു താങ്ങും തുണയുമാണു്. അതിന്റെ സന്മാൎഗ്ഗനിയമങ്ങളെയും നടപടിയെയും നോക്കി (Directly or indirectly) അനുകരിക്കാത്തതായി ലോകത്തിൽ ഒരു സമുദായവുമില്ല. കത്തോലിക്ക സമുദായമാണു് ഏതു മതവൈരിയുടെയും വെടിയുണ്ടയ്ക്കു നെഞ്ചു തുറന്നു് കാണിച്ചുകൊടുക്കുന്നതു്. മതവിശ്വാസത്തിന്റെ പൊതുവൈരികളോടുള്ള ഈ സമുദായത്തിന്റെ സമരം ഇതരസമുദായങ്ങൾക്കും സഹായമായിത്തീരുന്നുണ്ടു്. ഉദാഹരണമായി, ഇന്നത്തെ നിരീശ്വരപ്രസ്ഥാനത്തോടുള്ള കത്തോലിക്കാസമുദായത്തിന്റെ അത്യുഗ്രമായ ധൎമ്മസമരം നോക്കുക. ഇതരസമുദായങ്ങൾ എല്ലാംതന്നെ ഇതിന്റെ ഫലം ആസ്വദിക്കുന്നുണ്ടു്. സ്വന്തം മക്കളിൽ ഈ നാരകീയ സൎപ്പത്തിന്റെ കടിപററാതിരിക്കുവാനും, കടിയേററവരിൽനിന്നു് വിഷം ഇറക്കുവാനുമായി കത്തോലിക്കാസമുദായം വിതരണംചെയ്യുന്ന ദൈവവിശ്വാസം മതബോധം മുതലായ സിദ്ധൌഷധങ്ങൾ ഇതര സമുദായാംഗങ്ങൾക്കും പക്ഷഭേദംകൂടാതെ വിളമ്പിക്കൊടുത്തുവരുന്നു.

കുറഞ്ഞൊരുകാലമായി നിരീശ്വര റഷ്യായുടെ ഏജൻറന്മാരായ നാമധേയയുക്തിവാദികൾ കേരളത്തിൽ പ്രചരിപ്പിക്കുന്ന നിൎമ്മതപ്ര

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



പെരുമാന്തുർ ലൂദ്ത്‌പുരത്ത് ജൂബിലിസ്മാരകമായി പണിതിരിക്കുന്ന
അഗതി മന്ദിരവും അതിനോടുകൂടിയുള്ള കന്യകാമഠവും.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



സ്ഥാനത്തോട് സൎവ്വശക്തിയും പ്രയോഗിച്ചു എതിരിടുന്നതു് കത്തോലിക്കരാണ്. ഇതിൽ എറണാകുളം അതിരൂപത നേതൃത്വം വഹിക്കുന്നു എന്നതിൽ അതിന് ന്യായമായി അഭിമാനിക്കാവുന്നതാണ്. കേരളീയ നിരീശ്വരത്വത്തിൻെറ കണ്ഠകോടാലി എന്ന നാമത്തിനു തികച്ചും അർഹതയുള്ള വെരി റവ. ഫാ. ജേക്കബ് നടുവത്തുശ്ശേരി തുടങ്ങിയ കത്തോലിക്കാ വൈദികർ പള്ളുരുത്തി, ചെറായി, എറണാകുളം, വൈക്കം, ചേൎത്തല എന്നാ ഈ അതിരൂപതയിലും, ഇരിഞ്ഞാലക്കുട, ആലപ്പുഴ, എന്ന അയൽരൂപതകളിലുംഉള്ള സ്ഥലങ്ങളിൽ നടത്തീട്ടുള്ള പ്രസംഗപരമ്പരആണ് വാസ്തവത്തിൽ കേരളീയ നിരീശ്വരപ്രസ്ഥാനത്തിൻെറ ശക്തി കെടുത്തിയതെന്നു അതിശയോക്തികൂടാതെ സമൎത്ഥിക്കാവുന്നതാണ്. മംഗലപ്പുഴ സെമ്മിനാരി പ്രൊഫസർ റവ. ഫാ. സക്കറിയാസ് സി. ഡി. ഈ നാട്ടിലെ നിരീശ്വരപ്രമുഖന്മാരുമായി നേരിട്ട് വാദപ്രതിവാദങ്ങളും പ്രസംഗങ്ങളും നടത്തിയതു് പരൂർവച്ചാണ്. ഈ പ്രസംഗങ്ങളെല്ലാം നടത്തിയതു് സൎവ്വസമുദായക്കാരുടെയും അഭിലാഷാനുസരണവുമായിരുന്നു. സൎവ്വ സമുദായക്കാരും പ്രസംഗങ്ങൾ ശ്രവിക്കയും ഫലമെടുക്കുകയും ചെയ്തു. യാതൊരു മതത്തേയും ദൂഷിക്കാതെയും, സൎവ്വമതസ്ഥൎക്കും സ്വീകാൎയ്യമായ രീതിയിലും, ദൈവാസ്തിക്യത്തെപ്പററിചെയ്ത ഈ പ്രസംഗങ്ങൾ ശ്രദ്ധിച്ചവൎക്ക് കത്തോലിക്കാസമുദായത്തിൻെറ നയമെന്താണെന്ന് ശരിയായി മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടു്. ഈ പ്രസംഗങ്ങൾമൂലം കത്തോലിക്കരിൽ മാത്രമല്ല ഇതരസമുദായാംഗങ്ങളിലും ഈശ്വരവിശ്വാസം സുസ്ഥിരമാകുവാൻ ഇടവന്നിട്ടുണ്ടു്. പ്രസ്തുത പ്രസംഗങ്ങൾ ശ്രവിച്ച വിവിധ സമുദായക്കാർതന്നെ അതു പരസ്യമായി തദവസരങ്ങളിൽ പ്രസ്ഥാവിച്ചിട്ടുമുണ്ടു്. കത്തോലിക്കാദേവാലയങ്ങൾ ഇതരസമുദായക്കാൎക്കും വലിയൊരു സഹായമാണെന്ന് മുമ്പ് പറഞ്ഞതു, ഇതിനാൽ കൂടുതൽ ബോദ്ധ്യമാകുമെന്നു വിശ്വസിക്കുന്നു.

## സന്ന്യാസിനീസന്ന്യാസികൾ.

രൂപതാദ്ധ്യക്ഷൻെറ അനുശാസനങ്ങൾക്കു് വിധേയരായി, ആത്മീയപാലകന്മാരായ ഇടവകവികാരിമാരോട് സഹകരിച്ചും, ലോകബന്ധത്തിൽനിന്ന് നിശ്ശേഷം അകന്നുനിന്നു ലോകത്തിലുള്ളവൎക്ക് സന്മാതൃക കൊടുത്തും, അവൎക്ക് ആദ്ധ്യാത്മികവും മാനസികവും ശാരീരികവുമായ സേവനം ചെയ്യുന്നതിനായി ആത്മാൎപ്പണം ചെയ്തവരാണ് കത്തോലിക്കാ സന്ന്യാസിനീസന്ന്യാസികൾ. മനുഷ്യസമുദായത്തിൻെറ ശാശ്വതമായ ക്ഷേമത്തിനു നിദാനമായിനിൽക്കുന്ന മതവും വിദ്യാഭ്യാസവും ഭൂതദ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



യയും സംബന്ധിച്ചു ഇവർ ലോകത്തിന് ചെയ്യുന്ന സേവനം വർണ്ണനാതീതമാണ്. അവർ ലോകത്തിനുവേണ്ടി നിരന്തരം പ്രാർത്ഥിക്കുന്നു; അവർ ബാലികാബാലന്മാരേയും യുവതീയുവാക്കന്മാരേയും വിദ്യ അഭ്യസിപ്പിക്കുന്നു അവർ രോഗികളേയും അനാഥരേയും പാവങ്ങളേയും സംരക്ഷിക്കുന്നു; സഭവകയായ ധർമ്മാലയങ്ങൾ മാത്രമല്ല, രാഷ്ട്രങ്ങൾ നടത്തുന്ന ആതുരശാലകളും ആശുപത്രികളുംകൂടി ഇവർ ഏറ്റെടുത്ത് നടത്തുന്നു. നമ്മുടെ അതിരൂപതയിൽ മേലദ്ധ്യക്ഷൻെറ നിർദ്ദേശാനുസരണം ജനങ്ങൾക്ക് നിരവധി ഉപകാരങ്ങൾ ചെയ്യുന്ന സന്യാസസഭകളെപററിയാണ് ഈ ഭാഗത്തിൽ അല്പം പറയാനുള്ളത്.

## കർമ്മലീത്താ സന്യാസവൈദികർ.

കേരളീയ സുറിയാനി കർമ്മലീത്താ വൈദികർ മതവും വിദ്യാഭ്യാസവും മററും സംബന്ധിച്ച് ജനങ്ങൾക്ക് ചെയ്തിട്ടുള്ളതും ചെയ്യുന്നതുമായ പരിസേവനങ്ങൾ അനവധിയാണ്. മാർ ളൂയീസ് മെത്രാനച്ചൻെറ ഭരണത്തിൻെറ ആരംഭത്തോടുകൂടി എറണാകുളം മിസ്സത്തിൽ കൂനമ്മാവു, തേവര, വാഴക്കുളം, പാണാപള്ളി എന്നീ സ്ഥലങ്ങളിലായി നാലു കർമ്മലീത്താ ആശ്രമങ്ങളായിരുന്നു ഉണ്ടായിരുന്നത്. ഇന്നു ആലുവായിലും കറുകുററിയിലും മണപ്പുറത്തും (പള്ളിപ്പുറം) കൂടി ഓരോ കൊവേന്തകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. പാണാപള്ളിയിൽ ഉണ്ടായിരുന്ന കൊവേന്ത സംബന്ധിച്ച് ചില അസൌസ്ഥ്യതകൾ ഉണ്ടായപ്പോൾ പാണാപള്ളി കൊവേന്തയും തോട്ടകംകൊവേന്തയും തമ്മിൽ വച്ചുമാറുന്നതിനു 1919 ൻെറ ആരംഭത്തിൽ ഒരു ആലോചന ഉണ്ടായി എങ്കിലും, അതു നടപ്പിൽ ആയില്ല. പന്നീട് അത് പള്ളിപ്പുറം കൊവേന്ത എന്ന പേരോടുകൂടി മണപ്പുറത്തേയ്ക്ക് മാററുകയാണ് ചെയ്തത്.


### തോട്ടകം കൊവേന്ത.

### ( Congregation of Missions )

ഈ കൊവേന്ത 1904-ൽ മാർ ളൂയീസ് മെത്രാനച്ചനാണ് സ്ഥാപിച്ചത്. ഇടക്കാലത്തു ഈ കൊവേന്ത സ്തംഭിച്ചുപോകുകയും, 1927-ൽ കുറെ യുവവൈദികർ ഇതിൻെറ അംഗങ്ങളായി ചേൎന്ന് വീണ്ടും സന്യാസസമൂഹജീവിതം ആരംഭിക്കുകയും ചെയ്തു. വി. വിൻസൻറ് ഡി. പോൾ സ്ഥാപിച്ച "Society of the Vincentian Fathers," എന്ന സഭയോട് ഈ കോവേന്ത സംഘടിതമായിരിക്കുന്നു. വിദ്യാലയങ്ങൾ നടത്തുക, സാധുജനങ്ങളെ സഹായിക്കുക, ജനങ്ങൾക്ക് ധ്യാനോപദേശങ്ങൾ കൊടുക്കുക

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



തോട്ടകം പള്ളിയും കൊവേന്തയും

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



മുതലായ പൊതുസഭയുടെ പ്രവൎത്തനങ്ങളെയാണ് ഇവരും സ്വീകരിച്ചിരിക്കുന്നതു്. ഈ സഭക്കാൎക്ക് ഇടവകജോലിയും ഏറ്റെടുത്തു നടത്താവുന്നതാണ്.

അനേകകൊല്ലങ്ങളായി ഈ കൊവേന്ത സ്ഥാപിക്കുവാൻ അശ്രാന്തപരിശ്രമം ചെയ്തിരുന്ന കാട്ടറേത്തു ബ. വക്കിഅച്ചൻ, അദ്ദേഹത്തിന്റെ വാൎദ്ധക്യകാലത്തു, ഈ കൊവേന്ത അതിന്റെ ഇന്നത്തെ നിലയിൽ എത്തിക്കാണുന്നതിനു ഭാഗ്യമുണ്ടാകുകയും, ഈ സന്ന്യാസമന്ദിരത്തിൽ ചേൎന്നു, വ്രതാനുഷ്ഠാനംചെയ്തു അതിന്റെ പ്രഥമാംഗമായി അദ്ദേഹം കൎത്താവിൽ മരണം പ്രാപിക്കുകയും ചെയ്തു.

ഈ കൊവേന്തയുടെ ഒരു ശാഖ അങ്കമാലിയിൽ പണിതു വരുന്നു.

## ചെറുപുഷ്പസഹോദരസംഘം.

അനാഥബാലന്മാൎക്കു അക്ഷരജ്ഞാനവും തൊഴിൽ പരിശീലനവും നൽകി. അവരെ ഉത്തമകത്തോലിക്കരാക്കി വളൎത്തണമെന്നുള്ള ഉദ്ദേശം മുൻനിറുത്തി, മൂക്കന്നൂർ എന്ന സ്ഥലത്തു ആരംഭിച്ചിട്ടുള്ള സന്ന്യാസികളായ സഹോദരന്മാരുടെ ഒരു സംഘമാണ് മേല്പറഞ്ഞ ചെറുപുഷ്പസംഘം. അതിന്റെ അംഗങ്ങൾ മററു സന്ന്യാസികളെപ്പോലെതന്നെ, ദാരിദ്ര്യം, അനുസരണം, കന്യാത്വം, എന്ന മൂന്നു വ്രതങ്ങൾ അനുഷ്ഠിച്ച് പുണ്യപൂൎണ്ണത പ്രാപിക്കുവാൻ ഉത്സാഹിച്ച് ജീവിക്കേണ്ടവരാകുന്നു. 1931-ൽ ആണു ഈ സംഘം ആരംഭിച്ചതു്.

## കൎമ്മലീത്താ കന്യകാമഠങ്ങൾ.

സ്വന്തം ജീവിതപുണ്യപൂൎണ്ണത സമ്പാദിക്കുവാൻ പ്രയത്നിക്കുന്നതോടുകൂടി, നമ്മുടെ പുത്രികൾക്കു ഭദ്രമായ കത്തോലിക്കാ വിദ്യാഭ്യാസവും ഭക്തജീവിതക്രമവും നൽകണമെന്നുള്ളതാണ് ഈ കന്യാസ്ത്രീകളുടെ ജീവിതോദ്ദേശം. ഇതിനും പുറമേ അനഥബാലികകളെ സംരക്ഷിക്കുക, അവരെ അവൎക്കനുസരണമായ തൊഴിൽ അഭ്യസിപ്പിക്കുക, ഡിസ്പെൻസറി നടത്തി പാവങ്ങൾക്കു ഔഷധം കൊടുക്കുക, മുതലായ പരോപകാരപ്രവൃത്തികളും ഇവർ ചെയ്തുവരുന്നു.

കാലംചെയ്ത പിതാവ് ഭരണം കയ്യേററപ്പോൾ ഇവിടെ കൂനമ്മാവു, ആരക്കുഴ, വൈക്കം, എന്നീ സ്ഥലങ്ങളിൽ ആയി മൂന്നു കൎമ്മലീത്താമഠങ്ങളെ ഉണ്ടായിരുന്നുള്ളു. അതിനുശേഷം സ്ഥാപിക്കപ്പെട്ട മഠങ്ങൾ താഴെപറയുന്നവയാണ്. എറണാകുളം (1915), കറുകുററി (1899), കോതമംഗലം (1918), ചെങ്ങൽ (1902), ഞാറയ്ക്കൽ (1926), തുപ്പൂണി

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ത്തുറ (1926), പറവൂർ (1910), മഞ്ഞപ്ര (1928), മൂട്ടം (1913), വാഴക്കുളം (1927).

മെത്രാപ്പോലീത്താച്ചൻ ഭരണം കയ്യേററശേഷം, മാർ ളൂയീസ് മെത്രാനച്ചൻ അച്ചടിപ്പിച്ചു കൊടുത്തിരുന്ന നിയമങ്ങൾ അനുസരിച്ചും മററും, മഠങ്ങൾ തമ്മിൽ സംയോജിപ്പിച്ചും പൊതുശ്രേഷ്ഠത്തിയെ നിയമിച്ചും പൊതു "നൊവിസ്യാത്തു"കളും പൊതു അർത്ഥിനീപരിശീലനവും ഏർപ്പെടുത്തിയും പല പരിഷ്കാരങ്ങളും നടപ്പിൽവരുത്തിയിട്ടുണ്ടു്. മഠങ്ങളോടുചേർന്നുള്ള സ്കൂളുകളിൽ മാത്രമല്ലാ, ഞായറാഴ്ചയും കടമുള്ള തിരുനാളുകളിലും ഇവർ ഇടവകസ്കൂളുകളിലും ദൂരെയുള്ള അയൽ ഇടവകസ്കൂളുകളിലും പോയി കുട്ടികളുടെ വേദപാഠക്ലാസ് നടത്തിവരുന്നു.

## ക്ലാരമഠങ്ങൾ.

വി. ഫ്രാൻസീസ്ക്കോസ് അസ്സീസിയുടെ നിർദ്ദേശാനുസരണം ക്ലാരപ്പുണ്യവതി നൽകിയിട്ടുള്ള നിയമങ്ങളും മാതൃകയും അനുകരിച്ചാണു് ഈ കന്യാസ്ത്രീകൾ ജീവിക്കുന്നതു്. വനിതാലോകത്തിൽ പ്രസ്തുത വിശുദ്ധയുടെ ഭക്തജീവിതക്രമം നടപ്പാക്കി, തദ്വാരാ കത്തോലിക്കാ വനിതാജീവിതത്തെ കൂടുതൽ വിശുദ്ധീകരിക്കുന്നതിനുവേണ്ടി ഇവർ വിദ്യാലയങ്ങൾ നടത്തുകയും പാവങ്ങളെ സഹായിക്കുകയും, രോഗികളെ സന്ദർശിക്കുകയും, മററു പരോപകാരപ്രവൃത്തികൾ ചെയ്യുകയും ചെയ്യുന്നു.

അതിരൂപതയിൽഉള്ള ക്ലാരമഠങ്ങൾ താഴെ പറയുന്നവയാണ്: അങ്കമാലി (1928), പൈങ്ങോട്ടൂർ (1930), കിഴക്കമ്പലം (1932).

## ആരാധനാമഠം.

പരി. കുർബാനയിൽ പള്ളികൊള്ളുന്ന ദിവ്യനാഥന്റെ സന്നിധിയിൽ ആരാധന സമർപ്പിച്ചു മനുഷ്യസമുദായത്തിനുവേണ്ടി പ്രാർത്ഥിക്കുന്നതോടുകൂടി, നമ്മുടെ യുവതികൾക്കുവേണ്ടി വിദ്യാലയം നടത്തിയും അവരിൽ ദിവ്യകാരുണ്യനാഥന്റെ ഭക്തി വളർത്തിയും കത്തോലിക്കാ സമുദായജീവിതത്തെ ഭക്തിമയമാക്കുവാൻ യത്നിക്കുന്നവരാണു് ആരാധനമഠത്തിലെ കന്യാസ്ത്രീകൾ. കൊരട്ടിയിൽ ഉള്ള അതിരൂപതയിലെ ഏക ആരാധനാമഠം 1930-ൽ ആണു് സ്ഥാപിച്ചതു്.


## അഗതികളുടെ സഹോദരികൾ.

അനാഥരും രോഗികളുമായ വൃദ്ധജനങ്ങളെ ജാതിമതഭേദമെന്യേ സ്വീകരിച്ചു ആജീവനാന്തം പരിപാലിക്കുന്നതിനായി ആത്മസമർപ്പ


www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

Digital Library of Christianity in India

www.marggam.com



ചെങ്ങൽ (കാലടി) ഉള്ള സങ്കേതം. സ്ത്രീകൾ പനമ്പുനെയ്ത്തു്, തയ്യൽ മുതലായ ജോലികൾ ചെയ്യുന്നു.



കരുകുററി മഠത്തോട് അനുബന്ധിച്ചു പെൺകുട്ടികൾക്കുള്ള അനാഥമന്ദിരം.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ണം ചെയ്യുവരാണ് ഈ സഹോദരികൾ. വേലക്കാരെ നിയമിച്ചല്ല, അവർ തന്നെയാണ് ദീനശുശ്രൂഷ ചെയ്യുന്നത്. അവരുടേയും അവരുടെ സംരക്ഷണത്തിൽ ഏററിരിക്കുന്നവരുടേയും ജീവസന്ധാരണം ചെയ്യുന്നത്, അവർതന്നെ ഇരന്നുവാങ്ങുന്ന ധർമ്മംകൊണ്ടാണ്. ഈ മഠത്തിന്റെ സ്ഥാപകൻ പരേതനായ പെ. ബ. പയ്യപ്പിള്ളി വർഗ്ഗീസച്ചനാണ്. ആലുവായ്ക്കടുത്ത് ചുണങ്ങംവേലിയിൽ ഇവർക്കുള്ള മഠം 1927-ൽ ആണ് സ്ഥാപിക്കപ്പെട്ടത്. മെത്രാപ്പോലീത്താച്ചന്റെ മെത്രാൻപട്ടാഭിഷേക രജതജൂബിലിസ്മാരകമായി എറണാകുളത്തു അടുത്തുള്ള ലൂർദ്ദപുരത്തു ഉൽഘാടനംചെയ്യുവാൻപോകുന്ന അഗതിമന്ദിരവും ഈ സഹോദരികളുടെ പരിഷേവനത്തിന് വിധേയമാകുന്നതായിരിക്കും.

## ഈശോയും മത്തായും മറിയവും.

അന്നൊരുദിവസം ഈശോ ലാസറിന്റെ ഭവനം സന്ദർശിച്ചു. ലാസറിന്റെ സഹോദരികൾ അത്യന്തം ഭക്താദരപുരസരം അവിടുത്തേയ്ക്കു സ്വാഗതം നൽകി. ദിവ്യനായ അതിഥിക്ക് ഭക്ഷണം തയ്യാറാക്കികൊടുക്കുവാൻവേണ്ടി മത്താ അവൾക്ക് സഹജമായ ധൃതിയോടും ചൊടിയോടുംകൂടി അടുക്കളയിൽ അവിശ്രമം പരിശ്രമിക്കയാണ്. മറിയമോ എന്നാൽ ഈ കാര്യത്തിൽ അശേഷം ശ്രദ്ധയില്ലാതെ, അതു അത്ര വലിയ ഒരു കാര്യമാണെന്ന് വിചാരിക്കപോലും ചെയ്യാതെ, ആ ലോകമഹാഗുരുവിന്റെ തൃപ്പാദങ്ങളാൽ മുദ്രിതമായ ആ തിണ്ണയിൽ "പടഞ്ഞിട്ടിരുന്നു" അവിടുത്തെ തിരുവക്ത്രസൂനത്തിൽനിന്നു നിരർഗ്ഗളം പ്രവഹിച്ചുകൊണ്ടിരുന്ന മധുരസൂക്തികൾ അത്യാർത്തിയോടുകൂടി പാനം ചെയ്യുകയാണ്. മത്താ അവളുടെ ജോലിത്തിരക്കിൽ തന്റെ സഹോദരിയുടെ "ക്ഷന്തവ്യമല്ലാത്ത ഈ അപരാധത്തെ" ആദ്യം അത്ര ശ്രദ്ധിച്ചില്ല. ഭക്ഷണത്തിന്റെ വിവിധവിഭവങ്ങൾ എല്ലാം ഒന്നിച്ച് തയ്യാറാക്കുന്നതിന് തന്റെ സർവ്വശക്തിയും പ്രയോഗിച്ചിട്ടും സാധിക്കാതെ വന്നപ്പോഴാണ് തന്റെ സഹോദരിയുടെ കാര്യം ഓർമ്മയിൽ വന്നത്. പലഹാരത്തിനായി കോതമ്പുമാവു കുഴച്ചുകൊണ്ടിരുന്നിടത്തുനിന്നു ചാടി എഴുന്നേററ് അവൾ രംഗത്തെത്തി. അവൾക്കു ആ കാഴ്ച സഹിക്കവഹിയായിരുന്നു. അവൾ ഇങ്ങനെ ആവലാധിപ്പെട്ടു:—

"ഗുരോ! ഈ ജോലിയെല്ലാം ഞാൻ തനിച്ച് ചെയ്യട്ടിട്ട് എന്റെ സഹോദരി ഒന്നു തിരിഞ്ഞുനോക്കുകപോലും ചെയ്യാതിരിക്കുന്നത് അവിടുന്നു കാണുന്നില്ലേ? എന്നെ വന്നു സഹായിക്കുന്നതിനു അവിടുന്നു ഒന്നു അവളോട് ആജ്ഞാപിച്ചാലും".

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



മറിയം വല്ലാതെ അമ്പരന്നുപോയി. അവൾ തൻെറ ദിവ്യഗുരു നാഥനെ സൽക്കരിക്കാൻ മർത്തായെ സഹായിച്ചില്ലെന്നാണ കേസ്സ്. സഹോദരിയുടെ ശകാരശരം അവളുടെ ഹൃദയത്തിൽ കുത്തിക്കൊണ്ടു. ഗുരുവിന് തന്നോട് എന്തെങ്കിലും വിമ്മിട്ടം ഉണ്ടായിട്ടുണ്ടോയെന്നായിരുന്നു അവളുടെ അടുത്ത ഭയം. അവൾ ഇതികർത്തവ്യതാമൂഢയായി ഇരുന്നിടത്തുതന്നെയിരുന്ന് സ്തംഭിച്ചുപോയി. അപ്പോൾ കേൾക്കാറായി ഒരു മധുരവാണി. ഈശോ മറിയത്തിൻെറ ഭാഗം വക്കാലത്തുപിടിച്ചു വാദിക്കയാണ്:


"മർത്താ! മർത്താ! നീ വിവിധജോലിത്തിരക്കുകളിൽപ്പെട്ട് ആവശ്യത്തിലധികം ബുദ്ധിമുട്ടുകയാണ്. അത്യാവശ്യമായ കാര്യം ഒന്നുമാത്രം. മറിയം ഉത്തമമായ അതിനെ തിരഞ്ഞെടുക്കുകയും ചെയ്തിരിക്കുന്നു. അവളെ അതിൽനിന്ന് ഞാൻ ഒരുനാളും അകററുകയും ഇല്ല".

മറിയം ദീർഘമായി ഒന്നു നിശ്വസിച്ചു. അവളുടെ പത്മനേത്രങ്ങളിൽനിന്നു ആനന്ദബാഷ്പമധു ധാരധാരയായി ഉതിർന്നുവീണു.

ചരിത്രം ആവർത്തിക്കപ്പെടുന്നു. മർത്തായെപ്പോലെ ലോകം ദിവ്യരക്ഷകൻെറ തൃപ്പദം ഭജിക്കുന്ന കന്യാമണികളെ, അതേ ലോകവ്യാപാരങ്ങളിൽപ്പെട്ടു നട്ടംതിരിയുന്ന നമുക്കുവേണ്ടി, ലോകബന്ധത്തിൽനിന്നു പരിപൂർണ്ണമായി ഒഴിഞ്ഞുനിന്നുകൊണ്ട് സദാ പ്രാർത്ഥിക്കുന്ന നമ്മുടെ സ്വന്തം സഹോദരികളെ കുററപ്പെടുത്തുന്നു, പരിഹസിക്കുന്നു. ഈശോയൊ എന്നാൽ ഈ സാധുക്കളുടെ ഭാഗത്താണ്. മറിയം എന്താണ് ചെയ്തിരുന്നതെന്നും, അതു തൻെറ ജോലിക്കു എങ്ങനെ സഹായമായിഭവിക്കുമെന്നും മർത്താ ഗ്രഹിച്ചിട്ടുണ്ടായിരുന്നില്ല. അവൾ മറിയത്തെ തെററിധരിച്ചു. ലോകം അതുപോലെതന്നെ നമ്മുടെ സഹോദരികളെ തെററിദ്ധരിക്കുന്നു. നാലു മതിലുകൾക്കുള്ളിൽ അടച്ചിരുന്നു സുഖിക്കുന്നുവെന്നു വിചാരിക്കപ്പെടുന്ന ഈ സാധുക്കൾ മിശിഹായെപ്രതിയും നമുക്കുവേണ്ടിയും വഹിക്കുകയും സഹിക്കുകയും ചെയ്യുന്ന കുരിശുകൾ എന്തെല്ലാമാണെന്നു അതു ശരിയായി മനസ്സിലാക്കുന്നില്ല. അവർക്ക് ന്യായമായി അനുഭവിക്കാമായിരുന്ന ലോകസുഖങ്ങൾ നമ്മുടെ സമുദായോദ്ധാരണാർത്ഥം അവർ ബലിചെയ്തു. നാം രാത്രിയിൽ സുഖനിദ്രചെയ്യുമ്പോൾ അവർ നമുക്കുവേണ്ടി ഉറക്കമിളച്ചിരുന്നു പ്രാർത്ഥിക്കുന്നു. ഇടിപിടിക്കുന്ന കാന്തംപോലെ, ലോകത്തിൻെറമേൽ നിപതിക്കുന്ന ദൈവകോപത്തെ ഇവരുടെ പ്രാർത്ഥന ശമിപ്പിക്കയാണ് ചെയ്യുന്നത്. നാം ഇഷ്ടാനുസരണം സുഖഭക്ഷണം കഴിക്കുമ്പോൾ അവർ ഉപവസിക്കുകയും പട്ടിണികിടക്കുകയും ചെയ്യുന്നു. നമ്മുടെ കുട്ടികൾക്ക് അവർ വിദ്യാഭ്യാസം നൽകുന്നു; നമ്മുടെ അനാഥരെ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



മുന്നങ്ങാംവേലിയിലെ സാധുവൃദ്ധമന്ദിരത്തിലെ സഹോദരികളും, വൃദ്ധജനങ്ങളും,
മാത്താഭവനത്തിലെ അംഗങ്ങളും.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



അവർ സംരക്ഷിക്കുന്നു; നമ്മുടെ രോഗികളെ അവർ ശുശ്രൂഷിക്കുന്നു.

താൻ ആർക്കുവേണ്ടി ബുദ്ധിമുട്ടുന്നുവോ ആ ദിവ്യഗുരുനാഥൻ തീർച്ചയായും തന്റെ ഭാഗത്തുകൂടി മറിയത്തെ കഠിനമായി ശാസിക്കുമെന്ന് മർത്താ വിചാരിച്ചു. പക്ഷെ അവിടുന്നു അതിനുപകരം അവളെത്തന്നെ ശകാരിക്കയാണു് ചെയ്തതു്. ഈ ഭക്ഷണത്തിനു വേണ്ടിയുള്ള ബുദ്ധിമുട്ടു അവിടുത്തേയ്ക്കു അത്ര വലിയ കാര്യവും മറ്റുമായിരുന്നില്ല. മർത്താ സംഗതി മനസ്സിലാക്കി. അവൾ പിന്നെ ഒരക്ഷരം ഉരിയാടിയുമില്ല. ലോകം മർത്തായെപ്പോലെ വസ്തുതയെ അതേവിധത്തിൽ ഗ്രഹിച്ചാൽ മതിയായിരുന്നു.

# വിദ്യാലയങ്ങൾ.

"Docete omnes gentes" "നിങ്ങൾ സർവ്വജാതികളേയും പഠിപ്പിക്കുവിൻ", എന്ന ദിവ്യഗുരുനാഥന്റെ അനുശാസനം മുദ്രാവാക്യമായി സ്വീകരിച്ച മാർ ളൂയീസ് മെത്രാനച്ചനും, അവിടുത്തെ പിൻഗാമിയായ മെത്രാപ്പോലീത്താച്ചനും, അതിരൂപതയിലെ ഇടവകകളും, വൈദികരും, ജനങ്ങളും, വിദ്യാഭ്യാസവിഷയത്തിൽ ഇതഃപര്യന്തം എന്തെല്ലാം ചെയ്തുവെന്നു ഈ അദ്ധ്യായത്തിൽ കുറഞ്ഞൊന്നു പറഞ്ഞുകൊള്ളട്ടെ.

## വൈദികവിദ്യാലയം.

വിദ്യാലയങ്ങളുടെ കൂട്ടത്തിൽ നമ്മുടെ പ്രഥമശ്രദ്ധയ്ക്കു വിഷയീഭവിക്കുന്നതു വൈദികവിദ്യാലയമാണല്ലോ. 1901 ജൂലൈ 3-ാംനു- "തിരുഹൃദയ പ്രാഥമികസെമ്മിനാരി" തുറക്കപ്പെട്ടു. സെമ്മിനാരിക്കപ്പേളയിലെ പ്രധാന "അൾത്താര" പരേതനായ റെക്ടർ ബ. തെക്കുംതല കുഞ്ഞവുസേപ്പച്ചൻ വിദേശങ്ങളിൽനിന്നും മറ്റും ധർമ്മം വാങ്ങി പണിതതാണു്. 1925-ൽ സെമിനാരിയിൽ സ്ഥലം പോരാതെവരികയാൽ അതിനൊരു പ്രത്യേകകെട്ടിടം പണിയേണ്ട ആവശ്യം വന്നുകൂടി. പ്രസ്തുത റെക്ടരച്ചൻ അവർകൾ വിസിസ്റ്റർ അപ്പസ്തോലിക്കാവഴി പരി. പിതാവിനോടു് അപേക്ഷിച്ചതനുസരിച്ചു് സെമിനാരിക്കുള്ള സ്ഥലം വാങ്ങുവാൻ പരിശുദ്ധപിതാവു് ഒരു ഗണ്യമായ സംഖ്യ ദാനം ചെയ്തു്. സെമിനാരി എറണാകുളത്തു പെരുമാനൂരുള്ള ലൂർദ്ദ്പുരത്തു പണിയണമെന്നാണു ആദ്യം വിചാരിച്ചതു്. എന്നാൽ, അരമനയോടു കഴിയുന്നിടത്തോളം അടുത്തിരിക്കണമെന്നുള്ള ആഗ്രഹപ്രകാരമാണു് ഇപ്പോഴത്തെ സ്ഥലത്തു പണിതതു്.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



1928-ൽ പുത്തൻപള്ളി സെമിനാരിയിലേയ്ക്കു് അയക്കപ്പെട്ടവർക്കെല്ലാം പ്രവേശനം കിട്ടാതെ വന്നതിനാൽ, ആ കൊല്ലം ജൂലൈ 3-ാം തീയതി ഈ സെമിനാരിയിൽ തത്വശാസ്ത്രക്ലാസ്സ് താല്ക്കാലികമായി തുറക്കുകയും, 16 പേർക്ക് വൈദികവസ്ത്രം നൽകുകയും ചെയ്തു. പിന്നീട് പുത്തൻപള്ളിയിൽനിന്നു മംഗലപ്പുഴയ്ക്കു് വലിയ സെമിനാരി മാററി നമ്മുടെ കുട്ടികൾക്കെല്ലാവർക്കും പ്രവേശനം ലഭിച്ചതോടുകൂടി തത്വശാസ്ത്രക്ലാസ്സ് നിറുത്തലാക്കുകയും ചെയ്തു.

നമ്മുടെ സെമിനാരിക്കു സിദ്ധിച്ചിട്ടുള്ള ഒരു വലിയ ബഹുമതി അഥവാ ഭാഗ്യം നമ്മുടെ മെത്രാപ്പോലീത്താച്ചൻ അതിൻെറ റെക്ടറായിരുന്നുവെന്നുള്ളതാണു്. ഇപ്പോഴത്തെ റെക്ടർ റവ. ഫാദർ കുര്യാക്കോസ് നമ്പ്യാപറമ്പിൽ പി. എച്ച്. ഡി., ഡി. ഡി. അവർകളാണു്.

ചരിത്രപ്രസിദ്ധമായ പുത്തൻപള്ളിസെമിനാരി അതിരൂപതയിൽപ്പെട്ട മാനംപാടി പുത്തൻപള്ളി പള്ളിക്കാർയ്യംവക സ്ഥലത്തായിരുന്നുവല്ലോ സ്ഥാപിക്കപ്പെട്ടിരുന്നതു്. ഈ സ്ഥലത്തിന്ന് എത്രയും തുഛമായ ഒരു സംഖ്യമാത്രമെ പള്ളിക്കാർയ്യത്തിലേക്കു പാട്ടം കിട്ടിയിരുന്നുള്ളു. 1932-ൽ സെമിനാരി മംഗലപ്പുഴയ്ക്കു മാററിയപ്പോൾ പഴയ സെമിനാരിക്കെട്ടിടത്തിനു പള്ളിക്കാർയ്യത്തിൽനിന്നും 7000ക. കൊടുക്കണമെന്നു് വ്യവസ്ഥചെയ്തുകൊണ്ടു അതു് വിട്ടുതന്നിരിക്കയാണു്. മുമ്പൊരവസരത്തിൽ പറഞ്ഞിരിക്കുന്നതുപോലെ മംഗലപ്പുഴ സെമിനാരി സ്ഥിതിചെയ്യുന്ന സ്ഥലം എറണാകുളം അതിരൂപതക്കാരുടെ പൂർവ്വികന്മാർ തങ്ങളുടെ സന്താനപരമ്പരയ്ക്കുവേണ്ടി സെമിനാരി സ്ഥാപിക്കുന്നതിനും മററുമായി ഒരു കാലത്തു രൂപതാദ്ധ്യക്ഷനെ ഏൽപ്പിച്ചിരുന്നതാണു്.

## ഭൗതികവിദ്യാലയങ്ങൾ.

ലോകത്തിലുള്ള പരസ്പരവിരുദ്ധങ്ങളായ സർവ്വമതങ്ങളും സത്യസ്വരൂപനായ ഏക ദൈവത്തിൻേറതായിരിക്കാൻ പാടില്ലെന്നും, സനാതനമതം ഒന്നുമാത്രമെ ഉള്ളുവെന്നും അതു കത്തോലിക്കമതമാണെന്നും, യുക്തിയോടുകൂടി വിശ്വസിക്കുന്ന കത്തോലിക്കർ, പ്രമാദരഹിതമായ ഏക വിദ്യാഭ്യാസരീതി കത്തോലിക്കസഭ നൽകുന്നതാണെന്നു് ന്യായപൂർവ്വം സിദ്ധാന്തിക്കുന്നു. കാരണം, സർവ്വജാതികളേയും തെററുകൂടാതെ പഠിപ്പിക്കുവാൻ സർവ്വജ്ഞാനിയായ ദൈവപുത്രൻ അധികാരം നൽകിയതു കത്തോലിക്കസഭയ്ക്കു മാത്രമാണു്. ഇതുകൊണ്ടാണു് കത്തോലിക്കർക്കു പ്രത്യേകമായ ഒരു അദ്ധ്യയനരീതിയുള്ളതു്. സത്യവും അസത്യവും ഏതെല്ലാമാണെന്നു

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ദിവ്യഗുരുനാഥൻ അവരെ ഗ്രഹിപ്പിച്ചിട്ടുള്ളതിനാൽ, പ്രമാദസംപൂൎണ്ണവും സന്മാൎഗ്ഗവിരുദ്ധവുമെന്നു സഭ അവൎക്കു ചൂണ്ടിക്കാണിച്ചുകൊടുക്കുന്ന വിദ്യാഭ്യാസം സ്വീകരിക്കുവാൻ അവൎക്കു നിവൃത്തിയില്ല. അതുകൊണ്ടാണു് പള്ളികളോളം മാത്രമല്ല പള്ളികളേക്കാൾ വളരെ കൂടുതൽ പള്ളിക്കൂടങ്ങൾ ഇത്ര വലിയ നഷ്ടം സഹിച്ചും പ്രതിബന്ധങ്ങൾ തരണം ചെയ്തും സഭ ലോകമാസകലം സ്ഥാപിച്ചു നടത്തിക്കൊണ്ടുപോരുന്നതു്,

## വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനം ദൈവവിശ്വാസം.

നിജസ്രഷ്ടാവിനെ വിസ്മരിച്ചുകൊണ്ടു പ്രതിയെപ്പററിയും, മതാത്മകമായ അടിസ്ഥാനമില്ലാതെ മാനവാദൎശങ്ങളേയും ധൎമ്മനിയമങ്ങളേയും സംബന്ധിച്ചും നൽകുന്ന വിദ്യാഭ്യാസം തീൎച്ചയായും അപൂൎണ്ണവും ആപൽകരവുമാണു്. പ്രകൃതിശാസ്ത്രങ്ങളുടേയും ധൎമ്മനിയങ്ങളുടേയും അടിത്തറ ദൈവവിശ്വാസത്തിന്മേലാണു് പണിയേണ്ടതു്. ഈ മൗലികതത്വം അവഗണിക്കാൻ കത്തോലിക്കൎക്കു് അശേഷം നിവൃത്തിയില്ല. കുട്ടികളുടെ മതവിശ്വാസത്തിനും ധൎമ്മനടപടികൾക്കും നാശം വരുത്തുന്ന അടുത്ത സാഹചൎയ്യങ്ങളിൽ അവരെ അയയ്ക്കാൻപാടില്ലെന്നുള്ളതു് അലംഘനീയമായ ഒരു ദിവ്യനിയമമാണു്. കത്തോലിക്ക ആദൎശങ്ങളെ അപഹസിക്കുകയും, അവയ്ക്കെതിരായുള്ള വിദ്യാഭ്യാസരീതി പുലൎത്തുകയും ചെയ്യുന്ന വിദ്യാലയങ്ങളിൽ കുട്ടികളെ അയയ്ക്കുന്ന കാരണവന്മാർ തീൎച്ചയായും അപരാധികളാണു്. അതുകൊണ്ടാണു താദൃശസ്കൂളുകളിൽ കത്തോലിക്കകുട്ടികളെ അയക്കരുതെന്നു് സഭ നിൎബ്ബന്ധപൂൎവ്വം കല്പിക്കുന്നതു്.

## സഹവിദ്യാഭ്യാസം നിഷിദ്ധം.

ആൺകുട്ടികളേയും പെൺകുട്ടികളേയും കൂട്ടിച്ചേൎത്തുകൊണ്ടുള്ള വിദ്യാഭ്യാസരീതിയെയും കത്തോലിക്കസഭ അത്യന്തം വെറുപ്പോടുകൂടി വീക്ഷിക്കുന്നു. തങ്ങളുടെ സന്താനങ്ങളുടെ സന്മാൎഗ്ഗനടപടികളപ്പററി ഉൽക്കണ്ഠയും ബോധവുമുള്ള കാരണവന്മാർ, ഏതു മതസ്ഥരോ സമുദായക്കാരോ ആയിരുന്നുകൊള്ളട്ടെ, സഹവിദ്യാഭ്യാസത്തെ ഒരുനാളും അനുവദിക്കുന്നതല്ല. സ്ത്രീയുടേയും പുരുഷന്റേയും സ്വഭാവങ്ങളും ജീവിതരംഗങ്ങളും പ്രവൎത്തനമണ്ഡലങ്ങളും വ്യത്യസ്തങ്ങളാകയാൽ, അവൎക്കുള്ള വിദ്യാഭ്യാസരീതികളും തദനുസരണം വ്യത്യസ്തങ്ങളായിരിക്കണം. പ്രായംചെന്ന ബാലികാബാലന്മാരെ കൂട്ടിച്ചേൎത്തുകൊണ്ടുള്ള വിദ്യാഭ്യാസം ഇരുകൂട്ടൎക്കും ഹാനികരമായിരിക്കുമെന്നു സമുദായങ്ങളുടെ ചരിത്രം സാക്ഷിക്കുന്നു. ആധുനികനിരീശ്വരലോകം സഹവിദ്യാഭ്യാസത്തെ പ്രോത്സാഹിക്കുവാൻ ഭഗീ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com




രഥപ്രയത്നം ചെയ്യുന്നതിന്റെ ഉദ്ദേശം എന്താണെന്നു കണ്ണുള്ളവർ കാണുന്നുണ്ട്. രണ്ടായിരം കൊല്ലത്തോളം മനുഷ്യസ്വഭാവത്തെ നന്നായി പഠിച്ചറിഞ്ഞിരിക്കുന്നതായ കത്തോലിക്കസഭാമാതാവു മാർഗ്ഗവും ദീപവുമായി നില്ക്കുന്നതുകൊണ്ടു കത്തോലിക്കർക്കു ഇക്കാര്യത്തിൽ മാർഗ്ഗഭ്രംശത്തിനു വഴിയില്ല. ലോകൈകധർമ്മസാമ്രാട്ടായ 11-ാംപീയൂസ് മാർപ്പാപ്പായും സഹവിദ്യാഭ്യാസത്തെ കഠിനമായി അധിക്ഷേപിക്കുന്നു. സ്ത്രീയും പുരുഷനും തമ്മിലുള്ള പരിപൂർണ്ണമായ ഏകീകരണം സ്രഷ്ടാവു വിവാഹത്തിൽ മാത്രമെ അനുവദിച്ചിട്ടുള്ളുവെന്നും, കുടുംബത്തിലും മററു സമുദായികമണ്ഡലങ്ങളിലും അവർക്കുള്ള സംബന്ധം ചില വ്യവസ്ഥകളോടുകൂടിമാത്രമുള്ളതാണെന്നുമത്രെ പരിശുദ്ധപിതാവു സിദ്ധാന്തിക്കുന്നതു്. ശരീരപ്രകൃതിയിലും സ്വഭാവത്തിലും കാര്യശേഷിയിലും സ്ത്രീയേയും പുരുഷനേയും വളരെ വ്യത്യസ്തപ്പെടുത്തി രൂപവൽകരിച്ചിരിക്കുന്ന പ്രകൃതിതന്നെ, ഇരുകൂട്ടർക്കും ഒന്നിച്ചോ ഒരേരീതിയിലോ ഏകനിലയിലോ വിദ്യാഭ്യാസം നൽകുന്നതിനെ അശേഷം അനുകൂലിക്കുന്നില്ലായെന്നും പരിശുദ്ധപിതാവു സമർത്ഥിക്കുന്നു. സഹോദരീസഹോദരന്മാർ ഒരേഭവനത്തിൽ താമസിക്കുന്നതിനെ ദൃഷ്ടാന്തമായി എടുത്തു കാണിച്ചുകൊണ്ടു പൊതുവെ സഹവിദ്യാഭ്യാസരീതിയെ നീതീകരിക്കുവാൻ ശ്രമിക്കുന്ന ചിലരുടെ വാദം എത്ര ദുർബ്ബലമാണെന്നു പരിശുദ്ധ പിതാവിന്റെ പ്രസ്താവനയിൽനിന്നു സ്പഷ്ടമാകുന്നുണ്ടല്ലോ.

സഭയുടെ അലംഘനീയമായ ഈ വിദ്യാഭ്യാസനിയമങ്ങളെ ഭദ്രമായി സൂക്ഷിക്കുവാൻ നമ്മുടെ വന്ദ്യതിരുമേനിമാർ സർവ്വശക്തിയും പ്രയോഗിച്ചിട്ടുള്ളതായി കാണാവുന്നതാണ്. മതാനുഷ്ഠാനത്തെ മുൻനിറുത്തി കത്തോലിക്കാസ്കൂളുകളിലല്ലാതെ കത്തോലിക്കാകുട്ടികളെ അയച്ചു പഠിപ്പിക്കരുതെന്നും, നിവൃത്തിയില്ലാതെ വരുമ്പോൾ അവരുടെ അദ്ധ്യാത്മികകാര്യങ്ങളെപ്പററി അന്വേഷണം ചെയ്യേണ്ടതു ആവശ്യമുള്ളതുകൊണ്ടു അനുവാദം നേരത്തെ വാങ്ങി മാത്രമേ താദൃശ സ്കൂളുകളിൽ അവരെ അയയ്ക്കാവൂ എന്നും, അവരുടെ മതാനുഷ്ഠാനകാര്യത്തിൽ ഇടവകവികാരിമാർ പ്രത്യേകം ശ്രദ്ധവയ്ക്കണമെന്നും മററും ഉള്ള സഭാനിയമങ്ങളെ ഊർജ്ജിതത്തിലാക്കുവാൻ മെത്രാപ്പോലീത്താച്ചൻ പരിശ്രമിച്ചുവരുന്നു.

തിരുവിതാംകൂറിൽ നമുക്കുള്ള ~~പ്രൈമറി~~ഗ്രാൻറുസ്കൂളുകൾക്കായി ഗവമ്മെൻറനുമതിയോടുകൂടി ഒരു ജനറൽ മാനേജരെ നിയമിച്ചതു് സ്കൂൾഭരണവിഷയത്തിൽ ഉണ്ടാകാറുള്ള പലേ വൈഷമ്യങ്ങളേയും തരണം ചെയ്യുവാനും, സ്കൂളുകൾ തമ്മിൽ ഒരു യോജിപ്പുണ്ടാകുവാനും അത്യന്തം ഉപകരിക്കുന്നതാണ്. പുതിയ ഡിവിഷൻ തുറക്കുന്നതിനും വാദ്ധ്യാന്മാരെ നിയമിക്കുന്നതിനും നേരത്തെ അനുവാദം വാങ്ങിക്കൊള്ളണമെന്നു വ്യവ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.marggam.com



സെൻറ് മേരീസ് ഇംഗ്ലീഷ് ഹൈസ്കൂൾ, ആലുവാ.

www.TheCMSIndia.org

marggam
Digital Library of Christianity in India
www.marggam.com



സ്ഥചെയ്തിട്ടുള്ളതു് മാനേജ്മെൻറുകൾ കടത്തിൽ കുടുങ്ങാതിരിക്കുവാൻ വേണ്ടിയുള്ള മുൻ കരുതൽ മാത്രമാണു്. കഴിയുമെങ്കിൽ ഓരോ കുഗ്രാമത്തിലും ഓരോ സ്കൂൾ സ്ഥാപിക്കണമെന്നും അങ്ങനെ വിദ്യാഭ്യാസം വർദ്ധിപ്പിക്കണമെന്നും തിരുമേനി അതിയായി ആഗ്രഹിക്കുന്നു. പ്രായംചെന്ന ബാലികാബാലന്മാരെ ഒരുമിച്ചു ഒരേ ക്ലാസ്സിൽവച്ചു പഠിപ്പിക്കുന്നതിനെ തിരുസിംഹാസനത്തിലെ കല്പനപ്രകാരം മുടക്കിയിട്ടുണ്ടു്.

മാർ ളൂയീസ് മെത്രാനച്ചൻ ഭരണമേററപ്പോൾ നാലു മിഡിൽസ്കൂളുകളും 143 ഇടവകപ്പള്ളിക്കൂടങ്ങളുമായിരുന്നു വികാരിയാത്തിൽ ഉണ്ടായിരുന്നതു്. മെത്രാനച്ചൻെറ കാലത്തു വികാരിയാത്തിൽ 80-ൽ അധികം സ്കൂളുകൾ സ്ഥാപിക്കപ്പെട്ടിട്ടുള്ളതായി കാണുന്നു. ഇന്നു ആൺകുട്ടികൾക്കു രണ്ടും പെൺകുട്ടികൾക്കു രണ്ടും ഉൾപ്പെടെ 4 ഇംഗ്ലീഷു് ഹൈസ്കൂളുകളും, ആൾകുട്ടികൾക്കു 9-ം പെൺകുട്ടികൾക്കു 6-ം ഉൾപ്പെടെ 15 ഇംഗ്ലീഷുമിഡിൽസ്കൂളുകളും, ആൺകുട്ടികൾക്കു 6-ം പെൺകുട്ടികൾക്കു 4-ം ഉൾപ്പെടെ 10 മലയാളം മിഡിൽസ്കൂളുകളും, ടി. ഗ്രാൻറുള്ള 114 പ്രൈമറിസ്കൂളുകളും, ഗ്രാൻറില്ലാത്ത 144 കുടിപ്പള്ളിക്കൂടങ്ങളും അതിരൂപതയിൽ ഉണ്ടു്. ഇതിനുംപുറമെ ആൺകുട്ടികൾക്കു് 3-ം പെൺകുട്ടികൾക്കു് 18-ം ഉൾപ്പെടെ 21 ബോർഡിങ്ങുകളും ഉണ്ടു്.

## സെൻറു മേരീസ് ഇംഗ്ലീഷു് ഹൈസ്കൂൾ.

ഈ സ്കൂളുകൾക്കെല്ലാം ഒരു മകുടമെന്നവണ്ണം സുപ്രസിദ്ധസുഖവാസസ്ഥലമായ ആലുവാപ്പുഴതീരത്തു് പരിലസിക്കുന്ന സെൻറു മേരീസ് ഇംഗ്ലീഷു ഹൈസ്കൂൾ പണിയിച്ചതു് കാലംചെയ്ത നമ്മുടെ വന്ദ്യതിരുമേനിയാണു്. 1904 ഡിസംബർ 8-ാംനു- അതിൻെറ ശിലാസ്ഥാപനകർമ്മം നിർവഹിച്ചു. 1906 ജൂൺ 26-ാംനു- പണി ആരംഭിക്കയും, 1909 ജനുവരി 15-ാംനു- പണിതീർത്തു് പഠനം ആരംഭിക്കുകയും ചെയ്തു. ഈ ഹൈസ്കൂൾ പണിയുന്നതിലേയ്ക്കു മിസ്സത്തിലെ വൈദികരും പള്ളികളും ധനസഹായം ചെയ്തിട്ടുണ്ടു്. എഴുപുന്നാപാറായിൽ അവിരാതരകൻ അവർകൾ ഈ പണിവകയ്ക്കായി ധനസഹായം ചെയ്തിട്ടുണ്ടെന്നുള്ളതും നന്ദിപൂർവ്വം സ്മരിച്ചുകൊള്ളുന്നു. സ്കൂൾനടത്തിപ്പിലേക്കായി 1910-ൽ ഒരു ചിട്ടി നടത്തിയിട്ടുണ്ടു്. 1923-ലാണു ചിട്ടി അവസാനിച്ചതു്. അരമനപണിക്കായി എല്ലാപള്ളികളിൽനിന്നും ഒരുകൊല്ലത്തെ വരവു് ആറുതവണയായി നൽകുവാൻ തീരുമാനം ചെയ്തിട്ടു് നാലുപ്രാവശ്യമെ വാങ്ങിച്ചുള്ളുവെന്നു മുൻപുപറഞ്ഞിട്ടുണ്ടല്ലോ. അതിൽ ബാക്കിയുണ്ടായിരുന്നതു് സ്കൂൾവകയ്ക്കായി പിരിച്ചു് ചിലവാക്കുകയാണു ചെയ്തതു്. ഈ സ്കൂളിൻെറ പണി

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



യുടെ മേലന്വേഷണം നിർവ്വഹിച്ചതു പയ്യപ്പിള്ളിൽ ബ. കൊച്ചുവക്കി അച്ചൻ അവർകളായിരുന്നു. പെ. ബ. പെട്ടിക്കാപ്പിള്ളിൽ കുര്യാക്കോസച്ചൻ അവർകളായിരുന്നു പ്രഥമമാനേജർ. 1924-ൽ തൃശ്ശൂർമെത്രാൻ മോൺ. ഫ്രാൻസീസ് തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ സ്കൂളിന്റെ രജതജൂബിലി സാഘോഷം കൊണ്ടാടി. ഇന്ന് തിരുവിതാംകൂറിലെ വിദ്യാലയങ്ങളിൽ പരീക്ഷാഫലത്തിനും ഭരണത്തിനും ഈ സ്കൂൾ അദ്വിതീയമാണെന്നുള്ളതു് അതിരൂപതയ്ക്കു അഭിമാനകരമാണു്. വികാരിജനറാൾ റൈറ്റ് റവ. മോൺ. ഗീവർഗ്ഗീസ് വല്യാറമ്പത്തു അവർകളാണു് ഇപ്പോഴത്തെമാനേജർ.

വാഴക്കുളത്തു് കഴിഞ്ഞകൊല്ലം ഉൽഘാടനംചെയ്ത ട്രെയിനിംഗ് സ്കൂൾഅതിരൂപതയിലെ ഇദംപ്രഥമമായ ഒരു സ്ഥാപനമാണു്.

എറണാകുളം അതിരൂപതയിലെ വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്ന അകത്തോലിക്കരും ക്രസ്ത്യേതരന്മാരുമായ വാദ്ധ്യാന്മാർ 225; അകത്തോലിക്കരും ക്രസ്ത്യേതരരുമായ വിദ്യാർത്ഥികൾ 7116; മാനേജ്മെൻറു കൾക്കുള്ള അധികച്ചിലവു 59940ക; കെട്ടിടങ്ങൾ മുതലായവകയ്ക്കു ഇതുവരെയുള്ള ചിലവു 487190ക.

### ഹയരാക്കിസ്മാരകവാണിജ്യവിദ്യാലയം, എറണാകുളം.

(Hierarchy Memorial School of Commerce.) എന്ന അതിന്റെ നാമധേയംകൊണ്ടുതന്നെ അതെന്താണെന്നു മനസ്സിലാക്കാമല്ലോ. ഈ സ്കൂളിൽ Type writing, Short hand, Book keeping, മുതലായ വിഷയങ്ങൾ പഠിപ്പിച്ചുവരുന്നു. ഈ സ്കൂൾ1929-ൽ തുറക്കപ്പെട്ടു. ഇവിടെനിന്നു അയയ്ക്കപ്പെടുന്ന വിദ്യാർത്ഥികൾക്കു ഗവമ്മെൻറു പരീക്ഷയിൽ ചേരാവുന്നതാകുന്നു. റവ. ഫാദർ വറുഗീസ് പുതുശ്ശേരി M. A. (Hons) ഈ വിദ്യാലയത്തിന്റെ മാനേജുമെൻറു വഹിക്കുന്നു.

### കത്തോലിക്ക വദ്യാർത്ഥിമന്ദിരം

എറണാകുളത്തു അന്യദിക്കുകളിൽനിന്നു വന്നു കോളേജിലും മററും പഠിക്കുന്ന യുവാക്കന്മാരുടെ അഭ്യുന്നതിയെ ലാക്കാക്കി (Catholic Home) ഒരു കത്തോലിക്കാവിദ്യാർത്ഥിമന്ദിരം തുറക്കുകയുണ്ടായിട്ടുണ്ടു്. അരമനയിലെ വൈദികർ അവിടെച്ചെന്നു കുബ്ബാന ചൊല്ലിക്കൊടുത്തും, തത്വോപദേശം ചെയ്തും, രണ്ടുകൊല്ലത്തോളം ഈ വിശിഷ്ടസ്ഥാപനം നടത്തിക്കൊണ്ടുപോന്നു. എന്നാൽ വിദ്യാർത്ഥികളുടെ സഹകരണക്കുറവുമൂലം1931-ാമാണ്ടു ഈ സ്ഥാപനം നിന്നുപോയി. വിദ്യാർത്ഥികളുടെ കാരണവന്മാരെങ്കിലും ഇക്കാര്യത്തിൽ വേണ്ടതു പ്രവൃത്തിച്ചിരുന്നെങ്കിൽ ഇതിനു ഇടവരികയില്ലായിരു

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ന്നു. ഏകദേശം 1500കയോളം ഇതിനായി അതിരൂപതയിൽനിന്നു ചിലവാക്കിയിട്ടുണ്ടത്രെ.

## അതിരൂപതയും പാവങ്ങളും.

കത്തോലിക്കാസഭ ദേവാലയവും വിദ്യാലയവും മാത്രമല്ല, അതു ഒരു ആതുരശാലയും അനാഥമന്ദിരവുംകൂടിയാണെന്നു ഞാൻ മുന്നൊരവസരത്തിൽ പറഞ്ഞിരുന്നുവല്ലോ. ഈ ഒരു സംഗതിയിൽ നിജസ്ഥാപകനെ അനുകരിച്ചു സഭ പ്രസംഗിക്കുന്നതിനേക്കാൾ കൂടുതലായി പ്രവൃത്തിക്കുകയത്രെ ചെയ്യുന്നതു്. നമ്മുടെ ദിവ്യരക്ഷകന്റെ ജീവകാരുണ്യവേല നമ്മുടെ അതിരൂപതയിൽ എമ്മാത്രം പ്രായോഗികമായിട്ടുണ്ടു് എന്നത്രെ ഈ ഏതാനും വശങ്ങളിൽ രേഖപ്പെടുത്തുവാൻ പോകുന്നതു്.

### ആൺകുട്ടികൾക്കുള്ള അനാഥശാല.

കാലംചെയ്ത തിരുമേനിക്കു തന്റെ അരമനപോലെതന്നെ അത്യന്തം ഹൃദ്യമായ ഒരു സ്ഥാപനമായിരുന്നു അനാഥശാല. 1905-ൽ എറണാകുളത്തു ഒരു കൂലികെട്ടിടത്തിൽ തുടങ്ങിയ തിരുകുടുംബ അനാഥശാല 1911-ൽ തന്റെ അരമനയോടു തൊട്ടടുത്ത വടക്കെപറമ്പിൽ സ്ഥലം മാററി സ്ഥാപിച്ചു. ഇപ്പോൾ മാർ ളൂയീസ് മെമ്മോറിയൽ പ്രസ്സ് സ്ഥിതിചെയ്യുന്ന പറമ്പു് അനാഥശാല സ്ഥാപിക്കുവാൻവേണ്ടി പാട്ടക്കാരിൽനിന്നു ഒഴിപ്പിച്ചെടുക്കുവാൻ മാർ ളൂയീസു മെത്രാനച്ചനു് വളരെ വിഷമിക്കേണ്ടിവന്നിട്ടുണ്ടു്. 1907-ൽ തുടങ്ങിയ പരിശ്രമം 1911 ലാണു സഫലമായതു്.

1913-ൽ മൂക്കന്നൂർ എന്ന സ്ഥലത്തു കുളങ്ങര ഇട്ടീര ഗവ്വാസീസ് എന്ന മാന്യൻ കുറെ സ്ഥലം ഒരു സഹോദരസംഘവും അനാഥശാലയും മററും സ്ഥാപിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി മിസ്സത്തിലേക്കു ദാനംചെയ്തപ്പോൾ, എറണാകുളത്തുള്ള അനാഥശാലയുടെ ഒരു ശാഖയായി "തിരുഹൃദയ അനാഥശാല" എന്ന അഭിധാനത്തിൽ അവിടെയും ഒരു അനാഥശാല ആരംഭിച്ചു. മെത്രാപ്പോലീത്താച്ചൻ ഭരണം കയ്യേററതോടുകൂടി, മൂക്കന്നൂർ കൂടുതൽ സുഖവാസപ്രദവും കുട്ടികൾക്കു കൂടുതൽ ജീവിതസൗകര്യമുള്ളതും ആയിരിക്കുന്നതിനെ പരിഗണിച്ചു, എറണാകുളത്തെ അനാഥശാലയും മൂക്കന്നൂരേക്കു സ്ഥലം മാററി, "തിരുഹൃദയ അനാഥശാല" എന്ന നാമധേയത്തിൽ രണ്ടുംകൂടി യോജിപ്പിച്ചു.

ആരംഭത്തിൽ ഈ അനാഥബാലന്മാരുടെ സംരക്ഷണത്തിനു്

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



കത്തോലിക്കർ മാത്രമല്ല മററെല്ലാസമുദായക്കാരും നെല്ലും അരിയും നൽകിയിട്ടുണ്ട്. പരേതനായ പത്രോസ് സഹോദരൻ എറണാകുളത്തെ തിരുക്കുടുംബ അനാഥശാലയ്ക്കുവേണ്ടി വളരെ ബുദ്ധിമുട്ടിയിട്ടുള്ള ഒരാളാണ്. അതുപോലെതന്നെ ബ്രദേഴ്സ് ലൂയീസും പ്രാൻസീസും പരേതനായ ബ്രദർ അന്ത്രയോസും ഈ അനാഥശാലകൾക്കായി ചെയ്ത ബുദ്ധിമുട്ടുകളും പ്രസ്താവയോഗ്യമാണ്.

മൂക്കന്നൂർ അനാഥശാലവകയായി ഗവമ്മേൻറ് അംഗീകരണമുള്ള ഒരു പ്രൈമറിസ്കൂളും ഒരു നെയിത്തു് വ്യവസായസ്കൂളും നടത്തുന്നുണ്ട്. കൂടാതെ മരപ്പണി, തയ്യൽപണി, മെഴുകുതിരിവാക്കൽ, റബർവെട്ട്, കൃഷി ജോലികൾ, കാലിവളത്തൽ, കോഴിവളത്തൽ മുതലായ ഉപയോഗപ്രദങ്ങളായ തൊഴിലുകളിൽ കുട്ടികൾക്കു യഥോചിതം പരിശീലനം നൽകുകയും ചെയ്യുന്നു.

അനാഥശാലയ്ക്കുവേണ്ടി 1929-ൽ എറണാകുളത്തു ഒരു ഡിപ്പോ തുടങ്ങി നടത്തി വരുന്നുണ്ട്. ഈ ഡിപ്പോയിൽ പള്ളികൾക്കു വേണ്ടുന്ന തിരുവസ്ത്രങ്ങൾ, മെഴുകുതിരികൾ മുതലായ സാമാനങ്ങൾ വരുത്തിയും ഉണ്ടാക്കിയും വില്ക്കപ്പെടുന്നു. ജപമാല, കാശുരൂപം, കുരിശു് ആദിയായ ഭക്തസാമാനങ്ങളും, കത്തോലിക്കാപുസ്തകങ്ങളും, മേശ, കസേര മുതലായ മററു സാമാനങ്ങളും ഈ ഡിപ്പോയിൽ വില്ക്കപ്പെടുന്നുണ്ട്.

മൂക്കന്നൂരുള്ള ഈ അനാഥമന്ദിരത്തെ അതിൻെറ ഇന്നത്തെ ശ്രേയസ്സിൽ എത്തിച്ചിട്ടുള്ളതു് റവ. ഫാദർ തോമസ് പാണാട്ടു അവർകളാണെന്നുള്ളതു് പ്രത്യേകം പ്രസ്താവയോഗ്യമാണ്.

### പെൺകുട്ടികൾക്കുള്ള അനാഥശാലകൾ.

പെൺകുട്ടികൾക്കായി അതിരൂപതയിൽ രണ്ടു അനാഥശാലകളുണ്ട്; ഒന്നു കറുകുററി മഠത്തിലും, മറെറാന്നു എറണാകുളം മഠത്തിലും. കറുകുററിയിലേതു 1922 ജൂൺമാസത്തിലാണു തുറന്നതു്. ഈ അനാഥശാലകളിൽ തീരെ പ്രായംകുറഞ്ഞ ശിശുക്കളെയും സംരക്ഷിച്ചുപോരുന്നു. ഈ പെൺകുട്ടികളെ തയ്യൽ, നെയിത്തു മുതലായ തൊഴിലുകളും അഭ്യസിപ്പിക്കുന്നുണ്ട്. കറുകുററിയിൽ അതിരൂപതവകയായുള്ള വസ്തുക്കളിൽ നിന്നു കിട്ടുന്ന ആദായത്തിൽ ഒട്ടുമുക്കാലും ഈ അനാഥക്കുഞ്ഞുങ്ങൾക്കു വേണ്ടിയാണു ചിലവു ചെയ്യുന്നതു്.

### സങ്കേതം.

ചെങ്ങൽ കർമ്മലീത്താ മഠത്തിൻെറ നേതൃത്വത്തിൽ നടത്തപ്പെടുന്ന പ്രസ്തുത സങ്കേതത്തിൽ അനാഥകളായ സ്ത്രീകളെ സ്വീകരിച്ച് സ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.marggam.com



എറണാകുളം സെൻറ് മേരീസ് കോൺവെൻറിനോടു ചേർന്നുള്ള അനാഥശാല.

www.TheCMSIndia.org

marggam
Digital Library of Christianity in India
www.marggam.com



കൃത ജീവിതമുറ അഭ്യസിപ്പിച്ചു് സംരക്ഷിക്കുന്നു. സ്ത്രീകൾക്ക് യോജിക്കുന്നതായ പലേ കൈത്തൊഴിലുകളും ഇവർ നടത്തിപ്പോരുന്നുണ്ടു്. അതിൽനിന്നുമുള്ള ആദായം അവരുടെ ജീവസന്ധാരണത്തിനായിത്തന്നെ ചിലവാക്കുകയും ചെയ്യുന്നു. മററുള്ള മിക്ക മഠങ്ങളിലും ഇപ്രകാരമുള്ളവരെ കഴിവുപോലെ സ്വീകരിച്ചു സംരക്ഷിക്കുന്നുണ്ടു്. കോതമംഗലം മഠത്തോടുചേൻറു സാധുക്കൾക്കായിട്ടുള്ള ഒരു സ്ഥാപനം ഉണ്ടാക്കിയിട്ടുണ്ടു്. വെരുമ്പള്ളിച്ചിറ മത്തായി എന്ന മാന്യനാണു ആ സ്ഥാപനത്തിനായി വസ്തുവും വീടും ദാനംചെയ്തിട്ടുള്ളതു്.

## സധുവൃദ്ധമന്ദിരം.

നിരാശ്രയരായ വൃദ്ധജനങ്ങളെ ജാതിമതഭേദം പരിഗണിക്കാതെ സ്വീകരിച്ചു, ആജീവനാന്തം സംരക്ഷിക്കുന്നതിനുവേണ്ടി ഏതാനും കൊല്ലങ്ങൾക്കുമുമ്പു ആലുവാക്കടുത്തുള്ള ചുണങ്ങംവേലിയിൽ, പരേതനായ പയ്യപ്പിള്ളി പെ. ബ. വറുഗീസച്ചൻ തുടങ്ങിയ സാധുവൃദ്ധമന്ദിരം കേരളീയ കത്തോലിക്കരുടെ ഇടയിൽ അപൂർവ്വമായ ഒരു വിശിഷ്ടസ്ഥാപനമാണു്. അഗതികളുടെ സഹോദരികളാണു് ഈ വൃദ്ധജനങ്ങളെ പരിപാലിക്കുന്നതു്.

## ജൂബിലിമെമ്മോറിയൽ അഗതിമന്ദിരം.

ചുണങ്ങംവേലി സാധുമന്ദിരത്തിൻെറ ശാഖതന്നെയാണു് പ്രസ്തുത സഹോദരികളുടെ സംരക്ഷണത്തിൽ, മെത്രാപ്പോലീത്താച്ചൻ തിരുമനസ്സിലെ മെത്രാൻപട്ടാഭിഷേകരജതജൂബിലിസ്മാരകമായി എറണാകുളത്തടുത്തുള്ള പെരുമാന്തൂർ ലൂർദ്ദപുരത്തു് ജൂബിലിദിവസംതന്നെ തിരുമനസ്സുകൊണ്ടു ആശീർവ്വദിച്ചു ഉൽഘാടനം ചെയ്യുവാൻ പോകുന്ന അഗതിമന്ദിരവും. ചുണങ്ങംവേലി വൃദ്ധമന്ദിരത്തിൽ സ്വീകരിക്കപ്പെടുന്നതു കാര്യമായ രോഗങ്ങൾ ഒന്നും ഇല്ലാത്തവരും എന്നാൽ വാർദ്ധക്യംകൊണ്ടു വലയുന്നവരും നിരാശ്രയരുമായ വൃദ്ധജനങ്ങളെയാണു്. ഇവിടെയോ എന്നാൽ രോഗികളും നിരാധാരന്മാരുമായ സാധുക്കളെ ആണു സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതു്. ഇവിടെ പണിതീർത്തിരിക്കുന്ന മഠം കോയിത്തറ വക്കി എന്ന മാന്യനാണു ചിലവുചെയ്തു പണിയിച്ചതു്.

## ആശുപത്രികൾ.

കേരളീയ സുറിയാനികത്തോലിക്കരുടെവക ഒന്നാമത്തെ ധർമ്മാശുപത്രി വെ. റവ. ഡോക്ടർ ജോസഫ് സി. പഞ്ഞിക്കാരൻ അവർകൾ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



കോതമംഗലത്തു നടത്തിവരുന്ന ധർമ്മഗിരി ആശുപത്രിയാണ്. 1934 ഡിസംബർ 6-ാം തീയതി എറണാകുളം, വരാപ്പുഴ, എന്നീ മെത്രാപ്പോലീത്താന്മാരുടെ സാന്നിദ്ധ്യത്തിൽ ഇൻഡ്യയുടെ ഡലിഗെററ് അപ്പസ്തോലിക്ക മൊൺ. പീററർ കീയെക്കൽസ് തിരുമനസ്സുകൊണ്ടു ഈ ആശുപത്രിയുടെ പ്രോൽഘാടനകർമ്മം നിർവഹിച്ചു. ഒരു ലേഡിഡോക്ടർ ഉൾപ്പെടെ രണ്ടു ഡോക്ടറന്മാർ ഇവിടെ ജോലിചെയ്യുന്നുണ്ട്. പുറത്തുള്ള രോഗികളെമാത്രമല്ല, അകത്തു താമസിപ്പിച്ചുകൊണ്ടും ഇവിടെ രോഗികളെ ചികിത്സിപ്പിച്ചുവരുന്നു.

ഈ ആശുപത്രിയുടെ ഒരു ശാഖ അങ്കമാലിയിൽ തുറന്നിട്ടുണ്ട്. അവിടെയും ഒരു ഡോക്ടരെ ചികിത്സ നടത്തുന്നതിലേക്കായി നിയമിച്ചിട്ടുണ്ട്.

വെരി റവ. ഡോക്ടർ പഞ്ഞിക്കാരൻ വിദേശങ്ങളിലെയും മററും സ്നേഹിതന്മാരുടെ സഹായങ്ങളോടുകൂടി സ്വന്തമായി വളരെ ബുദ്ധിമുട്ടുകൾ സഹിച്ചുകൊണ്ടാണ് ഈ ആശുപത്രികൾ നടത്തികൊണ്ടുപോരുന്നത് എന്നുള്ളതും ഇവിടെ പ്രത്യേകം രേഖപ്പെടുത്തികൊള്ളുന്നു.

ഇതിനുംപുറമെ അഡൂർ കുഷ്ഠാശുപത്രിയിലെ രോഗികൾക്ക് ഒരു കപ്പേള പണിയുന്നതിനും അതിരൂപതയിൽനിന്നു .ധനസഹായം ചെയ്തിട്ടുണ്ട്. പ്രസ്തുത രോഗികളുടെ ആദ്ധ്യാത്മിക പരികർമ്മം ചെയ്യുന്നതു് കൊരട്ടിപള്ളിയിലെ ബ. വികാരിയും അസിസ്റ്റൻറുവികാരിയും കൂടിയാണ്.

## മഠ്ഠാഭവനം.


സന്യാസവ്രതാനുഷ്ഠാനം ചെയ്തു കന്യാസ്ത്രീകളാകുവാൻ തക്ക മനോഗുണമില്ലാത്തവരും, എന്നാൽ വിവാഹം ചെയ്യാതെ കന്യാത്വം കാത്തു ജീവിക്കുവാൻ കാംക്ഷിക്കുന്നവരുമായ നിർദ്ധന യുവതികളെ സ്വീകരിക്കുന്ന ഒരാശ്രമമാണ് മഠ്ഠാഭവനം. ഇതു ചുണങ്ങംവേലി മഠത്തോടു അനുബന്ധിച്ചിരിക്കുന്നു. അഭിനവ വികാരിജനറാൾ എ. പെ. ബ. വല്യാറമ്പത്ത് അച്ചനാണ് ഈ സ്ഥാപനത്തിൻെറ ജനയിതാവ്.

നിർദ്ധനന്മാരായ വിദ്യാർത്ഥികൾക്ക സഹായധനം നൽകുന്നതിന് ആലുവാ ഹൈസ്കൂളിൽ ഒരു സ്കോളർഷിപ്പു ഏർപ്പെടുത്തുകയും ചില പള്ളികളിൽനിന്നുതന്നെയും സാധുക്കളായ കുട്ടികൾക്ക ധനസഹായം ചെയ്യുവാൻ ഏർപ്പാടു ചെയ്യുകയും ചെയ്തിട്ടുണ്ട്.

മരിച്ചവരുടെ ആണ്ടടിയന്തിരം സംബന്ധിച്ചു കഴിവുള്ളവരെല്ലാം ചുരുങ്ങിയ രീതിയിൽ ഒരു ചാത്തം നടത്തണമെന്നു ഉപദേശിച്ചു അവസ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ധമ്മഗിരി ആശുപത്രി, കോതമംഗലം.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



രത്തിൽ സാധുക്കൾക്ക അന്നദാനം ചെയ്യുന്ന കാര്യം പ്രത്യേകമായി എടുത്തു ചൂണ്ടിക്കാണിച്ചിരുന്നു. ക്ഷാമകാലങ്ങളിൽ ഇടവകകളുടെ ആഭിമുഖ്യത്തിൽ പാവപ്പെട്ടവർക്ക നഷ്ടം സഹിച്ചുതന്നെയും അരിയോ നെല്ലോ വിതരണം ചെയ്യുവാൻ ഉപദേശിക്കയുണ്ടായിട്ടുണ്ട്. 1923-ൽ റഷ്യൻ ക്ഷാമനിവാരണഫണ്ടിലേക്ക ഇടവകകളിൽനിന്നു ഒരു പിരിവു നടത്തി അയച്ചതുകൂടാതെ കെ൯റാ, ബീഹാർ എന്ന സ്ഥലങ്ങളിലെ ഭൂകമ്പദുരിതഫണ്ടുകളിലേക്കും, അഗ്നിബാധയാൽ ദഹിച്ചുപോയ ഷില്ലോഗ് ഭദ്രാസന ദേവാലയത്തിനും ധനസഹായം ചെയ്കയുണ്ടായി.

### സാധുജനസംരക്ഷണസംഘം.

സാധുക്കൾക്ക കഴിയുന്നത്ര സഹായം ചെയ്യുന്നതിന് തന്റെ അജക്കൂട്ടത്തോടും സൗകര്യം കിട്ടുമ്പോഴെല്ലാം അവിടുന്നു ഉപദേശിച്ചുകൊണ്ടിരിക്കുന്നു. കുടുംബാംഗങ്ങൾ മിതവ്യയം പരിശീലിക്കണമെന്നും, ആവശ്യം കഴിഞ്ഞു അധികമുള്ളതിൽനിന്നു എന്തെങ്കിലും സാധുക്കൾക്ക ദാനം ചെയ്യണമെന്നും, ഇതിലേക്കായി കുടുംബങ്ങൾതോറും ത്യാഗപ്പെട്ടി സൂക്ഷിച്ചു ധർമ്മധനശേഖരം ചെയ്യണമെന്നും 1931-ലെ ഒരു ഇടയലേഖനത്തിൽ ഉപദേശിച്ചിരുന്നു. ഇതിനെ കാര്യക്ഷമമാക്കുവാൻവേണ്ടിയാണ്, 1923-ൽ "സാധുജനസംരക്ഷണസംഘം" അതിരൂപതയിലെ ഇടവകളിൽ സ്ഥാപിക്കുവാൻ ഒരു ഇടയലേഖനത്തിൽ ഉപദേശിച്ചിരുന്നത്. 1931-ൽ ഇതിന്റെ നിയമങ്ങൾ പ്രസിദ്ധപ്പെടുത്തി. തിരുനാളുകളുടെ ചിലവു നിയന്ത്രിച്ചതോടുകൂടി ഈ സംഘത്തിലേക്ക മുതൽക്കൂട്ടുവാനായി ഒരു ചെറിയ സംഖ്യ തിരുനാൾ ലിസ്റ്റിൽ കൊള്ളിച്ചിട്ടുണ്ട്.

അയ്യനാട്ടുപാറായിൽ അവിരാത്തരകൻ അവർകൾ തൈക്കാട്ടുശേരിയിൽ ഇപ്പോൾ ഒരു സാധുമന്ദിരം പണിയിച്ചുവരുന്നതായും അറിയുന്നു.

ഇത്രയും പ്രസ്താവിച്ചതിൽനിന്ന് സാധുസംരക്ഷണവിഷയത്തിൽ അതിരൂപത എന്തു ചെയ്യുന്നുവെന്നു ഒരു ഏകദേശജ്ഞാനമെങ്കിലും ലഭിക്കുമെന്നു വിശ്വസിക്കട്ടെയോ?

## അധഃകൃതസംരക്ഷണം.

നമ്മുടെ ദിവ്യരക്ഷകൻ മനുഷ്യാവതാരം ചെയ്തതു് സമുദായ ബഹിഷ്കൃതരും അധഃകൃതരുമായ ഭാഗ്യഹീനന്മാരെ സമുദ്ധരിക്കുന്നതിനായിരുന്നു. അവിടുന്നു പ്രസംഗിച്ചതു അധികവും സാധുക്കളോടാണ്. അവി

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ടുന്ന വസിച്ചതു് സാധുക്കളോടുകൂടിയാണു്. തനിക്കുള്ള സർവ്വാധികാരവും കൊടുത്തതും സാധുക്കളായ പന്ത്രണ്ടു മീൻപിടുത്തക്കാർക്കാണു്. ചുരുക്കത്തിൽ ക്രിസ്തു സാധുക്കളുടേതാണു്. സഭയും തിരുസ്ഥാപകനെ അനുകരിച്ചു യഥാർത്ഥ സാധുജനാംമിത്രമായിതന്നെ ലോകത്തിൽ പരിലസിക്കുന്നു. കത്തോലിക്കാസഭയാണു് ആദ്യമായി ഹീനജാതികളുടെ ഭ്രഷ്ട കളഞ്ഞു ഉൽകൃഷ്ടജാതികളാക്കി ഉയർത്തി തുടങ്ങിയതു്. സത്യദൈവത്തെ സംബന്ധിച്ചുള്ള സനാതന തത്വങ്ങളും സന്മാർഗ്ഗനിയമങ്ങളും അഭ്യസിപ്പിച്ചു മാനസികമായും, അന്നവസ്ത്രാദികൾ നൽകി ശാരിരികമായും, വിദ്യാലയങ്ങളിലും തെരുവീഥികളിലും ദേവാലയങ്ങളിലും ഉൽകൃഷ്ടജാതിക്കാരുടെ ഭവനങ്ങളിലും സഭമ്മേളനങ്ങളിലും പ്രവേശിപ്പിച്ചു സാമുദായികമായും അധഃകൃതരെ സഭ ഉദ്ധരിക്കുന്നു. ഭാരതത്തെ ഒന്നു വ്യോമവീക്ഷണം ചെയ്താൽ കേരളത്തിലെ അധഃകൃതർ മററു ഭാരതപ്രവിശ്യകളിലെ അധകൃതരെക്കാൾ പലേപ്രകാരത്തിലും ഉയർന്നിരിക്കുന്നതായി കാണാവുന്നതാണു്. ഇതിനുള്ള കാരണമെന്താണെന്നു ചോദിച്ചാൽ, കേരളം ഭാരതീയ കൃസ്തുമതത്തിൻെറ കേന്ദ്രമായതുകൊണ്ടാണെന്നു നാം സധൈര്യം മറുപടി പറയും. ഇപ്പോൾ പലരും അധകൃതോദ്ധാരണത്തിനായി രംഗത്തിറങ്ങി തുടങ്ങിയിട്ടുണ്ടു്. അഭൂതപൂർവ്വമായ ഈ നയത്തിൻെറ ലാക്കെന്താണെന്നു ഗ്രഹിക്കുവാൻ അധികമൊന്നും ആലോചിക്കേണ്ട ആവശ്യമില്ല. ഇതിനെല്ലാം കാരണം ക്രിസ്തുമതമാണെന്നുള്ളതു് ക്രിസ്ത്യാനികൾക്കു അഭിമാനകരവും ആശ്വാസകരവും തന്നെ.

എറണാകുളം അതിരൂപത വികാരിയാത്തായി ഭൂജാത ആയപ്പോൾതന്നെ അധഃകൃതോദ്ധാരണവിഷയത്തിൽ അത്യന്തം ഉത്സുകയായിരുന്നു. മാർ ളൂയീസുമെത്രാനച്ചന് ഈ ഒരു വിഷയത്തിൽ എന്തൊരു തീഷ്ണതയുണ്ടായിരുന്നതെന്നു പറഞ്ഞറിയിക്കാൻ വിഷമമാണു്. ഇവരോടു വ്യത്യസ്ഥരീതിയിൽ വല്ലവരും പെരുമാറുന്നതറിഞ്ഞ അവസരങ്ങളിലെല്ലാം അവരെ ആദരിക്കുകയും സഹായിക്കുകയും ചെയ്തുവായിരുന്നു പതിവു്. പൊതു ആരാധനസ്ഥലങ്ങളിൽ അവർക്കു പ്രവേശിക്കുന്നതിനു വിഷമങ്ങൾ ഉണ്ടായപ്പോൾ അവർക്കായി പ്രത്യേകം ആരാധനസ്ഥലം ഉണ്ടാക്കേണ്ടിവന്നുവെങ്കിലും, പിന്നീടു അതു നിറുത്തലാക്കികളഞ്ഞു. അദ്ദേഹം ഇട്ട അടിത്തറയിൽ മെത്രാപ്പോലീത്താച്ചൻ ഒരു ഭീമമായ അധഃകൃതോദ്ധാരണപ്രസ്ഥാനമന്ദിരം ആണു് കെട്ടിപ്പണിതതു്. 1921 ഒക്ടോബർമാസം 3-ാംനു- അതിനായിതന്നെ ഒരു സംഘം സ്ഥാപിച്ചു. അതിലെ പ്രാരംഭസെക്രട്ടരിമാർ റവ ഫാദർ ജോസഫ് പഞ്ഞിക്കാരനും, തിരുവിതാംകൂറിലെ ഇപ്പോഴത്തെ ഒരു ഹൈക്കോട്ടു ജഡ്ജി മിസ്റ്റർ ജോസഫ് തളിയത്തു ബാർ അററുലായും

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ആയിരുന്നു. ഈ സംഘത്തിന്റെ ശാഖകൾ അതിരൂപതയിലെ സർവ്വ ഇടവകകളിലും സ്ഥാപിതമായി. സംഘാംഗങ്ങൾക്കു നൽകപ്പെട്ടിരുന്ന മനോഹരമായ സാക്ഷിപത്രങ്ങൾ ഈ അതിരൂപതയിലെ മാത്രമല്ല, അയൽരൂപകളിലേയും ഭവനങ്ങളെ അലങ്കരിച്ചിരുന്നു.

വാസ്തവത്തിൽ അധഃകൃതസംരക്ഷണം എന്നാൽ എന്താണെന്നു നമ്മുടെ ജനങ്ങൾ ഗ്രഹിച്ചുതുടങ്ങിയതു് ഈ സംഘത്തിന്റെ ആവിർഭാവത്തോടുകൂടിയാണ്. വി. പൌലോസ് ശ്ലീഹാക്കു സമായത്തമായ തീക്ഷ്ണതയോടുകൂടി ആരംഭിക്കപ്പെട്ട ഈ വേല വെറും നാമമാത്രമായ ഒന്നായിരുന്നില്ല. വികാരിയാത്തിലെ മിക്ക സ്ഥലങ്ങളിലും വെടിമരുന്നിനു തീയെന്നവണ്ണം അതു വ്യാപിച്ചു. ഓരോ സ്ഥലവും ഹരിജനോദ്ധാരണവേലയുടെ ഓരോ കേന്ദ്രസ്ഥാനങ്ങളായി ഭവിച്ചു. അവിടെനിന്നു മാസംതോറും "മിസ്സത്തിൽ" പ്രസിദ്ധം ചെയ്തിരുന്ന റിപ്പോർട്ടുകൾ വായിച്ചാൽ ദൈവാനുഗ്രഹതയുക്തമായ ആ പ്രയത്നത്തിന്റെ ഫലം എത്രമാത്രമാണെന്നു മനസ്സിലാക്കാവുന്നതാണ്. ഇന്നു ഈ സംഘത്തിന്റെ പ്രസിഡണ്ടു് വെരി റവ. ഡോക്ടർ ജെ. സി. പഞ്ഞിക്കാരൻ അവർകളും, വൈസുപ്രസിഡണ്ടു റവ. ഫാദർ പീററർ പരവരയും, സിക്രട്ടറിമാർ റവ. ഡോക്ടർ കുര്യാക്കോസു നന്ത്യാപറമ്പിൽ Ph. D., D. D. അവർകളും, ശ്രീമാൻ മൂത്തേടൻ വക്കീ M. A. (Hons) B. L., M. L. C. അവർകളുമാകുന്നു.

അധഃകൃതരെ വിദ് യാഭ്യാസം ചെയ്യിച്ചും, അവരുടെ ഭവനങ്ങൾ സന്ദർശിച്ചും, അവർക്കു അന്നവസ്ത്രാദികൾ ദാനം ചെയ്തും, ഉയർത്തുന്നതിനായി അതിരൂപതയിലെ പലേ കേന്ദ്രങ്ങളിലും അവൈദികരായ അദ്ധ്യാപകന്മാരെ നിയമിച്ചിട്ടുണ്ടു്. ഈ അദ്ധ്യാപകന്മാരെ സംരക്ഷിക്കുവാനാണ് 1931-ൽ "സെൻറു അഗസ്റ്റിൻസു പ്രോവിഡൻറുഫണ്ടു" തുടങ്ങിയതു്. ഇങ്ങനെ ഇപ്പോൾ 35 അദ്ധ്യാപന്മാർ ജോലി ചെയ്യുന്നുണ്ടു്. സ്ഥലം വികാരി അച്ചന്റെ മേൽനോട്ടത്തിലും നിയന്ത്രണത്തിലും ജോലിചെയ്യുന്ന ഇവർ മാസാന്ത്യത്തിൽ വികാരിഅച്ചന്റെ സാക്ഷ്യത്തോടുകൂടി റിപ്പോർട്ടുകൾ അയച്ചുകൊണ്ടിരിക്കണം.

അധഃകൃതർ ആഴ്ചയിലൊരിക്കൽ ഹാജരാകുന്നതിനു ചട്ടംകെട്ടുകൾ ചെയ്തിട്ടുണ്ടു്. ഈ സമുദായബഹിഷ്കൃതരുടെ ഉദ്ധാരണാർത്ഥം വലിയൊരു തുക നമ്മുടെ അതിരൂപതയിൽനിന്നു ചിലവാക്കുന്നുണ്ടു്. ഇവരുടെ വിദ്യാഭ്യാസകാലത്തുംമററും ഇവർക്കു ഭക്ഷണത്തിനുംപുറമെ വസ്ത്രവും കൊടുക്കേണ്ടിയിരിക്കുന്നു. ഇവർക്കുവേണ്ടി വസ്ത്രങ്ങൾ ആവശ്യപ്പെട്ടുകൊണ്ടു് സംഘത്തിന്റെ ഡിറക്ടർ ഒരിക്കൽ "മിസ്സത്തിൽ" ഒരഭ്യർത്ഥന ചെയ്തിരുന്നു. ഞായറാഴ്ചതോറും കുർബ്ബാനസമയത്തു പള്ളികളിൽപിരിക്കുന്നതായ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

ധർമ്മം ഇതുമുതലായ ധർമ്മകാര്യത്തിന് ചിലവുചെയ്യുവാനാണ്. നാം കൊടുക്കുന്ന സംഖ്യ ഈ സാധുക്കളെ സമുദായമണ്ഡലത്തിൽ ഉയർത്തുവാൻ പര്യാപ്തമാണെന്നറിയാവുന്നതായ ഏതൊരു കത്തോലിക്കനാണ് ഞായറാഴ്ചതോറും തന്റെ നേരെ നീട്ടപ്പെടുന്ന പാത്രത്തിൽ ഒരു ചക്രമിടുവാൻ വിമുഖത പ്രദർശിപ്പിക്കുക! 1927-ൽ ചേർത്തലത്താലൂക്കിൽ ഒഴുക എന്ന സ്ഥലത്തു അധഃകൃതരെ ഉദ്ദേശിച്ചു ഒരു ചകിരിവ്യവസായം വെരി റവ. ഡോക്ടർ ജെ. സി. പഞ്ഞിക്കാരൻ M. A., Ph. D., D. D., D. C. L. അവർകൾ നടത്തിയിരുന്നു.

## സമുദായോദ്ധാരണപരിശ്രമങ്ങൾ.

നമ്മുടെ രണ്ടു വന്ദ്യപിതാക്കന്മാരും കത്തോലിക്കാസമുദായബന്ധത്തേയും ഗൃഹജീവിതത്തേയും ഉപരി ശ്രേയസ്കരമാക്കുവാൻ വളരെ പരിശ്രമിച്ചിട്ടുണ്ട്. ഈ ഉദ്ദേശത്തോടുകൂടിയായിരുന്നു മാർ ളൂയീസ് മെത്രാനച്ചൻ 1904-ൽ "തിരുവിതാംകൂർ കൊച്ചീ കത്തോലിക്കാമഹാജനസഭ", (The Travancore and Cochin Catholic Association) രൂപവൽക്കരിച്ചതു്. 1903-ൽ വിവിധ കൃസ്തീയവകുപ്പുകാരുംകൂടി ഒരു സമാജം സ്ഥാപിച്ചതിൽ കത്തോലിക്കർ ചേർന്നുകൂടാ എന്നു ഡലിഗേറ്റ് അപ്പസ്തോലിക്കാ കല്പിക്കുകയുണ്ടായി. അപ്പോഴാണ് മേൽപറഞ്ഞ കത്തോലിക്കാ മഹാജനസഭ മെത്രാനച്ചന്റെ രക്ഷാധികാരത്തിൽ സമാരംഭിച്ചതു്. ഈ സഭയുടെ അദ്ധ്യക്ഷൻ മാടമ്പി പാറായിൽ അവിരാ വക്കിത്തരകൻ അവർകളും, സെക്രട്ടരിമാർ പാറായിൽ വക്കി അവരാത്തരകൻ അവർകളും കണ്ടത്തിൽ വക്കി ജോൺ വക്കീൽ അവർകളുമായിരുന്നു. ഈ മഹാജനസഭയുടെ പ്രതിനിധിക്ക് ശ്രീമൂലം പ്രജാസഭയിൽ സ്ഥാനവുമുണ്ടായിരുന്നു.

എം. സി. വൈ. എൽ. ന്റെ വാർഷികസമ്മേളനങ്ങളിൽ നമ്മുടെ രണ്ടു പിതാക്കന്മാരും ഓരോ ഗഡുവുകളിൽ അഗ്രാസനപീഠം അലംകരിച്ചിട്ടുണ്ട്.

കാലംചെയ്ത പിതാവ് പണ്ടത്തെ "കേരളീയ സുറിയാനിസാമൂഹ്യ സമ്മേളന"ത്തിന്റെ ഒരു വാർഷികയോഗത്തിലും അദ്ധ്യക്ഷപീഠത്തിൽ ഉപവിഷ്ടനായിട്ടുണ്ട് കൂടാതെ അദ്ദേഹം, കാലംചെയ്ത കൊച്ചി മെത്രാനച്ചന്റെ മെത്രാൻ പട്ടാഭിഷേകം പ്രമാണിച്ചു ഗോവയിലും, പോർട്ടുഗീസ് മിഷ്യന്റെ തൃതീയ ശതാബ്ദപൂർത്തിയുടെ ആഘോഷം സംബന്ധിച്ചുണ്ടായ കോൺഗ്രസ്സിൽ പങ്കുകൊള്ളുവാനായി മൈലാപ്പൂരും, പരി. കുർബ്ബാന

marggam Digital Library of Christianity in India www.marggam.com
www.TheCMSIndia.org CHRISTIAN MUSICOLOGICAL SOCIETY OF INDIA

യുടെ കോൺഗ്രസ്സിൽ സംബന്ധിക്കുവാനായി ബെംഗ്ളൂരും പോയിട്ടുണ്ട്.

### മെത്രാപ്പോലീത്താച്ചൻ ലണ്ടനിൽ.

തിരുമേനിയുടെ റോമായാത്രാവിവരണത്തിൽ നമ്മുടെ സാമ്രാജ്യത്തിൻെറ തലസ്ഥാനമായ ലണ്ടൻ നഗരം സന്ദർശിച്ച വിവരം പറഞ്ഞിരുന്നല്ലോ. ഈ സന്ദർശനം നമ്മുടെ സമുദായത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമുള്ള ഒരു സംഭവമാണ്. രണ്ടാഴ്ചയോളം തിരുമേനി ആ മഹാപട്ടണത്തിൽ താമസിച്ചു പ്രധാനപ്പെട്ട പല ആളുകളേയും സ്ഥാപനങ്ങളേയും സന്ദർശിക്കുകയുണ്ടായി. ഒരു ദിവസം തിരുമേനി ഇൻഡ്യാ ഓഫീസിൽ പോകുകയും അന്നത്തെ സ്റ്റേയിററു സെക്രട്ടരിയായിരുന്ന Lord Birkenhead, അണ്ടർ സെക്രട്ടരിമാരായ Sir Arthur, Lord Winterton മുതലായ പ്രമാണികളെ സന്ദർശിച്ചു, നമ്മുടെ രാജ്യങ്ങളെക്കുറിച്ചും ക്രൂസ്ത്യാനി സമുദായത്തെയും നമ്മുടെ മഹാരാജാക്കന്മാരേയും മഹാറാണിയേയും പൊളിററിക്കൽ ഏജൻറിനേയും സംബന്ധിച്ചും പല സംഗതികളും അവരുമായി സംസാരിക്കുകയും ചെയ്തു. ഇംഗ്ലണ്ടിലെ പല പ്രധാനപ്പെട്ട പത്രപ്രതിനിധികളും നമ്മുടെ പിതാവിനെ വന്നുകണ്ടു ഇൻഡ്യയിലെ വിശേഷങ്ങളും മലയാള നസ്രാണികളുടെ ചരിത്രവും സംബന്ധിച്ച പലതും ചോദിച്ചറിഞ്ഞു. തൽഫലമായി, നമ്മുടെ വന്ദ്യതിരുമേനി ലണ്ടനിൽ ചെന്നിരുന്ന വിവരം അവിടുത്തെ London Times, Morning Post, Daily Telegraph മുതലായ മിക്ക പത്രങ്ങളിലും തിരുമേനിയുടെ പടത്തോടുകൂടി ഇട്ടിരുന്നു.

1921-ൽ മദ്രാസിൽവച്ചു നടന്ന മരിയൻ കോൺഗ്രസ്സിൽപോയി, പൊന്തിഫിക്കാൽ റാസ പാടുകയും, കോൺഗ്രസ്സിലെ ഒരു യോഗത്തിൽ അദ്ധ്യക്ഷം വഹിക്കുകയും ചെയ്തിട്ടുണ്ട്.

### സത്യദീപം.

ഇക്കാലത്ത് സമുദായോദ്ധാരണത്തിന് ഒരു നല്ല പത്രത്തിനോളം ഉപയുക്തമായ വേറൊരു ഉപകരണമുണ്ടോ എന്നു സംശയമാണ്. നിമ്മതപ്രസ്ഥാനത്തോടുള്ള പോരാട്ടത്തിൽ നടുനായകത്വം വഹിച്ചു, ഈ അതിരൂപതയിൽ മാത്രമല്ല, കേരളമൊട്ടുക്കു സത്യവിജയപതാക പാറിക്കുന്ന ഒരു പ്രസിദ്ധീകരണമാണല്ലൊ "സത്യദീപം." കത്തോലിക്കരുടെ വകയായി കേരളത്തിലുള്ള ഏക മതപ്രധാന പത്രവും ഇതാണ്. ഞാൻ ഇവിടെ "സത്യദീപ"ത്തെ പുകഴ്ത്തുവാൻ പോകുകയല്ല. "സത്യദീപം" എന്താണെന്നും, അതു കത്തോലിക്കാമതത്തിനും സമുദായത്തിനുംവേണ്ടി

marggam
Digital Library of Christianity in India
www.marggam.com



മാത്രമല്ലാ പൊതുവിൽ ദൈവവിശ്വാസത്തിനും മതത്തിനും രാജ്യത്തിനും വേണ്ടിയും എന്തു ചെയ്യുവെന്നുള്ളതു് സവ്വവിദിതമായ ഒരു കാര്യമാണ്. ഈ പത്രത്തിന്റെ ജനയിതാവു മെത്രാപ്പോലീത്താച്ച നാണെന്നുള്ളതു ഇവിടെ എടുത്തു പറയാതിരിക്കുവാൻ നിവൃത്തിയില്ല. 1927 ജൂലൈ 3-ാം തീയതി പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയ ഈ പത്രം ഒരലങ്കാരമല്ല, ഒരത്യാവശ്യമാണ്. 1932 ഡിസമ്പർവരെ പത്രത്തിനു ഡമ്മി വലിപ്പത്തിൽ നാലു വശങ്ങളുണ്ടായിരുന്നു. അന്നുമുതൽ 1933 ഡിസമ്പർവരെ കുറേക്കൂടി വലിയ റേയൽ ആകൃതിയിലാണ് പ്രസിദ്ധീകരിച്ചിരുന്നതു്. 1934 ജനുവരിമാസത്തിൽ ഇപ്പോഴത്തെ വലിപ്പത്തിൽ 12 പുറങ്ങളോടുകൂടി പുറപ്പെട്ടുതുടങ്ങി; എങ്കിലും ആദ്യത്തെ വരിപ്പണമായ 2 ക. 8 ണ. യിൽനിന്നു ഒരുകാശുപോലും ഇതേവരെ കൂട്ടിയിട്ടില്ല. ഈ പത്രത്തിന്റെ നടത്തിപ്പിന് നല്ലൊരു സംഖ്യ ഇതിനകം അതിരൂപതയിൽനിന്നു വരിസംഖ്യയ്ക്കു പുറമേ വിശേഷാൽ ചിലവാക്കിയിട്ടുണ്ട്. വെരി റവ. ഡോക്ടർ പഞ്ഞിക്കാരനും, വെരി റവ. ഫാദർ നടുവത്തുശേരിയും ആണ് പത്രാധിപന്മാർ. ആരംഭത്തിൽ റവ. ഫാദർ തോമസ് വട്ടോലിയും പത്രാധിപസമിതിയൽ ഉൾപ്പെട്ടിരുന്നു.

## സത്യദീപ ഗ്രന്ഥാവലി.

പ്രസംഗവും പത്രവും കഴിഞ്ഞാൽ തത്വപ്രചാരത്തിനുള്ള ഒരു മാർഗ്ഗം ലഘുലേഖാപ്രസ്ഥാനമാണല്ലോ. സത്യമതതത്വങ്ങളെ ചുരുക്കി എഴുതിയിട്ടുള്ള ലഘുലേഖകളെ നാടൊട്ടുക്കു വിതയ്ക്കണമെന്നാണ് തിരുമേനിയുടെ ആഗ്രഹം. ഈ ആഗ്രഹം മൂർത്തിമത്തായതാണ്, 1933-ൽ സത്യദീപം പത്രത്തിന്റെ ആഭിമുഖ്യത്തിൽ സമാരംഭിക്കപ്പെട്ട "സത്യദീപഗ്രന്ഥാവലി"യും "കിരണങ്ങളും". ഈ ഗ്രന്ഥാവലിയിൽ പ്രധാന്യം അർഹിക്കുന്നതു്, ഈ നാട്ടിലെ നിരീശ്വരന്മാരുടെയും മററും യുക്തിവാദങ്ങളെ ഖണ്ഡിക്കുന്ന വെ. റവ. ഫാദർ ജേക്കബ് നടുവത്തുശേരിയുടെ പ്രബന്ധങ്ങളാണ്.

തിരുമേനിയോടു സംസാരിക്കുവാൻ ഇടവന്നിട്ടുള്ള അതിരൂപതയിലെ ഒരൊററ വൈദികനെങ്കിലും, തിരുമേനിയുടെ "Fly Sheet" പ്രസ്ഥാനത്തെപ്പററി പറഞ്ഞുകേൾക്കാതിരിക്കാൻ ഇടയില്ല. അതു, അവിടുന്നു സവ്വ വൈദികരോടും പവ്വിതചവ്വണംചെയ്യുന്ന ഒരു പല്ലവിയാണ്. "കാൽതാൾ കടലാസിൽ ഒതുങ്ങത്തക്കവിധം കത്തോലിക്കാതത്വങ്ങളെ ചുരുക്കി എഴുതി അച്ചടിപ്പിച്ചു വഴിനീളെ വിതറണം" എന്നാണ് ആ പല്ലവി.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com




മാർ ലൂയിസ് മെമ്മോറിയൽ പ്രസ്സ് കെട്ടിടവും, "സത്യദീപം" പത്രം ആഫീസും.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

margGam
Digital Library of Christianity in India
www.marggam.com



## മാർ ലൂയീസ് മെമ്മോറിയൽ പ്രസ്സ്.

മെത്രാപ്പോലീത്താച്ചൻ ഭരണം കയ്യേററതിനുശേഷം സമുദായോന്നതിയെ ലാക്കാക്കി തുടങ്ങിയ ഒരു പ്രധാനസ്ഥാപനമാണ് തൻെറ പുരോഗാമിയുടെ നാമധേയംകൊണ്ടു അലങ്കരിച്ചു സ്ഥാപിച്ച പ്രസ്തുത പ്രസ്സ്. 1921 ഏപ്രിൽ 5-ാംനു- പ്രസ്സിൽ പണിയാരംഭിച്ചു. മലയാളം, ഇംഗ്ലീഷ്, ലത്തീൻ എന്നീ ഭാഷകളിൽ അച്ചടി നടത്തുന്നതിനും പുറമേ, ബൈൻറിങ്ങും ഈ പ്രസ്സിൽ ഭംഗിയായി നിർവഹിക്കുകയും ചെയ്യുന്നു. ഈ പ്രസ്സിൻേറയും "സത്യദീപം" പത്രത്തിൻേറയും ഇപ്പോഴത്തെ മാനേജർ റവ. ഫാദർ ഗീവർഗ്ഗീസ് ചോലങ്കേരി ആകുന്നു. ഈ പ്രസ്സിൻെറ വിജയപൂർവ്വമായ നടത്തിപ്പിന് ബ്രദർ ഫ്രാൻസീസിൻെറ പാടവമേറിയ നേതൃത്വം വളരെ സഹായിക്കുന്നുണ്ടെന്നുള്ളതും പ്രസ്താവയോഗ്യമാണ്.

## Diocesan circulating library.

1923 മാർച്ച് 13-ാംനു- തുടങ്ങിയ അത്യന്തം ഉപകാരപ്രദമായ ഒരു സ്ഥാപനമാണ് മേൽപറഞ്ഞ അതിരൂപതവക വായനശാല. മതവും സമുദായവും അധികരിച്ചുള്ള 3000-ൽപരം നല്ല പുസ്തകങ്ങളും ഒട്ടേറെ ലഘുലേഖകളും മാസികകളും പത്രങ്ങളും ഈ വായനശാലയിൽ ഉണ്ട്. ഇതിൻെറ ഓരോ ശാഖ ഓരോ ഫൊറോനാപള്ളികളിലും സ്ഥാപിച്ചു, തദ്വാരാ സർവ്വ ഇടവകകളിലേക്കും ഗ്രന്ഥവിതരണം ചെയ്യണമെന്നാണു നിർദ്ദേശം.

ഈ ഗ്രന്ഥാലയത്തിന് വിദേശങ്ങളിൽനിന്നു വിവിധങ്ങളായ പത്രമാസികകൾ വന്നുകൊണ്ടിരിക്കുന്നു. ഈ ഗ്രന്ഥശാലയുടെ ശാഖകൾ മററു സ്ഥലങ്ങളിലും സ്ഥാപിച്ചു, ഗ്രന്ഥവിതരണം ചെയ്തുപോരുന്നുണ്ട്.

ഈ പുസ്തകശാലയ്ക്കു പുസ്തകങ്ങൾ ദാനംചെയ്തവരുടെകൂട്ടത്തിൽ വലിയവീട്ടിൽ പെ. ബ. ഗീവർഗ്ഗീസച്ചൻെറ നാമം പ്രത്യേകവിധത്തിൽ സ്മരണീയമാണ്. 1931-ൽ ഒട്ടേറെ നല്ല പുസ്തകങ്ങളും ഒരു അലമാരിയും അദ്ദേഹം ദാനം ചെയ്തിട്ടുണ്ട്.

## ചരിത്രരേഖകൾ.

കാലംചെയ്ത മെത്രാനച്ചൻ "The Catholic Syrian Christians of Malabar" മലയാളത്തിലെ സുറിയാനി കത്തോലിക്കാക്രിസ്ത്യാനികൾ എന്നൊരു ചരിത്രഗ്രന്ഥംതന്നെയും എഴുതിയിട്ടുള്ളതിൽനിന്നു അദ്ദേഹത്തിനു നമ്മുടെ സമുദായത്തിൻേറയും സഭയുടെയും ചരിത്രം സംരക്ഷിക്കുന്നതിൽ എത്രമാത്രം താല്പര്യമുണ്ടായിരുന്നുവെന്നു കാണാവുന്നതാണ്.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



മെത്രാപ്പോലീത്താച്ചൻ തിരുമനസ്സിലേക്കും ഈ വിഷയത്തിൽ വളരെ താല്പര്യമുണ്ട്. 1921-ൽ, നമ്മുടെ ഇടവകപ്പള്ളികളിൽ തിരസ്കൃതപ്രായത്തിൽ കിടന്നിരുന്ന പഴയ ശിലാലിഖിതങ്ങളും ഓലഗ്രന്ഥങ്ങളും എടുത്തു സൂക്ഷിക്കുന്നതിനും, പള്ളികളിൽ നാളാഗമം എഴുതുന്നതിനും തിരുമേനി ആജ്ഞാപിച്ചിരുന്നു.

1931 ൽ ചരിത്രസംബന്ധമായി വളരെ പ്രാധാന്യമുള്ള ഒരു കരിങ്കൽ കുരിശു ആലങ്ങാട്ടുനിന്നു വെ. റവ. ഡോക്ടർ പഞ്ഞിക്കാരൻ കണ്ടെടുക്കുകയുണ്ടായി. കൊടുങ്ങല്ലൂർനിന്നു നമ്മുടെ പൂർവ്വികന്മാർ കൊണ്ടുപോന്ന കീർത്തികേട്ട കുരിശു ഇതാണെന്നാണ് പറയുന്നത്.

## കത്തോലിക്കാപ്രവർത്തനം.

മെത്രാപ്പോലീത്താച്ചൻ തിരുമനസ്സിലെ രജതജൂബിലി വർഷമായ ഈ കൊല്ലത്തിൽ, അതേ ഈ കഴിഞ്ഞ ഒക്ടോബർ 6-ാം തീയതി, സമാരംഭിച്ച കത്തോലിക്കാപ്രവർത്തനസംഘം തിരുമേനിയുടെ സമുദായോദ്ധാരണപരിശ്രമങ്ങൾക്കെല്ലാം മകുടം ചാർത്തുന്ന ഒന്നാണ്. അന്നു അതിരൂപതയിലെ സർവ്വ ഇടവകകളിൽനിന്നും വന്ന ബ. വികാരിമാരുടേയും ഇടവകപ്രതിനിധികളുടേയും ഒരു മഹായോഗത്തിൽ തിരുമേനി ആദ്ധ്യക്ഷം വഹിച്ചു കത്തോലിക്കാപ്രവർത്തനസംഘം അതിരൂപതയിൽ ഔദ്യോഗികമായി സ്ഥാപിക്കുവാൻ നിശ്ചയിച്ചു. അതോടുകൂടി "മലബാർ മെയിൽ" Malabar Mail എന്നൊരു പ്രതിദിനപത്രം തുടങ്ങണമെന്നും, പത്രത്തിന്റെ പ്രഥമലക്കം ഈ ജൂബിലി ആഘോഷദിവസം (1936 ഡിസംബർ 9) തന്നെ പ്രസിദ്ധീകരിക്കണമെന്നും, പത്രത്തിന്റെ നടത്തിപ്പിലേക്കായി "The Catholic Welfare Company" "കത്തോലിക്കാ വെൽഫെയാർ കമ്പനി" എന്ന പേരിൽ ഒരു കമ്പനി റജിസ്റ്റർ ചെയ്യണമെന്നും തീരുമാനിച്ചു.

## കത്തോലിക്കാ ഗൃഹജീവിതം.

കത്തോലിക്കാ കുടുംബജീവിതം കൂടുതൽ ഉൽകൃഷ്ടമാക്കിത്തീർക്കുവാൻവേണ്ടി മെത്രാപ്പോലീത്താച്ചൻ പലേ നിർദ്ദേശങ്ങളും അവിടുത്തെ ഇടയലേഖനങ്ങൾവഴി തുടർച്ചയായി നൽകിക്കൊണ്ടാണിരിക്കുന്നതു്. എല്ലാ കുടുംബങ്ങളിലും നല്ല നല്ല ഗ്രന്ഥങ്ങൾ ശേഖരിച്ചു ഒരു ഗാർഹിക ഗ്രന്ഥശാല ഉണ്ടാക്കണമെന്നു 1931-ൽ കുടുംബതലവന്മാരെ ഉദ്ബോധിപ്പിച്ചിരുന്നു. ഇതു സുകകരമാക്കിത്തീർക്കുവാൻവേണ്ടിയാണ് ഓരോ ഇടവകയിലും ബ. വികാരിയുടെ നേതൃത്വത്തിലും, സൊഡാലിററി, എം. സി. വൈ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



എൽ. മുതലായ സമാജങ്ങളുടെ ആഭിമുഖ്യത്തിലും ഒരു ഗ്രന്ഥവില്പനശാലയും (Book Stall) വായനശാലയും (Reading Room) സ്ഥാപിക്കണമെന്നു 1933-ൽ നിർദ്ദേശിച്ചു.

ആധുനിക സാമുദായിക ദുരാചാരങ്ങൾ കത്തോലിക്കാകുടുംബങ്ങളെ ബാധിക്കാതിരിക്കുന്നതിനുള്ള പ്രതിവിധികളും അപ്പഴപ്പോൾ അവിടുന്നു ചൂണ്ടിക്കാണിക്കുന്നുണ്ട്. ഇന്നത്തെ ദുഷിച്ച വനിതാവസ്ത്രധാരണരീതിയെ അവിടുന്നു നിർദ്ദാക്ഷിണ്യബുദ്ധ്യാ ശാസിക്കുകയും, പ'രി. കന്യകമറിയത്തിന്റെ മനോഹര വസ്ത്രധാരണക്രമം കത്തോലിക്ക യുവതികൾക്കു ചൂണ്ടിക്കാണിച്ചുകൊണ്ടു അതു അനുകരിക്കണമെന്നു ശക്തിയുക്തം പ്രബോധിപ്പിക്കുകയും, ക്രമക്കേടായി വസ്ത്രധാരണംചെയ്തു ദേവാലയത്തിൽ വരുന്ന വനിതകൾക്കു വിശുദ്ധ കുർബാന നിഷേധിക്കണമെന്നു ഇടവക വികാരിമാരോടു ഉപദേശിക്കുകയും ചെയ്തിട്ടുണ്ട്.

1935-ൽ വൈദികർ അവരുടെ മരണപത്രിക തയ്യാറാക്കിവയ്ക്കണമെന്നു ആജ്ഞാപിച്ചതോടുകൂടിത്തന്നെ, ജനങ്ങളും അവർ ജീവിച്ചിരിക്കുമ്പോൾതന്നെ അവരുടെ വിൽപത്രം തയ്യാറാക്കി വയ്ക്കണമെന്നു അവിടുന്നു ഉദ്ബോധിപ്പിച്ചു.

### ഇടവകപഞ്ചായത്ത്.

കത്തോലിക്കർ തമ്മിൽ പലേ സ്ഥലങ്ങളിലും ഉണ്ടാകാറുള്ള കേസുകൾ കോടതികയറാതെ അവസാനിപ്പിക്കുന്നതിനും, അവരുടെ ഇടയിൽ ഐകമത്യം നിലനിറുത്തിക്കൊണ്ടുപോകുന്നതിനും, വ്യവഹാരംമൂലം സമുദായത്തിനുണ്ടായിക്കൊണ്ടിരിക്കുന്ന സാമ്പത്തിക നാശത്തെ തടയുന്നതിനുംവേണ്ടി തിരുമേനി ഗാഢമായി ചിന്തിച്ചു 1933-ൽ നിർദ്ദേശിച്ചതന്നതാണ്, അത്യന്തം പ്രശംസനീയമായ ഇടവക പഞ്ചായത്ത്.

### ഇടവക പള്ളിമേടകൾ.

കാലംചെയ്ത തിരുമേനിയുടെ ദീർഘദൃഷ്ടിയെ നിതരാം പ്രകീർത്തിക്കുന്ന ശാശ്വതസ്മാരകങ്ങളാണ്, നമ്മുടെ അതിരൂപതയിലെ ഇടവകകളിൽ നാം ഇന്നു കാണുന്ന പള്ളിമേടകളിൽ എല്ലാംതന്നെയും. ഈ കെട്ടിടങ്ങൾ നമ്മുടെ അതിരൂപതയുടെയും സമുദായത്തിന്റെയും മഹിമയും അലങ്കാരവുമാണെന്നു ആരും സമ്മതിക്കും. ആ സുവർണ്ണകാലത്തുതന്നെ, ഈ മേടകൾ പണിതുതീർത്തതിൽ അദ്ദേഹത്തിന്റെ ദീർഘദൃഷ്ടിക്കു വലിയ ഉത്തരവാദിത്വമുണ്ട്. അന്നു, ആ സമ്പത്തുകാലത്തു ഇവ പണിതീർത്തിട്ടില്ലായിരുന്നുവെങ്കിൽ ഇന്നു ഈ ആപത്തുകാലത്തു

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ഈ മാതൃകയിൽ ഒരൊററ കെട്ടിടംപോലും പണിയുവാൻ നമുക്കു സാധിക്കുമായിരുന്നോ എന്നു കണ്ടുതന്നെ അറിയേണ്ടിരിക്കുന്നു. അദ്ദേഹത്തിൻെറ കാലത്തു് പണികഴിപ്പിച്ചിട്ടുള്ള പള്ളിമേടകൾ താഴെപറയുന്നവയാണ്: അകപ്പറമ്പു്, ആലങ്ങാട്ട്, ഉദിയമ്പേരൂർ പുത്തൻ, കടമക്കുടി, കാഞ്ഞൂർ, കുത്തിയതോട്ട് പുത്തൻ, കൊരട്ടി, കോതമംഗലം, ചെങ്ങൽ (ബംഗ്ലാവു), നട്ടവക്കാട്ട്, പള്ളിപ്പുറം, പറൂർ കോട്ടയ്ക്കാവു്, മഞ്ഞപ്ര, മുട്ടം, മൂക്കന്നൂർ.

നമ്മുടെ പ്രാഥമികസെമിനാരിയിൽ തത്വശാസ്ത്രക്ലാസ്സ് ആരംഭിച്ച അവസരത്തിൽ പരിശുദ്ധ സിംഹാസനത്തിലെ നിർദ്ദേശപ്രകാരം സെമിനാരിവിദ്യാർത്ഥികളെ ഉദ്ദേശിച്ച് മെത്രാപ്പോലീത്താച്ചൻ പണികഴിപ്പിച്ചതാണ് ഇടപ്പള്ളിയിൽ കാക്കനാട്ട് എന്ന സ്ഥലത്തു സ്ഥിതിചെയ്യുന്ന "ഗ്രേസ്‌വില്ലാ".


നമ്മുടെ അതിരൂപതയുടെ അഭ്യുന്നതിയെ ലാക്കാക്കി ധർമ്മസ്ഥാപനങ്ങൾക്കും മററും സഹായം ചെയ്ത ചില മാന്യന്മാരുടെ പേരുകൾ മുൻവശങ്ങളിൽ അവിടവിടെയായി രേഖപ്പെടുത്തീട്ടുണ്ടല്ലൊ. കൂടാതെ, മാർ ളൂയീസ് മെത്രാനച്ചൻ പണികഴിപ്പിച്ച വടക്കൻ പറവൂർ കച്ചേരിപ്പടിപ്പള്ളി നില്ക്കുന്ന സ്ഥലം എഴവുന്ന പാറായിൽ മാടമ്പി അവിരാ വക്കിത്തരകൻ അവർകളും., മകൻ വക്കി അവിരാത്തരകൻ അവർകളുംകൂടി മിസ്സത്തിനു വിട്ടുകൊടുത്തതാണ്. അരമനയുടെ ഉപയോഗത്തിനുള്ള ചില സാധനങ്ങളും അവർ നൽകീട്ടുണ്ട്. ഇടപ്പള്ളി പ്പള്ളിക്കായ്മത്തിൽനിന്നു കൊടുത്തിട്ടുള്ളതാണ്, സ്വർണ്ണവും വെള്ളിയുംകൊണ്ടുണ്ടാക്കിയിട്ടുള്ള മെത്രാപ്പോലീത്തൻപ്രദക്ഷിണക്കുരിശു്. മലയാററൂർ പള്ളിക്കായ്മത്തിൽനിന്നു ഈ ജൂബിലിസംബന്ധിച്ച് ഒരു കുരിശും മാലയും തിരുമേനിക്ക് കാഴ്ച വയ്ക്കുന്നുണ്ട്. മൂവാററുപുഴെ രണ്ടു നിലയിലുള്ള മിസ്സംവക സ്കൂൾകെട്ടിടം ആ പ്രദേശങ്ങളിലുള്ള പള്ളികളും വൈദികരുംകൂടി പിരിവെടുത്തു പണിയിച്ചതാണ്. മെത്രാപ്പോലീത്താച്ചൻെറ മെത്രാൻ പട്ടാഭിഷേകവും ഹയരാർക്കി സ്ഥാപനവും സംബന്ധിച്ച് കണ്ടത്തിൽ കുടുംബത്തിൽനിന്നു സാരമായ ഓരോ തുകകൾ കൊടുത്തിട്ടുണ്ട്. കവലക്കാട്ട് വലിയ ഇട്ടൂപ്പച്ചൻ മിസ്സത്തിൻ വിട്ടുകൊടുത്തതാണ് കൊരട്ടിയിലുള്ള മാച്ചാൻപള്ളിപറമ്പു്.

"നമ്മുടെ അതിരൂപത സംബന്ധിച്ചുള്ള പൊതുസ്ഥാപനങ്ങൾക്ക് ധനസഹായം ചെയ്തിട്ടുള്ളവരായി അറിവിൽപെട്ടിടത്തോളം പേരുകളാണ് ഇതിനകം രേഖപ്പെടുത്തീട്ടുള്ളതു്.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

marggam
Digital Library of Christianity in India



വൈദിക വിദ്യാൎത്ഥികൾക്കായി ഇടപ്പള്ളിയിൽ കാക്കനാട്ടു ഉള്ള "ഗ്രേസ്‌വില്ലാ".

www.marggam.com

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



# പരിശുദ്ധ സിംഹാസനവും അതിരൂപതയും.

പരിശുദ്ധ സിംഹാസനത്തിന് നമ്മുടെ റീത്തിനോടും സമുദായത്തിനോടും ഉള്ള സ്നേഹം നിസ്സീമമാണ്. സിംഹാസനവും നമ്മുടെ അതിരൂപതയും തമ്മിൽ ഉള്ള സ്നേഹബന്ധം എത്ര ദൃഢതരമാണെന്നുള്ളതിനു വേണ്ട തെളിവുകൾ ഈ പ്രബന്ധത്തിന്റെ ഇതഃപര്യന്തമുള്ള വശങ്ങളിൽ അവിടവിടെയായി രേഖപ്പെടുത്തീട്ടുണ്ട്. ഏതദ്വിഷയകമായി ഒന്നു രണ്ടു വാക്കുകൾകൂടി പറഞ്ഞുകൊള്ളട്ടെ.

പതിമ്മൂന്നാം ലെയോൻ, പത്താംപീയൂസ്, ഇപ്പോൾ ഭാഗ്യമോടെ വാഴുന്ന പതിനൊന്നാം പീയൂസ് എന്നീ മാർപ്പാപ്പാമാരോടു നമ്മുടെ റീത്തും അതിരൂപതയും സംബന്ധിച്ചു നോക്കുമ്പോൾ നാം കൂടുതൽ കടപ്പെട്ടിരിക്കുന്നു. സുറിയാനിക്കാർക്ക് ഏതദ്ദേശീയ മേത്രാസനങ്ങൾ നൾകിയതും, അതിൽ ഒന്ന് എറണാകുളത്തു സ്ഥാപിച്ചതും, മാർ ളൂയീസ് മെത്രാനച്ചനെ മെത്രാനായി നിയമിച്ചതും, പതിമ്മൂന്നാം ലെയോൻ മാർപ്പാപ്പായാണ്. മെത്രാപ്പോലീത്താച്ചനെ സഹായമെത്രാനായി നിയമിച്ചതും, മലയാളസുറിയാനിക്കാരിൽപ്പെട്ട തെക്കുംഭാഗക്കാർക്കായി പുതിയ കോട്ടയം വികാരിയാത്തു സ്ഥാപിച്ചതും, പത്താംപീയൂസ് മാർപ്പാപ്പായാണ്. പതിനൊന്നാം പീയൂസ് മാർപ്പാപ്പാ മലയാള സുറിയാനിക്കാർക്ക് ഹയരാർക്കിയും, എറണാകുളത്തിന് മെത്രാപ്പോലീത്താൻ സിംഹാസനവും, നമ്മുടെ തിരുമേനിക്ക് ആർച്ച്ബിഷപ്പ് മെത്രാപ്പോലീത്തൻ സ്ഥാനവും വിശുദ്ധ പാല്യവും നൽകി.

നമ്മുടെ വന്ദ്യതിരുമേനിമാർ രണ്ടുപേരും മെത്രാൻപട്ടം കൈക്കൊണ്ടതിന്റെശേഷം റോമിൽ ഓരോ തവണ പോയിട്ടുണ്ട്. കാലം ചെയ്ത പിതാവു മെത്രാനാകുന്നതിനു മുമ്പും ഒരു തവണ പോകുകയുണ്ടായി. പത്താംപീയൂസ് മാർപ്പാപ്പാ മിലാനിലെ പാത്രിയർക്കീസായിരിക്കുമ്പോൾതന്നെ മാർ ളൂയീസ് മെത്രാനച്ചനുമായി പരിചയത്തിലായിരുന്നു. അന്ന് തിരുമേനി മെത്രാനച്ചന് പൊന്തിഫിക്കാളിനുള്ള ഒരു ഗണം തിരുവസ്ത്രങ്ങൾ അയച്ചുകൊടുത്തിട്ടുണ്ട്. അതിനും പുറമെ മാർപ്പാപ്പായായതിനുശേഷം തൃക്കൈവിളയാടി തുല്യം ചാർത്തി ഒരു ലേഖനം മെത്രാപ്പോലീത്താച്ചനു അയയ്ക്കുകയും രണ്ടു കുർബാനക്കുപ്പായങ്ങൾക്കുള്ള വക നൾകുകയും ചെയ്തിട്ടുണ്ട്. അങ്ങിനെ ഉണ്ടാക്കിയ കുപ്പായങ്ങളാണ്, ഇപ്പോൾ അരമനയിലിരിക്കുന്ന രണ്ടു ഒന്നാംതരം കുർബാനക്കുപ്പായങ്ങൾ.

മെത്രാപ്പോലീത്താച്ചൻ റോമിൽ ചെന്നപ്പോൾ എത്ര വാത്സ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ല്യത്തോടെയാണ് ഇപ്പോഴത്തെ പരിശുദ്ധ പിതാവ് തിരുമേനിയെ സ്വീകരിച്ചതെന്നു പറഞ്ഞറിയിക്കാൻ പ്രയാസം. രണ്ടു പ്രാവശ്യം ദീർഘമായ സന്ദർശനം അനുവദിച്ചു. മെത്രാപ്പോലീത്താച്ചന് ഒരു കാസ പരിശുദ്ധ പിതാവ് സമ്മാനിച്ചുവെന്ന് മുമ്പ് പറഞ്ഞിട്ടുണ്ടല്ലോ. അതിനും ഒരു പ്രത്യേകതയുണ്ട്. കാസ മെത്രാപ്പോലീത്താച്ചനു കൊടുത്തതിൻെറശേഷം തൻെറ വാത്സല്യഭാജനങ്ങളായ മലയാള സുറിയാനിക്കാരോടുള്ള സ്നേഹത്തിൻെറ ലക്ഷ്യമായി ഒരു കുർബാനക്കുടി ആ കാസ ഉപയോഗിച്ചു ചൊല്ലിയിട്ടു മെത്രാപ്പോലീത്താച്ചൻ താമസിക്കുന്ന വസതിയിലേക്കു പിറേറദിവസം കൊടുത്തയക്കാമെന്നു കല്പിച്ചു അരുളിച്ചെയ്തുകൊണ്ടു് പരിശുദ്ധ പിതാവ് ആ കാസയെ തിരിയെ വാങ്ങിക്കുകയും, പിറേറദിവസം കുർബാന ചൊല്ലി തിരിയെ കൊടുത്തയക്കുകയും ചെയ്തു. ഇതിൽ നമ്മുടെ നേരെ അവിടുത്തേക്കുള്ള പൈതൃകസ്നേഹത്തിൻെറ പ്രവാഹം എത്ര ശക്തിമത്താണെന്നു പ്രത്യക്ഷപ്പെടുന്നില്ലയോ?

ഹയരാക്കി സ്ഥാപിച്ചുതന്നതിനു നന്ദിസൂചിപ്പിച്ചും, പരിശുദ്ധ പിതാവിൻെറ പൗരോഹിത്യ സ്വർണ്ണജൂബിലി അവസരത്തിൽ അവിടുത്തെ സാദരം അനുമോദിച്ചും, ഓരോ മംഗളപത്രങ്ങൾ ദന്തനിർമ്മിതങ്ങളായ പേടകങ്ങളിൽ അടക്കംചെയ്തു നമ്മുടെ നാലു രൂപതകളുംകൂടി മെത്രാപ്പോലീത്താച്ചൻെറ നേതൃത്വത്തിൽ പരിശുദ്ധ പിതാവിനു സമർപ്പിച്ച വിവരം മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ജൂബിലിയുടെ മംഗളപത്രം തൃശ്ശൂർ മെത്രാനച്ചനാണ് റോമിൽ കൊണ്ടുപോയി സമർപ്പിച്ചതു്.

## പത്രോസിൻെറ കാശും, പാപ്പാദിനാഘോഷവും.

വേദപ്രചാരം വകയ്ക്കും മററും ചിലവിടുന്നതിനും, പരിശുദ്ധ സിംഹാസനത്തോടു നമുക്കുള്ള നന്ദിയും സ്നേഹവും പ്രദർശിപ്പിക്കുന്നതിനും, ലോകമാസകലമുള്ള രൂപതകളിൽനിന്ന് ആണ്ടുതോറും പിരിച്ച് മാർപ്പാപ്പായ്ക്ക് അയച്ചുകൊടുക്കുന്ന ഒരു കാഴ്ചപ്പണമാണല്ലൊ "പത്രോസിൻെറ കാശു്". 1919 മുതലാണ് ഈ കാശു് നമ്മുടെ ഇടവകകളിൽനിന്ന് ആണ്ടുതോറും ക്രമമായി പിരിച്ച് അയച്ചുതുടങ്ങിയതു്. വിശുദ്ധ പത്രോസ് പൌലോസ് ശ്ലീഹന്മാരുടെ തിരുനാളിൽ ആയിരുന്നു അക്കാലങ്ങളിൽ ഈ പിരിവ് നടത്തിയിരുന്നതു്. പിന്നീടു അതു് അമലോത്ഭവമാതാവിൻെറ തിരുനാളിലേക്കു മാററി. 1935-ൽ പാപ്പാദിനം ഘോഷിച്ചുതുടങ്ങിയതുമുതൽ പത്രോസിൻെറ കാശു് ആ ദിവസത്തിലാണ് പിരിക്കുന്നതു്. കേരളീയ രൂപതകളിൽവച്ചു പാ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



മാർപ്പാപ്പാ തിരുമനസ്സുകൊണ്ട്
നമ്മുടെ മെത്രാപ്പോലീത്താച്ചന് സമ്മാനിച്ച സുവർണ്ണക്കാസാ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



പ്പാദിനം ഔദ്യോഗികനിലയിൽ ആദ്യമായി ആഘോഷിച്ചുതുടങ്ങിയതു് നമ്മുടെ അതിരൂപതയാണു്.

## ഡെലിഗററ് അപ്പസ്തോലിക്കായുടെ സന്ദർശനങ്ങൾ.

പരിശുദ്ധ പിതാവിന്റെ പ്രതിനിധികളായ ഡെലിഗററപ്പസ്തോലിക്കാമാർ നമ്മുടെ അതിരൂപതയെ സന്ദർശിച്ച അവസരങ്ങളിൽ ആ തിരുമേനിമാൎക്കു് നമ്മുടെ അതിരൂപത നൽകിയിട്ടുള്ള സ്വീകരണങ്ങളേപ്പററിയും അല്പം പ്രസ്താവിച്ചുകൊള്ളട്ടെ.

എറണാകുളം വികാരിയാത്തു സ്ഥാപിച്ചതിന്റെശേഷം ആദ്യമായി അന്നത്തെ ഡെലിഗററ് മോൺ. സലേസ്കി തിരുമനസ്സുകൊണ്ടു് ഈ വികാരിയാത്തു സന്ദർശിച്ചതു് മലയാളസുറിയാനി ചരിത്രത്തിൽ ഒരത്ഭുതപൂൎവ്വമായ സംഭവമായിരുന്നു. 1904 നവമ്പർ 4-ാംനു- ആയിരുന്നു ആ മഹാമഹം. അന്നു് പരിശുദ്ധ പിതാവിന്റെ പ്രതിപുരുഷനു് എറണാകുളത്തുവച്ചു് നൽകിയ സ്വീകരണം, ഹയരാക്കി പ്രഖ്യാപനദിവസത്തിൽ വിസിററർ അപ്പസ്തോലിക്കാ തിരുമനസ്സിലേക്കു് നൽകിയതിനോടു തികച്ചും കിടപിടിക്കുന്നതായിരുന്നു എന്നാത്രേ പറഞ്ഞു കേട്ടിട്ടുള്ളതു്. അന്നത്തെ എതിരേല്പിനു് അകമ്പടിസേവിക്കുവാൻ അശ്വാരൂഢന്മാരായ അഞ്ചു പട്ടാളക്കാരെയും 25 കലാൾ ഭടന്മാരെയും സ്വന്തം പള്ളി ഓടവും രണ്ടു രാജകീയ വണ്ടികളും കൊച്ചിമഹാരാജാവു തിരുമനസ്സുകൊണ്ടു അയച്ചുകൊടുത്തു. കൊച്ചി ദിവാൻ പട്ടാഭിരാമരാമയ്യരവർകളും ചീഫ് ജസ്റ്റീസ് മിസ്റ്റർ ലോക്കും മററനേകം പ്രധാനഗവൎമ്മെണ്ടുദ്യോഗസ്ഥന്മാരും ഡെലിഗററിനു് സ്വാഗതം അരുളുന്നതിനായി ബോട്ടുജെട്ടിയിൽ ഹാജരുണ്ടായിരുന്നു. പ്രദക്ഷിണത്തിൽ, ഒന്നാമത്തെ രാജകീയവണ്ടിയിൽ ഡലിഗററും മാർ ളൂയീസുമെത്രാനച്ചനും കയറിയിരുന്നു. അതിനെ കൊച്ചിദിവാനും ചീഫ്ജസ്റ്റീസും കയറിയിരുന്ന വണ്ടി അനുഗമിച്ചു. വികാരിയാത്തിലെ സകല ഇടവകകളിലുംനിന്നും വന്നുകൂടിയ വമ്പിച്ച ജനൗഘത്തെ അടക്കിക്കൊള്ളുവാൻ എറണാകുളം പട്ടണത്തിനു് സ്ഥലമില്ലായിരുന്നുവത്രേ. സൎവ്വപള്ളികളിലേയും പൊൻവെള്ളി കുരിശുകളും മുത്തുക്കുടകളും എതിരേല്പിൽ അണിനിരന്നിട്ടുണ്ടായിരുന്നു.

അന്നു് ഡെലിഗററു് തിരുമനസ്സിലേക്കു സമൎപ്പിച്ച മംഗളപത്രത്തിനു് അവിടുന്നു മറുപടി പറഞ്ഞ കൂട്ടത്തിൽ കൊച്ചിമഹാരാജാവിന്റെ നിസ്തുലമായ ഔദാൎയ്യത്തേയും. യഥാൎത്ഥ രാജഭക്തന്മാരായ കത്തോലിക്കരുടെ നേരെ ആ പൊന്നുതമ്പുരാനുള്ള അപാരമായ സ്നേഹത്തെ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



യും, പക്ഷപാതരഹിതമായ ഭരണപാടവത്തേയും അതീവം പ്രശംസിക്കുകയും, തനിക്കു മഹാരാജാവിൻെറ നേർക്കുള്ള നിസ്സീമമായ നന്ദിയെ തിരുമനസ്സുണർത്തിക്കണമെന്ന് അടുത്തിരുന്നിരുന്ന ദിവാൻജിയോടു അഭ്യർത്ഥിക്കയും ചെയ്തു. തദവസരത്തിൽ സന്തുഷ്ടമാനസനായ ദിവാൻജിയുടെ അപേക്ഷപ്രകാരം അദ്ദേഹത്തിൻെറ കുട്ടിയെ ഡലിഗററ് ആശീർവ്വദിക്കയുണ്ടായിയെന്നുള്ളതും പ്രസ്താവയോഗ്യമാണ്. വികാരിയാത്തിൻെറ തലസ്ഥാനം മാത്രമല്ല, ചില പ്രധാനപ്പെട്ട ഇടവകപ്പള്ളികളേയും കൂടി മാപ്പ്പ്പായുടെ പ്രതിപുരുഷന്മാർ സന്ദർശിച്ചിട്ടുണ്ട്.

മെത്രാപ്പോലീത്താച്ചൻ ഭരണം കയ്യേററശേഷം ആദ്യമായി 1920-ൽ വികാരിയാത്തു സന്ദർശിച്ച ഡലിഗററ് മോൺ. പീററർ പീസാനി തിരുമനസ്സിലേക്കു നൽകിയ സ്വീകരണവും കെങ്കേമമായിരുന്നു. ഈ തിരുമേനിയാണ് ഒരു ഭാരതീയവൈദികനെ തൻെറ സെക്രട്ടറിയായി നിയമിച്ച ഏക ഡെലിഗററപ്പസ്തോലിക്ക. ആ ഏക ഭാരതീയ അപ്പസ്തോലിക്കുഡെലഗേഷൻസെക്രട്ടറി നമ്മുടെ അതിരൂപതയിൽപെട്ട റവ. ഫാദർ ജോസഫ് പൈനുങ്കൽ അവർകളാണെന്നുള്ളത് നമ്മുടെ അതിരൂപതയ്ക്കു പ്രത്യേകിച്ചും കേരളീയസുറിയാനിക്കാർക്ക് പൊതുവേയും അഭിമാനകരമാണ്. ഈ ഡെലിഗററിൻെറ കാലത്താണു നമുക്കു ഹയരാർക്കി അനുവദിച്ചുകിട്ടിയത്.


ഹയരാർക്കിസ്ഥാപനം പ്രഖ്യാപനം ചെയ്യുവാൻ വന്ന വിസിററർ അപ്പസ്തോലിക്കാ മോൺ. ലെപ്പീസിയെ തിരുമനസ്സിലേക്കു നാം നൽകിയ സ്വാഗതത്തെപ്പററി മുമ്പൊരവസരത്തിൽ പ്രസ്ഥാപിച്ചിട്ടുണ്ടല്ലോ. മോൺ. മൂണി തിരുമനസ്സുകൊണ്ടു ഡെലിഗററപ്പസ്തോലിക്കായായി വന്നപ്പോൾ അദ്ദേഹം അതിരൂപത സന്ദർശിക്കുന്ന അവസരങ്ങളിൽ വലിയ ആഘോഷങ്ങളൊന്നും ആവശ്യമില്ലെന്ന് 1929-ൽ കല്പിക്കയുണ്ടായി. ഇപ്പോഴത്തെ ഡെലിഗററ് മോൺ. പീററർ കീയർക്കൽസ് തിരുമനസ്സുകൊണ്ടും ഈ നയം തന്നെയാണ് സ്വീകരിച്ചിരിക്കുന്നത്.

## ഉപസംഹാരം.

ദൈവകുമാരനായ മിശിഹാ ഭൂമുഖത്തു സ്ഥാപിച്ച ഏക സത്യമതമായ കത്തോലിക്കാ സഭാവൃക്ഷമാണ് വാസ്തവത്തിൽ ലോകത്തിന് തണലും അഭയവും നൽകുന്നതെന്നും, കത്തോലിക്കാരൂപതകൾ ഈ മഹാവൃക്ഷത്തിൻെറ ശാഖകളാണെന്നും, എറണാകുളം അതിരൂപത എന്ന അതി

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



പരിശുദ്ധ പിതാവ്

11-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ

പൌരോഹിത്യ സുവർണ്ണജൂബിലി പ്രമാണിച്ച

തിരുമനസ്സിലേക്കു

മലയാളസുറിയാനിക്കാർ

മംഗളപത്രം സമർപ്പിച്ച "കാസ്കറ്റ്."

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ന്റെ ഒരു ശാഖയുടെ തടിയും ചില്ലിക്കൊമ്പുകളും ഇലകളും പുഷ്പങ്ങളും പഴങ്ങളും ആയ മെത്രാപ്പോലീത്തായും വൈദികരും കന്യാസ്ത്രീകളും അവൈദികരും വൃക്ഷത്തിന്റെ തായിത്തടിയായ മാർപ്പാപ്പായോടു ചേർന്ന ഒരു ആത്മാവും ഹൃദയവും ശരീരവുംപോലെ അന്യോന്യം യോജിച്ചുനിന്നുകൊണ്ടു് ഈ കഴിഞ്ഞ നാല്പതുവർഷക്കാലം ദൈവത്തിനും രാജ്യത്തിനും ജനങ്ങൾക്കും വേണ്ടി എന്തെല്ലാം ചെയ്തുവെന്നും, തദ്വാരാ ലോകത്തിനു തണലും അഭയവും കൊടുക്കുന്ന പൊതുസഭയുടെ ഉദ്യോഗത്തിൽ എങ്ങിനെ ഭാഗഭാഗിത്വം വഹിച്ചുവെന്നും, ഈ ഏതാനും വശങ്ങളിൽ ചുരുക്കമായിട്ടെങ്കിലും നാം കണ്ടുകഴിഞ്ഞു. അതിരൂപതയുടെ ശ്രേയസ്സ് അതിന്റെ വിവിധ അവയവങ്ങൾ തമ്മിലുള്ള യോജിപ്പിനെ ആശ്രയിച്ചിരിക്കുന്നു. നമ്മുടെ അതിരൂപതയുടെ കഴിഞ്ഞ നാല്പതു വർഷത്തെ ചരിത്രത്തിൽ ഈ യോജിപ്പു് അത്യന്തം മനോഹരമായിരിക്കുന്നു. ഒരു നല്ലകുടുംബത്തിലെ പിതാവും ഇതരാംഗങ്ങളും എങ്ങിനെ യോജിച്ചു പ്രവൃത്തിക്കുന്നുവോ, അതുപോലെതന്നെ നമ്മുടെ പിതാക്കന്മാരായ വന്ദ്യ മേലദ്ധ്യക്ഷന്മാരും മക്കളായ നാമും മിശിഹായുടെ സ്നേഹബന്ധത്തിൽ പ്രഗാഢം ലയിച്ചിരിക്കുന്നു. ഈ സ്നേഹബന്ധം ആചന്ദ്രതാരം നിലനിൽക്കട്ടെ എന്നും, ദിവംഗതനായ മാർ ളൂയീസ് മെത്രാനച്ചൻ തിരുമനസ്സിലെ പാവനസ്മരണ ഭാവി സന്താനപരമ്പരയിൽ വർദ്ധമാനമായിത്തീരട്ടെ എന്നും, നമ്മുടെ അതിരൂപതയെ ഇന്നത്തെ അതിന്റെ ശ്രേയസ്സിൽ എത്തിച്ചിരിക്കുന്ന നമ്മുടെ അഭിവന്ദ്യപിതാവായ മെത്രാപ്പോലീത്താച്ചൻ തിരുമനസ്സുകൊണ്ടു ഇനിയും ദീർഘകാലം നമ്മുടെ ഇടയിൽ വാഴുമാറാകട്ടെ എന്നും ദൈവത്തെ പ്രാർത്ഥിച്ചുകൊണ്ടു ഈ ചരിത്രപ്രബന്ധത്തിനു തല്ക്കാലം പൂർണ്ണവിരാമം ഇട്ടുകൊള്ളട്ടെ.

ശുഭം.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com




## എറണാകുളം അതിരൂപതയുടെ സ്ഥിതിവിവരപ്പട്ടിക.

1. അതിരൂപതയുടെ വിസ്താരം ചതുരശ്രമൈൽ (ഉദ്ദേശം) 2380.

| | | 1936-ൽ | 1896-ൽ |
|---|---|---|---|
| 2. | കത്തോലിക്കാ വീടുകൾ .. .. | 34005 | 13690 |
| 3. | കത്തോലിക്കർ .. .. .. | 202987 | 74862 |
| 4. | ഇടവകപ്പള്ളികൾ .. .. .. | 109 | 60 |
| 5. | കുരിശുപള്ളികൾ .. .. .. | 23 | 8 |
| 6. | മററു പള്ളികൾ (കൊവേന്ത വക 6, മഠം വക 10) | 16 | 5 |
| 7. | കപ്പേളകൾ .. .. .. | 85 | 6 |
| 8. | വൈദികർ .. .. .. | 203 | 113 |
| 9. | വൈദികവിദ്യാർത്ഥികൾ .. .. | 28 | 17 |
| 10. | എറണാകുളത്തു പ്രാഥമിക സെമിനാരിക്കാർ .. | 11 | |
| 11. | ഇംഗ്ലീഷ് ഹൈസ്കൂൾ a) ആ. കുട്ടികൾക്ക 2, കുട്ടികൾ | 1232 | |
| | b) പെ. ,, 2, ,, | 730 | |
| 12. | ഇംഗ്ലീഷ് മിഡിൽ സ്കൂൾ a) ആ. കുട്ടികൾക്ക 11, ,, | 2024 | 1- 143 |
| | b) പെ. ,, 6, ,, | 976 | |
| 13. | മലയാള മിഡിൽസ്കൂൾ a) ആ. കുട്ടികൾക്ക 7, ,, | 2711 | |
| | b) പെ. ,, 4, ,, | 1606 | |
| 14. | പ്രൈമറി ഗ്രാൻറുസ്കൂളുകൾ 104 കുട്ടികൾ | 19374 | 3 |
| 15. | കുടിപ്പള്ളിക്കൂടങ്ങൾ (ഗ്രാൻറില്ലാത്തവ) 98, കുട്ടികൾ | 3202 | 143 |
| 16. | ആകെ വിദ്യാർത്ഥിനിവിദ്യാർത്ഥികൾ ,, | 31955 | 7664 |
| 17. | ബോർഡിംഗുകൾ a) ആൺ കു. 3, കുട്ടികൾ | 203 | |
| | b) പെൺ കു. 18, ,, | 216 | 3- 58 |
| 18. | ഇൻഡസ്ട്റിയൽസ്കൂൾ 3, കുട്ടികൾ | 79 | |
| 19. | കമ്മേർഷ്യൽസ്കൂൾ 1, കുട്ടികൾ | 36 | |
| 20. | ടീച്ചേഴ്സ് ട്രെയിനിംഗ്സ്കൂൾ 1, വിദ്യാർത്ഥികൾ | 201 | |
| 21. | അനാഥശാലകൾ a) ആൺകുട്ടികൾക്ക 1. b) പെൺകുട്ടികൾക്ക 2. കുട്ടികൾ | 125 | |
| 22. | സഹോദരന്മാർക്കായുള്ള ആശ്രമം 1, സഹോദരന്മാർ | 4 | |
| 23. | കർമ്മലീത്താ സന്യാസാശ്രമങ്ങൾ 6, സന്യാസികൾ | 90 | 4- 25 |
| 24. | Vincentian Fathers' House 1, Members | 11 | |
| 25. | കർമ്മലീത്താ മഠങ്ങൾ 13, കന്യാസ്ത്രീകൾ | 375 | 3- 21 |
| 26. | ക്ലാരമഠങ്ങൾ 3, കന്യാസ്ത്രീകൾ | 36 | |
| 27. | ആരാധനമഠം 1, കന്യാസ്ത്രീകൾ | 7 | |
| 28. | അഗതികളുടെ സഹോദരികൾ; മഠങ്ങൾ 2, കന്യാസ്ത്രീകൾ | 23 | |
| 29. | സാധുവൃദ്ധമന്ദിരവും അഗതിമന്ദിരവും 2, വൃദ്ധജനങ്ങൾ | 34 | |
| 30. | മഠത്താഭവനം 1, അംഗങ്ങൾ | 25 | |

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



പരിശുദ്ധ പിതാവ്
11-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ
പൌരോഹിത്യ സുവർണ്ണജൂബിലി പ്രമാണിച്ച
തിരുമനസ്സിലേക്കു
മലയാളസുറിയാനിക്കാർ
മംഗളപത്രം സമർപ്പിച്ച 'കാസ്കറ്റ്.'

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



| 1936-ൽ | | 1896-ൽ |
|---|---|---|
| 31. സങ്കേതം 1, അംഗങ്ങൾ | 22 | |
| 32. അപ്പസ്തോലിക്ക യൂണിയൻ | | |
| 33. Priests' Provident Fund. | | |
| 34. പ്രസ്സ്, മിസ്സംവക 1; മററുള്ളവ 4. | | |
| 35. പത്രങ്ങൾ, "എറണാകുളം മിസ്സ"വും "സത്യദീപ"വും "മലബാർ മെയിലും" മററുള്ള മൂന്നും കൂടി | 6 | |
| 36. Circulating Central Library. | | |
| 37. ആശുപത്രി 1; ഡിസ്പൻസറികൾ 2. നമ്മുടെ അതിരൂപതയിൽ ബി. എ. തുടങ്ങിയ സർവ്വകലാശാലാ പരീക്ഷകൾ ജയിച്ചവരും, മററു വക്കീലന്മാരും ഉൾപ്പെടെ ഇപ്പോൾ 245 പേരോളമുണ്ട്. | | |

## അവശേഷം.

മാർ ളൂയിസ് മെത്രാനച്ചൻ 1896-ൽ ആദ്യമായി നിയമിച്ച ആലോചനക്കാർ താഴെ പറയുന്നവരായിരുന്നു.

പെ. ബ. മാണിക്കനാംപറമ്പിൽ യോഹന്നാൻ ക. അവർകൾ.
,, ,, മാതേക്കൽ മത്തായി ക. ,,
,, ,, കവലക്കാട്ട് യൗസേപ്പ് ക. ,,
,, ,, ശങ്കൂരിക്കൽ പൗലോസ് ക. ,,

### ഇപ്പോഴത്തെ ആലോചനക്കാർ.

1. എ. പെ. ബ. മോൺ. ഗീവറുഗീസ് വല്യാറമ്പത്ത് അവർകൾ
2. ,, ,, ,, മോൺ. തോമസ് നെടുംകല്ലേൽ ,,
3. ,, ,, ,, മോൺ. ജേക്കബ് നടുവത്തുശേരി ,,
4. പാറക്കൽ പെ. ബ. സ്കറിയാ ക. ,,
5. പയ്യപ്പിള്ളി പെ. ബ. മത്തായി ക. ,,
6. തളിയത്തു പെ. ബ. വി. തോമ്മാ ക. ,,

തിരുഹൃദയ പ്രാഥമിക സെമിനാരിയുടെ ആദ്യത്തെ റെക്റ്റർ, ബ. കാളാച്ചേരി യൗസേപ്പച്ചൻ അവർകളും, മാർ ളൂയീസ് മെമ്മോറിയൽ പ്രസിൻെറ ആദ്യത്തെ മാനേജർ പെ. ബ. പയ്യപ്പിള്ളി മത്തായി അച്ചൻ അവർകളും, അനാഥശാലകളുടെ ആദ്യത്തെ പൊതുമാനേജർ റൈററ് റവ. മോൺ. തോമസ് നെടുങ്കല്ലേൽ അവർകളും ആയിരുന്നു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## ജൂബിലി ബഹുമതികൾ.

മെത്രാപ്പോലീത്താച്ചൻ തിരുമനസ്സുകൊണ്ടു ഇതഃപര്യന്തമുള്ള തന്റെ ഭരണകാലമത്രയും അജഗണങ്ങളുടെ ഗുണാഭിവൃദ്ധിക്കായി ആത്മസമർപ്പണം ചെയ്തതിന്റെ ലക്ഷ്യമായി അവർ കൊണ്ടാടുന്ന ജൂബിലി മഹാമഹത്തിനു മകുടംവയ്ക്കുമാറു തിരുസിംഹാസനത്തിൽനിന്നു "Assistant to the Pontifical Throne" എന്ന ഉന്നത ബഹുമതി തിരുമനസ്സിലേക്കു കല്പിച്ചു നൽകിയിരിക്കുന്നു എന്ന സംഗതി അത്യധികമായ സന്തോഷത്തോടുകൂടി ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

തിരുമനസ്സിലെ ശുപാർശ അനുസരിച്ചു അവിടുത്തെ ഭരണത്തെക്കുറിച്ചുള്ള പരോക്ഷമായ അഭിനന്ദനത്തിന്റെ സൂചനയായും ഈ ജൂബിലിമഹം പ്രമാണിച്ചും വേറെ ചിലൎക്കും ചില ബഹുമതികൾ പിരി. പിതാവു പ്രദാനംചെയ്തിട്ടുണ്ടെന്നുള്ളതും സന്തോഷകരംതന്നെ.

തിരുമനസ്സിലെ വികാരിജനറാൾ റൈററ് റവ. മോൺസിഞ്ഞോർ ഗീവർഗ്ഗീസ് വല്യാറമ്പത്തു അവർകൾക്കു "Domestic Prelate" എന്ന ബഹുമതിയും, വന്ദ്യദിവ്യശ്രീമാന്മാരായ ഫാദർ ജേക്കബ് നടുവത്തുശേരി, ഡോക്ടർ ജെ. സി. പഞ്ഞിക്കാരൻ എന്നീ വൈദികൎക്ക് മോൺസിഞ്ഞോർ സ്ഥാനവും രാജശ്രീ അയ്യനാട്ടു പാറായിൽ കുഞ്ഞവിരാത്തരകൻ അവർകൾക്ക് മാടമ്പിസ്ഥാനവും, ശ്രീമാന്മാരായ വി. ഡി. ഔസേപ്പ് ബി. ഏ, ബി. എൽ, (കൊച്ചി ചീഫ്കോട്ട് ജഡ്ജി), തോമസ് മാഞ്ഞൂരാൻ ബി. ഏ, ബി. എൽ., (കൊച്ചി ഗവ. അഡ്വേക്കേററ്) കാഞ്ഞിരക്കാട്ടു തച്ചിൽ ലോനാവറീത്, എലഞ്ഞിക്കൽ തയ്യത്തു കുഞ്ഞിത്തൊമ്മൻ എം. എൽ. സി., എന്നീ അത്മേനിപ്രധാനന്മാൎക്ക് "Pro Ecclesia et Pontifice" എന്ന കീൎത്തിമുദ്രയും ആണ് നൽകിയിരിക്കുന്നത്.

---

## തിരുത്തി വായിക്കണം.

| പുറം. | വരി. | ശരി. |
|---|---|---|
| 1 | 13 | മലയാളസുറിയാനി.... |
| 20 | 14 | മലയാള സുറിയാനി മെത്രാപ്പോലീത്താ.... |
| ,, | 16—17 | "കരിയാററിൽ" നഷ്ടപ്പെട്ടു.... |

142-ാം പുറത്ത് സ്കൂൾ കെട്ടിടങ്ങൾക്കുള്ള ചിലവ് 487190 ക. എന്നു പറഞ്ഞിരിക്കുന്നത് ഹൈസ്കൂളുകളെ ഒഴിച്ചു പ്രാഥമിക വിദ്യാലയങ്ങൾക്കു ചിലവായതു് മാത്രമാണ്.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

| പുറം. | വരി. | തെറ്റ്. | ശരി. |
|---|---|---|---|
| iii | 7 | പാത്രീഭൂതനായിത്തീർന്നിട്ടുള്ള | പാത്രീഭൂതനായിത്തീരുകയും ചെയ്തിട്ടുള്ള |
| 5 | 10 | കുഞ്ഞവുസേപ്പിനെ-തിരുമേനിയുടെ സഹോദരനെ- | കുഞ്ഞിത്തോമ്മായെയൊ കുഞ്ഞവുസേപ്പിനെയൊ-തിരുമേനിയുടെ സഹോദരന്മാരെ- |
| 5 | 13 | കുഞ്ഞവുസേപ്പ | കുഞ്ഞിത്തോമ്മാ |
| 5 | 16 | കുഞ്ഞവുസേപ്പ | കുഞ്ഞിത്തോമ്മാ |
| 5 | 20 | അനുകൂലമറുപടിയും | വരാപ്പുഴ കോവദ്ദ്യത്തോർ മെത്രാപ്പോലീത്തായിൽനിന്നു അനുകൂലമറുപടിയും |
| 6 | 8 | അല്ലാത്തവർ അപ്പോൾതന്നെ പുത്തൻപള്ളിക്കു തിരിക്കാമെന്നും | അല്ലാത്തവർ പുത്തൻ പള്ളിക്കു തിരിക്കാമെന്നും |
| 6 | 11 | കാൺഡി സെമിനാരിയിലേയ്ക്കു് | സെമിനാരിയിലേയ്ക്കു് |
| 6 | 19 | രണ്ടു സഹപാഠികളോടുകൂടി | വെട്ടിക്കാപ്പിള്ളിൽ ബ. കുര്യാക്കോസച്ചൻ, പള്ളിക്കനോൽ ബ. മത്തായി അച്ചൻ എന്നീ രണ്ടു സഹപാഠികളോടുകൂടി |
| 6 | 22 | ആലപ്പുഴനിന്നു 'Goalpora' എന്ന കപ്പലിൽ | ആലപ്പുഴെനിന്നു ബ. റിക്കാർഡച്ചൻ ഒരുമിച്ചു്, 'Goalpara' എന്ന കപ്പലിൽ |
| 7 | 2 | ചങ്ങനാശേരിയിൽ | മാന്നാനത്തു് |
| 7 | 19 | 27-ാമത്തെ | 28-ാമത്തെ |
| 14 | 6 | വലിയ തിരുമേനിയോടുകൂടി നമ്മുടെ കഥാനായകൻ | നമ്മുടെ കഥാനായകൻ |
| 14 | 22 | വലത്തുവശത്തു് | ഇടത്തുവശത്തു് |
| 22 | 20 | 1925 | 1924 |

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

ഫന്നു

| പുറം. | വരി. | തെററ്. | ശരി. |
|---|---|---|---|
| 22 | 31 | 4-ാംനു- | 16-ാംനു- |
| 24 | 26 | രാജാക്കന്മാർ | തമ്പുരാക്കന്മാർ |
| 53 | 12 | ഇരുപത്തി ഏഴാമത്തെ | ഇരുപത്തി എട്ടാമത്തെ |
| 58 | 1 | 1828-ൽ | 1928-ൽ |
| 59 | 2 | 1935 | 1934 |
| 59 | 15 | 20-ാംനു- | 29-ാംനു- |
| 95 | 3 | 1928 | 1921 |
| 97 | 24 | തരിണു് | തരികയാണു് |
| 100 | 1 | 1943 | 1934 |
| 117 | 20 | 1932-ൽ തിരുനാളുകൾ | തിരുനാളുകൾ |
| 117 | 27 | ചിരപ്രദീക്ഷിതമായ | ചിരപ്രതീക്ഷിതമായ |
| 117 | 28 | 1921-ൽ | 1923-ൽ |
| 119 | 16 | 1895-ൽ | 1896-ൽ |
| 120 | 10 | പ്രിസദ്ധീകരിച്ചപ്പോൾ | പ്രസിദ്ധീകരിച്ചപ്പോൾ |
| 120 | 16-17 | ആണ്ടവസാനത്തിലും നവവത്സരദിവസത്തിലും ഉള്ള | നവവത്സരദിവസത്തിലുള്ള |
| 121 | 24 | 1033 | 1933 |
| 126 | 3 | Death march | Dead march |
| 126 | 8 | 1936. | 1931 |
| 132 | 27 | 1027 | 1927 |
| 147 | 16 | ഇതിനെ | സാധുസംരക്ഷണത്തെ |
| 152 | 22 | ആദിമുഖ്യത്തിൽ സമാരംഭിക്കപ്പെട്ട | ആദിമുഖ്യത്തിലും, അന്നത്തെ മാനേജർ റവ. ഫാദർ ജോസഫ് പാറയിൽ അവർകളുടെ നേതൃത്വത്തിലും സമാരംഭിക്കപ്പെട്ട |
| 156 | 32 | "നമ്മുടെ | നമ്മുടെ |

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

PRINTED AND PUBLISHED BY
REV. BRO. FRANCIS AT THE MAR LOUIS MEMORIAL PRESS,
ERNAKULAM.

www.TheCMSIndia.org
CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

**A digital archive of Christian Art, Books, Manuscripts & Manuals, Imagery Literature and Music.**

Support Our Ongoing Projects

- Marggam Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopedia of Syriac Chants.
- Resources for Researchers.
- Directory of Christaian Songs.
- Christian Arts / Music Iconography.



CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India

Christian Musicological Society of India, Josef Ross, 1st Floor, Peter's Enclave, Opp. Kairali Apts., Panampilly Nagar, Kochi Kerala, India-682036. Phone: +91 9496244981, +91 9446514981, Email - info@thecmsindia.org